PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1955.

Thursday, the 24th March 1955.

| Vol. XIII] | OFFICIAL REPORT | [No. 4 |

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 24th March 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

മുനിസിപ്പാലിറ്റികളുടെ ഗ്രാന്റ്.

*47. [1] ശ്രീ. ആർ. പ്രകാശം: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗ്രാന്റുകൾ വർദ്ധിപ്പിച്ചുകിട്ടണമെന്നു കാണിച്ച് സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പാലിറ്റികളിൽ നിന്ന് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ട്;

(ബി) നിവേദനങ്ങളിൽ ഉന്നയിച്ചിട്ടുള്ള കാരണങ്ങളുടെ സ്വഭാവമെന്താണ്;

(സി) ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിന് മതിയായ കാരണങ്ങൾ ഉന്നയിച്ചിട്ടുള്ള മുനിസിപ്പാലിറ്റികൾക്കെങ്കിലും കൂടുതൽ ഗ്രാന്റ് നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മിക്കവാറും എല്ലാ മുനിസിപ്പാലിറ്റികളും ഗ്രാന്റ് കൂട്ടികിട്ടണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

(ബി) മുനിസിപ്പാലിറ്റികളുടെ സാമ്പത്തികനില, പ്രത്യേകാവശ്യങ്ങൾ, മിനിമം വേജസ് ആർഡർമൂലം വഹിക്കേണ്ടിവന്നിട്ടുള്ള കൂടുതൽ ചെലവ് മുതലായ കാരണങ്ങളാണ് പ്രധാനമായി ഉന്നയിച്ചിട്ടുള്ളത്.

(സി) കഴിവുള്ളിടത്തോളം ധനസഹായം ചെയ്യണമെന്നുള്ള ഉദ്ദേശത്തിൽ ഗ്രാന്റ് കൂട്ടിക്കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം: ഗ്രാന്റ് നൽകുന്നതിനെ സംബന്ധിച്ചിടത്തോളം ആററിങ്ങൽ മുനിസിപ്പാലിററിയിൽ നിന്നും എന്താണാവശ്യപ്പെട്ടിട്ടുള്ളതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോഴുള്ളതിനെക്കാൾ ഗ്രാന്റ് കൂട്ടണമെന്നു്.

ശ്രീ. ആർ. പ്രകാശം: ഗ്രാന്റ് വർദ്ധിപ്പിക്കണമെന്നാണോ, അസൈൻമെൻറ് ആഫ് റവന്യൂ വിട്ടുകൊടുക്കണമെന്നാണോ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട ചെയറിന്റെ അനുവാദത്തോടുകൂടി ഒരുകാര്യം വിശദമാക്കാൻ ആഗ്രഹിക്കുന്നു.

സ്റ്റേററ് ഗവണ്മെൻറുകളുടെയും, ലോക്കൽസെൽഫ് ഗവണ്മെൻറ് സ്ഥാപനങ്ങളുടെയും വരുമാനത്തെപ്പററിയും, നികുതിപിരിവുകളെപ്പററിയും മററും സമഗ്രമായ ഒരു റിപ്പോർട്ട് ടാക്സേഷൻ എൻക്വയറി കമ്മിററി സമർപ്പിച്ചിട്ടുണ്ട്. ബഡ്ജററ് തയ്യാറാക്കിയതിനു ശേഷമാണ് ആ റിപ്പോർട്ട് കിട്ടിയതു്. അതുകൊണ്ടു് അതുസംബന്ധിച്ചു് പെട്ടെന്നൊരു തീരുമാനം എടുക്കുന്നതിനോ നയസംബന്ധമായ മറുപടി നൽകുന്നതിനോ നിവൃത്തിയില്ല.

ശ്രീ. ആർ. പ്രകാശം: മുനിസിപ്പാലിററികളുടെ ധനസ്ഥിതിയെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ എം. എൽ. ഏ. മാർ ഉൾപ്പെട്ട ഒരു കമ്മിററിയെ നിയമിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ വിധത്തിലുള്ള ഒരു കമ്മിററിയാണോ, വേറെ ഏതെങ്കിലും രീതിയിലുള്ള കമ്മിററിയാണോ വേണ്ടതെന്നു അറിവില്ല. വേണ്ടതു് ആലോചിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: കൊല്ലം മുനിസിപ്പാലിററിക്കു മൂന്നുലക്ഷം രൂപ മലംഡിപ്പോ മാററുന്നതിനു് ലോൺ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കൊല്ലം മുനിസിപ്പാലിററിക്കു 12,750 രൂപയാണു് അനുവദിച്ചിട്ടുള്ളതു്.

ശ്രീ. പ്രാക്കുളം ഭാസി: കൊല്ലത്തെ മലംഡിപ്പോ ഇപ്പോൾ കിടക്കുന്ന സ്ഥലത്തു നിന്നും മാററുന്നതിനു് മൂന്നുലക്ഷം രൂപ ലോൺ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വരുന്നകൊല്ലത്തേയ്ക്കു് അതിനു് ബഡ്ജററിൽ പ്രൊവിഷനുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: മലം ഡിപ്പോ അവിടെ നിന്നും മാററുന്നതിനാണോ, മറേറതരത്തിൽ വേണ്ട സംരക്ഷണത്തിനാണോ ഈ ലോൺ അനുവദിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാൽ പറയാം.

പോലീസ് മർദ്ദനത്തെപ്പറ്റിയുള്ള പരസ്യാന്വേഷണം.

*48. [2] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് സമരകാലത്ത് ബസ്സുകളുടെ മുമ്പിൽ പിക്കറ്റുചെയ്ത സത്യാഗ്രഹികളുടെ മേൽ പോലീസ് നടത്തിയ മർദ്ദനത്തെപ്പറ്റി ഒരു പരസ്യാന്വേഷണം നടത്തണമെന്ന് ഗവണ്മെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) കടയ്ക്കൽ പോലീസ് ഇൻസ്പെക്ടർ ഋഷികേശൻനായർ വെളിയം ഭാർഗ്ഗവൻ എന്ന സത്യാഗ്രഹിയുടെ മേൽമീശ വലിച്ചുപറിച്ചതായും കൊട്ടാരക്കര ടൗൺമദ്ധ്യത്തിലിട്ട് പട്ടാപ്പകൽ സത്യാഗ്രഹികളെ കഠിനമർദ്ദനം നടത്തിയതായും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എം. എൽ. എ. പി. കുഞ്ഞച്ചനെ ചെങ്ങന്നൂർ വച്ച് മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) മേൽപ്പറഞ്ഞ പോലീസ് ഉദ്യോഗസ്ഥന്മാരുടെ മേൽ ശിക്ഷാനടപടികളെന്തെങ്കിലും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്നു ബോദ്ധ്യമായി.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ: അറസ്റ്റ ചെയ്യപ്പെടുന്ന തടവുകാരെ ലാക്കപ്പിൽവച്ച് മർദ്ദിക്കുന്നതു നിയമവിരുദ്ധമല്ലേ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ മർദ്ദിക്കുന്നതു നിയമാനുസൃതമല്ല.

ശ്രീ. ആർ. സുഗതൻ: നിയമാനുസൃതമല്ലാത്ത ഈ മർദ്ദനം ഇന്നു സ്റ്റേറ്റിന്റെ പല ഭാഗത്തും തുടർന്നുവരുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ: അങ്ങനെ നടക്കുന്നുണ്ടെന്ന് അറിയിച്ചാൽ വേണ്ട നടപടി നടത്തുമോ?

ശ്രീ. എ. ജെ. ജാൺ: ബോദ്ധ്യപ്പെട്ടാൽ വേണ്ട നടപടികൾ നടത്തും.

ശ്രീ. ആർ. പ്രകാശം: മെമ്പറന്മാർ പറഞ്ഞാൽ ബോദ്ധ്യമാകുകയില്ലേ?

ശ്രീ. എ. ജെ. ജാൺ: മെമ്പറന്മാർ പറയുന്നതെല്ലാം ശരിയാണെന്നു വിശ്വസിക്കുന്നതു ശരിയായിരിക്കുകയില്ലെന്നു ബോദ്ധ്യമായിട്ടുണ്ട്.

ശ്രീ സി. കെ. വിശ്വനാഥൻ: ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയതാരാണ്?

ശ്രീ. എ. ജെ. ജാൺ: ഐ. ജി

ശ്രീ. സി. കെ. വിശ്വനാഥൻ: പോലീസുമർദ്ദനത്തെപ്പററി പരാതിയുണ്ടാകുമ്പോൾ, അതിന്മേൽ അന്വേഷണം നടത്താൻ ഐ. ജി. യെ നിയമിക്കുന്നത് കാര്യത്തിൻെറ സൂക്ഷ്മസ്ഥിതി അറിയാൻ പര്യാപ്തമാണെന്നു കരുതുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കരുതുന്നുണ്ട്.

ശ്രീ. ആർ. പ്രകാശം: പോലീസുമർദ്ദനം ഏററതായി എം. എൽ. ഏ. തന്നെ പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ബോദ്ധ്യപ്പെട്ടുമെങ്കിൽ വിശ്വസിക്കാം.

ശ്രീ. പി. കെ. യശോധരൻ: ഇടിയുടെ പാടുകൾ കണ്ടാൽ വിശ്വസിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ഇടിയുടെ പാടുകൾ കണ്ടാൽ ഇടി കൊണ്ടതായി വിശ്വസിക്കാം. ഇടിച്ചതാരാണെന്നു തീർച്ചപ്പെടുത്താൻ സാദ്ധ്യമല്ല.

ശ്രീ. സി. എ. മാത്യു: പിക്കററിംഗ് നടത്തുന്നതും സത്യഗ്രഹമാണോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി ഒരു വിദഗ്ദ്ധാഭിപ്രായം പറയാൻ നിവൃത്തിയില്ല.

പോലീസ് മർദ്ദനം.

* 49. [3] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

"പനമ്പിള്ളി ഭരണം മർദ്ദനഭരണമാണോടോ?" എന്നു ചോദിച്ചുകൊണ്ട്, ട്രേഡ്യൂണിയൻ പ്രവർത്തകരെ തിരുവിതാംകൂർ-കൊച്ചി പോലീസ് ലാക്കപ്പുകളിൽ കൊണ്ടുപോയി മർദ്ദിച്ചുവരുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അങ്ങനെയൊരു പരാതി ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ: അതിന്മേൽ നടപടി നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി അന്വേഷിക്കുന്നുണ്ട്.

കാളനൈസേഷൻ പദ്ധതികൾ.

*50. [4] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ നടപ്പുവർഷത്തിൽ പുതുതായി ഏതെല്ലാം കാളനൈസേഷൻ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഓരോ പദ്ധതിയുടേയും ഇപ്പോഴത്തെ നില എന്താണ്;

(സി) ചിറയിൻകീഴ്-നെടുമങ്ങാട് എന്നീ താലൂക്കുകളിൽ സ്ഥിതിചെയ്യുന്ന മഞ്ഞപ്പാറ റിസർവ്വ് പ്രദേശത്ത് ഇത്തരത്തിലൊരു പദ്ധതിയാരംഭിക്കാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കൊച്ചുകുട്ടൻ)

(എ) നടപ്പുവർഷത്തിൽ, ചിറയിൻകീഴ് താലൂക്കിൽ, അഴൂർ എന്ന സ്ഥലത്ത് 430 ഏക്കർ വിസ്തീർണ്ണമുള്ള ഒരു കാളനിയും, ദേവികുളം, പീരുമേട് സ്കീം അനുസരിച്ചു കല്ലാർ,മറയൂർ എന്നീ സ്ഥലങ്ങളിലായി, 1000 ഏക്കറും, 600 ഏക്കറും വീതം വിസ്തീർണ്ണമുള്ള കാളനികളും ആരംഭിച്ചിട്ടുണ്ട്.

(ബി) അയൂർ—ശാസ്താവട്ടം, സഹകരണകാളനി നമ്പർ, 11 എന്ന പേരിൽ, ഒരു കാളനി രജിസ്റ്റർചെയ്തു. ആ സ്ഥലത്തെ സർവ്വെ പൂർത്തിയാക്കി. 138 കുടുംബക്കാർക്ക് സ്ഥലംകൊടുത്തു. കല്ലാർ കാളനിയിൽ 5 ഏക്കർ വീതം സർവ്വെ ചെയ്ത സ്ഥലം തിരിച്ച് 121 കുടുംബക്കാർക്ക വീട്ടു കൊടുത്തു; സ്ഥലത്തു പ്രവേശിച്ചിട്ടുണ്ട്. മറയൂരിൽ നാലു ഏക്കർ വീതം 149 കുടുംബക്കാർക്ക് ഭൂമി കൊടുത്തു. അവർ സ്ഥലത്തു പ്രവേശിച്ചു കൃഷിചെയ്യാനുള്ള പ്രാരംഭജോലികൾ തുടങ്ങിയിട്ടുണ്ട്.

(ഡി) ഇതേപ്പററി ആലോചിച്ചിട്ടില്ല.

ശ്രീ. ആർ. പ്രകാശം: കാളനൈസേഷൻ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും എന്തു സംഖ്യ അനുവദിച്ചിട്ടുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ദേവികുളം—പീരുമേട് കാളനി പദ്ധതിക്ക് 2 1/4 ലക്ഷം രൂപ ലോണായി തരാമെന്നു സമ്മതിച്ചിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം: ഇതുവരെ കിട്ടിയിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇതുവരെ ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ: ദേവികുളം—പീരുമേട് കാളനൈസേഷൻ സ്കീം അനുസരിച്ച് എത്ര സ്ഥലത്താണ് കാളനി സ്ഥാപിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: രണ്ടു സ്ഥലത്ത്.

ശ്രീ. പി. കെ. യശോധരൻ: ഇതുവരെ ആളുകൾ എവിടെയെല്ലാം താമസമായിട്ടുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ: കല്ലാർ കാളനിയിൽ 121 വീട്ടുകാരും, 150 കുടുംബക്കാർ അഞ്ചനാട്ടു കാളനിയിലും താമസമായിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു: കാളനിയിൽ താമസിക്കുന്നവർക്ക് ആവശ്യമായ സഹായത്തിനു വേണ്ട സൗകര്യങ്ങൾ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനവേണ്ട എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു: കാളനിയിൽ താമസത്തിനപോയിട്ടുള്ള വക്ക് പ്രാരംഭകൃഷിപ്രവർത്തനങ്ങൾക്കും മററം പണം ലഭിച്ചിട്ടില്ലെന്നു പറഞ്ഞു ചിലർ മടങ്ങിപ്പോന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാളനിയിൽ സ്ഥിരമായി കൃഷിചെയ്തു താമസിക്കുന്നവക്ക് പ്രാരംഭമായി ധനസഹായം ചെയ്യും; സ്ഥിരമായി താമസിക്കാൻ വിചാരിക്കാത്തവരായിരിക്കും തിരിയെ പോകുന്നതു്.

ശ്രീ. എം. എം. മത്തായി: വീടുകൾ കെട്ടുന്നതിനുള്ള ചെലവു് ഗവണ്മെൻറ വഹിക്കുമോ, സ്വന്തമായിട്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഓരോ വീട്ടിനും 500 രൂപ ചെലവാക്കി ഗവണ്മെൻറിൽ നിന്നും വീടു കെട്ടിക്കൊടുക്കും; വില മടക്കിക്കൊടുക്കണമെന്നുള്ള വ്യവസ്ഥയിൽ.

ശ്രീ. എം. എം. മത്തായി: എത്ര കൊല്ലംകൊണ്ടു എന്തു വ്യവസ്ഥയിൽ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആദ്യത്തെ അഞ്ചു വർഷം യാതൊന്നും ഈടാക്കുകയില്ല. ആറാമത്തെ വർഷംമുതൽ, 25 കൊല്ലംകൊണ്ടു തുക തിരിയെ ഈടാക്കും.

നാഗരുകോവിൽ ടി. ബി. ആശുപത്രി.

* 51. [5] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) 1954 ഡിസംബർ, 1955 ജനുവരി എന്നീ മാസങ്ങളിൽ നാഗരുകോവിൽ ടി. ബി. ആശുപത്രിയിൽനിന്നു് എത്രപേരെ ഡിസ്ചാർജ്ജുചെയ്തിട്ടുണ്ടു്;

(ബി) 1955 ഫെബ്രുവരി മാസത്തിൽ എത്രപേരെ പ്രവേശിപ്പിച്ചിട്ടുണ്ടു്;

(സി) "തൊർക്കോപ്ലാസ്ററി" എന്ന ശസ്ത്രക്രിയ നടത്തിയതിൽ എത്ര രോഗികൾ ടി ആശുപത്രിയിൽ മൃതിയടഞ്ഞിട്ടുണ്ടു്;

(ഡി) ടി ആശുപത്രി സൂപ്രണ്ടു് മാരകമായ അവസ്ഥയിൽപ്പോലും രോഗികളെ ഡിസ്ചാർജ്ജു ചെയ്യുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 1954 ഡിസംബറിൽ 31 പേരെയും, 1955 ജനുവരിയിൽ 62 പേരെയും ഡിസ്ചാർജ്ജു ചെയ്തിട്ടുണ്ടു്.

(ബി) 20 പേരെ.

(സി) ഏതു തീയതി മുതൽ എന്നു വ്യക്തമല്ലാത്തതിനാൽ എത്ര രോഗികൾ എന്നു പറയാൻ നിവൃത്തിയില്ല. സെപ്ററംബർ 18-ാം തീയതിക്കു ശേഷം തൊർക്കോപ്ലാസ്ററി ശസ്ത്രക്രിയമൂലം ഒരാൾ മരിച്ചിട്ടുണ്ടു്.

(ഡി) ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജുചെയ്യപ്പെട്ടവരും, ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരും തമ്മിൽ ഇത്രവലിയ വിടവുവരാൻ കാരണമെന്ത്?

ശ്രീ. എ. എ. റഹിം: ഫെബ്രുവരിയിൽ ഇരുപതുപേരെ മാത്രമേ പ്രവേശിപ്പിച്ചിട്ടുള്ളു.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള: ഡിസംബറിൽ, 31 പേരെയും ജനവരിയിൽ, 62 പേരെയും ഡിസ്ചാർജ്ജ ചെയ്തിട്ട ഫെബ്രുവരിയിൽ 20 പേരെ മാത്രം പ്രവേശിപ്പിച്ചതെന്താണ്?

ശ്രീ. എ. എ. റഹിം: ഡിസംബറിൽ 31 പേരെയും, ജനവരിയിൽ 62 പേരെയും ഡിസ്ചാർജ്ജുചെയ്യുകയും, ഫെബ്രുവരിയിൽ 20 പേരെ പ്രവേശിപ്പിക്കുകയും ചെയ്തതായിട്ടേ കൈവശം വിവരമുള്ളു.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള: അവിടെ കിടക്കകൾ ഒഴിവുണ്ടായിരുന്നിട്ടും പ്രവേശനം അനുവദിച്ചിട്ടില്ലെന്ന പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെ പരാതിയുള്ളതായി അറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഇപ്പോൾ ഇരിക്കുന്ന സൂപ്രണ്ടിന് മുൻപിരുന്നയാൾ, ആശുപത്രിക്കു വെളിയിലും ആളുകളെ കിടത്തി ചികിത്സിച്ചിട്ടില്ലേ?

ശ്രീ. എ. എ. റഹിം: അറിഞ്ഞുകൂടാ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ആപ്പറേഷൻ കഴിഞ്ഞ രോഗി അപകടകരമായ നിലയിൽ മരണംപ്രാപിച്ചതു കുത്തിവയ്ക്കാൻ ഗ്ലൂക്കോസ് ഇല്ലാതിരുന്നതുകൊണ്ടല്ലേ?

ശ്രീ. എ. എ. റഹിം: ഒരാൾ മരിച്ചതു ശരിയാണ്, പക്ഷെ അയാൾക്കു മററു രോഗംകൂടിയുണ്ടായിരുന്നു.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള: ആപ്പറേഷൻ കഴിഞ്ഞ ശേഷം, ഗ്ലൂക്കോസിനുവേണ്ടി, ഡാക്ടർമാരെല്ലാം എല്ലാ രോഗികളുടെയും അടുത്തുചെന്നു അന്വേഷിച്ചതിൽ കിട്ടിയിട്ടില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. എ. എ. റഹിം: അങ്ങനെ അറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: കുലശേഖരപുരത്തുകാരൻ ഒരു പി. എ. ഇബ്രാഹിംകുട്ടിയെ, രാഷ്ട്രീയ പകപോക്കലിനുവേണ്ടി ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജുചെയ്തതായി പരാതിയുണ്ടോ?

ശ്രീ. എ. എ. റഹിം: പരാതി ലഭിച്ചിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള: കഴിഞ്ഞ 21-10-1954-ന്, പോസ്ററവഴിയും, 3-11-1954-ൽ ബഹുമാനപ്പെട്ടമന്ത്രി ആശുപത്രി സന്ദർശിച്ചപ്പോൾ നേ[illegible] പരാതിപ്പെട്ടിട്ടില്ലേ?

ശ്രീ. എ. എ. റഹിം: മന്ത്രി ആശുപത്രി സന്ദർശിച്ച തീയതി ഏതാണ്?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: 3.11.1954.

ശ്രീ. എ. എ. റഹിം: അതു മുൻമന്ത്രിയായിരിക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സെക്രട്ടറിയേററിലെ ഫയൽ നോക്കിയല്ലേ മന്ത്രി മറുപടി പറയുന്നത്?

ശ്രീ. എ. എ. റഹിം: ഫയലിൽ ആ വിവരങ്ങളൊന്നും കാണുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഗവണ്മെൻറ സെക്രട്ടറിയേററിൽ ഹെൽത്തു സെക്ഷനിൽനിന്ന്, 17-11-54-ൽ ഇബ്രാഹികുട്ടിക്ക്, എച്ച്. എൽ. 9, 22747/54, ഡി. ഡി. നമ്പരായി, അപേക്ഷ, നടപടിക്ക അയച്ചിരിക്കുന്നു എന്നു മറുപടി കൊടുത്തിട്ടില്ലേ?

ശ്രീ. എ. എ. റഹിം: നോക്കി പറയാം. അതുസംബന്ധിച്ച വിവരങ്ങൾ കയ്യിലില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെംബർ പറയുന്നതു ശരിയായയിരിക്കാം; പക്ഷെ മറുപടി പറയാൻ നോട്ടീസുകൂടാതെ സാധിക്കുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, ഈ ചോദ്യത്തിൽ, ആശുപത്രി സൂപ്രണ്ടു, മാരകമായ അവസ്ഥയിൽപോലും, രോഗികളെ ഡിസ്ചാർജ്ജുചെയ്യുന്നുണ്ടോ, അങ്ങനെ പരാതി ലഭിച്ചിട്ടുണ്ടോ എന്നു വളരെ വ്യക്തമായി ചോദിച്ചിരിക്കുകയാണ്. രാഷ്ട്രീയപകപോക്കലിനായി, ഒരു രോഗിയെ ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജുചെയ്തിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ, വ്യക്തമായ സമാധാനം തരാതെ, എന്തെങ്കിലും ഒക്കെപ്പറഞ്ഞു് ഇങ്ങനെയൊരു പ്രഹസനം നടത്തുന്നതെന്തിനാണ്?

ശ്രീ. എ. എ. റഹിം: രാഷ്ട്രീയ പകപോക്കലിനായി ആരെയും ഡിസ്ചാർജ്ജ ചെയ്തിട്ടില്ലെന്നു വളരെ വ്യക്തമായിത്തന്നെ മറുപടി പറഞ്ഞു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ദീപികപത്രം വായിക്കണമെന്നു ആശുപത്രി സൂപ്രണ്ടു നിർബന്ധിക്കാറുണ്ടോ?

ശ്രീ. എ. എ. റഹിം: അറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വളരെ ഗുരുതരമായ ആരോപണങ്ങൾ നാഗർകോവിൽ ആശുപത്രിയിലെ നടപടികളെ സംബന്ധിച്ചു ഉള്ളതിനാൽ അതേപ്പററി അന്വേഷിക്കുന്നതിന് ഒരു കമ്മിററി, ഈ സഭയിലെ എല്ലാ പാർട്ടികളിൽപ്പെട്ട അംഗങ്ങളെ ചേർത്തു രൂപീകരിക്കാൻ ഗവണ്മെൻറ ശ്രമിക്കുമോ?

ശ്രീ. എ. എ. റഹിം: അങ്ങനെയൊരു കമ്മിററിയുടെ ആവശ്യം ഇപ്പോഴുണ്ടെന്നുതോന്നുന്നില്ല.

ശ്രീ. കെ. സി. ജാർജ്ജ്: അവിടെ എത്ര ബെഡ്ഡു കഴിവുണ്ട്, എത്ര വാർഡുണ്ട്, ഓരോ വാർഡിലും എത്ര രോഗികൾ ഉണ്ട് എന്നെല്ലാം വിശദമായി മന്ത്രിക്കറിയാമോ?

ശ്രീ. എ. എ. റഹിം: 237 ബെഡ്ഡുകളുണ്ടെന്നും, അതിലെല്ലാം രോഗികൾ ഉണ്ടെന്നും അറിയാം.

ശ്രീ. കെ. സി. ജാർജ്ജ്: അതേപ്പറ്റി വിശദമായി പറയാൻ സാധിക്കുമോ?

ശ്രീ. എ. എ. റഹിം: പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

മെമ്മോറാണ്ടം.

✻ 52. [6] ശ്രീ. കെ. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിലെ രോഗികളിൽനിന്നും വല്ല മെമ്മോറാണ്ടവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) സുഖക്കേടു ഭേദമാകാത്തവരെ ഡിസ്ചാർജ്ജ് ചെയ്യുന്നതായി ഗവണ്മെൻറിനറിയാമോ;

(സി) ജനുവരിമാസം ഒന്നാംതീയതി ഡിസ്ചാർജ്ജ്ചെയ്ത ഒരു രോഗി ആശുപത്രികിടക്കയിൽവച്ചു മരിച്ചുപോയതായി ഗവണ്മെൻറിന് അറിവു ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) ഉണ്ട്.

(ബി) അറിവില്ല.

(സി) ഇല്ല.

ശ്രീ. കെ. സി. ജാർജ്ജ്: ആ മെമ്മോറാണ്ടത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിരുന്നതു് എന്നു പറയുവാൻ സാധിക്കുമോ?

ശ്രീ. എ. എ. റഹിം: അവിടത്തെ ഡാക്ടറെക്കുറിച്ചുള്ള പരാതികളാണ്. അവിടത്തെ രോഗികൾക്കു ആഹാരം കിട്ടുന്നില്ല എന്നു തുടങ്ങിയുള്ള ചില പരാതികളാണ്.

ശ്രീ. കെ. സി. ജാർജ്ജ്: ഈ മെമ്മോറാണ്ടം എന്നാണ് ലഭിച്ചിട്ടുള്ളതെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: ഏതാനും ദിവസങ്ങൾക്കു മുമ്പാണ്.

ശ്രീ. കെ. സി. ജാർജ്ജ്: അതേപ്പറ്റി എന്തു നടപടിയാണ് സ്വീകരിച്ചതു്?

ശ്രീ. എ. എ. റഹിം: അതേപ്പറ്റി വേണ്ട അന്വേഷണം നടത്തി.

ശ്രീ. കെ. സി. ജാർജ്ജ്: എന്തു നടപടിയാണ് നടത്തിയതെന്നു പറയാൻ സാധിക്കുമോ?

ശ്രീ. എ. എ. റഹിം: സർജൻജനറലിനെക്കൊണ്ട് അതിൽ പറഞ്ഞിരിക്കുന്ന എല്ലാക്കാര്യങ്ങളെക്കുറിച്ചും അന്വേഷണം നടത്തുന്നതിനും എല്ലാക്കാര്യങ്ങളെപ്പറ്റിയും വേണ്ട പരിഹാരം ഉണ്ടാക്കുവാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ്: നീണ്ടകര സ്വദേശിയായ ഒരു സദാനന്ദൻ എന്ന ഒരു രോഗി ഡിസ്ച്ചാർജ്ജുചെയ്തിട്ട് ആശുപത്രിയിൽ വച്ചുതന്നെ മൃതിയടഞ്ഞിരിക്കുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. എ. എ. റഹിം: അറിവില്ല.

ശ്രീ. കെ. സി. ജോർജ്ജ്: അതേപ്പറ്റി വേണ്ട അന്വേഷണം നടത്തുമോ?

ശ്രീ. എ. എ. റഹിം: അങ്ങനെ ഒരു സംഭവം ഉണ്ടായതായി അറിവില്ല.

ശ്രീ. കെ. സി. ജോർജ്ജ്: അങ്ങനെ ഒരു രോഗി മരിച്ചിട്ടില്ല എന്നാണോ മന്ത്രി പറയുന്നത്?

ശ്രീ. എ. എ. റഹിം: അങ്ങനെ ആശുപത്രിയിൽ കിടന്നു മരിച്ചിട്ടില്ല.

ശ്രീ. കെ. സി. ജോർജ്ജ്: ആശുപത്രിയിൽ കിടന്നു മരിച്ചിട്ടില്ലെന്നാണോ മന്ത്രി പറയുന്നത്?

ശ്രീ. എ. എ. റഹിം: ആശുപത്രിയിൽ കിടന്നു മരിച്ചതായി അറിവില്ലെന്നാണ് മറുപടി.

ശ്രീ. കെ. സി. ജോർജ്ജ്: ലിറററലായി ബെഡ്ഡിൽ കിടന്നു മരിച്ചിട്ടില്ലെന്നാണോ മന്ത്രി പറയുന്നത്?

ശ്രീ. എ. എ. റഹിം: ആശുപത്രിയിൽ കിടന്നു മരിച്ചിട്ടില്ല.

ശ്രീ. കെ. സി. ജോർജ്ജ്: സുഖക്കേട് ഭേദമാകാതെ ഡിസ്ചാർജ്ജു ചെയ്തുകൊണ്ട് പിറേറദിവസം ആ രോഗി മരിച്ചിട്ടില്ലെന്നാണോ മന്ത്രി പറയുന്നത്?

ശ്രീ. എ. എ. റഹിം: അങ്ങനെ ആശുപത്രിയിൽ കിടന്നു ആരും മരിച്ചിട്ടില്ല. സുഖക്കേട് ഭേദമായിട്ടാണ ഡിസ്ചാർജ്ജ് ചെയ്യുന്നത്.

ശ്രീ. കെ. സി. ജോർജ്ജ്: സുഖക്കേട് ഭേദമാകാതെ രോഗികളെ ഡിസ്ചാർജ്ജ് ചെയ്തുവരുന്നതായി അറിവുണ്ടോ?

ശ്രീ. എ. എ. റഹിം: അറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: രോഗികളെ അവിടെനിന്നും ഡിസ്ചാർജ്ജുചെയ്തു പറഞ്ഞയയ്ക്കുന്നതിനു പോലീസിനെ ഏർപ്പെടുത്താറുണ്ടോ?

ശ്രീ. എ. എ. റഹിം: ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: മഹാദേവിക്കാട്ട് ദാമോദരൻ എന്നൊരാളെ അങ്ങനെ ഡിസ്ചാർജ്ജ് ചെയ്തതായി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അറിവില്ല.

ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: ഏതാനും ദിവസങ്ങൾക്ക് മുൻപ് മെമ്മോറാണ്ടം ലഭിച്ചു എന്നു പറഞ്ഞു. അതു് എത്ര ദിവസങ്ങൾക്ക് മുമ്പാണ് എന്നു പറയാമോ?

ശ്രീ. എ. എ. റഹിം: ഏതാനും ദിവസങ്ങൾക്കു മുമ്പാണ്.

ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ: ഏതാനും ദിവസം എന്നു പറഞ്ഞാൽ എത്ര ദിവസം എന്നു ക്ലിപ്തമായി പറയാമോ?

ശ്രീ. എ. എ. റഹിം: ഏതാനും ദിവസം എന്നു പറഞ്ഞാൽ ഒന്നിൽ കൂടുതൽ ദിവസം എന്നാണ്.

ശ്രീ. ടി. കെ. ദിവാകരൻ: സർജൻജനറൽ അന്വേഷണം നടത്തി എന്നു പറഞ്ഞു. അതിന്റെ ഫലം എന്തായി എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. എ. എ. റഹിം: അതിന്റെ വിശദവിവരങ്ങൾ എന്റെ കൈവശം ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: അന്വേഷണത്തിൽ ആ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അടിസ്ഥാനരഹിതങ്ങളാണോ, ഉള്ളതാണോ, എങ്ങനെയാണ് തെളിഞ്ഞിട്ടുള്ളതു്?

ശ്രീ. എ. എ. റഹിം: അടിസ്ഥാനരഹിതമാണെന്നാണ്.

ശ്രീ. ടി. കെ. ദിവാകരൻ: അവിടെ നടക്കുന്ന അക്രമമായ നടപടികളെക്കുറിച്ച് ഒന്നിലധികം മെമ്മോറാണ്ടങ്ങൾ ഗവണ്മെന്റിന് ലഭിച്ചിട്ടില്ലേ?

ശ്രീ. എ. എ. റഹിം: ഒന്നിലധികം മെമ്മോറാണ്ടങ്ങൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: അതേപ്പറ്റി എന്തു നടപടികളാണ് ഗവണ്മെന്റ് എടുത്തിട്ടുള്ളതു്?

ശ്രീ. എ. എ. റഹിം: അങ്ങനെയുള്ള പരാതികൾ ഇല്ലാതെയാക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ്: അവിടത്തെ ഡാക്ടർമാരെ സംബന്ധിച്ച് അതായതു് നാഗർകോവിൽ ക്ഷയരോഗാശുപത്രിയിലെ ഡാക്ടർ എം. സി. വർഗ്ഗീസിനെ സംബന്ധിച്ചും ആർ. എം. ഒ. യെ സംബന്ധിച്ചും പൊതുജനങ്ങളുടെ പരാതികൾ അടങ്ങിയ ഒരു ലഘുലേഖ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്. അതിനുള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ കെ. സി. ജാർജ്ജ്: അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണു് നടത്തിയതു് എന്നു പറയാമോ?

ശ്രീ. എ. എ. റഹിം: ആവശ്യമായ എല്ലാ നടപടികളും എടുത്തിട്ടുണ്ടു്.

ശ്രീ. കെ. സി. ജാർജ്ജ്: ആ ലഘുലേഖ എന്നാണു് കിട്ടിയതു്?

ശ്രീ. എ. എ. റഹിം: മൂന്നു നാലു ദിവസത്തിൽ കൂടുതൽ ആയിട്ടില്ല.

ശ്രീ പി. വി. അവിരാതരകൻ: മൂന്നു നാലു ദിവസം എന്നു പറയുന്നതു് ഏതാനും ദിവസമെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടതു്.

ശ്രീ. എ. എ റഹിം: അതല്ലാ ഞാൻ ഉദ്ദേശിച്ചതു്. ഏതാനും ദിവസിക്കു് മുൻപു് അവിടെ കുറെ രോഗികൾ അവക്കുള്ള കഞ്ഞി മുതലായ ആഹാരങ്ങൾ വാങ്ങിക്കാതെയിരുന്നു. അവർ പറയുന്ന സ്ഥാനത്തു വച്ചു് കഞ്ഞി കൊടുക്കണമെന്നു് നിർബന്ധിച്ചു. അതനുസരിച്ചു് വേണ്ടതു ചെയ്തുകൊടുക്കുകയും ഇപ്പോൾ അവർ എല്ലാവരും കഞ്ഞി വാങ്ങിക്കുന്നുമുണ്ടു്.

ശ്രീ. പി. വി. അവിരാത്തരകൻ: അവർ കഞ്ഞി വാങ്ങിക്കാതിരിക്കുന്നതിനു് കാരണമെന്താണു്?

ശ്രീ. എ. എ. റഹിം: അവക്കു് പ്രത്യേകമായ ഒരു സ്ഥലത്തുവച്ചു് കഞ്ഞി കൊടുക്കണമെന്നു് ആവശ്യപ്പെട്ടു. അതനുസരിച്ചു് ഇപ്പോൾ രോഗികളുടെ കിടക്കയിൽത്തന്നെ ആഹാരം കൊണ്ടുകൊടുക്കുന്നുണ്ടു്. അതുകൊണ്ടു് അവർ ആഹാരം കഴിക്കുന്നുമുണ്ടു്.

രോഗികളുടെ പരാതി.

*53. [7] ശ്രീ. കെ സി. ജാർജ്ജ്: താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടി. ബി. ആശുപത്രിയിലെ രോഗികളുടെ പരാതികളെപ്പറ്റി അന്വേഷിക്കാൻ നിയമസഭാസാമാജികന്മാരടങ്ങിയ ഒരു അന്വേഷണക്കമ്മിററിയെ നിയമിക്കാൻ ഗവണ്മെൻറു് ശ്രദ്ധിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): ഈ ചോദ്യം ആൻസർ ചെയ്തിട്ടുണ്ടു്. അങ്ങനെ ഒരു അന്വേഷണത്തിന്റെ ആവശ്യമുണ്ടെന്നു തോന്നിയില്ല.

ശ്രീ. കെ. സി. ജാർജ്ജ്: ജനപ്രതിനിധികൾ അന്വേഷിക്കുക എന്നു പറഞ്ഞാൽ ഇത്ര ഭയപ്പെടുന്നതെന്തിനാണു്?

ശ്രീ. എ. എ. റഹിം: ഭയപ്പെടേണ്ട ആവശ്യമൊന്നുമില്ല.

ശ്രീ. കെ. സി. ജാർജ്ജ്: ഈ പരാതികളുടെ അടിസ്ഥാനത്തിൽ അങ്ങനെ ഒരു അന്വേഷണം നടത്തുമോ?

ശ്രീ. എ. എ. റഹിം: ആവശ്യമുണ്ടെന്നു തോന്നിയാൽ അങ്ങനെ ചെയ്യാം.

ശ്രീ. കെ. സി. ജോർജ്ജ്: ആവശ്യമാണെന്നു കണ്ടാൽ ഗവൺമെന്റ് അങ്ങനെ ഒരു തീരുമാനം ചെയ്യുമോ?

ശ്രീ. ഏ. ഏ. റഹിം: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: ബഹുമാനപ്പെട്ട മന്ത്രി ഈ സന്ദർഭത്തിൽ ഈ നിയമസഭയിലെ വിവിധ കക്ഷികളിൽപ്പെട്ട അംഗങ്ങളുമായി ആ ആശുപത്രി സന്ദർശിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഏ. ഏ. റഹിം: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അവിടെയുള്ള ഡാക്ടറന്മാർ ലൈസൻസുള്ള കൊലപാതകികളാണെന്നു പറഞ്ഞാൽ ഗവൺമെന്റ് വിശ്വസിക്കുമോ?

Mr. Speaker: That question is disallowed.

ശ്രീ. സി. ജി. സദാശിവൻ: ഈ സംഗതിയെപ്പറ്റി എന്താണ് അന്വേഷണം നടത്തിയതെന്നു പറയാമോ?

Mr. Speaker: That has been answered.

ഡിസ്ട്രിക്റ്റ് മുനിസിപ്പാലിറ്റീസ് ആക്റ്റ്.

* 54. [8] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴും നിലവിലിരിക്കുന്നതായ ഡിസ്ട്രിക്റ്റ് മുനിസിപ്പാലിറ്റീസ് ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തെല്ലാം നടപടി നടത്തിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇപ്പോഴും നിലവിലിരിക്കുന്ന ഡിസ്ട്രിക്റ്റ് മുനിസിപ്പാലിറ്റീസ് ആക്റ്റ് അവശ്യംവേണ്ട ഭേദഗതികളോടുകൂടി ഒരു പുതിയ ആക്റ്റ് ഉണ്ടാക്കുന്നതിന് വേണ്ട നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) തിരുവിതാംകൂർ-കൊച്ചി ഡിസ്ട്രിക്റ്റ് മുനിസിപ്പാലിറ്റീസ് ബില്ലിന്റെ നക്കൽ തയ്യാറാക്കി ഒരു സെലക്റ്റ് കമ്മിറ്റിക്കും, എല്ലാ മുനിസിപ്പൽ കൗൺസിലുകൾക്കും അയയ്ക്കുകയും, അവരിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പര്യാലോചനയ്ക്ക് വിധേയമാക്കുകയും ചെയ്തിരിക്കയാണ്.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: പുതിയതായി ഒരു ബിൽ ഹാജരാക്കാനാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെയാണ്.

പോലീസ് കാൺസ്റ്റബിളിൻെറ ശമ്പളം.

✻ 55. [9] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു പോലീസ് കാൺസ്റ്റബിളിന് ഇന്നു കിട്ടിവരുന്ന ഏററവും കുറഞ്ഞ ശമ്പളം എത്ര; കൂടിയ ശമ്പളം എത്ര;

(ബി) ഈ ശമ്പളവ്യവസ്ഥ തൃപ്തികരമാണെന്ന് ഗവണ്മെൻറ് കരുതുന്നുണ്ടോ;

(സി) ഇപ്പോഴത്തെ ശമ്പളം പരിഷ്കരിക്കുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഏററവും കുറഞ്ഞതു് നാലാംക്ലാസ്സ് കാൺസ്റ്റബിൾ. ശമ്പളം 25 രൂപ, ഡീയർനസ്സ് അലവൻസ് 22 രൂപ, സ്മാട്ട്നസ് അലവൻസ് ഒരു രൂപ, ആകെ 48 രൂപ. ഏററവും കൂടിയതു് ഒന്നാംക്ലാസ്സ് കാൺസ്റ്റബിൾ. ശമ്പളം 35 രൂപ, ഡീയർനസ്സ് അലവൻസ് 27 രൂപ, സ്മാട്ട്നസ് അലവൻസ് ഒരു രൂപ, ആകെ 63 രൂപ.

(ബി) ഈ ശമ്പളവ്യവസ്ഥ തൃപ്തികരമാണെന്ന് ഗവണ്മെൻറ് കരുതുന്നില്ല.

(സി) ശമ്പളം പരിഷ്കരിക്കുന്നതു സംബന്ധിച്ചു് പ്രൊസീഡിംഗ്സ് പാസ്സാക്കി പരസ്യം ചെയ്തിട്ടുണ്ട്.

ഉപരിപഠനം നടത്തുന്ന പട്ടികജാതിക്കാർ.

✻ 56. [10] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഉപരിപഠനാർത്ഥം എത്ര പട്ടികജാതിക്കാർ സംസ്ഥാനത്തിനു വെളിയിൽ അദ്ധ്യയനം നടത്തുന്നുണ്ട്;

(ബി) അതിൽ ഇൻഡ്യയിൽ എത്ര;

(സി) ഇൻഡ്യയ്ക്കു വെളിയിൽ എത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉപരിപഠനാർത്ഥം നാലു് വിദ്യാർത്ഥികൾ സംസ്ഥാനത്തിന് വെളിയിൽ അദ്ധ്യയനം നടത്തുന്നുണ്ട്.

(ബി) അവർ നാലുപേരും ഇൻഡ്യയിൽതന്നെയാണ്.

(സി) ഇൻഡ്യയ്ക്കു വെളിയിൽ ആരും ഇല്ല.

ശ്രീ. പി. കുഞ്ഞൻ: ഏതെല്ലാം കോഴ്സിനാണ് അവർ അദ്ധ്യയനം നടത്തുന്നതു് എന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരാൾ എം. ബി. ബി. എസ്സ്., ഒരാൾ എൽ. എൽ. ബി., ഒരാൾ എം. എ., ഒരാൾ ആർട്ട്സ് ആൻഡ് ക്രാഫ്റ്റ്സ് സ്കൂൾ മദ്രാസ്.

ശ്രീ. പി. കുഞ്ഞൻ: അവക്ക് വേതനം എത്ര രൂപ വീതമാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: സാധാരണ കാളേജ് ക്ലാസ്സുകളിൽ 45 രൂപയാണ് പ്രതിമാസ സഹായധനം നൽകുന്നത്. വെളിയിൽ പോകുന്നവർക്കു കൂടുതൽ ഉണ്ടാകും. അതിന്റെ വിവരങ്ങൾ മുഴുവനും ഇപ്പോൾ കൈവശം ഇല്ല.

ശ്രീ. പി. കുഞ്ഞൻ: ഇപ്പോൾ കൊടുക്കുവരുന്ന തുക മതിയാകുന്നില്ലെന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. പി. കുഞ്ഞൻ: അവരുടെ പേരുകൾ ഒന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: 1. ഡി. ചിന്നയ്യാ, ഗ്രാന്റ് മെഡിക്കൽ കാളേജ്, എം. ബി. ബി. എസ്., ഫൈനൽ ഇയർ. 2. ടി. ജി. കൃഷ്ണൻ, എൽ. എൽ. ബി., ഒന്നാംകൊല്ലം. 3. കുട്ടി, എം. എ. ഫൈനൽ ഇയർ. 4. എം. എ. ശങ്കരൻ, School of arts and crafts, മദ്രാസ്.

ശ്രീ. ടി. കെ. ദിവാകരൻ: ഇവർ വെളിയിൽ പോയതിനുശേഷം ഗ്രാന്റ് കൊടുക്കുകയാണോ? അതോ അതിനു മുമ്പ് ഗവണ്മെന്റ് ഗ്രാന്റ് കൊടുത്ത് അയയ്ക്കുകയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പോയതിനുശേഷം ഗ്രാന്റ് കൊടുക്കുകയാണ്.

ശ്രീ. പി. കെ. ചാത്തൻ: അവർക്ക് എന്തു ചെലവ് പ്രതിമാസം ഉണ്ടാകും എന്ന് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. പി. കെ. ചാത്തൻ: ഇപ്പോൾ ചെലവിന് മതിയാകുന്നില്ലെന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പരാതി ലഭിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ്: നിയമ വിദ്യാഭ്യാസത്തിനുള്ള സൌകര്യം ഇവിടെയുള്ളപ്പോൾ ബാംബെയിൽ അയയ്ക്കാൻ പ്രത്യേകമായി കാരണങ്ങൾ വല്ലതുമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരെ ഡിസ്കറേജ് ചെയ്യേണ്ട എന്നു വച്ച് സഹായധനം കൊടുക്കുകയാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അവർ ഏതെല്ലാം സമുദായത്തിൽപ്പെട്ടവരാണെന്ന് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇന്ന ജാതിയിൽപ്പെട്ടവരാണെന്നുള്ള വിവരം എന്റെ കൈവശം ഇല്ല. അവർ പട്ടികജാതിയിൽപ്പെട്ടവരാണ്.

തമിഴ്നാട് വിമോചനപ്രക്ഷോഭണം.

❋ 57. [11] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് വിമോചനപ്രക്ഷോഭണം സംബന്ധിച്ച് തെക്കൻതിരുവിതാംകൂറിൽ ആകെ എത്ര കേസുകൾ ചാർജുചെയ്തിട്ടുണ്ട്;

(ബി) എന്തെങ്കിലും കേസുകൾ ഇതിനകം പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) കേസിന്റെ എണ്ണം 89; 27 ക്രൈം കേസുകളും 62 പെററി കേസുകളും.

(ബി) ഒരു കേസും പിൻവലിച്ചിട്ടില്ല. ഇതേപ്പററി ദീർഘമായി പറപടി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ എ. കുഞ്ഞൻനാടാർ: ചാർജു ചെയ്യാതെ എത്ര കേസുകൾ ഉണ്ട്.

ശ്രീ. എ. ജെ. ജാൺ: എല്ലാ കേസുകളും ചാർജ്ജ് ചെയ്തിട്ടുണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. എ. കുഞ്ഞൻനാടാർ: എല്ലാ കേസുകൾക്കും എഫ്. ഐ. ആർ. എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: എഫ്. ഐ. ആർ. എടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: എഫ്, ഐ. ആർ. എടുത്ത കേസുകൾ എല്ലാം ചാർജ്ജ് ചെയ്തിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: പെററികേസുകൾ എല്ലാം പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതെപ്പററിയെല്ലാം വളരെ ദീർഘമായി മറുപടി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. കെ. സി. ജാർജ്ജ്: അതിൽ പിന്നീട് വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഒന്നും ചെയ്തിട്ടില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, ഒരു പോയിന്റ് ഓഫ് ആർഡർ, തമിഴ്നാടിൽ നിന്നുമുള്ള അംഗങ്ങൾ അയച്ചിട്ടുള്ള ചോദ്യങ്ങൾ എല്ലാം അൺസ്റ്റാർഡ് ക്വസ്റ്റ്യൻ ആയി പരിഗണിച്ചിട്ടുള്ളതായി കാണുന്നു, അതായത് ശ്രീ. പൊന്നപ്പനാടാർ, ശ്രീ. വില്യം ഇവർ അയച്ചിരുന്ന ചോദ്യങ്ങൾ. അതിന് വല്ല പ്രത്യേക കാരണവുമുണ്ടോ എന്ന് അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ആവക കാര്യങ്ങളെപ്പററി അറിയണമെങ്കിൽ സ്പീക്കറെ ചെയിംബറിൽ വന്നു കാണണം.

ശ്രീ. എ. കുഞ്ഞൻനാടാർ: ചോദ്യത്തിൽ പറയുന്ന പ്രക്ഷോഭം ആരംഭിക്കുന്നതു് ഏതു പരിതസ്ഥിതിയിൽ വച്ചാണ്?

മി. സ്പീക്കർ: ചോദ്യങ്ങൾ ഗവൺമെന്റ്സ് ആക്ഷേപിച്ചതു് ഏതു പരിതസ്ഥിതിയിൽ വച്ചാണെന്നുള്ളതിനെപ്പറ്റിയും മറ്റുമറിയുന്നതിനു ചേംബറിൽ വന്നു കണ്ടാൽ ഞാൻ കാര്യങ്ങളെ സംബന്ധിച്ചു മറുപടി നൽകാം.

ശ്രീ. സി. കെ. വിശ്വനാഥൻ: ഈ നിയമസഭയിൽ തമിഴ്നാട് കാൺഗ്രസ്സ് എന്നൊരു പാർട്ടി ഇപ്പോഴുണ്ടോ?

മി. സ്പീക്കർ: ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്.

ശ്രീ. ടി. എ. മജീദ്: ഈ പ്രക്ഷോഭം പിൻവലിക്കുന്നതിനു് തമിഴ്നാട് കാൺഗ്രസ്സുകാർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി മുമ്പു് പറഞ്ഞിട്ടുള്ളതാണ്.

കാളനൈസേഷൻ ആൻഡ് റീസെറ്റിൽമെന്റ്.

* 58. [12] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാളനൈസേഷൻ ആൻഡ് റീസെറ്റിൽമെന്റ് സ്കീം എന്നാണ് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ആരംഭിച്ചതു്;

(ബി) ഈ പദ്ധതി ആരംഭിച്ചതിനു ശേഷം ആകെ ഇതുവരെ എത്ര സ്ഥലത്തു കാളനികൾ സ്ഥാപിച്ചിട്ടുണ്ട്;

(സി) സ്ഥാപിച്ചിട്ടുള്ള കാളനികളിലെല്ലാം കൂടി ഇപ്പോൾ വീട്ടുകാർ താമസിക്കുന്നുണ്ട്;

(ഡി) എല്ലാ കാളനികൾക്കുംകൂടി എത്ര ഏക്കർ ഭൂമി ഉപയോഗപ്പെടുത്തേണ്ടിവന്നിട്ടുണ്ട്;

(ഇ) എത്ര കാളനികളിൽ ഗവണ്മെന്റിൽ നിന്നും വീടുകൾ പണികഴിപ്പിച്ചുകൊടുത്തിട്ടുണ്ട്; പണികഴിപ്പിച്ചുകൊടുത്ത വീടുകളുടെ എണ്ണം എത്ര;

(എഫ്) ഇതിൽനിന്നും പട്ടികജാതിക്കാർക്കായി നൽകിയിട്ടുള്ള വീടുകൾ എത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ:)

(എ) 1951-52 സാമ്പത്തിക വർഷത്തിൽ കാളനൈസേഷൻ ആൻഡ് റീസെറ്റിൽമെന്റ് സ്കീം ആരംഭിച്ചു.

(ബി) എട്ടു സ്ഥലങ്ങളിൽ.

(സി) 257 കുടുംബങ്ങൾ.

(ഡി) 2234·37 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ കാളനികളിൽ ഒന്നിലുംതന്നെ ഗവണ്മെന്റിൽനിന്നും വീടുകൾ പണി കഴിച്ചുകൊടുത്തിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

വെടിവയ്പിൽ മൃതിയടഞ്ഞവരുടെ മൃതദേഹങ്ങൾ.

*59. [13] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പി. എസ്സ്. പി. മന്ത്രിസഭ അധികാരത്തിലിരുന്ന അവസരത്തിൽ തെക്കൻതിരുവിതാംകൂറിൽ പോലീസ് നടത്തിയ വെടിവയ്പിന്റെ ഫലമായ് മൃതിയടഞ്ഞവരുടെ മൃതദേഹങ്ങൾ അവരുടെ ബന്ധുക്കൾക്ക നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ മൃതദേഹങ്ങൾ എന്തുചെയ്തു;

(സി) മൃതിയടഞ്ഞവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുവാൻ ഈ ഗവണ്മെന്റ ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ, ബി) തെക്കൻതിരുവിതാംകൂറിലെ പോലീസ് നടത്തിയ വെടിവെയ്പിന്റെ ഫലമായി ഏഴപേർ കൊലപ്പെട്ടിട്ടുണ്ട്. അതിൽ നാലുപേരെ മറവുചെയ്തു. ബാക്കിയുള്ള മൂന്നുപേരുടെ മൃതദേഹം ബന്ധുക്കളാൽ മറവുചെയ്യപ്പെട്ടു.

(സി) മൃതിപ്പെട്ടവരിൽ നാലുപേരുടെ അടുത്ത അവകാശികൾക്ക് 500 രൂപവീതം നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. ബാക്കി മൂന്നുപേരുടെ കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ: ഈ നാലുപേരെ എന്നാണു മറവുചെയ്തതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഉടൻതന്നെ മറവുചെയ്തു.

ശ്രീ. വി. ശ്രീധരൻ: ഈ നാലുപേരുടെയും പ്രേതം എന്തുകൊണ്ടാണ് അവരുടെ ബന്ധുക്കൾക്ക കൊടുക്കാതിരുന്നത്?

ശ്രീ. എ. ജെ. ജാൺ: അവരുടെ ബന്ധുക്കൾ ഒരുപക്ഷെ ആവശ്യപ്പെട്ടില്ലായിരിക്കും.

ശ്രീ. വി. ശ്രീധരൻ: എവിടെയാണ് മറവുചെയ്തതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: എവിടെയാണ് മറവുചെയ്തതെന്നു നിശ്ചയമില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ നാലുപേരിൽ ഒരാളിനെ കുഴിത്തുറ പോലീസ് സ്റ്റേഷനിൽ കൊണ്ടുവരുന്നിടംവരെ ജീവനുണ്ടായിരുന്നെന്നും തക്കസമയത്തു ശരിയായ വൈദ്യസഹായം ഇല്ലാത്തതുകൊണ്ടാണു മരിച്ചുപോയതെന്നും അറിയാമോ?

ശ്രീ. എ. ജെ. ജാൺ: നിശ്ചയമില്ല. അതേപ്പററി അന്വേഷിക്കാം.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ 500 രൂപ നഷ്ടപരിഹാരം കൊടുത്തിട്ടുള്ളതുതന്നെ തീരെ അപര്യാപ്തമാണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: എന്നു തോന്നുന്നില്ല.

ശ്രീ. ആർ. സുഗതൻ: ആരെയെങ്കിലും മർദ്ദിച്ചുകൊന്നു കുഴിച്ചു മൂടിയതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ. സ്വബോധം ഉള്ളവരാരും അങ്ങനെ ചെയ്കയില്ല.

ശ്രീ. ആർ. പ്രകാശം: ഒരു ജീവനു് എന്തു വിലയാണു ഗവണ്മെന്റു കല്പിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: അതിന്റെ മാർക്കറ്റിനെപ്പറ്റി അന്വേഷിച്ചിട്ടില്ല. ജീവന്റെ വിലയെപ്പറ്റി എല്ലാവർക്കും അറിയാവുന്നതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. ഒരു ബഹുമാനപ്പെട്ട മെംബർ ജീവനുള്ള ആരെയെങ്കിലും കുഴിച്ചിട്ടിട്ടുണ്ടോയെന്നു ചോദിച്ചു. അതിനു പോലീസ്മന്ത്രി പറഞ്ഞ മറുപടി സ്വബോധമുള്ളവരാരും ചെയ്കയില്ല എന്നാണു്. ഇങ്ങനെ മറുപടി പറഞ്ഞാൽ ഞങ്ങൾ എന്തുചെയ്യണം? സ്വബോധമുള്ളവർ ചെയ്കയില്ല എന്നു പറഞ്ഞാൽ ഞങ്ങൾ മനസ്സിലാക്കേണ്ടതെന്താണു്? പോലീസുകാർക്കു ബോധമില്ലെന്നാണോ, അതോ ചോദ്യം ചോദിച്ചയാളിനു് ബോധമില്ലായെന്നാണോ?

മി. സ്പീക്കർ: മന്ത്രിമാർ നൽകുന്ന ഉത്തരത്തിൽനിന്നു് എന്തു ഗ്രഹിക്കാൻ ഒക്കുമോ അതു ഗ്രഹിച്ചുകൊള്ളണമെന്നല്ലാതെ അതേപ്പറ്റി യാതൊരു വാദപ്രതിവാദവും നടത്തുവാൻ അനുവദിക്കുന്നതല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഇങ്ങനെ ഉത്തരം പറഞ്ഞ പോലീസുമന്ത്രിക്കു് വാസ്തവത്തിൽ സ്വബോധമില്ലെന്നു ഞാൻ പറഞ്ഞാൽ അതിനോടു് അങ്ങും യോജിക്കുമോ?

മി. സ്പീക്കർ: ഓരോരുത്തർക്കു് ഓരോന്നിനെപ്പറ്റിയും സ്വന്തം അനുമാനങ്ങൾ ഉണ്ടാകാം. അത്തരം അനുമാനങ്ങൾ ഉണ്ടാകുന്നതിൽനിന്നു് ആർക്കും ആരെയും തടുത്തുനിറുത്താൻ അവകാശമില്ല.

ശ്രീ. കെ. സി. ജോർജ്ജ്: ഒരാളിനു് വൈദ്യസഹായമില്ലാത്തതിനെപ്പറ്റി അന്വേഷണം നടത്താമെന്നു പറഞ്ഞല്ലോ, പോലീസുകാരെ കൊണ്ടാണോ അന്വേഷണം നടത്താമെന്നു വിചാരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: അതേപ്പറ്റി ആലോചിച്ചിട്ടില്ല. അതിനാസ്പദമായ എല്ലാ കാര്യങ്ങളേയുംപറ്റി ആലോചിച്ചുകഴിഞ്ഞശേഷം ഒരു തീരുമാനം ചെയ്യുന്നതായിരിക്കും.

ശ്രീ. കെ. സി. ജോർജ്ജ്: ഇനി മേലാലെങ്കിലും പോലീസുകാരെ കൊണ്ടു് അന്വേഷിപ്പിക്കാതിരിക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതേപ്പറ്റി ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണു്.

ഗവൺമെൻറ് സ്റ്റാക്കചെയ്തിട്ടുള്ള അരി.

* 60. [14] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ ഇപ്പോൾ എത്ര ടൺ അരി സ്റ്റാക്ക് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ, ചീത്തയാവുകയും തൻമൂലം ഉപയോഗശൂന്യമാവുകയും ചെയ്തിട്ടുള്ള അരിയും ഉൾപ്പെടുമോ;

(സി) ഇല്ലെങ്കിൽ എത്ര ടൺ അരിയാണ ചീത്തയായിട്ടുള്ളത്; അതു എന്തുചെയ്തു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഗവൺമെൻറ് ഇപ്പോൾ 75,000 ടൺ അരി സ്റ്റാക്കചെയ്തിട്ടുണ്ട്.

(ബി) ഇതിൽ ചീത്തയാകുകയും തൻമൂലം ഉപയോഗശൂന്യമാകുകയും ചെയ്തിട്ടുള്ള അരിയും ഉൾപ്പെടും.

(സി) എത്ര അരി ചീത്തയായിട്ടുണ്ടെന്ന് ക്ലീനിംഗ് കഴിഞ്ഞതിനശേഷമേ അറിയുകയുള്ളു.

ശ്രീ. വി. ശ്രീധരൻ: ഗവൺമെൻറ സ്റ്റാക്കചെയ്തിട്ടുള്ള അരിക്ക് കേടുവരാതെ സൂക്ഷിക്കുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിലേയ്ക്ക് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടില്ല എന്നാണ തോന്നുന്നതു്. എന്നാൽ കേടുവരാതെ സൂക്ഷിക്കുവാനുള്ള നടപടികൾ നടത്തിയിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ: ഇപ്പോൾ അതിനുള്ള ചുമതല ആർക്കാണ്?

ശ്രീ. എ. ജെ. ജാൺ: ചില ഡിപ്പോ ആഫീസറന്മാർ ആ ചുമതല വഹിക്കുന്നു.

ശ്രീ. വി. ശ്രീധരൻ: എന്നിട്ടും ഇത്രയും അരി ചീത്തയായിപ്പോകാനുള്ള കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: നേരത്തെ സ്റ്റാക്ക ചെയ്തിരുന്ന ഉണക്കലരി 17,000 ടണ്ണോളം ഉണ്ട്. അതാണ് കൂടുതലായി മോശമായിപ്പോയതു്.

ശ്രീ. വി. ശ്രീധരൻ: ഈ അരി സ്റ്റാക്കചെയ്തിരുന്നതു് എവിടെയാണ്?

ശ്രീ. എ. ജെ. ജാൺ: പല ഇടത്തുമായി സ്റ്റാക്ക ചെയ്തിരുന്നു.

ശ്രീ. വി. ശ്രീധരൻ: എവിടെ സ്റ്റാക്കചെയ്തിരുന്ന അരിയാണ മോശമായിപ്പോയതു്?

ശ്രീ. എ. ജെ. ജാൺ: എല്ലായിടത്തും അരി മോശമായിപ്പോയിട്ടുണ്ട്. കൂടുതലുള്ളതു് ആലപ്പുഴയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെന്റ് ... ഇൻഡ്യാഗവണ്മെന്റ് ഏറ്റെടുക്കണമെന്നു ഗവണ്മെന്റ് ... അസംബ്ലിയിൽ പ്രസ്താവിക്കുകയുണ്ടായി. അതനുസരിച്ചുള്ള നടപടിയും നടത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ക്ലീനിംഗ് നടത്തിയശേഷം ഇൻഡ്യാഗവണ്മെന്റ് എടുത്തുകൊള്ളാമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിലേയ്ക്കുള്ള നടപടിയെല്ലാം തുടങ്ങിയിട്ടുണ്ട്. ഇന്നോ നാളെയോ ജോലി ആരംഭിക്കും. ഇക്കാര്യത്തിന് ഇൻഡ്യാഗവണ്മെന്റിലെ ഒരു ഉദ്യോഗസ്ഥൻ ഇവിടെ വരുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അരി ചീഞ്ഞുനാറിക്കൊണ്ടിരിക്കുന്നുവെന്നും ക്ലീനിംഗ് നടത്തുവാൻ പോകുന്നുവെന്നും പ്രസ്താവന ഉണ്ടായതിനുശേഷം ഗോഡൗണിൽ കിടക്കുന്ന അരി കൂടുതൽ നഷ്ടപ്പെടുത്തുവാൻ അവിടത്തെ ഉദ്യോഗസ്ഥന്മാർ ശ്രമിച്ചുവരുന്നു എന്നുള്ള വിവരം തൊഴിലാളിപ്രതിനിധികൾ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിലായിരുന്നു ഇതുവരെ ഈ ഗോഡൗണുകൾ സൂക്ഷിച്ചിരുന്നത്. ഇനിമേൽ ഇത്തരം നഷ്ടങ്ങളോ നാശങ്ങളോ ഉണ്ടാകുമെന്നു തോന്നുന്നില്ല. ക്ലീനിംഗ് നടത്തുന്നതിനു മേൽനോട്ടം ഫുഡ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ ഗവണ്മെന്റ് എടുക്കുന്നതുമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അരി ക്ലീൻ ചെയ്തതിനുശേഷമേ ഇൻഡ്യാഗവണ്മെന്റ് എടുക്കുകയുള്ളു എന്നു പറഞ്ഞല്ലോ, അതു സംബന്ധിച്ചുള്ള നടപടികൾ എങ്ങനെയിരിക്കുന്നു?

ശ്രീ. എ. ജെ. ജാൺ: അതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കഴിയുന്നതും വേഗം ആ ജോലി പൂർത്തിയാക്കുന്നതാണ്.

ശ്രീ. എം. വി. ചെറിയാൻ: ഇവിടെ ചെലവില്ലാതെ വരുമെന്നറിഞ്ഞുകൊണ്ട് ഇത്രയധികം അരി സ്റ്റാക്കുചെയ്യാനുള്ള കാരണം എന്താണ്?

ശ്രീ. എ. ജെ. ജാൺ: ഇവിടെ ആവശ്യമുണ്ടെന്നു കരുതി നേരത്തെ സ്റ്റാക്കുചെയ്തിരുന്ന അരിയാണിത്. എന്നാൽ പാകിസ്ഥാനിൽനിന്നും വില കുറഞ്ഞ അരി വന്നതുകൊണ്ട് ഈ അരി ചെലവാകാതെ വന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി: 75,000 ടൺ അരിയോളം സ്റ്റാക്കിരിപ്പുണ്ടെന്നു പറഞ്ഞു. അതിന് ഗവണ്മെന്റിന് എന്തു ചെലവുവന്നു?

ശ്രീ. എ. ജെ. ജാൺ: ഏകദേശം നാലഞ്ചുകോടി രൂപയോളം വരും.

ശ്രീ. കെ. എം. ജോർജ്ജ്: നിയന്ത്രണ നടപടികൾ പിൻവലിക്കുവാൻ തുടങ്ങിയതോടുകൂടി ഈ അരി ഇൻഡ്യാ ഗവണ്മെന്റിനെ ഏല്പിക്കുവാൻ തയ്യാറാകാഞ്ഞത് എന്തുകൊണ്ടാണ്?

ശ്രീ. എ. ജെ. ജാൺ: അന്നുമുതൽ തന്നെ ഗവണ്മെൻറ് അതിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അടുത്ത കാലത്താണ് ഇൻഡ്യാ ഗവണ്മെൻറ് ആ അരി എടുത്തുകൊള്ളാമെന്നു സമ്മതിച്ചതു്.

ശ്രീ. ടി. കെ. ദിവാകരൻ: കഴിഞ്ഞ തവണ ഇതേപ്പററി ചോദ്യം ഉണ്ടായപ്പോൾ സമീപകാലത്തുതന്നെ അധികമുള്ള അരി ഇൻഡ്യാഗവണ്മെൻറ എടുത്തുകൊള്ളാമെന്നു സമ്മതിച്ചതായി പറഞ്ഞു. എന്നിട്ടു് ഇതുവരെ എടുക്കാതിരുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. എ. ജെ. ജാൺ: അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണു്. ക്ലീൻ ചെയ്ത അരി മാത്രമെ ഇൻഡ്യാ ഗവണ്മെൻറ് എടുക്കുകയുള്ളു. അരി ക്ലീൻ ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. പ്രാക്കുളം ഭാസി: ഇവിടെ കിടപ്പുള്ള അരിക്കു് ഇൻഡ്യാ ഗവണ്മെൻറിൽനിന്നും സബ്സിഡി കിട്ടുകയില്ലേ?

ശ്രീ. എ. ജെ. ജാൺ: സബ്സിഡി തരേണ്ടയാവശ്യമില്ല. ഏതു വിലയ്ക്കു് ഇൻഡ്യാഗവണ്മെൻറ് അരി തന്നുവോ അതേ വിലയ്ക്കുതന്നെ എടുത്തുകൊള്ളുകയും ചെയ്യും.

ശ്രീ. പ്രാക്കുളം ഭാസി: അതുകൊണ്ടു് ഇക്കാര്യത്തിൽ ഗവണ്മെൻറിനു് ഒരു നഷ്ടവും ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: അരി മോശമായിട്ടുണ്ടെങ്കിൽ അതു് നഷ്ടപ്പെടേണ്ടിവരും.

ശ്രീ. പ്രാക്കുളം ഭാസി: ഇങ്ങനെ അരി മോശമാക്കാനിടവരുത്തിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കാൻ ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു സാദ്ധ്യമാണെന്നു തോന്നുന്നില്ല. ഈ അരി ഇത്രയും കാലം വച്ചുകൊണ്ടിരുന്നതു് തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങൾക്കു് അരി കിട്ടാതെ വരരുതു് എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. അതിൽ ഇവിടത്തെ ഉദ്യോഗസ്ഥന്മാരെ കുററപ്പെടുത്താൻ സാദ്ധ്യമാണെന്നു തോന്നുന്നില്ല.

ശ്രീ. കെ. എം. ജാർജ്ജ്: ഇൻഡ്യാഗവണ്മെൻറ് ശേഖരിച്ചു സൂക്ഷിച്ചിട്ടുള്ള ഗോഡൗണുകളിലും അരിക്കു് കേടുവന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടായിരിക്കാം.

പഞ്ചായത്തുകൾക്കുള്ള ഗ്രാൻറ്.

* 61. [15] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) 1954-55-ൽ തിരുവിതാംകൂർ-കൊച്ചിയിലെ പഞ്ചായത്തുകൾക്കു് സ്റ്റാററ്യൂട്ടറി ഗ്രാൻറിനത്തിൽ ആകെ എന്തു തുക നൽകിയിട്ടുണ്ടു്;

(ബി) സ്പെഷ്യൽ ഗ്രാൻറിനത്തിൽ ആകെ എന്തു തുക നൽകിയിട്ടുണ്ടു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സ്റ്റാറ്റ്യൂട്ടറി ഗ്രാന്റിനത്തിൽ 1,99,825 രൂപ നൽകിയിട്ടുണ്ട്.

(ബി) സ്പെഷ്യൽ ഗ്രാന്റിനത്തിൽ 5,98,000 രൂപ നൽകിയിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ സ്റ്റാറ്റ്യൂട്ടറി ഗ്രാന്റ് ഏതു പഞ്ചായത്തുകൾക്കായിട്ടാണ് വീതിച്ചുകൊടുത്തതു്?

ശ്രീ കെ. കൊച്ചുകുട്ടൻ: അതിന്റെ വിവരം ഇപ്പോൾ എന്റെ കൈവശം ഇല്ല. ഇതിനു മുമ്പിലത്തെ കൊല്ലത്തിൽ ഈ പഞ്ചായത്തുകൾ കളക്റ്റ് ചെയ്തിട്ടുള്ള തുകയുടെ അടിസ്ഥാനത്തിലാണ് ഈ തുക കൊടുത്തിട്ടുള്ളതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 1953-54 ആണ്ടവസാനത്തിൽ ആണ് ഈ തുകകൾ പിരിച്ചെടുക്കുന്നതിനുള്ള മെറ്റീരിയൽസ് ലഭിക്കുവാൻ ഇടയായതെന്നും അതിനാൽ തുകകൾ പിരിച്ചെടുക്കുവാൻ സാദ്ധ്യമല്ലാതെ വന്നിട്ടുണ്ടെന്നും ഉള്ള പരാതി ഈ നിയമസഭയിൽ തന്നെ ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: തുക പിരിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾക്കും ഗ്രാന്റ് കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ രാജ്യത്താകെ 548 പഞ്ചായത്തുകൾ ഉള്ളതിൽ ഭൂരിപക്ഷം പഞ്ചായത്തുകൾക്കും ഗ്രാന്റ് കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഭൂരിപക്ഷം പഞ്ചായത്തുകൾക്കും സ്റ്റാറ്റ്യൂട്ടറി ഗ്രാന്റ് കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സ്പെഷ്യൽ ഗ്രാന്റ് കൊടുക്കുന്നതിൽ വല്ല പ്രത്യേക പരിഗണനയും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: യാതൊരു പ്രത്യേക പരിഗണനയും ഇല്ല. എല്ലാ പഞ്ചായത്തുകൾക്കും ആയിരം രൂപ വീതം സ്പെഷ്യൽ ഗ്രാന്റ് കൊടുക്കുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പഞ്ചായത്തുകൾക്ക് മറ്റെന്തെങ്കിലും ഗ്രാന്റ് നൽകാറുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വേറെ ഗ്രാന്റൊന്നും കൊടുക്കാറില്ല. ചില പഞ്ചായത്തുകൾക്ക് ബിൽഡിംഗ് ഗ്രാന്റ് കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ സ്പെഷ്യൽ ഗ്രാന്റുകൾ പഞ്ചായത്തുകൾക്കനുവദിക്കുമ്പോൾ അവയുടെ സാമ്പത്തിക സ്ഥിതിയെപ്പറ്റി അന്വേഷണം നടത്തിയാണോ അനുവദിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: സാമ്പത്തികസ്ഥിതിയെപ്പറ്റി അന്വേഷണം നടത്താറുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എസ്റ്റാബ്ലിഷ്മെൻറ ചാർജ്ജുപോലും വഹിക്കുവാൻ നിവൃത്തിയില്ലാത്ത നിരവധി പഞ്ചായത്തുകൾ തിരുവിതാംകൂർ-കൊച്ചിയിലുണ്ടെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ കുറെ പഞ്ചായത്തുകൾ ഉണ്ടെന്നറിയാം. അതു കണക്കിട്ട് 1955-56-ൽ ചില പഞ്ചായത്തുകൾക്ക് എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജുകൂടി സഹായധനമായി കൊടുക്കാമെന്നു തീരുമാനിച്ചിട്ടുണ്ട്. ബഡ്ജററിൽ അതിനു വക കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇവിടെയുള്ള പഞ്ചായത്തുകളുടെ ഒരു സാമ്പത്തികസർവ്വെ എടുക്കാൻ ഗവണ്മെൻറ തയ്യാറാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഒരു സർവ്വെ നടത്താതെതന്നെ ഓരോ പഞ്ചായത്തിലേയും സാമ്പത്തികസ്ഥിതി മനസ്സിലാക്കുവാൻ കഴിയും.

ശ്രീ. ടി. കെ. ദിവാകരൻ: എസ്റ്റാബ്ലിഷ്മെൻറ ചാർജ്ജസ് ഗവണ്മെൻറ കൊടുക്കുമ്പോൾ ഗവണ്മെൻറ ജീവനക്കാരോട് തുല്യമായ ശമ്പളം പഞ്ചായത്തുജീവനക്കാർക്കും കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറ് നിർദ്ദേശിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതതു പഞ്ചായത്തുകാരാണു തീരുമാനിക്കേണ്ടതു്.

ശ്രീ. ടി. കെ. ദിവാകരൻ: പ്രൈവററ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്ക് ഗവണ്മെൻറ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരോടു തുല്യമായ ശമ്പളം അനുവദിച്ചുകൊടുക്കുവാൻ തയ്യാറായ ഗവണ്മെൻറിനു, പഞ്ചായത്തുജീവനക്കാർക്ക് ഗവണ്മെൻറ ജീവനക്കാരോടു തുല്യം ശമ്പളം കൊടുക്കണമെന്ന് ആവശ്യപ്പെടുന്നതിൽ എന്താണു വിരോധം?

ശ്രീ. കെ. കൊച്ചുകുട്ടൻ: മിക്ക പഞ്ചായത്തുകൾക്കും ഫുൾടൈം ജീവനക്കാരുടെ ആവശ്യം ഉണ്ടാവുകയില്ല. അതതു പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതിപോലെ മാത്രമെ ജീവനക്കാർക്കു ശമ്പളം കൊടുക്കാൻ തരപ്പെടുകയുള്ളു.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: സ്പെഷ്യൽ ഗ്രാൻറ് എന്നാണു കൊടുത്തതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: 1-3-1955-ൽ.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ഈ മാസം അവസാനിക്കുന്നതിനുമുമ്പ് ജോലികൾ തീർത്തില്ലെങ്കിൽ ഈ തുക ലാപ്സായിപ്പോവുകയില്ലേ?

ശ്രീ കെ. കൊച്ചുകുട്ടൻ: പല പഞ്ചായത്തുകളിലും വർക്കുകൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തുക മിക്കവാറും ലാപ്സാകുകയില്ല. ഈ മാസത്തിൽത്തന്നെ ജോലികളെല്ലാം ചെയ്തുതീർക്കാമെന്നും അവർ പറയുന്നുണ്ട്. അതിനാൽ തുക ലാപ്സാകാതെ സൂക്ഷിക്കുവാൻ കഴിയും.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ച് ഈ മാസത്തിനകം ജോലി അവസാനിപ്പിക്കുന്നതെങ്ങനെയാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാര്യങ്ങൾ നടക്കണമെന്നാഗ്രഹിക്കുന്ന പഞ്ചായത്തുകൾക്ക് അതിനു വിഷമമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: അതു് സാദ്ധ്യമല്ലെന്ന് പ്രാദേശികമായ അനുഭവത്തിൽനിന്നും പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി അതു വിശ്വസിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പലയിടത്തും സാദ്ധ്യമായിട്ടുണ്ടെന്നറിയാം.

ശ്രീ. കെ. കരുണാകരൻ: ബുദ്ധിയുള്ള പഞ്ചായത്തു പ്രസിഡന്റന്മാർ ഉള്ള പഞ്ചായത്തുകളിൽ അങ്ങനെ നടക്കുകയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാര്യം എങ്ങിനെയെങ്കിലും നടക്കണമെന്നാഗ്രഹമുണ്ടെങ്കിൽ ഈ മാസത്തിനകംതന്നെ പണിതീർക്കാൻ കഴിയും.

ശ്രീ. എം. എ. ആന്റണി: പബ്ലിക് ഹെൽത്ത് ആവശ്യങ്ങൾക്കായി ഈ പഞ്ചായത്തുകൾക്ക് ഏതെങ്കിലും തുക ഗ്രാന്റായി കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കൊടുത്തിട്ടുള്ളതായി അറിവില്ല.

കുടിയിറക്കൽ.

* 62. [16] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയിറക്കൽ അവസാനിപ്പിക്കുന്നതിനാവശ്യമായ നിയമനിർമ്മാണപരിപാടി അടിയന്തിരമായി സ്വീകരിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) കുടികിടപ്പുകാരെ കുടിയിറക്കുന്നതു സംബന്ധിച്ചുള്ള ഒരു ബിൽ ഈ നിയമസഭയുടെ പര്യാലോചനയിലിരിക്കുകയാണ്. അതിലുൾപ്പെടാത്ത കുടിയിറക്കുകളെ സംബന്ധിച്ച് എന്തു വ്യവസ്ഥയാണു കൈക്കൊള്ളേണ്ടതു് എന്നുള്ളതു ഗവണ്മെന്റ് ആലോചിച്ചുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കുടിയിറക്കു നിരോധന ബില്ലിൽ ഉൾപ്പെടെ മററു ജനയത്തിലില്ലാത്ത [illegible] ശേഷവും കുടിയിറക്കുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: കുടിയിറക്കുകൾ വർദ്ധിച്ചുവരുന്നുവെന്ന് അറിഞ്ഞുകൂടാ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ രാജ്യത്തു് കുടികെട്ടിക്കിടക്കുന്ന അനവധി സാധുക്കളുടെ കുടിലുകൾ പൊളിച്ചിറക്കി അവരെ അവിടെ നിന്നും ആട്ടിപ്പായിക്കുന്നുവെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഉടമസ്ഥന്മാരുടെ അനുവാദം കൂടാതെ വസ്തുവിൽ ബലമായി പ്രവേശിച്ചു് കുടിൽ വയ്ക്കുകയാണെങ്കിൽ അതിനെ പൊളിച്ചുമാററുന്നതിനു ഉടമസ്ഥന്മാർക്കു് അവകാശം ഉണ്ടായിരിക്കുന്നതാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇരുപതും മുപ്പതും വർഷങ്ങളായി കുടികെട്ടി താമസിക്കുന്ന ആളുകളെ ഇറക്കിവിടുന്നതായി ധാരാളം പരാതികൾ ഉണ്ടായിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: കുറെ അധികം വർഷങ്ങളായി കുടികെട്ടി താമസിക്കുന്നവർ അവരുടെ പേരുകൾ നേരത്തെ തന്നെ രജിസ്റ്റർ ചെയ്യണമെന്നു വ്യവസ്ഥയുണ്ടു്. അങ്ങനെ അനവധിയാളുകൾ രജിസ്റ്റർ ചെയ്തിട്ടും ഉണ്ടു്. അങ്ങനെയുള്ളവരെ ഇറക്കിവിടുന്നതായി അറിവില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആവഡി കാൺഗ്രസ്സു് സമ്മേളനം സോഷ്യലിസം വേണമെന്നു പ്രഖ്യാപിച്ച സ്ഥിതിക്കു് ഈ രാജ്യത്തു കുടിയിറക്കു നിരോധിക്കണമെന്നുള്ള തത്വം കാൺഗ്രസ്സു് ഗവണ്മെൻറു മുറുകെ പിടിക്കേണ്ടതല്ലേ?

ശ്രീ. എ. ജെ. ജാൺ: നിയമാനുസരണമായ കുടിയിറക്കും ആവഡി സമ്മേളനവും തമ്മിൽ ഒരു ബന്ധവുമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കുടിയിറക്കിനെ സംബന്ധിച്ചു് ഒരു ആർഡിനൻസ് പുറപ്പെടുവിക്കാൻ ഗവണ്മെൻറു തയ്യാറാകുമോ?

ശ്രീ. എ. ജെ. ജാൺ: കുടിയിറക്കു നിരോധനബിൽ ഈ അസംബ്ലി സെഷനിൽത്തന്നെ പാസ്സാക്കാൻ സാധിക്കുമെന്നാണു ഗവണ്മെൻറു വിചാരിക്കുന്നതു്. പ്രത്യേകമായ ഒരു ആർഡിനൻസിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: പല സ്ഥലങ്ങളിലും കുടികെട്ടിതാമസിക്കുന്ന സാധുക്കളിൽ കുറെ അധികം പേർക്കു് തങ്ങളുടെ പേരു് രജിസ്റ്റർ ചെയ്യാൻ സൗകര്യം ലഭിക്കാത്തതുനിമിത്തം ഇറങ്ങിപോകേണ്ടതായി തോന്നിയിരിക്കുന്നതു്. അതുകൊണ്ടു് രജിസ്റ്റർ ചെയ്യാനുള്ള കാലാവധി അല്പംകൂടി നീട്ടിക്കൊടുക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: കുടികിടപ്പുകാരുടെ കുടിയിറക്കു നിരോധനബിൽ ഈ സഭയിൽ ചർച്ചാവിഷയമായിരിക്കുന്ന സ്ഥിതിക്കു് എത്രയും വേഗം ബിൽ പാസ്സാകുമെന്നുതന്നെയാണു വിചാരിക്കുന്നതു്. ആയതിനാൽ രജിസ്ട്രേഷൻെറ കാലാവധി നീട്ടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: കുടിയിറക്കുനിരോധനബിൽ പാസാകുമ്പോൾ അതിൻെറ പഴുതുകൾ ഉപയോഗിച്ചു ജന്മിമാർ സാധുക്കളെ ഉപദ്രവിക്കാതിരിക്കാൻ പ്രത്യേകം വ്യവസ്ഥകൾ ചെയ്യുമോ?

ശ്രീ. എ. ജെ. ജോൺ: പഴയതുകളും ഉപയോഗിച്ചു ഉ[illegible]ിക്കാൻ [illegible]ിക്കാൻ പ്രത്യേക വ്യവസ്ഥകളും ഉണ്ടായിരിക്കും.

ശ്രീ. ആർ. പരമേശ്വരൻപിള്ള: ഒരു ബിൽ നിയമസഭയിൽ ചർച്ചയിൽ ഇരിക്കുമ്പോഴും അതിനെപ്പറ്റി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാമോ?

ശ്രീ. എ. ജെ. ജോൺ: പാടില്ല.

റൂറൽ ഡെവലപ്പ്മെന്റ്.

*63. [17] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55-ലെ ബഡ്ജറ്റിൽ റൂറൽ ഡെവലപ്പ്മെന്റ് വകുപ്പു ബഡ്ജറ്റിൽ എന്തു തുക കൊള്ളിച്ചിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ ഇതുവരെ എത്ര പണികളും പൂർത്തിയാക്കിയിട്ടുണ്ട്; എത്ര രൂപയുടെ ജോലി;

(സി) എത്ര ജോലികളും എന്തു തുകയ്ക്കുള്ളവയ്ക്കു ടെൻഡർ കൊടുത്തുകഴിഞ്ഞു;

(ഡി) ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭ്യമാകാനിടയുള്ള തുക എത്രയാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1954-55-ലെ ബഡ്ജറ്റിൽ റൂറൽ ഡെവലപ്പ്മെന്റ് ജോലികൾക്കായി 30.85 ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്.

(ബി) 28 ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയായ ജോലികൾക്കായി ആകെ ചെലവ് 42,200 രൂപ.

(സി) 5,97,149 രൂപ ആകെ ചെലവുവരുന്നതായ 251 ജോലികൾക്കു ഇതുവരെ ടെൻഡർ കൊടുത്തുകഴിഞ്ഞു.

(ഡി) ആകെ ചെലവാകുന്ന തുകയുടെ 50 ശതമാനം കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഇതുവരെ ചെലവായിട്ടുള്ള തുക കഴിച്ചു ബാക്കിയുള്ള തുക മുഴുവനും ലാപ്സാകുകയല്ലെ ചെയ്യുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: മുഴുവനും ലാപ്സാകുകയില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: 28 ജോലികൾക്ക് ടെൻഡർ കൊടുത്തുവെന്നു പറയുകയുണ്ടായി. അങ്ങനെ ടെൻഡർ കൊടുത്തതു് ഏതെങ്കിലും രാഷ്ട്രീയ പരിഗണനയുടെ പേരിലാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരു രാഷ്ട്രീയപരിഗണനയുടെയും പേരിലല്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: നെടുമങ്ങാട്ടു താലൂക്കിൽ കാൺഗ്രസ്സിനുള്ളതു് 3 പഞ്ചായത്തുകൾ മാത്രമാണു്. ഈ മൂന്നു പഞ്ചായത്തുകൾക്കല്ലാതെ മററു വല്ല പഞ്ചായത്തുകൾക്കും ഇങ്ങനെയുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാൺഗ്രസ്സ് അല്ലാത്ത പഞ്ചായത്തുകളുടേയും കാര്യങ്ങൾ ഭംഗിയായി നടക്കുന്നുണ്ടു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: മററു ഏതെങ്കിലും പഞ്ചായത്തുകൾക്കു് എന്തെങ്കിലും പണി നടത്താനുള്ള സഹായം ഗവണ്മെൻറ ചെയ്തുകൊടുത്തിട്ടുണ്ടോയെന്നാണു ഞാൻ ചോദിച്ചതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടെന്നാണു ഞാൻ പറയുന്നതു്. അതായതു ഈ അടുത്തകാലത്തു ഞാൻതന്നെ നെടുമങ്ങാട്ടുള്ള പഞ്ചായത്തിലെ ഒരു ആസ്പത്രിക്കുവേണ്ടി കല്ലിട്ടിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: നാട്ടുകാർ അതാതു പഞ്ചായത്തുകൾക്കു കൊടുക്കാനുള്ള തുക ഈ 31-ാംതീയതിക്കു മുൻപു കൊടുത്തില്ലെങ്കിൽ അതുകളിലെ ജോലികൾക്കുള്ള ടെൻഡർ പുതുക്കി വിളിക്കണമെന്നു പ്രത്യേക വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നാട്ടുകാർ അവരവരുടെ വീതം കൊടുക്കണമെന്നു പ്രത്യേകം വ്യവസ്ഥയുണ്ടു്. അങ്ങിനെ ചെയ്യില്ലെങ്കിൽ ജോലി നടത്താൻ സാധിക്കയില്ല.

ശ്രീമതി കെ. ആർ ഗൗരി: 31-ാംതീയതി എന്നുള്ള ഡേററ് അല്പം കൂടി നീട്ടിവയ്ക്കുന്നതിനു സാധിക്കയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു് സാധിക്കും എന്നു തോന്നുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: വരുന്ന ഏപ്രിൽ 15-ാംതീയതി വരെ നാട്ടുകാരിൽനിന്നും പണം പിരിക്കുന്നതിനുള്ള അവധി നീട്ടിക്കൊടുക്കുന്നതിനു ഗവണ്മെൻറിനു വല്ല അപ്രീതിയും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ അല്പംകൂടി സമയം നീട്ടിക്കൊടുത്തില്ലെങ്കിൽ പല പഞ്ചായത്തുകളിലും നടത്താനുദ്ദേശിച്ചിരിക്കുന്ന പണി പൂർത്തിയാക്കുകയില്ലായെന്നുള്ള വിവരം ഗവണ്മെൻറിനു് അറിഞ്ഞുകൂടേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇക്കൊല്ലം പണി പൂർത്തിയായില്ലെങ്കിൽ അടുത്തകൊല്ലം പണി പൂർത്തിയാക്കാവുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി: ഈയാണ്ടിൽ പണി പൂർത്തിയാകാത്തതു നിമിത്തം ലാപ്സായിപോകുന്ന തുക അടുത്തകൊല്ലത്തേയ്ക്കു അനുവദിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: ടെൻഡർ വിളിച്ചതനുസരിച്ച് നാട്ടുകാർ തുക കൊടുത്തിട്ടുള്ള പഞ്ചായത്തുകൾ, അവയുടെ ജോലികൾ നടത്തുന്നതിനുവേണ്ടി ആ പഞ്ചായത്തുകൾ പണം കൊടുക്കാതിരുന്നാൽ ആ പണി ഈ കൊല്ലം നടത്തുകയില്ലെന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതെ.

ശ്രീ. ടി. കെ. ദിവാകരൻ: വളരെയധികം പഞ്ചായത്തുകൾ ഉള്ളതുകൊണ്ട് അവകളിലെ ജോലികൾക്കുവേണ്ടിയുള്ള എസ്റ്റിമേററ് തയ്യാറാക്കാൻ വളരെ താമസം നേരിടുന്നുവെന്നുള്ളത് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ വലിയ താമസം നേരിടുന്നതായി അറിവില്ല.

തിരുവനന്തപുരം പഴവങ്ങാടി മൈതാനത്തെ യോഗം.

✱ 64. [18] ശ്രീ. പി. വിശ്വംഭരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1955 ഫെബ്രുവരി 13-ാംതീയതി തിരുവനന്തപുരം പഴവങ്ങാടി മൈതാനത്തു നടന്ന ഒരു പൊതുയോഗത്തിൽ ശല്യമുണ്ടാക്കിയതിന്റെ പേരിൽ എന്തെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ആകെ എത്ര പ്രതികളുണ്ട്;

(ഡി) എന്തെല്ലാം കുററങ്ങളാണ് അവരുടെ മേൽ ആരോപിച്ചിട്ടുള്ളത്;

(ഇ) പൊതുയോഗത്തിൽ ബഹളമുണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ മറേറതെങ്കിലും കേസുകൾ ഇന്നു സംസ്ഥാനത്തു നിലവിലുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിലെ പ്രതികളുടെ മേൽ ഏതെല്ലാം കുററങ്ങളാണ് ആരോപിച്ചിട്ടുള്ളത്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) ഒരു കേസ്.

(സി) അൻപതോളം പ്രതികൾ.

(ഡി) ഐ. പി. സി. 148, 149, 427, 341, 379, 395 വകുപ്പുകളനുസരിച്ചുള്ള കുററങ്ങൾ.

(ഇ) ഉണ്ട്. ഒന്ന് കായംകുളത്തും, മറെറാന്ന് തൃശ്ശൂരും.

(എഫ്) (1) കായംകുളം:—ഐ. പി. സി. 133, 294, 34 ഈ വകുപ്പുകൾ പ്രകാരമുള്ള കുററങ്ങൾ.

(2) തൃശ്ശൂർ:—ഐ. പി. സി. 143, 146, 323 ഈ വകുപ്പുകൾ പ്രകാരമുള്ള കുററങ്ങൾ.

ശ്രീ. പി. വിശ്വംഭരൻ: തൃശ്ശൂരിൽ നടന്നിട്ടുള്ള ഏതു പൊതുയോഗത്തെ അടിസ്ഥാനമാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്?

ശ്രീ. എ. ജെ. ജാൺ: ഒരു കമ്മ്യൂണിസ്റ്റു വിരുദ്ധമുന്നണി യോഗത്തിൽ കമ്മ്യൂണിസ്റ്റുകാർ കുഴപ്പമുണ്ടാക്കിയതിനെ അടിസ്ഥാനപ്പെടുത്തിയാണ്.

ശ്രീ. പി. വിശ്വംഭരൻ: ഈ മാർച്ചുമാസം 13-ാംതീയതി തൃശ്ശൂർ വച്ചുനടന്ന ഒരു പൊതുയോഗത്തിൽ ശ്രീ. താണുപിള്ളയുടെ പ്രസംഗമദ്ധ്യേ കുറെ ആളുകൾ ബഹളം ഉണ്ടാക്കിയതായി ഗവണ്മെന്റിനു് അറിവുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഒരു ബഹളമുണ്ടായതായി പത്രത്തിൽ വായിച്ചു.

ശ്രീ. പി. വിശ്വംഭരൻ: അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അന്വേഷിച്ചു പറയാം.

ശ്രീ. പി. വിശ്വംഭരൻ: പഴവങ്ങാടിയോഗത്തിൽ ഉണ്ടായ ബഹളത്തിനെ സംബന്ധിച്ചു നടപടികൾ എടുത്തതു് ആരാണു്?

ശ്രീ. എ. ജെ. ജാൺ: അധികാരമുള്ള ആളുകൾ.

ശ്രീ. പി. വിശ്വംഭരൻ: തൃശ്ശൂരിലെ യോഗത്തിൽ പോലീസുകാർ ഉടൻതന്നെ സ്ഥലത്തെത്താൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: സമാധാനപാലനം നിർവഹിക്കുന്നതു് പോലീസാണു്. അതിനുവേണ്ടിയാണു് അവർ സ്ഥലത്തെത്തിയതു്.

ശ്രീ. പി. വിശ്വംഭരൻ: കമ്മ്യൂണിസ്റ്റു വിരുദ്ധമുന്നണി യോഗത്തിലും, കോൺഗ്രസ്സു് യോഗത്തിലും മാത്രം കുഴപ്പമുണ്ടായിയെങ്കിലേ കേസു് എടുക്കുകയുള്ളോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ നിർബന്ധമില്ല. നിയമവിരുദ്ധമായി പ്രവർത്തിച്ചാൽ കേസ്സു് എടുക്കും.

ശ്രീ. പി. വിശ്വംഭരൻ: ഇതും രണ്ടുമല്ലാതെ മറെറതെങ്കിലും യോഗങ്ങളിൽ വല്ല ബഹളമോ കുഴപ്പമോ ഉണ്ടായാൽ കേസ് എടുക്കുമോ?

ശ്രീ. എ. ജെ. ജാൺ: കേസ്സെടുക്കുന്നതു് വിവരങ്ങൾ കിട്ടുന്നതനുസരിച്ചായിരിക്കും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: തൃശ്ശൂരിൽ നടന്ന പി. എസ്സ്. പി യോഗത്തിൽ ബഹളമുണ്ടാക്കിയതു് തെററാണെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മി. കരുണാകരനും സമ്മതിച്ചു പ്രസംഗിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൃശ്ശൂർ യോഗത്തിൽ ബഹളമുണ്ടാക്കിയതു് തെററാണെന്നു് ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. ബഹളം എന്നു പറയുന്നതു് എല്ലായ്പോഴും കുററകരമായിരിക്കണമെന്നില്ല. പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെ ശബ്ദം ഉണ്ടാക്കുക, പ്രാസംഗികന്റെ ശബ്ദം മററുള്ളവർക്കു് കേൾക്കാൻ സാധിക്കാതെ വരിക, ഇങ്ങനെയൊക്കെ ചിലപ്പോൾ സംഭവിച്ചേയ്ക്കും. എന്നാൽ ഈ കാര്യ

ങ്ങൾക്കൊക്കെ നടപടി എടുക്കാൻ സാധിക്കുമോ എന്നുള്ളത് എനിക്കു സംശയമാണ്. കുറ്റകരമായ കാര്യങ്ങൾ നടത്തുന്നതായാൽ തീർച്ചയായും നടപടി എടുക്കുന്നതായിരിക്കും.

ശ്രീ. എ. കുഞ്ഞൻനാടാർ: പഴവങ്ങാടി യോഗത്തിൽ പോലീസുകാർ മഫ്ടിയിൽ വന്ന് ബഹളം ഉണ്ടാക്കിയതായിട്ട് അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂട.

ശ്രീ കുട്ടപ്പൻ കോയിക്കൽ: കായംകുളത്ത് ഇതുപോലെ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു പറയുകയുണ്ടായി. അത് എപ്പോഴാണ്?

ശ്രീ. എ. ജെ. ജാൺ: 1953 നവംബർ 17-ാംതീയതി ഉണ്ടായ ഒരു സംഭവമാണ് അത്. ആ സംഭവത്തിൽ മൂന്നു പ്രതികൾ ഉണ്ട്. അതിൽ രണ്ടുപേരെ വിട്ടയച്ചു. ഒരാൾ ഒളിവിലാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: പ്രതികൾ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: പേരുകൾ പറയാൻ ഇപ്പോൾ രേഖ കൈവശമില്ല. എന്നാൽ കേസ് ഇപ്പോഴും പെൻഡിംഗ് ലിസ്റ്റിൽ ആണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഏതെങ്കിലും യോഗത്തിൽ കത്തിക്കുത്തു നടന്നാൽ മാത്രമേ കേസെടുക്കുകയുള്ളു എന്നു നിർബന്ധമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഇല്ല. പീനൽകോഡിന് എതിരായിട്ട് എന്തെങ്കിലും പ്രവർത്തിച്ചാൽ കേസെടുക്കുന്നതായിരിക്കും.

ശ്രീ. ടി. ഒ. ബാവാ: പൊതുയോഗങ്ങളിൽ നടക്കുന്ന പ്രസംഗമദ്ധ്യേ ശബ്ദം ഉണ്ടാക്കുന്ന ആളുകളെ കുറുക്കന്മാർ എന്നു വിളിച്ച് ആക്ഷേപിക്കുന്നതായറിയാമോ? (ഉത്തരമില്ല.)

ശ്രീ. പി. നാരായണൻപോറ്റി: പൊതുയോഗങ്ങളിൽ ബഹളം ഉണ്ടാക്കുന്നതു കുറ്റകരമല്ലെന്നാണോ പറയുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇലക്ഷൻസംബന്ധിച്ച് പ്രസംഗമദ്ധ്യേ ബഹളം ഉണ്ടാക്കുന്നതു കുറ്റകരം തന്നെയാണ്. അല്ലാത്ത യോഗസ്ഥലങ്ങളിൽ ബഹളം ഉണ്ടാക്കുന്നതു കുറ്റകരം അല്ലെന്നാണ് എനിക്കു തോന്നുന്നത്. ഇംഗ്ലണ്ടിൽ അധികൃതമായ ഏതെങ്കിലും യോഗത്തിൽ ബഹളം ഉണ്ടാക്കിയാൽ അതു കുറ്റകരമാണെന്നു നിയമമുണ്ട്. ആ നിയമം ഇവിടെയും നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മെംബറന്മാർക്ക് തടസ്സമില്ലെങ്കിൽ ഗവണ്മെന്റിനു സമ്മതമാണ്.

WRITTEN ANSWERS.

പിന്നാക്കസമുദായോദ്ധാരണം.

*65. [21] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായോദ്ധാരണത്തിന് 1951–52, 1952-53, എന്നീവർഷങ്ങളിൽ യഥാക്രമം ചെലവുചെയ്തതിൽ കൂടുതൽ സംഖ്യ 1952-53, 1953–54 ഈ വർഷങ്ങളിൽ ചെലവു ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൂടുതൽ ചെലവു ചെയ്തിട്ടുള്ള രൂപയെത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ചെലവു ചെയ്തിട്ടുണ്ട്.

(ബി) 1953-54-ൽ 1952-53-ലെ ചെലവിനേക്കാൾ 1,81,509 രൂപയും 1952-53-ൽ 1951-52-ലെ ചെലവിനേക്കാൾ 2,67,509 രൂപയും, കൂടുതൽ ചെലവു ചെയ്തിട്ടുണ്ട്.

കപ്പക്കൃഷി.

*66. [24] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പയുടെ ഇപ്പോഴത്തെ വിലക്കുറവുമൂലം കർഷകർക്കുള്ള കഷ്ടനഷ്ടങ്ങളെ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(ബി) ഇതിനു വല്ല പരിഹാരവും ഉണ്ടാക്കുന്നതിന് ഗവണ്മെൻറിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എന്താണ്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി, സി) ഇതിനെപ്പററി ഗവണ്മെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശമ്പളനിരക്ക്.

*67. [25] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ്കാൺസ്റ്റബിൾമാരുടെ ശമ്പളനിരക്ക് എത്ര;

(ബി) ശമ്പളനിരക്ക് ഭേദഗതി ചെയ്യണമെന്നു വിചാരിക്കുന്നുണ്ടോ;

(സി) പോലീസ്കാൺസ്റ്റബിൾമാർക്ക് യാത്രപ്പടി കൊടുക്കുന്നതു് എന്തടിസ്ഥാനത്തിലാണ്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ)	ഒന്നാംക്ലാസുകാരന്	35	രൂപ.
	രണ്ടാം "	31	"
	മൂന്നാം "	28	"
	നാലാം "	25	"

(ബി) ഉണ്ട്.

(സി) സർവീസുറഗുലേഷനിലെ നിയമമനുസരിച്ചാണ്.

പുറംപോക്കുഭൂമികൾ.

*68. [34] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

പഞ്ചായത്തുകളുടെ പരിധിയ്ക്കകത്തുള്ള പുറംപോക്കുഭൂമികൾ പഞ്ചായത്തുകൾക്ക് കൈവശപ്പെടുത്തിക്കൊടുക്കുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

ഈക്കാര്യം ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുകയാണ്. അവസാനതീരുമാനമെടുത്തിട്ടില്ല.

Assessments.

*69. [42] **Shri V. V. Sebastian:** Will the Minister for Local Self Government be pleased to state:

(a) whether the Panchayats in the State have claimed for the inclusion of the money value of the cost of manual labour contributed by the public in the amount collected by them in 1953-54 for the purpose of determining the contributions payable by Government under Section 55 of the Panchayat Act.

(b) whether the money value of such contributions has, in any instance, been assessed by the Government;

(c) if so, for which Panchayats have such assessments been made;

(d) will the Government be pleased to make such assessments for those panchayats whose claims on this account have not been satisfied?

Minister for Local Self Government **(Shri K. Kochukuttan):**

(a) Several Panchayats have put forth claims for the inclusion of the money value of manual labour contributed by the Public, in the amount collected by the Panchayats for the year 1953-54, for the purpose of determining the amount payable to the Panchayats as grants under Section 55 (1) and (2) of the Panchayats Act 1950 (II of 1950).

(b) and (c) The money value of manual labour rendered by the Public to the Kozhuvanal Panchayat has been accepted by Government.

(*d*) The assessment of the money value of manual labour will be made only in the case of works executed on the basis of previously prepared estimates. Since the claims of the Panchayats related to works which were not executed in accordance with the above principle, the money value of manual labour in respect of these cases could not be assessed.

Minimum Wages.

*70. [44] **Shri V. P. Parameswaran Nambudiri:** Will the Minister for Local-Self Government be pleased to state whether the Government have received any complaint within the last 2 months from Municipal employees or their unions that have not been paid the minimum wage prescribed by the Government?

Minister for Local Self Government (**Shri K. Kochukuttan**): Government have receivad complaints from the employees of the Changanacherry Municipality and from the employees of a few other Municipalities that the Minimum Wages Order has not been implemented.

Seniormost Municipal Commissioner.

*71. [48] **Shri T. S. Ramaswami**: Will the Minister for Local Self Government be pleased to state :

(*a*) whether the seniormost Municipal Commissioner of the State applied for the Commissioner's post in any of the Corporations in our State in 1954-55 ;

(*b*) whether his application was considered and the decisions of the Government ;

(*c*) the policy of the Government in the matter of appointment of Commissioners of Corporations ?

Minister for Local Self Government (**Shri K. Kochukuttan**):

(*a*) Yes. Shri N. Gopala Pillai, Commissioner, Quilon applied for the post.

(*b*) Yes. His application was considered. It was then decided that an officer with both executive and revenue experience should be posted as Corporation Commissioner for the time being.

(*c*) The policy of the Government in the matter of appointment of Commissioners to the Corporation is to select an experienced Officer suitable for the post.

Fishing Industry.

*72. [50] **Shri A. M. Simon**: Will the Minister for Health be pleased to state :

(*a*) what are the improvements or new methods so far made at Neendakara in the fishing industry with the aid of the Norwegian Personnel ;

(*b*) if any, when and where these new features will be introduced for the benefit of the fishing population next?

Chief Minister **(Shri Panampilly Govinda Menon)** :

(*a*) Mechanisation of local fishing boats, experiments with new model boats and trials with new type of fishing gear.

(*b*) The question of introducing these schemes at other places can be considered only after assessing the results of the experiments now carried on at Quilon.

UNSTARRED QUESTIONS AND ANSWERS

മരച്ചീനിക്കൃഷി.

8. [3] ശ്രീ. എം. പി ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഒരു പ്രധാന കൃഷിയായ മരച്ചീനിക്കൃഷിയുടെ ഇന്നത്തെ നില വളരെ മോശമാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരച്ചീനിയുടെ വിലയിടിവു തടയുവാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) മരച്ചീനിയുടെ കയററുമതി സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം ഇപ്പോൾ നിലവിലുണ്ടോ ?

ഉത്തരം.

(എ) മരച്ചീനിയുടെ വില കുറഞ്ഞതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലയിടിവു തടയുവാൻ സ്വീകരിക്കേണ്ട നടപടികളെപ്പററി ഗവണ്മെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(സി) തിരുവിതാംകൂർ-കൊച്ചിയിൽനിന്ന് ഇൻഡ്യയുടെ മററു ഭാഗങ്ങളിലേയ്ക്ക് മരച്ചീനി കയററി അയക്കുവാൻ ഇപ്പോൾ യാതൊരു നിയന്ത്രണവും ഇല്ല.

പോലീസ് സബ്ഇൻസ്പെക്ടർ.

9. [10] ശ്രീ. സി. ഏ. മാത്യൂ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം കൺടോൺമെൻറ് പോലീസ് സബ്ഇൻസ്പെക്ടർ കരുണാകരക്കുറുപ്പിന്റെ പേരിൽ ഉണ്ടായ ആരോപണമെന്തായിരുന്നു, അന്വേഷണഫലമെന്ത് ?

ഉത്തരം.

3.12.1954-ൽ തമ്പാനൂർ പിള്ളവീട്ടിൽ മോട്ടോർ ഇഞ്ചിനീയർ ശ്രീ. കെ. മാധവൻനായരോട് മര്യാദകേടായി പെരുമാറിയെന്നും കയ്യേററംചെയ്തു എന്നും ആരോപണങ്ങൾ ഉണ്ടായി. അന്വേഷണത്തിൽ മേൽപ്പറഞ്ഞ ആരോപണങ്ങൾ അവാസ്തവങ്ങളെന്നു കണ്ടു.

മട്ടാഞ്ചേരി മുനിസിപ്പൽ കമ്മീഷണർ.

10. [11] ശ്രീ. ജെ. എ. ഭട്ട്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി മുനിസിപ്പൽ കമ്മീഷണർ ശ്രീ. കെ. എസ്സ്. കൃഷ്ണനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട മട്ടാഞ്ചേരി മുനിസിപ്പൽ കൗൺസിൽ പാസ്സാക്കിയ പ്രമേയം ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു തീയതിയിലാണ്;

(സി) അക്കാര്യത്തിൽ ഗവണ്മെന്റ് എന്തു നടപടി എടുത്തു?

ഉത്തരം.

(എ) ഉണ്ട്.

(ബി) 18.12.54-ൽ.

(സി) ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

ADJOURNMENT MOTIONS.

മി. സ്പീക്കർ: ഒരു അടിയന്തിരപ്രമേയത്തിനെ സംബന്ധിച്ച് നോട്ടീസ് ലഭിച്ചിരിക്കുന്നു. പ്രമേയം ഇതാണ്.

"റങ്കൂണിലേക്കു ചെമ്മീൻപരിപ്പ് ഓപ്പൺ ജനറൽ ലൈസൻസ് പ്രകാരമാണു കയറ്റുമതി ചെയ്തിരുന്നത്. എന്നാൽ
9 A. M. യാതൊരു മുന്നറിയിപ്പും കൂടാതെ 10-3-55-ൽ ബർമ്മാ ഗവണ്മെന്റ് അവിടെ നിലവിലിരുന്നതായ ഓപ്പൺജനറൽ ലൈസൻസ് സമ്പ്രദായം നിറുത്തലാക്കിയിരിക്കുന്നതുകൊണ്ടും അവിടെ ഇറക്കുമതി ചെയ്യുവാനുള്ള ഇമ്പോർട്ടു ലൈസ്സൻസ് കൊടുക്കാത്തതുകൊണ്ടും ചെമ്മീൻപരിപ്പ് കയററി അയയ്ക്കുവാൻ നിവൃത്തിയില്ലാതെ ഈ വ്യവസായം സ്തംഭനാവസ്ഥയിൽ എത്തിയിരിക്കുന്നു. അതു് ഈ വ്യവസായംമൂലം ഉപജീവനം കഴിച്ചുപോരുന്ന അസംഖ്യം മത്സ്യത്തൊഴിലാളികൾക്കും ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായികൾക്കും വളരെ കഷ്ടനഷ്ടങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. ഇപ്പോൾ കൊച്ചി കമ്പോളത്തിൽത്തന്നെ 25,30 ലക്ഷം ഉറുപ്പിക വിലയുള്ള അനേകായിരം ചെമ്മീൻപരിപ്പുചാക്കുകൾ കെട്ടിക്കിടപ്പുണ്ട്. ചെമ്മീൻ പരിപ്പു വളരെ വേഗത്തിൽ ചീത്തയായിപ്പോകുന്ന ഒരു വസ്തുവുമാണ്"

ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ബഹു: ഞാറക്കൽ മെമ്പർ അടിയന്തിരപ്രമേയത്തിന്റെ ഒരു പകർപ്പ് എന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ അദ്ദേഹത്തോടു് ഇതിനെപ്പററി അന്വേഷിച്ചു മനസ്സിലാക്കിയതു ബർമ്മാ ഗവണ്മെന്റ് ഈ കാര്യത്തിൽ ലൈസൻസ്സു കൊടുക്കേണ്ടതു സംബന്ധിച്ചു ചില നിയന്ത്രണങ്ങൾ വരുത്തിയിരിക്കുന്നു എന്നാണ്. ഓപ്പൺ ജനറൽ ലൈസൻസ്സ് കൊടുക്കേണ്ട കാര്യത്തിൽ ചില നിയന്ത്രണങ്ങൾ വരുത്തിയിട്ടുണ്ട്. അതുകൊണ്ടു പെട്ടെന്നു നമ്മുടെ രാജ്യത്തുള്ള

കമ്പോളങ്ങളിൽ ചെമ്മീൻ വ്യാപാരത്തിനു തടസ്സം വന്നിരിക്കുകയാണ്. എനിക്കു പറയുവാനുള്ളതു് ഈ കാര്യത്തിൽ ഈ ഗവൺമെന്റിനു നേരിട്ട് ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഇൻഡ്യാഗവൺമെന്റിന്റെ ഇൻഡസ്ട്രീസ് ആൻഡ് കാമേഴ്സ് മിനിസ്ട്രിയിൽ അന്വേഷിച്ചു വേണ്ട നിവേദനം നടത്താവുന്നതാണ്.

Mr. Speaker: In the light of the Chief Minister's reply, I do not allow the motion.

അടുത്തതായി മി. കുഞ്ഞൻ നാടാർ ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസ് നൽകിയിട്ടുണ്ട്. അതു് പരിശോധിച്ചിട്ടു പറയാം.

ANNOUNCEMENT BY THE SPEAKER RE GENERAL DISCUSSION ON THE BUDGET.

ജനറൽ ഡിസ്കഷൻ ആൻഡ് വോട്ടിംഗിനെപ്പററി എനിക്കു പറയുവാനുള്ളതു സഭയിലെ ലീഡറോടും ആപ്പോസിഷൻ പാർട്ടി ലീഡറോടും ആലോചിച്ച് ഇന്നോ നാളെ കാലത്തോ അതിനെപ്പററി പ്രസ്താവിക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒന്നാം പഞ്ചവത്സരപദ്ധതി അവസാനത്തിൽ എത്തിയിരിക്കുകയാണ്. രണ്ടാമത്തെ പഞ്ചവത്സര പദ്ധതി നടന്നുകൊണ്ടും ഇരിക്കുകയാണ്. ഈ അവസരത്തിൽ പ്ലാനിംഗിനെ സംബന്ധിച്ചു അതായതു ഇതുവരെ പൂർത്തിയായിട്ടുള്ളതും ഇനി പൂർത്തിയാക്കാനുള്ളതുമായ കാര്യങ്ങളെ സംബന്ധിച്ചു ഗവൺമെന്റു ഭാഗത്തുനിന്നും പ്രത്യേകമായ ഒരു പ്രസ്താവന ചെയ്യുകയും പ്ലാനിംഗിനെ സംബന്ധിച്ചുമാത്രം, പൊതുവിമർശനത്തെക്കൂടാതെ തന്നെ രണ്ടു ദിവസം ഡിസ്കഷനുവേണ്ടി മാററിവയ്ക്കുവാൻ ഗവൺമെന്റ് തയാറാകണമെന്നും എനിക്കു നിർദ്ദേശിക്കുവാനുണ്ട്. ഈ കാര്യത്തിൽ മുഖ്യമന്ത്രിയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം. അങ്ങനെയാണെങ്കിൽ പ്ലാനിംഗിനെപ്പററിയുള്ള ചർച്ചകൾ പൊതുവിമർശനത്തിൽനിന്നും ഒഴിവാക്കുകയും ചെയ്യാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പഞ്ചവത്സരപദ്ധതിയെ പററി ജനറൽ ഡിസ്കഷനിൽതന്നെ ചർച്ച ചെയ്യാൻ സാധിക്കുന്നതാണ്. അതല്ലാ പ്രത്യേകമായി അതിനൊരു ചർച്ചവേണമെന്നുണ്ടെങ്കിൽ മററുള്ളവരുമായി ആലോചിച്ച് അതിനെപ്പററി തീരുമാനിക്കാവുന്നതാണ്.

GENERAL DISCUSSION OF THE BUDGET.

ശ്രീ. ഡി. ദാമോദരൻപോററി: സർ, കഴിഞ്ഞ തവണ ഞാൻ ഉൾപ്പെട്ട പി. എസ്. പി. ഗവൺമെന്റ ഇവിടെ ഒരു കമ്മിബഡ്ജററാണ് ഹാജരാക്കിയതു്. ആ ബഡ്ജററിനെപ്പററി പരാമർശിച്ചുകൊണ്ടു അന്നു എന്റെ സമീപത്തിരുന്ന അന്നത്തെ പ്രതിപക്ഷനേതാവായ ഇന്നത്തെ മുഖ്യമന്ത്രി പത്രപ്രതിനിധികളോടായിട്ടു ഒരു പ്രസ്താവന ചെയ്തതു് ഞാൻ വായിക്കുകയുണ്ടായി. വളരെ കമ്മിയുള്ള ഒരു ബഡ്ജററിനെ എങ്ങനെയാണു പിൻതാങ്ങുന്നതു എന്നു അദ്ദേഹം പ്രസ്താവിച്ചതായി ഞാൻ വായിച്ചു. ആ പ്രസ്താവനയെ പരാമർശിച്ചുകൊണ്ടു എന്റെ

[ശ്രീ. ഡി. ദാമോദരൻപോററി]

ബഡ്ജററു പ്രസംഗത്തിൽ ഞാൻ പറയുകയുണ്ടായി, കേവലം കമ്മി ആയിപ്പോയതുകൊണ്ടുമാത്രം ഒരു ബഡ്ജററിനെ പിൻതാങ്ങാതിരിക്കുവാൻ പാടില്ലെന്നു്. അങ്ങനെയാണെങ്കിൽ ആ മനോഭാവം മാററണമെന്നും ഞാൻ അഭിപ്രായപ്പെടുകയുണ്ടായി. ആ അഭിപ്രായത്തെ സാധൂകരിക്കാനായി ചില പരിഷ്കൃത രാജ്യങ്ങളിൽ സമർപ്പിക്കുന്ന ബഡ്ജററിനെ ചൂണ്ടിക്കാണിച്ചു. ഉദാഹരണമായി അമേരിക്കാ മുതലായ രാജ്യങ്ങളിൽ വികസനപദ്ധതികൾക്കുവേണ്ടി കൂടുതൽ പണം ചെലവാക്കുന്ന പദ്ധതികളെപ്പററി ഞാൻ പരാമർശിച്ചു. ആ അഭിപ്രായം വച്ചുകൊണ്ടു അന്നത്തെ ബഡ്ജററു ഒരു ന്യൂ ഡീൽ ബഡ്ജററാണെന്നു ഞാൻ പറഞ്ഞപ്പോൾ എന്റെ സ്നേഹിതൻ പറയുകയുണ്ടായി അതു ന്യൂ ഡീൽ ബഡ്ജററല്ലെന്നു്. അദ്ദേഹം അന്നു പറഞ്ഞ സംഗതികൾ ഇന്നും ഞാൻ ഓർക്കുകയാണു്. അദ്ദേഹം പറഞ്ഞ അതേ വാക്കുകൾതന്നെ ഞാൻ ഇവിടെ ഉദ്ധരിക്കണമെന്നു വിചാരിക്കുന്നു. അസംബ്ലി പ്രൊസീഡിംഗ്സ് വാല്യം II, നമ്പർ 6-ൽ 512-ാമത്തെ പേജിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുള്ളതായി കാണാൻ കഴിയും. "എതൊരു ബഡ്ജററിനും ഒരു സ്ഥായിയായ നിറവും ശബ്ദവുംകൂടി ഉണ്ടായിരിക്കണം. ഒരു കാവ്യത്തിനു സ്ഥായിയായ ഒരു സ്വരം ഉണ്ടായിരിക്കണം. അതുപോലെ ഒരു ബഡ്ജററിനും ഒരു സ്ഥായിയായ ഭാവമുണ്ടായിരിക്കണം. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രസിഡൻറ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ന്യൂ ഡീൽ ബഡ്ജററിനെപ്പററി പറയുകയുണ്ടായി. ന്യൂ ഡീൽ ബഡ്ജററ് എന്നദ്ദേഹം ഇവിടെ പറഞ്ഞതു കമ്മി ബഡ്ജററാകാം എന്നുള്ളതിനെക്കുറിച്ചാണു്. ബഡ്ജററിനെ സ്തുതിക്കുന്നതു് അതിൽ ഒരു ന്യൂ ഡീൽ ഉണ്ടാകുന്നതിനുവേണ്ട കമ്മിയാകുന്നതുകൊണ്ടും തെററില്ല. എന്നാൽ എന്റെ സ്നേഹിതന്റെ പ്രശംസാപാത്രമായ ബഡ്ജററിൽ കമ്മിയുണ്ടു്, ഡീൽ ഇല്ല. ഇതിൽ പ്രധാനമായി ഒരു പപ്പ്സ് വരുത്തണം. സർ, ഭരണകാര്യങ്ങളിൽ വളരെ അധികം പരിചയമുള്ള ഒരാളാണു ഇന്നത്തെ മുഖ്യമന്ത്രി. ധാരാളം ബഡ്ജററുകൾ കൈകാര്യംചെയ്തു തഴക്കമുള്ള അദ്ദേഹത്തിന്റെ ആ അഭിപ്രായത്തെ അതേപടി സ്വീകരിക്കുവാൻതന്നെ ഞാൻ തയാറാണു്. ആ അഭിപ്രായത്തിന്റെ വെളിച്ചത്തിലും ആദർശത്തിലും ആയിരിക്കും ഞാൻ ഈ ബഡ്ജററിനെ സമീപിക്കുന്നതെന്നു അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.

ഒരു ബഡ്ജററിനു് സ്ഥായിയായ പർപ്പസും നിറവും ഉണ്ടായിരിക്കണം. അതു വച്ചുകൊണ്ടു ഈ ബഡ്ജററിനെ പരിശോധിക്കുകയാണെങ്കിൽ ഇതിന്റെ സ്ഥായീഭാവം എന്താണെന്നു അദ്ദേഹം വിശദമാക്കണമെന്നു ഞാൻ അദ്ദേഹത്തോടു അഭ്യർത്ഥിക്കുകയാണു്. ധാരാളം തുകകൾ കമ്മിയാക്കിയതുകൊണ്ടോ പല ഇനങ്ങൾക്കായി കൂടുതൽ തുകകൾ മാററിവച്ചതുകൊണ്ടോ ഒരു ബഡ്ജററിനു സ്ഥായീഭാവം ഉണ്ടാകുകയില്ലെന്നാണു് അദ്ദേഹം പറഞ്ഞതു്. പിന്നെ ഏതു രീതിയിലാണു് സ്ഥായീഭാവം ഉണ്ടാകുന്നതെന്നു അദ്ദേഹം പ്രസ്താവിക്കണം. അന്വേഷിച്ചു ഇന്നത്തെ ഗവണ്മെൻറിന്റെ എല്ലാ പ്രസ്താവനകളും പ്രവൃത്തനങ്ങളും ഞാൻ പരിശോധിക്കുകയുണ്ടായി. അങ്ങനെ പരിശോധിച്ചാൽ ഈ ബഡ്ജററിനു എന്തെങ്കിലും സ്ഥായിയായ നിറമോ പർപ്പസോ ഉണ്ടെന്നു മനസ്സിലാക്കാൻ സാധിക്കുന്നില്ല. എനിക്കു തോന്നുന്നതു ഒരു ബഡ്ജററിനു സ്ഥായീഭാവമുണ്ടാകണമെങ്കിൽ ആ ബഡ്ജററിനു

വാർഷികമായ നയപരിപാടികൾ ഉണ്ടായിരിക്കണം. ആ പാളിസി സ്റ്റേററമെൻറ വച്ചുകൊണ്ടു അതിൽ പറയുന്ന കാര്യങ്ങൾ എത്രത്തോളം ഈ ബഡ്ജററിൽ നടപ്പാക്കാൻ ശ്രമിച്ചിട്ടുണ്ടു് എന്നു തട്ടിച്ചുനോക്കിയാൽ ഒരു ബഡ്ജററിൻെറ സ്ഥായീഭാവം മനസ്സിലാക്കുവാൻ സാധിക്കും. അങ്ങനെയാണെങ്കിൽ ഇന്നത്തെ ഗവണ്മെൻറിനു ഒരു പാളിസി സ്റ്റേററ മെൻറുള്ളതായി കാണുവാൻ സാധിക്കുന്നില്ല. കഴിഞ്ഞ നിയമസഭ യിൽ പ്രജാസോഷ്യലിസ്ററപാർട്ടി വച്ച അതിൻെറ പാളിസിസ്റ്റേററ് മെൻറ പരിശോധിച്ചുനോക്കുന്നപക്ഷം ഈ ഗവണ്മെൻറിൻേറതായ ഒരു പാളിസി സ്റ്റേററമെൻറ ഇതുവരെ ഗവണ്മെൻറ വച്ചിട്ടില്ലെന്നു കാണു വാൻ സാധിക്കുന്നതാണു്. അതിനെ സംബന്ധിച്ചു മുഖ്യമന്ത്രി പറ ഞ്ഞതു ബഡ്ജററ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ പാളിസി സ്റ്റേററ മെൻറിനെപ്പററി പറയാമെന്നാണു്. അദ്ദേഹം നടത്തിയ ബഡ്ജററ പ്രസംഗം ഞാൻ വായിച്ചു. ആ പ്രസംഗത്തിൽ ഇവിടെയുള്ള വിവിധ പാർട്ടികളോടും ഇന്നത്തെ ഗവണ്മെൻറിനു സഹകരണം നൽകണമെന്നു അഭ്യർത്ഥിച്ചതൊഴിച്ചു കൂടുതൽ യാതൊന്നും നയത്തെ സംബന്ധിച്ചു പ്രഖ്യാപിച്ചിട്ടില്ലെന്നാണു എനിക്കു തോന്നുന്നതു്.

ഈ ബഡ്ജററിൻെറ സ്ഥായീഭാവം അന്വേഷിക്കുവാൻ മറെറാരു സ്ഥലം കൂടി ഉണ്ടെന്നു എനിക്കു തോന്നുന്നു. അതു ഒരു പക്ഷെ ശരി യായിരിക്കും. അതായതു് ബഡ്ജററവതരിപ്പിച്ച ഗവണ്മെൻറിൻെറ പുറകെ ഒരു പാർട്ടിയുണ്ടു്. അതിനു അഖിലേൻഡ്യാവ്യാപകമായ നയപരിപാടി കളുണ്ടു്. അതിൻെറ വെളിച്ചത്തിൽ ഈ ബഡ്ജററിനെ പരിശോധിക്കാം. അങ്ങനെയുള്ള നയപരിപാടികൾ എന്തെല്ലാമാണെന്നു എല്ലാ ബഹുമാന പ്പെട്ട സ്നേഹിതന്മാക്കും അറിയാവുന്ന ഒരു കാര്യമാണു്. ഈയിടെ അടുത്ത കാലത്തു ആവഡിയിൽ പ്രഖ്യാപനം ചെയ്തു കഴിഞ്ഞിട്ടുള്ള കാൺഗ്ര സിൻെറ സോഷ്യലിസമാണു അവരുടെ പരിപാടിയെന്നു ഞാൻ അറി യുന്നു. "സോഷ്യലിസ്റ്റിക്ക് പാറേറൺ ആഫ് സൊസൈററി" എന്നാണു അവർ അതിനു പറയുന്നതു്. പക്ഷെ സോഷ്യലിസത്തെപ്പററി അതിൽ ഒന്നും പരാമർശിച്ചിട്ടില്ല. സോഷ്യലിസ്റ്റിക്ക് പാറേറൺ ആഫ് സൊസൈററിക്കും സോഷ്യലിസത്തിനും തമ്മിലുള്ള ബന്ധം അല്ലെങ്കിൽ വ്യത്യാസം എന്താണെന്നു ബഹുമാനപ്പെട്ട ജവഹർലാൽ നെഹറു തന്നെ വിശദീകരിച്ചിട്ടില്ല. നെഹറുവിൻെറ തത്വസംഹിതയെ വിശദീകരി ച്ചിട്ടുള്ളതു ശ്രീ. ടി. ടി.കൃഷ്ണമാചാരി, ഷേർമുഖ് ഇവരാണു്. അവ രുടെ വിശദീകരണം അനുസരിച്ചുള്ള ബഡ്ജററാണു ഇതെന്നു എനിക്കു തോന്നുന്നില്ല. ഒരു സോഷ്യലിസ്റ്റിക്ക് സൊസൈററി എന്നുപറഞ്ഞാൽ നാം ഉദ്ദേശിക്കുന്നതു ജനങ്ങളുടെ ഇടയിൽ ഉച്ചനീചത്വം ഇല്ലാതാക്കി തീക്കുന്നതിനുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി എന്നാണു ഞാൻ മനസിലാ ക്കിയിരിക്കുന്നതു്. അതു വച്ചുകൊണ്ടു് ഈ ബഡ്ജററും ഇതിനുമുമ്പുള്ള ബഡ്ജററുകളും പരിശോധിച്ചുനോക്കുന്ന പക്ഷം അങ്ങനെയുള്ള ഉച്ചനീ ചത്വം അവസാനിപ്പിക്കുന്നതിനുള്ള പരിപാടികളോ ദേശവൽക്കരണ സാദ്ധ്യതയുള്ള മററു പരിപാടികളോ ഈ ബഡ്ജററിൽ ഉണ്ടെന്നു തോന്നു ന്നില്ല. അതുകൊണ്ടു് സോഷ്യലിസമാണു ഈ ഗവണ്മെൻറിൻെറ ലക്ഷ്യ മെന്നു പറയുകയാണെങ്കിൽ അതിൽ വലിയ കഴമ്പൊന്നുമുണ്ടെന്നു എനിക്കും എൻെറ സ്നേഹിതന്മാക്കും തോന്നുന്നില്ല. ഒരുകോടി രൂപാ യുടെ ഒരു ഉപധനാഭ്യർത്ഥന കൊണ്ടുവന്നപ്പോൾ മുഖ്യമന്ത്രി ഇവിടെ

[ശ്രീ. ഡി. ദാമോദരൻപോററി]

പറയുകയുണ്ടായി. രാജ്യത്തിലെ ഏററവും പ്രധാനപ്രശ്നം തൊഴിലില്ലായ്മയാണെന്നും അതു മാറേറണ്ടതു അത്യന്താപേക്ഷിതമാണെന്നും അതിനു പുതിയ ഫാക്ടറികൾ ഉണ്ടാകണമെന്നും; ഇൻഡസ്ട്രിയലൈസേഷൻ നയം സ്വീകരിക്കണമെന്നും മററും. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുകകൾ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതല്ലാതെ അതിനുള്ള പ്രായോഗികമായ പരിപാടികൾ ഒന്നുംതന്നെ ബഡ്ജററു പ്രസംഗത്തിൽ കാണുന്നില്ല. തൊഴിലില്ലായ്മ ഒരു ദേശീയാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ടതാണെന്നാണു് അദ്ദേഹം മുമ്പു് പറഞ്ഞിട്ടുള്ളതു്. താൽക്കാലികമായി കൂടുതൽ തുകകൾ വിനിയോഗിച്ചാൽ താൽക്കാലികമായി തൊഴിലില്ലായ്മക്കു് ഒരു നിവാരണം ഉണ്ടാകുമെന്നുള്ള നേരിയ ആശയുള്ളതല്ലാതെ കൂടുതൽ അദ്ദേഹം ഒന്നും പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നില്ല. ഏതായാലും കൂടുതലായി ആ കാര്യത്തെപ്പററി ഞാനിപ്പോൾ ഒന്നും പറയുന്നില്ല.

ഒരു സോഷ്യലിസ്ററു വ്യവസ്ഥിതിയാണു് മുഖ്യമന്ത്രി പ്രതിനിധാനം ചെയ്യുന്നതെങ്കിൽ വലിയ വരുമാനങ്ങളും ചെറിയ വരുമാനങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കേണ്ടതാണു്. ഒരു സംഗതി അദ്ദേഹം പ്രഖ്യാപനം ചെയ്തതിൽ എനിക്കു് സന്തോഷമുണ്ടു്. ഒരു ഉദ്യോഗസ്ഥന്റെ ഏററവും കൂടിയ വരുമാനം 1000 രൂപ ആയിരിക്കുമെന്നും അതു് ഏതാണ്ടു് 1:20 റേഷ്യോ അനുസരിച്ചുള്ളതാണെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അതുകൊണ്ടുമാത്രം ഒരു സോഷ്യലിസ്ററു വ്യവസ്ഥിതിയാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ 1000 രൂപയിൽ കൂടുതൽ വരുമാനമുള്ളവരാരും ഉണ്ടായിരിക്കാൻ പാടില്ല എന്നു പറയുന്നതുതന്നെ ഒരു കൂടിയ ലവലല്ലേ എന്നു ഞാൻ സംശയിക്കുന്നു. അതുപോലെതന്നെ ഈ 1000 രൂപയെന്നുള്ളതു് ഉദ്യോഗമണ്ഡലത്തിൽ മാത്രം മതിയോ എന്നും ഞാൻ ചോദിക്കുന്നു. രാജ്യവ്യാപകമായ തോതിൽ ഇവിടത്തെ എല്ലാ വ്യക്തികളുടേയും വരുമാനത്തിന്റെ തോതു് 1000 രൂപയെന്ന ക്രമത്തിൽ തിട്ടപ്പെടുത്താൻ തയ്യാറുണ്ടെങ്കിൽ അതിനകത്തു് ഒരു തത്വം അടങ്ങിയിട്ടുണ്ടെന്നു ഞാൻ സമ്മതിക്കാം. അതു ചെയ്യാത്തിടത്തോളം സോഷ്യലിസം ഉണ്ടാകാൻ പോകുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

പത്തുകോടിയിൽ ചില്വാനം രൂപ വികസനപദ്ധതികൾക്കായി നീക്കിവച്ചിട്ടുണ്ടെന്നു അദ്ദേഹം അവകാശപ്പെടുന്നു. വളരെ ആശ്വാസപ്രദമായ ഒരു നിലയാണു് ഇതിൽ നിന്നുണ്ടാകുന്നതെന്നു് സമ്മതിക്കാം. ഈ ഗവണ്മെന്റു മാത്രമല്ല, ഇതിനുമുമ്പുള്ള ഗവണ്മെന്റുകളും ധാരാളം തുകകൾ വികസനപദ്ധതികൾക്കും മററുമായി മാററിവയ്ക്കുന്ന പതിവുണ്ടു്. പക്ഷെ ഇങ്ങനെ മാററിവയ്ക്കുന്ന തുകകളെല്ലാം വർഷാവസാനത്തിൽ ലാപ്സായിപ്പോകുന്നതായിട്ടാണു് നാം കണ്ടുവരുന്നതു്. അതിൽ ആരേയും പ്രത്യേകമായി കുററപ്പെടുത്തണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ എന്തുകൊണ്ടാണു് വികസനപദ്ധതികൾക്കും മററും മാററിവച്ചിരിക്കുന്ന തുകകൾ ലാപ്സായിപ്പോകുന്നതെന്നു് അന്വേഷിച്ചിട്ടുണ്ടോ? അങ്ങിനെ അന്വേഷിച്ചു് ലാപ്സായിപ്പോകാതിരിക്കാനുള്ള പരിപാടികൾ വച്ചുകൊണ്ടാണോ ഈ തുകകൾ നീക്കിവച്ചിട്ടുള്ളതു് എന്നു് ഞാൻ ചോദിക്കുന്നു. അങ്ങിനെ ലാപ്സായിപ്പോകാതിരിക്കാനുള്ള നടപടികൾ കൂടി എടുത്തിട്ടുണ്ടെങ്കിൽ വികസനപദ്ധതികൾക്കു് രൂപ നീക്കി

വച്ചിട്ടുള്ളതു് ഒരു നല്ല കാര്യമാണെന്നു ഞാൻ സമ്മതിക്കാം. കഴിഞ്ഞ കൊല്ലങ്ങളിൽ നീക്കിവച്ചിട്ടുള്ള തുകകൾ ലാപ്സായിപ്പോയതു് അതു് ഇംപ്ലിമെൻറ ചെയ്യാനുള്ള മെഷ്യനറി ഈ രാജ്യത്തു ഇല്ലാത്തതുകൊണ്ടാണെന്നാണു് എനിക്കു തോന്നുന്നതു്. അങ്ങിനെ പദ്ധതികൾ ഇംപ്ലിമെൻറ ചെയ്യാനുള്ള മെഷ്യനറി ഇല്ലാതിരിക്കെ തുകകൾ കൊള്ളിക്കുന്നതിൽ വലിയ വിശേഷമുള്ളതായി ഞാൻ വിശ്വസിക്കുന്നില്ല. ഏതായാലും വളരെ അധികം തുകകൾ നല്ല കാര്യങ്ങൾക്കായി മാററി വച്ചിട്ടുണ്ടു്. അതെല്ലാം വിനിയോഗിക്കുമെന്നുതന്നെ ന്യായമായി വിശ്വസിക്കാം. ഈ തുകകൾ വിനിയോഗിക്കുന്നതിൽ ഇതിനുമുമ്പുണ്ടായിട്ടുള്ള ഗവണ്മെൻറുകളുടേയും ഉദ്യോഗസ്ഥന്മാരുടേയും ജനങ്ങളുടേയും ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്നു മനസ്സിലാക്കി ആ ബുദ്ധിമുട്ടുകൾക്കു് നിവാരണം കണ്ടെത്താൻകൂടി ശ്രമിച്ചു് ഈ തുകകൾ മുഴവൻ ചിലവു ചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഈ വികസനപദ്ധതികളിലും മററും പ്രാദേശികമായി കൊടുത്തിട്ടുള്ള മുൻഗണനകളെപ്പററിക്കൂടി എനിക്കു് രണ്ടുവാക്കു് പറയേണ്ടതുണ്ടു്. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട പ്രാദേശികമായ കാര്യങ്ങളെപ്പററിയാണു് അല്പം ചിലതു എനിക്കു് പറയുവാനുള്ളതു്. പ്രാദേശികത്വം ഈ രാജ്യത്തു്, പ്രത്യേകിച്ചും സംയോജനം കഴിഞ്ഞതോടുകൂടി വളരെ അപകടം പിടിച്ച ഒരു പ്രശ്നമായിത്തീർന്നിരിക്കുകയാണു്. പ്രാദേശികത്വത്തിൻെറ അടിസ്ഥാനത്തിൽ വളരെ കുഴപ്പങ്ങൾ ഈ രാജ്യത്തുണ്ടായിട്ടുണ്ടു്. അതിനു കുററക്കാർ ആരാണെന്നോ, ഏതു രീതിയിലാണു് അതു സംഭവിച്ചതെന്നോ പ്രസ്താവിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഏതായാലും കൊട്ടാരക്കര, പത്തനാപുരം, കൊല്ലം തുടങ്ങിയ താലൂക്കുകൾക്കു് വികസനപദ്ധതികളെ സംബന്ധിച്ചിടത്തോളം മുൻഗണനകളൊന്നും നല്കിയിട്ടില്ല. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കാലം ഏതാണ്ടു് അവസാനിക്കാറായിട്ടും ഞങ്ങളുടെ താലൂക്കുകളിൽ പുതുതായി ഒരു പദ്ധതിയും തുടങ്ങിയിട്ടില്ലെന്നുള്ളതു് ദയനീയമായ ഒരു പരമാർത്ഥമാണെന്നു് ഞാൻ മന്ത്രിസഭയെ അറിയിച്ചുകൊള്ളുന്നു. കൊട്ടാരക്കര എന്ന ഒരു താലൂക്കുതന്നെ ഉണ്ടെന്നു ഗവണ്മെൻറ മനസ്സിലാക്കാൻ തുടങ്ങിയതു് കഴിഞ്ഞതവണ പി. എസ്. പി. മന്ത്രിസഭ ചാർജ്ജെടുത്ത ശേഷമാണെന്നു പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ മന്ത്രിസഭ മദ്യനിരോധനം ഏർപ്പെടുത്തണമെന്നു് തീരുമാനിച്ചിരുന്നു. ഞങ്ങളുടെ താലൂക്കിലെ എല്ലാ ജനങ്ങളും ആ കാര്യത്തിൽ കഴിഞ്ഞ മന്ത്രിസഭയോടും ആ തീരുമാനത്തെ അതേപടി പാലിച്ച ഇന്നത്തെ മന്ത്രിസഭയോടും വളരെയധികം കൃതജ്ഞതയുള്ളവരാണു്. പ്രത്യേകിച്ചും ആ താലൂക്കിലെ ഏതാണ്ടു് ഒന്നര ലക്ഷത്തോളം വരുന്ന അമ്മമാരും സഹോദരികളും വളരെയധികം കൃതജ്ഞതയുള്ളവരാണു്. അതുപോലെതന്നെ കഴിഞ്ഞ മന്ത്രിസഭ അവിടെ ഒരു എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻററും ഒരു എൻ. ഇ. എസ്സ്. ബ്ലോക്കും അനുവദിച്ചുതന്നിട്ടുണ്ടു്. മററുരീതിയിലുള്ള പ്രവൃത്തനങ്ങളും ആ താലൂക്കുകളിൽ വളരെയധികം അവഗണിച്ചുകിടക്കുകയാണു്. ഇന്നത്തെ ഗവണ്മെൻറിൻെറ അറിവിനുവേണ്ടി ഒരു ചെറിയ ഉദാഹരണം പറഞ്ഞുകൊള്ളട്ടെ. ഷൊർണ്ണൂർ മുതൽ കന്യാകുമാരിവരെ എം. സി. റോഡുണ്ടു്. കൊട്ടാരക്കര മുതൽ തിരുവനന്തപുരം വരെയുള്ള ഭാഗങ്ങൾ ഒഴിച്ചു് ബാക്കി മുഴുവൻ ടാറ ചെയ്യുകയോ കാൺക്രീററ ചെയ്യുകയോ ചെയ്യി

[ശ്രീ. ഡി. ദാമോദരൻ പോററി]

ട്ടുണ്ട്. ഇടയ്ക്കുള്ള ഈ 46 മൈൽ സ്ഥലത്ത് ജനങ്ങൾ അധിവസിക്കുന്നുണ്ടോ എന്ന് മന്ത്രിമാർ ധരിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഇവിടത്തെ മന്ത്രിമാർ കോട്ടയത്തുനിന്നും കൊല്ലത്തുപോയി ആററിങ്ങൽ വഴിയാണ് തിരുവനന്തപുരത്തു വരുന്നത്. ഇതിനിടയ്ക്കുള്ള സ്ഥലം ബഹുമാനപ്പെട്ട മന്ത്രിമാർ കണ്ടിട്ടുണ്ടോ എന്നുതന്നെ ഞാൻ സംശയിക്കുന്നു. അതുപോലെതന്നെ പബ്ലിക്ക് വർക്ക്സിന്റെ കാര്യത്തിലും വളരെ അധികം അവഗണിക്കപ്പെട്ട പ്രദേശങ്ങളാണ് അതു്. അവിടെ ശ്രീ. കുളത്തിൽ വേലായുധൻ നായർ പ്രസിഡന്റായി ഒരു വർക്ക്സ് കമ്മററിയുണ്ട്. ചെങ്കോട്ടയും ഒരു വർക്ക്സ് കമ്മിററിയുണ്ട്. കഴിഞ്ഞതവണ ഞങ്ങൾ ആലോചിച്ച് റോഡുകളുടെ കാര്യത്തിൽ പല ശുപാർശകളും ചെയ്തിരുന്നു. അങ്ങിനെ ശുപാർശ ചെയ്തിരുന്ന റോഡുകളുടെ ഒന്നിന്റെയും പേരു് ഈ ബഡ്ജററിൽ ഉൾപ്പെടുത്തിക്കാണുന്നില്ലെന്നുള്ളതു് ദയനീയമായ ഒരു പരമാർത്ഥമാണ്. കമ്മിററി കൂടിയശേഷം ഞങ്ങൾ നാട്ടിൽ ചെന്ന് ഇന്നയിന്ന റോഡുകൾ തുടങ്ങുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്, ആ റോഡുകളെല്ലാം കിട്ടും, എന്നൊക്കെ ഗ്രാമീണരായ സ്നേഹിതന്മാരോട് പറഞ്ഞിരുന്നു. ആ റോഡുകളുടെ കാര്യമൊന്നും ബഡ്ജററിൽ കാണാതെ ഞങ്ങൾക്ക് അങ്ങോട്ടു തിരിച്ചുപോകേണ്ടിവരുന്നത് വളരെ അധികം ദുസ്സഹമായ ഒരു കാര്യമാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട വർക്ക്സ് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളതു് കമ്മിററി ചെയ്തിട്ടുള്ള ശുപാർശകളെല്ലാം അംഗീകരിച്ച് ഈ ബഡ്ജററിൽത്തന്നെ അവയെല്ലാം ഉൾപ്പെടുത്തുന്നതിനുള്ള നടപടികളെടുക്കണമെന്നാണ്. ഈ രീതിയിൽ പറഞ്ഞാൽ ഞങ്ങളുടെ താലൂക്കുകൾ വളരെയധികം വിഗണിച്ചിരിക്കുകയാണെന്ന് മനസ്സിലാക്കാം.

മരച്ചീനിയുടെ കാര്യം ബഡ്ജററ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. വളരെ പ്രാധാന്യമുള്ളതും അടിയന്തിരമായി നടപടി എടുക്കേണ്ടതുമായ ഒരു കാര്യമാണ് മരച്ചീനിയുടെ കാര്യമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. പക്ഷെ എന്തെല്ലാം ആണ് അതിനുവേണ്ടി നടത്താൻ പോകുന്നതെന്ന്.....................

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മരച്ചീനി പ്രശ്നത്തെപ്പററി ഗവണ്മെൻറ എടുക്കാൻപോകുന്ന നടപടികളുടെ ഒരു ഏകദേശസ്വരൂപം പൂർത്തിയാക്കിയിട്ടുണ്ട്. അങ്ങ് അനുവദിക്കുമെങ്കിൽ അതിന്റെ ഡ്രാഫ്ററ് ഈ നിയമസഭാംഗങ്ങളുടെ ഇടയിൽ സർക്കുലേററ ചെയ്ത് ഈ സെഷനിൽതന്നെ അതിനെപ്പററി ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുക്കുന്നതിന് ഗവണ്മെൻറിനു സാധിക്കും. അതനുവദിക്കുന്നപക്ഷം ഉടൻതന്നെ ആയാൾ കൊള്ളാമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: അതിനെപ്പററി ഒരു പ്രത്യേക ചർച്ച നടത്താം.

ശ്രീ. ഡി. ദാമോദരൻ പോററി: മരച്ചീനിയുടെ കാര്യത്തിൽ അടിയന്തിരമായ പ്രാധാന്യം കൊടുത്തു് പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. ഞങ്ങളുടെ താലൂക്ക് മരച്ചീനിക്കൃഷിയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഈ രാജ്യത്തു മരച്ചീനി ഉണ്ടാകുന്ന താലൂക്കുകളിൽ രണ്ടാം സ്ഥാനമാണ്

കൊട്ടാരക്കര താലൂക്കിനുള്ളതു്. ആ നിലയിൽ അവിടെ ഒരു സ്റ്റാർച്ചു് ഫാക്ടറി സ്ഥാപിക്കണമെന്നു് ഞാൻ ആദ്യമായി അഭ്യർത്ഥിക്കുന്നു. പ്രാദേശികമായ ഈ മാതിരി കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : സർ, മുഖ്യമന്ത്രി ഈ സഭമുൻപാകെ അവതരിപ്പിച്ച ബഡ്ജറ്റിനെപ്പററി പൊതുവായ വിമർശനങ്ങൾ നടക്കുന്ന ഈ സന്ദർഭത്തിൽ, ബഡ്ജററിൻെറ വിശദാംശങ്ങളിലേക്കു കടക്കുന്നതിനുമുൻപു് ചില കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. മുഖ്യമന്ത്രി ബഡ്ജററ പ്രസംഗത്തിൻെറ ആരംഭത്തിൽതന്നെ ഈ സഭാതലത്തിലെ ഇതര പാർട്ടികളിലെ അംഗങ്ങളോടു സഹകരണം ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹത്തിൻെറ ആ അഭ്യർത്ഥന കാര്യമായി പരിഗണിക്കുവാൻ ഈ സഭാതലത്തിലെ അംഗങ്ങൾ തയാറാകുമെന്നുള്ള ഒരു സൂചനയും അദ്ദേഹത്തിൻെറ അഭ്യർത്ഥനയിൽ ഉണ്ടായിരുന്നില്ലേ എന്നു ഞാൻ സംശയിക്കുന്നു. സഹായാഭ്യർത്ഥന നടത്തിയപ്പോൾ വളരെ പ്രസക്തമായി ത്തന്നെ അദ്ദേഹം പറയുമെന്നു കരുതിയിരുന്നു, അവർ അധികാരത്തിലേക്കു കയറുവാൻ ഇടയാക്കിയ സാഹചര്യത്തെപ്പററി ബുദ്ധിപൂർവ്വം മൗനം അവലംബിക്കുകയാണുണ്ടായതു്.

സർ, ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയെ, ഈ രാജ്യത്തെ രാഷ്ട്രീയ സംഭവവികാസങ്ങൾ ഉൾക്കൊള്ളുന്ന ഒന്നുരണ്ടുകൊല്ലം പുറകിലോട്ടു പിടിച്ചുകൊണ്ടുപോകുവാൻ ഞാനാഗ്രഹിക്കുന്നു. 1953-ൽ അന്നു അധികാരത്തിലിരുന്ന കാൺഗ്രസുമന്ത്രിസഭ ഈ സഭയുടെ ഭൂരിപക്ഷം മെംബറന്മാരുടെ അവിശ്വാസം ആർജിച്ചതിൻെറ ഫലമായി, രാജിവയ്ക്കാൻ സന്നദ്ധരാകേണ്ടതായിരുന്നുവെങ്കിലും, അതിനു് തയാറാകാതെ ചില പൊട്ടന്യായങ്ങൾ പറഞ്ഞു് അസംബ്ളി പിരിച്ചുവിടുകയാണുണ്ടായതു്. അന്നു ഇവർ പറഞ്ഞ ന്യായം, "ഞങ്ങൾക്കു ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളുടെ വിശ്വാസം ഒരുപക്ഷെ നഷ്ടപ്പെട്ടാലും ഈ രാജ്യത്തെ ജനങ്ങളുടെ ഭൂരിപക്ഷവിശ്വാസവും പിൻതുണയുമുണ്ടു്; അതുകൊണ്ടു ഒരു പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ ഞങ്ങൾ തയാറാണു്" എന്നായിരുന്നു. അങ്ങനെയാണു അന്നു അസംബ്ളി പിരിച്ചുവിട്ടതു്. പാർലമെൻററി വഴക്കങ്ങളെ ലേശവും മാനിക്കാതെ, അധികാരത്തിലിരിക്കുന്നതിനുവേണ്ടിമാത്രം തങ്ങളുടെ അവകാശവാദം അവസാനം ഒരു കോടതിയുടെ മുൻപിൽ വയ്ക്കുന്നതിനും, ആ വിധിയനുസരിച്ചു വേണ്ടതു ചെയ്യുന്നതിനും തീരുമാനിച്ചു. എന്തായിരുന്നു സർ, ജനകീയകോടതിയുടെ വിധി? ചെലവുസഹിതം അവരുടെ അപ്പീൽ ഈ രാജ്യത്തെ പൊതുജനങ്ങൾ തള്ളി വിധിച്ചു. ചെലവുസഹിതം തള്ളപ്പെട്ട അപ്പീലിൻെറ വാദി വീണ്ടും അധികാരത്തിലേക്കു് കതിച്ചുകയറുവാൻ പശ്ചാത്തലം നോക്കിക്കൊണ്ടിരിക്കുകയായിരുന്നുവെന്നു പിന്നീടുള്ള സംഭവഗതികൾ തെളിയിച്ചിരിക്കുന്നു. സർ, ഇവർ ഈ മാർഗ്ഗം എന്തുകൊണ്ടു ആദ്യം തന്നെ അവലംബിച്ചില്ല? രാഷ്ട്രീയപ്രവർത്തനങ്ങളിൽ സത്യസന്ധതയും, ശുദ്ധതയും പാലിക്കേണ്ടതു ആവശ്യമാണെന്നു വിശ്വസിക്കുന്നവനാണു ഞാൻ. ഇവർ ചെയ്തതിൽ രാഷ്ട്രീയ സത്യസന്ധതയുണ്ടോ, ഇതാണോ ഡമോക്രസിയുടെ ആദർശം? മറെറാരു പാർട്ടിടിക്കററിൽ തിരഞ്ഞെടുപ്പിനു് നിന്നു മത്സരിച്ചു ജയിച്ചുവരുന്ന അംഗങ്ങളെ കേവലം അധികാരപ്രാപ്തിക്കുവേണ്ടി തങ്ങളുടെ പാർട്ടിയിലേക്കു സ്വീകരിക്കുക രാഷ്ട്രീയ സത്യസന്ധ

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

തയാണോ സർ? അങ്ങനെ ഉണ്ടാക്കിയ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ ഭരണം നടത്താമെന്നു കരുതുകയാണെങ്കിൽ ഇതാണോ ഡമോക്രസിയുടെ ആദർശശുദ്ധിയെന്നു ഞാൻ ചോദിക്കുന്നു. സർ, ഇന്നു പല പ്രലോഭനങ്ങൾക്കുശേഷം ഇങ്ങനെ മററു പാർട്ടിയിലെ അംഗങ്ങളെ സ്വീകരിച്ച ഇവർ, എന്തുകൊണ്ടു ആദ്യംതന്നെ ഇതിനു ശ്രമിച്ചില്ല? അവർക്കറിയാമായിരുന്നു ആ പരിപ്പ് അന്നു വേവുകയില്ലെന്ന്. ഇന്നു അധികാരത്തിലേക്ക് ഉയരുവാനുള്ള അതിമോഹംകൊണ്ടു ആ പരിപ്പു വേവുമോ എന്നു ഒന്നു പരിശോധിച്ചുനോക്കി. സർ, ഒരുപക്ഷെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞേക്കാം, പാർലമെൻററി ഡെമോക്രസിയിൽ ഈ മാതിരിയുള്ള പ്രയോഗങ്ങൾ ആകാമെന്ന്. അതിന് എനിക്കു പറയാനുള്ളത് അതു പാർലമെൻററിയാണെന്ന് പറയാനാവുകയില്ല; തനി നെറികേടാണ് എന്നാണ് അതിനു പറയേണ്ടതു്. Anything is just in parliamentary democracy just as anything is just in war. എന്നു അദ്ദേഹം പറഞ്ഞേക്കാം.

സർ, ഞാൻ ചോദിക്കട്ടെ, പാർലമെൻററി ഡെമോക്രസിയുടെ അംഗീകൃതമായ ഏതെങ്കിലും സിദ്ധാന്തങ്ങൾ നിലവിലിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽ എവിടെയെങ്കിലും ഇതുപോലെ ഒരു നടപടി ഉണ്ടായിട്ടുണ്ടോ? വിദേശരാജ്യങ്ങളിലെ ജനാധിപത്യ ഭരണസംപ്രദായത്തിന്റെ മാതൃക കാണുകയും, കുറെയൊക്കെ പഠിക്കുകയും ചെയ്തിട്ടുള്ള ഒരാളാണു താനെന്നു തീർച്ചയായിട്ടും മുഖ്യമന്ത്രി അഭിമാനിക്കുന്നുണ്ടായിരിക്കും. അദ്ദേഹം സന്ദർശിച്ചിട്ടുള്ള ഏതെങ്കിലും രാജ്യത്തു് ഇതുമാതിരിയുള്ള ഒരു സംപ്രദായം അവലംബിച്ചിട്ടുള്ളതായി അദ്ദേഹത്തിനു് ചൂണ്ടിക്കാണിക്കാൻ കഴിയുമോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു. ഫ്രാൻസിൽ മന്ത്രിസഭ മാറിമാറി രൂപംപ്രാപിക്കുന്നുണ്ടു്. ഒരു പാർട്ടിയിൽനിന്നും, മറെറാരുപാർട്ടി അംഗങ്ങളെ ചാക്കിട്ടുപിടിക്കുന്ന സംപ്രദായം അവിടെ സ്വീകരിച്ചിട്ടുണ്ടെന്നു കാണുന്നില്ല. സാമാന്യമര്യാദയോടുകൂടി, സാമാന്യവഴികളിൽക്കൂടി ഭരണഭാരം നടത്തേണ്ട ഇവർ, സമാജത്തിന്റെ സംരക്ഷകരെന്നു അഭിമാനിക്കുന്ന ഇവർ, അധികാരപ്രാപ്തിക്കുവേണ്ടി മാത്രം പാർലമെൻററി ഡമോക്രസിയുടെ എല്ലാം സിദ്ധാന്തങ്ങളെയും ലംഘിക്കുകയാണു ചെയ്തിരിക്കുന്നതെന്നു ഞങ്ങൾക്കു ഉത്തമബോദ്ധ്യമുള്ളതിനാൽ, പ്രതിപക്ഷപാർട്ടികളിലെ സഹകരണം ആവശ്യപ്പെടുന്ന മുഖ്യമന്ത്രിയോടു എനിക്കു പറയുവാനുള്ളതു്, ഞങ്ങളുടെ സഹകരണം അദ്ദേഹത്തിനു ലഭിക്കുകയില്ല എന്നു മാത്രമാണ്. അതിൽ അദ്ദേഹം പരുഷം ഭാവിക്കയോ, പരിദേവനംചെയ്യുകയോ, രോഷംകൊള്ളുകയൊ ചെയ്തിട്ടു കാര്യമില്ല. തന്റെ ലക്ഷ്യം സാധിക്കാതെ വന്നാൽ, സൂത്രശാലികളായ ആളുകൾ പ്രതികാരബുദ്ധിയുള്ളവരായിത്തീരും. ഞങ്ങൾ ഭയപ്പെടുന്നു, മുഖ്യമന്ത്രി ആ ലക്ഷ്യത്തിലേക്കു പോകാനിടയുണ്ടു്. അങ്ങനെയാണെങ്കിലും ഞങ്ങൾക്കു സഹകരിക്കാൻ നിവൃത്തിയില്ലാത്തതിൽ ഖേദമുണ്ടു്. ഈ ബഡ്ജററ പാസാക്കിയെടുക്കാൻ കഴിഞ്ഞാലും, പ്രതികാരനടപടികൾ എടുക്കരുതെന്നു താക്കീതുനൽകാൻ ആഗ്രഹിക്കുന്നു.

സർ, ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം മറെറാരു വലിയ പോരായ്മകൂടി ചൂണ്ടിക്കാണിക്കാൻ ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളുന്നു. ഈ സഭയുടെ പ്രാരംഭദിവസത്തിൽ ബഹുമാനപ്പെട്ട

തിരുവനന്തപുരം മെമ്പർ ചൂണ്ടിക്കാണിക്കുകയുണ്ടായി, രാജപ്രമുഖന്റെ നയപ്രഖ്യാപനപ്രസംഗം ഈ നിയമസഭയിൽ ഇല്ലാതെപോയതു് ഒരു പോരായ്മയാണു്. ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നതോടൊപ്പം, രാജപ്രമുഖനെ ഇവിടെ കൊണ്ടുവന്നു ഒരു പ്രസംഗം ചെയ്യിച്ചു കേൾക്കുന്നതിനുള്ള കൊതികൊണ്ടല്ല അങ്ങനെ പറയുന്നതെന്നുകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഡെമോക്രസിയിൽ, ഇൻഡ്യൻ ഭരണഘടനതന്നെ അനുശാസിക്കുന്ന ചില സമ്പ്രദായങ്ങളുണ്ടു്. ഒരു ഗവൺമെൻറ അധികാരത്തിലിരിക്കുമ്പോൾ, ആ ഗവൺമെൻറ അവലംബിക്കുന്ന പരിപാടികൾ എന്താണു്, നയങ്ങൾ എന്തെല്ലാം, എന്നുംമററും പ്രഖ്യാപനം നടത്താൻ ഭരണഘടനയനുസരിച്ചു പ്രത്യേകം അനുവദിക്കപ്പെട്ടിരിക്കുന്ന സന്ദർഭം ബഡ്ജററ സമ്മേളനാവസരമാണു്. അതുകൊണ്ടാണു് രാജപ്രമുഖൻ നയപ്രഖ്യാപനപ്രസംഗം നടത്തണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നതു്. അങ്ങനെ നയപ്രഖ്യാപനപ്രസംഗം നടത്തണമെന്നു പറയാനുള്ള അവകാശവും, അതിന്മേൽ വിമർശനം നടത്താനുള്ള അവകാശവും ഞങ്ങൾക്കുള്ളതാണു്. ഇങ്ങനെയൊരു പുതിയ ഭരണം നടപ്പിലാകുമ്പോൾ, അധികാരത്തിലിരിക്കുന്ന പാർട്ടി, തങ്ങളുടെ ഭരണത്തിന്റെ നയപരിപാടികൾ പ്രഖ്യാപിക്കേണ്ടതു രാജപ്രമുഖന്റെ പ്രസംഗംമൂലമാണു്. അങ്ങനെ നയപരിപാടികളെപ്പററി വിമർശിക്കുന്നതിനുള്ള അവസരം പ്രതിപക്ഷകക്ഷികൾക്കുണ്ടാകുമെന്നുള്ള ധാരണയിലാണു ഞങ്ങൾ ഇവിടെ വന്നിട്ടുള്ളതു്. ആ ധാരണയ്ക്കു വിരുദ്ധമായി നയപ്രഖ്യാപനപ്രസംഗം നടത്താതെ ബഡ്ജററ അവതരിപ്പിച്ചിരിക്കുന്നതു ഡെമോക്രസിയെ അവഹേളിക്കലാണു്.

സർ, മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ ആളുകൾക്കും തോന്നിയപോലെ വ്യാഖ്യാനിച്ചു്, സ്വന്തം ആവശ്യങ്ങൾക്കനുകൂലമായി തീരുമാനിക്കാനുള്ളതല്ല ഡെമോക്രസിയുടെ ആദർശങ്ങൾ എന്നു് അദ്ദേഹം മനസ്സിലാക്കുന്നതു നന്നായിരിക്കും. അപ്പോഴപ്പോൾ, അദ്ദേഹത്തിനും, അദ്ദേഹത്തിന്റെ പാർട്ടിക്കും തോന്നുന്നതുപോലെ, ഇഷ്ടംപോലെ വ്യാഖ്യാനിച്ചു എല്ലാം അംഗീകൃത നിയമങ്ങളെയും ലംഘിച്ചുകൊണ്ടു പോലും കൈകാര്യം ചെയ്യാനുള്ളതല്ല ഭരണഘടനാനിയമങ്ങൾ. സർ, ഈ രാജ്യത്തിലെ ക്ഷേമൈശ്വര്യത്തെ കരുതുന്ന എല്ലാ ആളുകളുടെയും ആശയാഭിലാഷങ്ങൾ ചവുട്ടിമെതിച്ചുകൊണ്ടു തങ്ങൾക്കു അധികാരത്തിലിരിക്കാമെന്നു വിചാരിക്കുന്നതു ശരിയല്ല. എന്തായാലും ഇങ്ങനെ ജനാധിപത്യവിരുദ്ധമായ ഒരു ഭരണം നടത്താനാഗ്രഹിക്കുന്ന ഇന്നത്തെ ഭരണകക്ഷിയെ സഹകരണം നൽകി വാഴിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല. അവക്ക അങ്ങനെ സഹകരണം നൽകി, ഈ ഭരണം തുടരാൻ അനുവദിക്കുകയാണെങ്കിൽ അതുമൂലം ഉണ്ടാകുന്ന കുഴപ്പങ്ങൾക്കു ഞങ്ങൾകൂടി ഉത്തരവാദികളായിരിക്കും.

സർ, അടുത്തതായി എനിക്കു പറയുവാനുള്ളതു്, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞതുപോലെതന്നെ, ഒരു ബഡ്ജററിന്റെ നയപരമായ കാര്യങ്ങളെ വിമർശനവിഷയമാക്കുമ്പോൾ രണ്ടുകാര്യങ്ങളാണു ബഡ്ജററിന്റെ പ്രവണതകളിൽ നിന്നു മനസ്സിലാക്കേണ്ടതു്. ഒന്നു് ബഡ്ജററിന്റെ സ്ററാററിസ്ററിക്സ്; മറെറാന്നു്, ബഡ്ജററ അവതരിപ്പിക്കുമ്പോൾ ഫൈനാൻസ് മിനിസ്റ്റർ ചെയ്യുന്ന പ്രസംഗം. ഇതു രണ്ടും ചികഞ്ഞുനോക്കിയാൽ സൂക്ഷ്മമായി പരിശോധിച്ചാൽ കാര്യ

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

മായ യാതൊന്നും കണ്ടെത്താൻ സാധിക്കുന്നില്ലെന്നു കാണാം. മററു സ്ഥലങ്ങളിലേക്കു ബഹുമാനപ്പെട്ട ഡപ്യൂട്ടി സ്പീക്കർ പറഞ്ഞതുപോലെ ഞാനും അന്വേഷിച്ചുപോയി. അദ്ദേഹത്തെ അധികാരത്തിൽ വാഴിച്ചിരിക്കുന്ന, അദ്ദേഹം ഉൾക്കൊള്ളുന്ന കാൺഗ്രസ്സുപാർട്ടിയുടെ ആവഡി സമ്മേളനത്തിലെ നയവും, പ്രഖ്യാപനവും ആണ് ഞാൻ ചികഞ്ഞുനോക്കിയതു്. സ്വാഭാവികമായി, നാട്ടിൽ ജനങ്ങൾക്കു വളരെയൊക്കെ പ്രതീക്ഷകൾ വളർത്തിയ ആവഡി സമ്മേളനത്തിനുശേഷം, എന്താണ് ആ സമ്മേളനം സംഭാവനചെയ്യുന്നതെന്നു പ്രതീക്ഷയോടും, ഉൽക്കണ്ഠയോടും കേന്ദ്രബഡ്ജററുംനോക്കി നാട്ടിലെ ജനങ്ങൾ ഇരിക്കുകയായിരുന്നു. ധനകാര്യമന്ത്രി ദേശമുഖും, അദ്ദേഹത്തിന്റെ സഹമന്ത്രിമാരും തങ്ങളുടെ ബഡ്ജററു കേന്ദ്രത്തിൽ അവതരിപ്പിച്ചു. ബഡ്ജററിൽ പ്രത്യേകിച്ചു സോഷ്യലിസത്തിന്റെ വല്ല ഗുണവും ഉണ്ടോ എന്നു ഞങ്ങൾ പരിശോധിച്ചു. സോഷ്യലിസം കാണ്മാനില്ലെങ്കിലും ഉണ്ടെന്നാണു ദേശമുഖ് പറയുന്നതു്. ആ സോഷ്യലിസത്തിനു ഒരു പ്രത്യേകതയുണ്ടു്. തങ്ങളുടെ സോഷ്യലിസം എന്തായിരിക്കുമെന്നു അവർ ആവഡി കാൺഗ്രസ്സിൽ പ്രസ്താവിച്ചതു ഇങ്ങനെയാണു്. പണ്ഡിററു നെഹ്റു ആവഡി കാൺഗ്രസ്സിന്റെ സെഷനിൽ അവതരിപ്പിച്ച ഒരു റിപ്പോർട്ടിലെ ഒരു ഭാഗമാണ് ഞാൻ വായിക്കുന്നതു്.

"In regard to industries we have moved forward to a socialistic pattern of society without breaking with those who represented the old order." ഈ ഒടുവിലത്തെ ഭാഗമാണ് വളരെ അർത്ഥവത്തു്. ഈ സോഷ്യലിസത്തിന്റെ മാതൃക നിങ്ങളുടെയൊക്കെ തലതൊട്ടപ്പനായ ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രിയുടെ നാവിൽനിന്നും തന്നെ വരുമ്പോൾ ആ സോഷ്യലിസത്തിന്റെ ഉള്ളടക്കം എന്താണെന്ന് ഈ നാട്ടിലെ ജനങ്ങൾ സംശയബുദ്ധിയോടെ നോക്കിപ്പോകുന്നുവെങ്കിൽ അതിൽ നിങ്ങൾ പരിഭവിക്കരുതു്. നിങ്ങൾ കലി തുള്ളരുതു്, വല്ല ആളുകളും ആവഡി സോഷ്യലിസത്തെപ്പററി എന്തെങ്കിലും പറയുകയാണെങ്കിൽ നിങ്ങൾ കലി തുള്ളുന്നതായ അനുഭവങ്ങൾ ഞങ്ങൾക്കുണ്ടായിട്ടുണ്ടു്. ആത്മസാക്ഷി എന്നൊന്നു് നിങ്ങൾക്കു് ഉണ്ടെങ്കിൽ, മനസ്സാക്ഷി എന്നൊന്നു് നിങ്ങൾക്കു് ഉണ്ടെങ്കിൽ, അതിനിയും നിങ്ങൾക്കു അവശേഷിക്കുന്നുണ്ടെങ്കിൽ, ഈ രാജ്യത്തെ ജനങ്ങളോടു് നിങ്ങൾക്കു് ഉത്തരവാദിത്വം ഉണ്ടെന്നു് ആവർത്തിച്ചാവർത്തിച്ചു് വായ്ത്താരി പാടുന്ന നിങ്ങളോടു് ഞങ്ങൾ അപേക്ഷിക്കുന്നു. ബഹുമാനപുരസ്സരം അപേക്ഷിക്കുന്നു—നിങ്ങൾ ബഹുമാനപ്പെട്ട ഇൻഡ്യാ പ്രധാനമന്ത്രി പണ്ഡിററു് ജവഹരിലാലിന്റെ പ്രസ്താവന ഒന്നു പരിശോധിച്ചുനോക്കുക, അപ്പോൾ നിങ്ങൾക്കുതന്നെ സംശയമാകും. നിങ്ങൾക്കു് സത്യസന്ധതയും ആത്മാർത്ഥതയും ഉണ്ടോ എന്നു്.

സർ, ഞാൻ ചില വസ്തുതകൾ ഇവിടെ ഉദ്ധരിക്കാം. നിങ്ങളുടെ വശ്യവചസ്സായ പണ്ഡിററു് ജവഹരിലാലിന്റെ പ്രവൃത്തികൾകൊണ്ടും പ്രഖ്യാപനങ്ങൾകൊണ്ടും തെളിയിച്ചിട്ടുണ്ടു്. അദ്ദേഹം ഈ നാട്ടിലെ ജനങ്ങൾ വിഭാവന ചെയ്യുന്ന, ജനങ്ങൾക്കു് ആവശ്യമുള്ള സോഷ്യലിസമല്ല ഇവിടെ കൊണ്ടുവരാൻ പോകുന്നതു്. എന്നിരുന്നാൽ തന്നെയും അദ്ദേഹത്തിനു് ഈ നാട്ടിലെ ജനങ്ങളെ വളരെ ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ടു്. അതിനുശേഷം സോഷ്യലിസത്തിന്റെ പേരുംപറഞ്ഞു

അതേപ്പററി വായ്താരികളും പാടി ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിക്കാമെന്ന് വിചാരിക്കുകയാണെങ്കിൽ, ഈ രാജ്യത്തെ രാഷ്ട്രീയപ്രബുദ്ധരായ ജനങ്ങളെ വഞ്ചിക്കാമെന്ന് വിചാരിക്കുകയാണെങ്കിൽ നിങ്ങൾ അതുമൂലം വഞ്ചിതരാകുകയാണ് എന്നൊരു മുന്നറിയിപ്പുകൂടി സ്നേഹപുരസ്സരം ഈ രാജ്യത്തെ പ്രധാനമന്ത്രിയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

"Without breaking with those who represented the old order". എന്നു് ബഹുമാനപ്പെട്ട പണ്ഡിററ് ജവഹർലാൽ നെഹറു ആരെ ഉദ്ദേശിച്ചാണു പറഞ്ഞതെന്നു് ഞാൻ ഉദ്ധരിക്കാൻ പോകുന്ന ചില സ്ഥിതിവിവരക്കണക്കുകൾകൊണ്ടു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തെ സാമ്പത്തികഭദ്രതയെ ഏററവും കൂടുതൽ അപകടപ്പെടുത്തുന്നതു് സാമ്രാജ്യത്വമാണെന്നുള്ള പരമസത്യത്തെ ആവർത്തിച്ചാവർത്തിച്ചു് പറഞ്ഞിട്ടുള്ള മഹാനേതാവാണ് പണ്ഡിററ് ജവഹർലാൽ നെഹറു. അദ്ദേഹം 1947 ആഗസ്റ്റിനുശേഷം അധികാരത്തിൽ വന്നു. അതിനു മുമ്പ് പല സന്ദർഭങ്ങളിലും അദ്ദേഹം പറഞ്ഞിട്ടുള്ള വാക്യങ്ങളും ചെയ്തിട്ടുള്ള പ്രതിജ്ഞകളും ഈ നാട്ടിലെ ജനങ്ങളെ ആഹ്വാനം ചെയ്തിട്ടുള്ളതും എല്ലാം ഇന്നും ഞങ്ങളുടെ കണ്ണുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. അദ്ദേഹമാണ് പല സന്ദർഭങ്ങളിലും ആവർത്തിച്ചാവർത്തിച്ചു് പറഞ്ഞിട്ടുള്ളതു് ഈ രാജ്യത്തെ സാമ്പത്തികഭദ്രതയെ ഏററവും കൂടുതൽ അപകടപ്പെടുത്തുന്നതു് സാമ്രാജ്യത്വചൂഷണമാണ് എന്നു്. പക്ഷെ ആ സാമ്രാജ്യത്വചൂഷണം ഏതെങ്കിലും തരത്തിൽ റിസ്ട്രിക്ട് ചെയ്യാൻ അദ്ദേഹം തയാറായിട്ടില്ല. എന്നു മാത്രമല്ല സാമ്രാജ്യത്വത്തെ ഇന്നു നില നിറുത്തുന്നതിനു ഇന്നും ശക്തികൊടുത്തുകൊണ്ടുള്ള പ്രസ്താവന അതായതു ആ ഓൾഡ് ആർഡർ ഇന്നും റെപ്രസെൻറ് ചെയ്യുന്നു. ആ പഴയസാമ്രാജ്യത്വത്തിനു എല്ലാ പരിരക്ഷയും ചെയ്തുകൊണ്ടു്, Without breaking with the old order, ഇൻഡ്യ കാമൺവെൽത്തിൽ നിന്നും പുറത്തു് അല്ല എന്നുള്ള ബോധം നിലനിത്താൻ വേണ്ടി, വിക്ടോറിയാ രാജ്ഞിയുടെ കിരീടധാരണാവസരത്തിൽ അവരുടെ ഗൌണിന്റെ താഴത്തെ അററം താങ്ങിപ്പിടിച്ചുകൊണ്ടു നിന്ന സമ്പ്രദായം നിലനിർത്തുന്നതിന്റെ ഉത്തമലക്ഷ്യങ്ങളായി ഞങ്ങൾ കരുതുന്നു. ഇതെല്ലാം സത്യത്തിൽ വിശ്വസിക്കുന്ന മുഖ്യമന്ത്രി ഒന്നാലോചിച്ചുനോക്കിയാൽ മനസ്സിലാകും. എത്ര അപമാനകരമായ പ്രവൃത്തികളാണു്. ഇതിൽ ജനങ്ങൾ രോഷംകൊള്ളുന്നുണ്ടെന്നു ഞങ്ങൾ കരുതുന്നു. നിങ്ങൾക്കു യഥാർത്ഥത്തിൽ ലജ്ജ തോന്നുന്നില്ലേ; നിങ്ങൾക്കു നാണം തോന്നുന്നില്ലെ.

ഇവിടെ ബ്രിട്ടീഷുമൂലധനം ഞാൻ ഇൻഡ്യയിൽ മൊത്തത്തിലുള്ള കണക്കുകൾ ഉദ്ധരിക്കുവാൻ ഒരുങ്ങുന്നില്ല. അവർ ഏതെല്ലാം തരത്തിലാണ് കൊള്ള നടത്തുന്നതെന്നു ചില കണക്കുകൾ ഞാൻ പറയാം. ഗില്ലാണ്ടേഴ്സ് ആർബത്തനാട്ട് കമ്പനി 90 ലക്ഷം രൂപ മുതൽ മുടക്കി നൂററിഅറുപത്തിആറ് ലക്ഷത്തിൽ ശിഷ്ടം രൂപാ ഏഴുകൊല്ലക്കാലംകൊണ്ടു് ലാഭമായി കൊണ്ടുപോയിക്കഴിഞ്ഞിട്ടുണ്ടു്. ഇന്നും ആ കമ്പനികൾ

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

വളരെ ലാഭകരമായി പ്രവർത്തനം നടത്തുന്നു. അതുപോലെ പാരി ആൻഡ് കമ്പനി 36·58 ലക്ഷം രൂപാ മുടക്കി ഇതുവരെ ഏഴുകൊല്ലക്കാലമായി 119 ലക്ഷത്തിൽ ശിഷ്ടം രൂപാ ലാഭമെടുത്തുകഴിഞ്ഞിട്ടുണ്ട്. അതായത് അവരുടെ ഷെയർ ക്യാപ്പിററലിൽ ഏതാണ്ട് 350 ശതമാനം ലാഭം എടുത്തിട്ടുണ്ട്. അതുപോലെ ബിന്നി കമ്പനി 50 ലക്ഷം രൂപാ മുടക്കി 84 ലക്ഷം രൂപാ ലാഭമായിത്തന്നെ എടുത്തുകഴിഞ്ഞിട്ടുണ്ട്. അതുപോലെ "പാർമർലാറി" കമ്പനി 40 ലക്ഷം രൂപാ മുടക്കി 89 ലക്ഷം രൂപാ ലാഭം എടുത്തു. അതായത് 225 ശതമാനം. അതുപോലെ 'ഷോവാലസ്" കമ്പനി 109 ലക്ഷം രൂപാ മുടക്കി 111 ലക്ഷം രൂപാ നാലുകൊല്ലത്തിനകം ലാഭം എടുത്തു. ബ്രിട്ടീഷ് ഗവണ്മെൻറ് ഇവിടെ നിന്നും പോയി എങ്കിലും ഈ ഓൾഡ് ആർഡറിനു ഏതെങ്കിലും തരത്തിലും പ്രതിബന്ധം ഉണ്ടാകാത്തതരത്തിലുള്ള ഒരു സോഷ്യലിസം ആണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നാണ് സോഷ്യലിസത്തിൻെറ പേരിൽ പണ്ഡിററ് ജവഹരിലാൽ നെഹറു പറയുന്നത്.

സർ, അതുപോലെ തന്നെ ഇൻഡ്യൻ തോട്ടം ഉടമകളുടെ കണക്കു കൂടി പറയാം. നിരവധി കണക്കുകൾ എൻെറ കൈവശം ഉണ്ട്. അതെല്ലാം ഉദ്ധരിച്ച് ഈ സഭയുടെ സമയം നഷ്ടപ്പെടുത്തുവാൻ ഒരുങ്ങുന്നില്ല. ട്രാവൻകൂർ ടീ എസ്റ്റേററ് എന്ന പേരിൽ ....

<u>ശ്രീ. കെ. ബാലകൃഷ്ണൻ:</u> ഈ കണക്കുകൾ ഏതിൽ നിന്നും വായിക്കുകയാണ്?

<u>ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി:</u> ഇൻവെസ്റ്റേഴ്സ് എൻസൈക്ലോപീഡിയാ എന്ന പുസ്തകത്തിൽ നിന്നും. കോഠാരി ആൻഡ് സൺസ് പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. കോഠാരി ആൻഡ് സൺസ് കമ്മ്യൂണിസ്ററുകാരല്ല.

<u>ശ്രീ. ജോസഫ് ചാഴികാട്ട്:</u> കമ്മ്യൂണിസ്ററുകാർ തന്നെ ആയിരിക്കണമെന്ന് നിർബന്ധമുണ്ടോ, ഈ മാതിരി വിവരങ്ങൾ പ്രസിദ്ധം ചെയ്യുന്നതിന്.

<u>ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി:</u> സർ, ഞാൻ അതിനെ പക്ഷപാതപരമായ കണക്കുകൾ അല്ല എന്നു കാണിക്കുവാൻവേണ്ടി പറഞ്ഞെന്നേയുള്ളു. ട്രാവൻകൂർ ടീ എസ്റ്റേററ് കമ്പനിക്ക് 1·96 ലക്ഷം രൂപായെ ഷെയർ ക്യാപ്പിററലുള്ളു. പക്ഷെ ലാഭം 1947 മുതൽ 53 വരെ 7·65 ലക്ഷവും അതായത് 386 ശതമാനവും, അതുപോലെ തന്നെ പൊന്മുടി ടീ എസ്റ്റേററ് 99000 രൂപ മുടക്കിയിട്ട് 3.34 ലക്ഷം അതായത് 300 ശതമാനത്തിൽ കൂടുതലും കണ്ണൻദേവൻ കമ്പനിയിൽഷെയർക്യാപ്പിററൽ 13 ലക്ഷവും അതിനു നാലു കൊല്ലത്തിനകം 14·32 ലക്ഷം അതായത് 110 ശതമാനം ലാഭവും. ഈ തരത്തിലുള്ള സ്ഥാപിതതാല്പര്യങ്ങളെ പരിരക്ഷിച്ചുകൊണ്ടുള്ള ഒരു സോഷിലിസ്ററ പ്രഖ്യാപനത്തിൽ എന്തെങ്കിലും സോഷിലിസം ഉണ്ടോ എന്നു ഞങ്ങൾ സംശയിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. സോഷിലിസം എന്നു പറയുമ്പോൾ ഞങ്ങൾ ചില വസ്തുതകൾ വിഭാവനം ചെയ്യുന്നുണ്ട്. അതു് മറെറാന്നുമല്ല സർ,

ഈ രാജ്യത്തെ പൊതുജനങ്ങളുടെ വാങ്ങാനുള്ള കഴിവുകളെ വികസിപ്പിക്കുവാനുള്ള ഏതു നടപടിയേയും ഞങ്ങൾ സ്വാഗതം ചെയ്യും. അതിന് സോഷ്യലിസം എന്നു് ഒരുപക്ഷെ ഞങ്ങൾ പറഞ്ഞില്ലെങ്കിലും അതിനുള്ള ഏതു നടപടിയും ഞങ്ങൾ സ്വാഗതം ചെയ്യും. അങ്ങനെ വാങ്ങാനുള്ള കഴിവുകൾ വികസിപ്പിക്കുവാൻ വേണ്ടിയുള്ള എന്തെങ്കിലും ചെലവിനങ്ങൾ ഈ ബഡ്ജറ്റിൽ ഉണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ പിൻതുണ നിർല്ലോഭം നിങ്ങൾക്കു് ലഭിക്കുമായിരുന്നു.

അതുപോലെ തന്നെ ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ ക്രിയാത്മകമായ എന്തെങ്കിലും പദ്ധതികൾ നിങ്ങൾ ആസൂത്രണം ചെയ്തിരുന്നെങ്കിൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുമായിരുന്നു. ഈ രാജ്യത്തു് പുരോഗമനപരമായ ഒരു ഭൂനയം നടപ്പിലാക്കി കർഷകന്റെ വരുമാനം വികസിപ്പിക്കുവാൻ ഉതകുന്നതായ ഒരു നടപടി കൊണ്ടുവന്നിരുന്നെങ്കിൽ ഞങ്ങൾ നിങ്ങളെ അനുകൂലിക്കുവാൻ തയ്യാറാകുമായിരുന്നു. തീർച്ചയായും അതിനേയും ഞങ്ങൾ സ്വാഗതം ചെയ്യുമായിരുന്നു. ഈ വക പ്രശ്നങ്ങൾ ഒന്നും നിങ്ങൾ തൊട്ടിട്ടില്ല. എന്നു മാത്രമല്ലാ തൊടുവാൻ ആഗ്രഹിക്കുന്നുമില്ല എന്നു് പരോക്ഷമായി സമ്മതിക്കുക്കൂടി ചെയ്യുന്നതായി ബഹു: മുഖ്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് സ്പീച്ചിൽ നിന്നും മനസ്സിലാകുന്നു. ന്യായമായും ഇതു ഞങ്ങളെ അപമാനിക്കത്തക്ക രീതിയിലാണു് അദ്ദേഹം അദ്ദേഹത്തിന്റെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചതു്.

സർ, ഈ ബഡ്ജറ്റ് സാധാരണ ഗതിയിൽ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി പരിപാലനകരമായിരിക്കണമെന്നാണു് ഞങ്ങൾ വിശ്വസിക്കുന്നതു്. കൊല്ലംതോറും ഒരു ഡിഫിസിറ്റ് ബഡ്ജറ്റ് അവതരിപ്പിക്കുക, എന്നുള്ള സമ്പ്രദായം ഒരു പുരോഗമനപരമായ ബഡ്ജറ്റ് അവതരണ സമ്പ്രദായമാണെന്നു് ഞങ്ങൾ വിചാരിക്കുന്നില്ല. കാരണം ഒരു ജനാധിപത്യരാജ്യത്തിൽ നേഷൻ ബിൽഡിംഗ് പ്രസ്ഥാനങ്ങൾക്കു വേണ്ടി ഒരു ഡിഫിസിറ്റ് ബഡ്ജറ്റ് ആവശ്യമായി വരാം എന്നുള്ളതു് ഞങ്ങളും സമ്മതിക്കുന്നു. കൊല്ലംതോറും ഇങ്ങനെ തുടർച്ചയായി ഡിഫിസിറ്റ് ബഡ്ജറ്റ് അവതരിപ്പിക്കുക, ബഡ്ജറ്റ് വർഷം കഴിയുമ്പോൾ വലിയ ഒരു മിച്ചവും വരിക ഇതാണു് ഇവിടെ കണ്ടുവരുന്നതു്. അപ്പോൾ ഡിഫിസിറ്റ് ബഡ്ജറ്റ് അവതരണത്തിൽ വലിയ കള്ളത്തരമുണ്ടു് എന്നു പറയേണ്ടതായിട്ടുണ്ടു്. അതെന്താണു്? ഈ രാജ്യത്തെ ജനങ്ങളോടു് ഈ ഗവണ്മെന്റ വമ്പിച്ച ചില കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു എന്നു പ്രഖ്യാപിക്കുക, ആ പ്രതീക്ഷയിൽ ബഡ്ജറ്റ് വർഷത്തിന്റെ അവസാനം വരെ ജനങ്ങളെ അങ്ങനെ നിലനിറുത്തിക്കൊണ്ടു പോകുക ഒടുവിൽ ഒരു കാര്യവും ചെയ്യാതെ ബഡ്ജറ്റിൽ ഒരു വലിയ മിച്ചം ഉണ്ടാക്കുക, അടുത്ത വർഷവും ഇങ്ങനെ ഒരു ഡിഫിസിറ്റ് ബഡ്ജറ്റ് അവതരിപ്പിക്കുക ഇതാണു്.

സർ, ഡിഫിസിറ്റ് ബഡ്ജറ്റ് എന്നു പറയുകയാണെങ്കിൽ അതു് എല്ലാ സന്ദർഭങ്ങളിലും എല്ലാ കൊല്ലവും അംഗീകരിക്കാവുന്ന ഒരു ബഡ്ജറ്റ് അവതരണ സമ്പ്രദായമല്ല. ആ ബഡ്ജറ്റ് ശരിയല്ല. കാരണം ലോൺ ഫ്ളോട്ടു ചെയ്യുകയാണോ പുതിയ നികുതികൾ ഏർപ്പെടുത്തുകയാണോ നേഷൻബിൽഡിംഗ് സ്കീമിനു് വേണ്ടി നിങ്ങൾ ഇഷ്ട

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

പ്പെടുന്നതു് എന്നുചോദിച്ചും പുതിയ നികുതികൾ ഏപ്പെടുത്തുകയാണെങ്കിൽ പിൻതിരിപ്പനാണെന്നും പുതിയ നികുതികൾ ഏർപ്പെടുത്തുന്നില്ലെങ്കിൽ പുരോഗമനവാദികളാണെന്നും നിങ്ങൾ പറയുമെന്നു് പറഞ്ഞു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ പിൻഡെയൺ ചെയ്യാൻ ശ്രമിച്ചേയ്ക്കും. പുതിയനികുതി ഏർപ്പെടുത്തുന്നതിൽ എല്ലായ്പ്പോഴും ഞങ്ങൾ എതിർക്കുന്നവരല്ല. പക്ഷേ ഏതു വിഭാഗത്തിനാണു് ഈ പുതിയ നികുതി ഏർപ്പെടുത്തുന്നതു് എന്നുള്ളതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞങ്ങളും തമ്മിൽ സാരമായ അഭിപ്രായവ്യത്യാസമുണ്ടു്. അദ്ദേഹം അദ്ദേഹത്തിന്റെ ബഡ്ജററു് പ്രസംഗത്തിൽ വളരെ കരുതലോടുകൂടി പറയുകയുണ്ടായി. ഈ രാജ്യത്തെ ജനങ്ങൾക്കു് ആശ്വാസം നൽകണമെന്നും (നൽകാമെന്നുള്ള പ്രതീക്ഷയോടുകൂടി ആയിരിക്കാം) പുതിയ നികുതി ഒന്നും ഏർപ്പെടുത്തുവാൻ ഈ ഗവണ്മെൻറു് ഉദ്ദേശിക്കുന്നില്ല എന്നും. പക്ഷേ അതുകൊണ്ടു് മാത്രം ഈ ബഡ്ജററു് പുരോഗമനപരമായ ബഡ്ജററായിത്തീരുമോ എന്നു് ഞാൻ അദ്ദേഹത്തോടുതന്നെ ചോദിക്കുകയാണു്. ടാക്സിനത്തിലാണെങ്കിൽ ഡയറക്ട് ടാക്സ് എന്നും ഇൻഡയറക്ട് ടാക്സ് എന്നും രണ്ടു തരത്തിലുണ്ടു്. അദ്ദേഹം അതിനെ നിഷേധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. ഇങ്ങനെ പ്രത്യക്ഷനികുതിയും പരോക്ഷനികുതിയും തമ്മിലുള്ള അകൽച്ച നോക്കുമ്പോൾ താരതമ്യേന ഇതൊരു പുരോഗമനപരമായ ബഡ്ജററല്ല. ഇതൊരു പഴഞ്ചൻ ബഡ്ജററ തന്നെയാണു് എന്നു് ഈ ബഡ്ജററു് ഒന്നു പരിശോധിച്ചു നോക്കിയാൽ കാണാൻ കഴിയും എന്നുള്ള സംഗതി ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു. ഡയറക്ട് ടാക്സേഷൻ സംമ്പ്രദായത്തിൽ ഉന്നതതലത്തിലുള്ള ആളുകളെ ബാധിക്കുമ്പോൾ ഇൻഡയറക്ട് ടാക്സേഷൻ സമ്പ്രദായത്തിൽ ഏററവും താഴ്ന്ന നിലയിലുള്ള ആളുകളെയാണു് ബാധിക്കുന്നതു്. നമ്മുടെ ബഡ്ജററു് ഒന്നു് എടുത്തു പരിശോധിച്ചാൽ കാണാൻ കഴിയുന്നതു്, പ്രത്യക്ഷനികുതിയും പരോക്ഷനികുതിയും തമ്മിലുള്ള അകൽച്ച താരതമ്യേന വളരെ വമ്പിച്ചതാണു് എന്നു് ഇന്നു് താണ നിലവാരത്തിൽ ജീവിക്കുന്ന ആളുകൾക്കു് ഏററവും കൂടുതൽ നികുതി ഭാരം വഹിക്കേണ്ടിവരുന്നു. മൊത്തവരുമാനത്തിന്റെ ശതമാനം നോക്കുകയാണെങ്കിൽ അതാണു് ഏററവും കൂടുതൽ. ആ സംഗതികൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിഗണിക്കണമെന്നു് ഞാൻ അറിയിച്ചുകൊള്ളുന്നു.

ഇനി റിലാക്സേഷൻ ആഫ് ടാക്സിനെപ്പററി പറയുന്നപക്ഷം സാധാരണക്കാരായ ജനങ്ങൾക്കു് നികുതിയിൽ ഇളവുതന്നെ ഉണ്ടാക്കണം. അതേസമയം മറെറാരു വിഭാഗത്തിന്റെ (ഉന്നതതലത്തിൽ നിൽക്കുന്ന ആളുകളുടെ) നികുതി വദ്ധിപ്പിക്കുകയും വേണം. അതല്ലാതെ പുതിയ നികുതി ഒന്നും ഏർപ്പെടുത്തുന്നില്ല എന്നു പറഞ്ഞു് നിങ്ങൾ സാധാരണ ജനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുപകരം യഥാർത്ഥത്തിൽ, ഉന്നതതലത്തിലുള്ളവരെ സഹായിക്കുവാനാണു് ആഗ്രഹിക്കുന്നതു്. യഥാർത്ഥത്തിൽ ഇന്നു് പുതിയ നികുതി ഏപ്പെടുത്തിയില്ലെങ്കിൽ തന്നെയും നികുതിഭാരംകൊണ്ടു് നട്ടെല്ലുവളഞ്ഞു് മുതുകു് കുനിഞ്ഞിരിക്കുന്ന ഒരുപരിതഃസ്ഥിതിയിലാണു് ഇവിടത്തെ സാധാരണ ജനങ്ങൾ കഴിഞ്ഞുകൂടുന്നതു്. 'ഇപ്പോൾപുതിയ നികുതി ഒന്നും ഏർപ്പെടുത്തു

വാൻ ആഗ്രഹിക്കുന്നില്ല എന്നുള്ളതു് ഒരു പൊതുസത്യം മാത്രമാണു്. ഇതു് സത്യത്തെ മറച്ചുവയ്ക്കുവാനുള്ള വാചകങ്ങളാണു്. അങ്ങനെ പറഞ്ഞു് ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിക്കാമെന്നു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിചാരിക്കുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വശ്യവചസ്സുകൊണ്ടു് ഈ രാജ്യത്തെ ജനങ്ങളെ മുഴുവൻ പ്രസംഗത്തിൽ ആകർഷിക്കുവാൻ, എത്രയും വലിയ നാക്കുള്ള മുഖ്യമന്ത്രി! അങ്ങയുടെ ഈ കണക്കുകൂട്ടലുകൾ പരാജയപ്പെടാൻ പോകുകയാണു്. പക്ഷെ ഇങ്ങനെ പുതിയ നികുതികൾ ഏർപ്പെടുത്തിയിട്ടില്ല എന്നു് അവകാശവാദം മററു ചിലർ പറയുമ്പോൾ ചില കാര്യങ്ങൾ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

സർ, നമ്മുടെ ബഡ്ജററിൽ പറഞ്ഞിട്ടില്ലേ ബെററർമെൻറു് ലവി, വാട്ടർ ടാക്സ് ഇവ ഇനിയും ഏർപ്പെടുത്തുവാൻ പോകുന്നു എന്നു്. ബെററർമെൻറു് ലവിയും വാട്ടർ ടാക്സും ഏർപ്പെടുത്തുക എന്നു പറയുന്നതുകൊണ്ടു് ജനങ്ങളുടെ നികുതിഭാരം ഒന്നുകൂടി വർദ്ധിപ്പിക്കുവാൻ ഇതൊരു ഒന്നാംതരം സൂത്രമല്ലേ എന്നു് ഞങ്ങൾ ഭയപ്പെടുന്നതുകൊണ്ടു് പറയുകയാണു്. ബെററർമെൻറു് ലവി ഈടാക്കുകയാണെങ്കിൽ അതിനു വേണ്ടത്ര ക്രഡിററ്ഫെസിലിററീസ് ഗ്രാമപ്രദേശങ്ങളിൽ ഉണ്ടായിരിരിക്കണം. അങ്ങനെ ഗ്രാമപ്രദേശങ്ങളിൽ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിച്ചതിനുശേഷം അവരുടെ ജീവിതനിലവാരം ഉയർത്തിയതിനു ശേഷം അവരുടെ മേൽ ഈ ബെററർമെൻറു് ലവി ചുമത്തിയിരുന്നെങ്കിൽ ഞങ്ങൾ അതിനെ എതിർക്കുമായിരുന്നില്ല. ഈ പശ്ചാത്തലത്തിലും സാഹചര്യത്തിലും ഇങ്ങനെയുള്ള നികുതിഭാരം വർദ്ധിപ്പിക്കുന്നതോർക്കുമ്പോൾ നിങ്ങളുടെ സോഷ്യലിസത്തെപ്പററി ബുദ്ധിമാനായ മുഖ്യമന്ത്രി അങ്ങു് ഒരക്ഷരംപോലും ബഡ്ജററു് പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. ഇവിടെ സോഷ്യലിസത്തെപ്പററി നിങ്ങൾ വായ്താരി പാടിക്കൊണ്ടിരുന്നിട്ടും അങ്ങയുടെ ബഡ്ജററു് പ്രസംഗത്തിൽ സോഷ്യലിസം എന്ന ഒരു വാക്കു പോലും പറഞ്ഞു കാണാത്തതു് അങ്ങയെ അനുമോദിക്കുന്നതിനു് പര്യാപ്തമായ ഒരു വസ്തുതയാണു്. അതിനുള്ള സത്യസന്ധത അങ്ങു് ഒരിക്കലെങ്കിലും കാണിച്ചല്ലോ. അതിനു് അങ്ങയെ അനുമോദിക്കുകയാണു്. അങ്ങനെ ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങൾ എതെങ്കിലും തരത്തിൽ നികുതി കൊടുക്കാനുള്ള കഴിവുകൾ ഉണ്ടാക്കാതെ ഈ മാതിരി ബെററർമെൻറു് ലെവിയും, വാട്ടർടാക്സും ഏർപ്പെടുത്തിയാൽ തീർച്ചയായും അതിനെ ഞങ്ങൾക്കു് സ്വാഗതം ചെയ്യാൻ നിവൃത്തിയില്ല.

അതുപോലെതന്നെ അങ്ങു് അങ്ങയുടെ പ്രസംഗത്തിന്റെ ഒരു ഭാഗത്തു് പറഞ്ഞു ഒരു പുതിയ സമ്പ്രദായം സെയിൽസ് ടാക്സിനെ സംബന്ധിച്ചിടത്തോളം അങ്ങു് അവലംബിച്ചു എന്നു്. അതായതു് മൾട്ടി പായിൻറു് സെയിൽസ് ടാക്സ് അവസാനിപ്പിച്ചു് സിംഗിൾ പായിൻറാക്കിയെന്നും അതിൽ നിന്നുള്ള കൂടുതൽ വരവു് 15 ലക്ഷം രൂപയാണെന്നും. മൾട്ടി പായിൻറു് സെയിൽസ് ടാക്സ് അവസാനിപ്പിച്ചതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷെ 15 ലക്ഷം രൂപ കൂടുതലാണു് ഈ മൾട്ടി പായിൻറു് ടാക്സ് അബോളിഷ് ചെയ്തു് സിംഗിൾ പായിൻറു് ആക്കുന്നതിന്റെ ഫലം. അപ്പോൾ ഈ ടാക്സ് മൾട്ടി പായിൻറിൽ നിന്നും സിംഗിൾ പോയിൻറാക്കുന്നതിൽ എന്തെങ്കിലും ഗുണം ഇല്ലെന്നും അതു് ഉപഭോക്താക്കളെ ബാധിക്കുന്നതാണെന്നും നാം മനസ്സിലാക്കണം.

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

സർ, മറെറാരു കാര്യത്തെക്കുറിച്ചു് എനിക്കു പറയുവാനുള്ളതു് നമ്മുടെ ഈ ബഡ്ജററിൽ കണ്ട കാഴ്ചപ്പാടിനെ സംബന്ധിച്ചാണു്. അതായതു് ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഇൻഡസ്ട്രിയലൈസ് ചെയ്യുക എന്നു് അങ്ങയുടെ സംഘടനയിൽപ്പെട്ടവരും വായ്ത്താരിപാടിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഒരു വാസ്തവം ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ശ്രീ. ഗുൽസാരിലാൽ നന്ദാ അദ്ദേഹത്തിന്റെ ഒരു സ്റ്റേററുമെൻറിൽ പറയുകയാണു്:

> "On the one hand there was the complaint that the country did not produce enough consumption goods. But when they increased production—and they took credit for it—they were suddenly faced with accumulation of stocks."

എന്താണു് ഈ പറയുന്നതിന്റെ അർത്ഥം? ഉൽപ്പാദനം വർദ്ധിപ്പിക്കണം എന്നു നിങ്ങൾ വായ്ത്താരി പാടുന്ന സന്ദർഭത്തിൽ കേന്ദ്രപ്ലാനിംഗ്മന്ത്രി പറയുന്നതെന്താണെന്നു നിങ്ങൾ മനസ്സിലാക്കണം. ഈ സ്റ്റാക്കു് അക്കുമുലേഷനു് ഒരു പോംവഴി കാണണമെങ്കിൽ ഇൻറേർണൽ മാർക്കററുകൾ വികസിപ്പിക്കണം. അതിനു വേണ്ടത്ര പരിശ്രമങ്ങൾ ചെയ്യണം. ആ വഴികളിൽക്കൂടിയല്ലാതെ ഇവിടത്തെ സാമ്പത്തികഭദ്രത കൈവരുത്തുവാൻ സാധിക്കുമെന്നു ബുദ്ധിയുള്ള സാമ്പത്തികവിദഗ്ദ്ധന്മാർ ആരും തന്നെ വിശ്വസിക്കുമെന്നു എനിക്കു തോന്നുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുയായികളിൽ പലരും ബുദ്ധിമാന്മാരായ ആളുകൾ ഉണ്ടെന്നും അവർക്കു സൌജന്യങ്ങൾ കിട്ടുമെന്നും വിശ്വസിക്കുന്നവരാണു് ഞങ്ങൾ.

സർ, മറെറാരു വസ്തുത, ഇന്നു നാട്ടിൻപുറങ്ങളിലെ രംഗം എന്താണെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി! അങ്ങുന്നന്വേഷിക്കണം. അങ്ങു് ബഡ്ജററു പ്രസംഗം ചെയ്യുന്ന സന്ദർഭമാണെങ്കിലും കൊള്ളാം, നിയമസഭാമെംബർമാർക്കു കത്തുകൾ എഴുതുമ്പോഴാണെങ്കിലും കൊള്ളാം മറേറതെങ്കിലും പ്രസ്താവനചെയ്യുമ്പോഴാണെങ്കിലും കൊള്ളാം. ഞാൻ അതേപ്പററി പരിഹസിക്കുകയല്ല. പക്ഷെ അതിലെല്ലാം സത്യസന്ധത വേണമെന്നുമാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു. സർ, ഇന്നു നാട്ടിൻപുറത്തു സാമ്പത്തികത്തകർച്ചയുണ്ടു്. മരച്ചീനിയുടെ വില ഇടിഞ്ഞു. അതിനു അടിയന്തിരമായി നടപടികൾ എടുത്തിട്ടുണ്ടെന്നു് അങ്ങു് അങ്ങയുടെ ബഡ്ജററു പ്രസംഗത്തിലും എടുത്തു പറഞ്ഞിട്ടുണ്ടു്. ബഡ്ജററു പ്രസംഗത്തിൽ ഒരു ഭാഗത്തു പറഞ്ഞിട്ടുണ്ടു്, ജീവിതച്ചെലവിന്റെ ഇൻഡക്സ് അല്പം താഴോട്ടുപോയിട്ടുണ്ടു്, എന്നു്. അതു് ഈ നാട്ടിലെ ജനങ്ങൾക്കു ഒരു ആശ്വാസത്തിനുവേണ്ടി കാണിക്കുകയാണു്. ജീവിതച്ചെലവിന്റെ തോതു് ഇത്രത്തോളം താഴോട്ടുവരാനുള്ള കാരണം ഉൽപ്പാദനങ്ങളുടെ വിലയിടിവുകൊണ്ടാണെന്നുംകൂടി അങ്ങു് പരിഗണനയിൽ എടുത്തിരുന്നു എങ്കിൽ ജീവിതച്ചെലവിന്റെ തോതിടിഞ്ഞതുകൊണ്ടു് യഥാർത്ഥത്തിൽ യാതൊരാശ്വാസവും പാവപ്പെട്ട ആളുകൾക്കു് സമ്പാദിച്ചുകൊടുത്തിട്ടില്ല എന്നുള്ള നിഗമനത്തിലാണു് ചെന്നെത്തുന്നതെന്നുമാണു് എനിക്കു പറയാനുള്ളതു്.

സർ, ഇത്തരത്തിൽ അങ്ങേയററം അധഃപതിച്ച ഒരവസ്ഥ നാട്ടിൻപുറങ്ങളിൽ ഉണ്ടെന്നുള്ള വസ്തുത മനസ്സിലാക്കി അവിടെയുള്ള കൃഷിക്കാർക്കു് വേണ്ടത്ര ഫെസിലിററീസ് കൊടുത്തു് ഇന്നുള്ള ഋണബാദ്ധ്യതയ്ക്കു് ആശ്വാസം ലഭിക്കത്തക്കവ്യവസ്ഥകളെല്ലാം ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചു

കൊണ്ടാണ് അങ്ങ് മുമ്പോട്ടു വന്നിരുന്നതെങ്കിൽ, നിശ്ചയമായും ബുദ്ധിമാനായ ഒരു ഫിനാൻസ് മിനിസ്റ്റർ എന്നുള്ള ഒരു പരിഗണന അങ്ങേയ്ക്കു ലഭിക്കുമായിരുന്നു. എന്നാൽ ബഡ്ജററിന്റെ നില അതല്ല. ഞങ്ങൾക്ക് ബുദ്ധിമാനും രാജ്യസ്നേഹിയുമായ ഒരു ഫിനാൻസു മിനിസ്റ്ററെയാണ് കിട്ടിയിരിക്കുന്നതെന്നാശ്വസിക്കുവാനും അഭിമാനിക്കുവാനും ഉള്ള യാതൊരു പഴുതും ഫിനാൻസു മിനിസ്റ്ററുടെ ബഡ്ജററു പ്രസംഗത്തിൽ കാണുന്നില്ല. അതിൽ ഞങ്ങൾക്ക് ഖേദമുണ്ട്; പരാതിയുണ്ട്.

സർ, ഫിനാൻസു മിനിസ്റ്റർ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിൽ മുൻകൊല്ലങ്ങളിലെപ്പോലെ ചില സംഖ്യകൾ അങ്ങുനിന്നും ഇങ്ങുനിന്നും പെറുക്കിയെടുത്ത് കുറെ കള്ളികളിൽ ഇട്ടു എന്നല്ലാതെ പിന്നെ എന്താണുള്ളത്? ഒരു കള്ളിയിൽ ഉള്ള സംഖ്യ അവിടെ നിന്നും എടുത്തു മറെറാരു കള്ളിയിലേയ്ക്കു്. മാററിയും, മറിച്ചും, കൂട്ടിയും. കുറച്ചും ഇട്ടു കാണിച്ചതിനുശേഷം അവസാനം പഞ്ചവത്സര പദ്ധതിയെപ്പററി പറഞ്ഞുകൊണ്ട് അദ്ദേഹം പ്രസംഗം അവസാനിപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്. എല്ലാത്തിനും പഞ്ചവത്സരപദ്ധതിയുണ്ട്, പ്ലാനിംഗ് ഉണ്ട് എന്ന സമാധാനമല്ലാതെ അദ്ദേഹത്തിനു മറെറാന്നും പറയാനില്ല. ഞങ്ങൾക്കതിൽ പരാതിയില്ല. പക്ഷെ, അങ്ങയുടെ പ്ലാനിംഗ് എന്നു പറയുന്നതിന്റെ പ്രവണതകൾ കേന്ദ്രഗവണ്മെൻറിന്റെ ബഡ്ജററുമുതൽ ഈ സ്റ്റേററിന്റെ ബഡ്ജററുവരെ ഉള്ള പ്ലാനിംഗ് റിപ്പോർട്ടുകൾ മുഴുവൻ പരിശോധിച്ചാൽ മനസ്സിലാക്കുവാൻ കഴിയും. ആ റിപ്പോർട്ടുകളെപ്പററി അങ്ങു വിശ്വസിക്കുന്ന ആളുകളിൽത്തന്നെ പലരും പ്രസ്താവിച്ചിട്ടുണ്ട്. അവയിൽ ചിലതു് ഈ സഭാതലത്തിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. അവയിലൊന്നാണ് ഗുൽസാരിലാൽ നന്ദായുടെ മുൻ ഉദ്ധരിച്ച പ്രസ്താവന.

കൂടാതെ, ഇന്ന് കേന്ദ്രത്തിലെ ലേബർമന്ത്രിയായിരിക്കുന്ന ശ്രീ. ഖണ്ഡുബായിദേശായി ചെയ്തിരിക്കുന്ന ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു. ടെക്സ്റ്റൈൽസിനെപ്പററിയാണ് അദ്ദേഹം പറയുന്നതു്.

"The industry, in equity, morality, and even on economic grounds belongs to the nation which was made necessarily to pay much more than the total value of these 420 mills, which in fairness, should be now transferred to the State without compensation".

ഇതു് ഞങ്ങൾ, കമ്മ്യൂണിസ്ററുകാർ പറയുന്നതല്ല. പ്രൈവററ് പ്രോപ്പർട്ടി ഇല്ലാതാക്കണമെന്നു പറയുന്ന ഞങ്ങളല്ല ഈ പ്രസ്താവന ചെയ്തിരിക്കുന്നതു്. നിങ്ങളുടെ കേന്ദ്രഗവണ്മെൻറിലെ ഒരു മന്ത്രി സാക്ഷാൽ കോൺഗ്രസ്സിന്റെ തലതൊട്ടപ്പനായ ഒരാളിന്റെ പ്രസ്താവനയാണ് ഇതു്.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഒരു പായിൻറ് ആഫ് ആർഡർ. ബഡ്ജററിനെപ്പററിയുള്ള ഈ വിമർശനപ്രസംഗം മൂന്നു ദിവസങ്ങളിലാണല്ലോ നടക്കുന്നതു്. പ്രസംഗം ചെയ്യുവാൻ പല മെംബറന്മാരും ആഗ്രഹിക്കുന്നുണ്ട്. ഒരു മെംബർ ഇപ്പോൾതന്നെ 45 മിനിട്ട് എടുത്തിരിക്കുന്നു. അതുകൊണ്ട് ഓരോ വ്യക്തിക്കും ഇത്ര മിനിട്ട് എന്നാണോ അതോ ഓരോ പാർട്ടിക്കും ഇത്ര സമയമെന്നാണോ നിശ്ചയിച്ചിരിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : ഞാൻ ഇക്കാര്യത്തെപ്പററി പാർട്ടിനേതാക്കന്മാരുമായി സംസാരിച്ചിട്ടുണ്ടു്. ഓരോ പാർട്ടിക്കും ഇത്ര സമയം എന്നാണനുവദിച്ചിരിക്കുന്നതു്. ഒരു മെംബർ കൂടുതൽ സമയമെടുത്താൽ അത്രയും സമയം ആ പാർട്ടിക്കു നഷ്ടപ്പെടുന്നതാണു്.

ശ്രീ. എൻ. നാരായണക്കുറുപ്പു് : ഓരോ പാർട്ടിക്കും എത്ര സമയമാണു് അനുവദിച്ചുകൊടുത്തിട്ടുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : ഇന്നു് നാലു മണിക്കൂറാണു് ഇതിലേക്കുള്ളതു്. രണ്ടു മണിക്കൂർ കാംഗ്രസ്സുപാർട്ടിക്കും ബാക്കി രണ്ടു മണിക്കൂർ പ്രതിപക്ഷങ്ങൾക്കും ആയി അനുവദിക്കും.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : സർ, ഫിനാൻസ് മിനിസ്റ്ററുടെ നയപ്രഖ്യാപനം എന്ന നിലയിൽ ബഡ്ജററുപ്രസംഗം ചികഞ്ഞു നോക്കിയാൽ ഞാൻ മുമ്പു പറഞ്ഞ വസ്തുത തെളിഞ്ഞുകാണാൻ കഴിയും. ഇവിടെ തൊഴിലില്ലായ്മ വളരെ ഗുരുതരമായ ഒരു വസ്തുതയാണെന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം പറയുന്നതു് ഇങ്ങനെയാണു്.

"A lasting solution to the problem of unemployment could be achieved only by a planned development of cottage and small scale industries. The team of experts sponsored by the Ford Foundation has declared that the future of India lies in the development of small scale industries. Government largely agree with this view".

സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ പ്രസ്താവന വായിച്ചപ്പോൾ, സത്യം പറഞ്ഞാൽ, എനിക്കു് വളരെ ഖേദമാണുണ്ടായതു്. അവസരത്തിലും അനവസരത്തിലും സ്ഥാനത്തും അസ്ഥാനത്തും ഞങ്ങളെപ്പോലെയുള്ള ആളുകളെ വിദേശീയഏജൻറന്മാരെന്നു മുദ്രയടിക്കാൻ യാതൊരു മടിയും കാണിക്കാത്ത, (കമ്മ്യൂണിസ്ററുപാർട്ടിയും അനുയായികളും സോവിയററു് ഏജൻറന്മാരാണെന്നു പറയുന്നതു് ഞങ്ങളുടെ ചെവികൊണ്ടു കേട്ടിട്ടുള്ളതാണു്), ഒരു പാർട്ടിയുടെ മുഖ്യമന്ത്രി പറയുകയാണു്, ഈ രാജ്യത്തു ബുദ്ധിയുള്ള മനുഷ്യരോടു് പറയുകയാണു്, തൊഴിലില്ലായ്മ പരിഹരിക്കുവാൻ സ്മാൾ സ്കെയിൽ കാട്ടേജ് ഇൻഡസ്ട്രീസിൻെറ വികസനമാണു് വേണ്ടതെന്നു്. ഫോർഡ് ഫൗണ്ടേഷൻ എക്സ്പെർട്ടു് അങ്ങനെ പറഞ്ഞിട്ടുണ്ടുപോലും. അതിനോടു് ഈ ഗവണ്മെൻറും മുഖ്യമന്ത്രിയും യോജിക്കുകയും ചെയ്യുന്നു. സർ, നമ്മുടെ മുഖ്യമന്ത്രി അദ്ദേഹത്തിൻെറ നേതാവായ പണ്ഡിററു് ജവഹരിലാൽ നെഹറുവിൻെറ ഒരു അനുയായിയാണോ എന്നു ഞാൻ ചോദിക്കുന്നു. പണ്ഡിററു് ജവഹരിലാൽ നെഹറു രണ്ടു ദിവസങ്ങൾക്കു മുൻപു് ചെയ്ത ഒരു പ്രസ്താവനയിൽ പറയുകയുണ്ടായി തൊഴിലില്ലായ്മയുടെ പരിഹാരത്തിനു മൗലികമായി ആശ്രയിക്കേണ്ടതു് ഹെവി ഇൻഡസ്ട്രീസിനെ ആണെന്നു്. എന്നിട്ടും തിരുവിതാംകൂർ-കൊച്ചിയിലെ മുഖ്യമന്ത്രി ലജ്ജയില്ലാതെ പറയുന്നതു്, തൊഴിലില്ലായ്മയുടെ പരിഹാരത്തിനാവശ്യമായി വേണ്ടതു് സ്മാൾ സ്കെയിൽ കാട്ടേജ് ഇൻഡസ്ട്രിയുടെ വികസനം ആണെന്നാണു്. നമ്മുടെ മുഖ്യമന്ത്രി ഒരു തനി അമേരിക്കൻ ഏജൻറാണെന്നു പ്രഖ്യാപിക്കുവാൻ ഞാൻ മടിക്കുന്നില്ല. ഞങ്ങൾ സോവിയററു് ഏജൻറാണെന്നു പറയുമ്പോൾ അല്ലെന്നു പറയുകയും നേരെ മറിച്ചു് മുഖ്യമന്ത്രിയും കൂട്ടരും തനി

അമേരിക്കൻ ഏജൻറന്മാരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുവാൻ എന്നെപ്പോലെയുള്ളവർക്ക് ശങ്കിക്കേണ്ട കാര്യമില്ല.

പണ്ഡിററ് ജവഹർലാൽ നെഹറുവിൻെറ സാമാന്യബുദ്ധിയും സമാധാനകാംക്ഷയും നമ്മുടെ മുഖ്യമന്ത്രിക്കില്ല. അതുകൊണ്ട് അദ്ദേഹത്തെയും അദ്ദേഹത്തിൻെറ അനുയായികളേയും തനി അമേരിക്കൻ ഏജൻറന്മാരെന്നു ഞങ്ങൾ വിളിക്കുന്നു. ഞങ്ങൾ സോവിയററ് ഏജൻറന്മാരല്ല. അതെന്നു തെളിയിക്കാൻ ഞാൻ മുഖ്യമന്ത്രിയെ വെല്ലുവിളിക്കുന്നു. ഇതിലേക്ക് കൂടുതൽ കടക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും ഇന്നത്തെ സാമ്പത്തികനിലയെ അഭിവൃദ്ധിപ്പെടുത്തുവാൻ ക്രിയാത്മകമായ ഏതെങ്കിലും പദ്ധതികൾകൊണ്ടല്ലാതെ തൊഴിലില്ലായ്മയ്ക്കു പരിഹാരം ഉണ്ടാകുന്നതല്ല.

എന്തു പറഞ്ഞാലും ഒരു പഞ്ചവത്സരപദ്ധതിയുണ്ട്. ഈ പഞ്ചവത്സരപദ്ധതിയുടെ കഴിഞ്ഞ കൊല്ലത്തെ നേട്ടങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അതിലേക്ക് കഴിഞ്ഞ കൊല്ലം എത്രമാത്രം സംഖ്യ ചെലവാക്കിയെന്നും അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അടുത്ത കൊല്ലം, ഇതുവരെ ചെലവാക്കിയിട്ടുള്ള തുകയേക്കാൾ ഭീമമായ ഒരു തുക, ഏകദേശം പത്തുകോടി രൂപയോളം ചെലവാക്കാൻ വിചാരിക്കുന്നതായും അതിൽ പറയുന്നുണ്ട്. സർ, ഈ പത്തുകോടി രൂപ നമ്മുടെ മുഖ്യമന്ത്രി ഈ ഒരു കൊല്ലംകൊണ്ട് എങ്ങനെ ചെലവാക്കാൻ പോകുന്നുവെന്ന്, അങ്ങ് അദ്ദേഹത്തോട് ചോദിച്ച് ഞങ്ങളെ അറിയിച്ചാൽ കൊള്ളാം. നാലു കൊല്ലം കുതിമറിഞ്ഞതിനുശേഷം ചെലവാക്കാൻ കഴിഞ്ഞതു് പത്തൊൻപതു കോടി രൂപ മാത്രമാണ്. അതും മുക്കാൽ പങ്കും പലവിധത്തിലുള്ള മോഷണം നടന്നതിനുശേഷമാണ്. ആ നിലയ്ക്കു അടുത്ത കൊല്ലം പത്തുകോടി രൂപ ചെലവാക്കാനുദ്ദേശിക്കുന്നു എന്നു പറയുമ്പോൾ അതിൽ നിന്നും ഉദ്ദേശിക്കേണ്ടതു് അതിലെ ഒൻപതു കോടി രൂപയും മോഷ്ടിക്കാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തുകൊണ്ടു വരുന്നു എന്നല്ലേ? മററുള്ളവരുടെ അവകാശങ്ങളെ അവഗണിച്ചുകൊണ്ട് ഈ വിധത്തിൽ അധികാരത്തിൽ മുറുകെ പിടിച്ചുകൊണ്ടിരിക്കുവാൻ ആഗ്രഹിക്കുന്നതിൻെറ പിന്നിലുള്ള ഉദ്ദേശം ഇതല്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

ഇനിയും വളരെ കാര്യങ്ങൾ പറയാനുണ്ടെങ്കിലും ലാൻറ്പാളിസി, എഡ്യുക്കേഷൻ, ലേബർ എന്നീ പ്രശ്നങ്ങളെപ്പററി അല്പം ചിലതു് പറയണമെന്നേ വിചാരിക്കുന്നുള്ളു. ലാൻറ്പാളിസിയെ സംബന്ധിച്ച്, നിലവിലുള്ള നിയമങ്ങൾക്ക് മൗലികമായി മാററങ്ങൾ വരുത്തി ചില നിയമങ്ങൾ നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിൽ 50 രൂപ മുതൽ 150 രൂപവരെയും 35 രൂപ മുതൽ 80 രൂപവരെയും ഉള്ള സ്കെയിലുകൾ ഏർപ്പെടുത്തിയിരിക്കുന്നുവെന്നും അതു് വളരെ അഭിവൃദ്ധികരമായ ഒരു ഏർപ്പാടാണെന്നും പറയുന്നു. ലേബർരംഗത്തെപ്പററി പറയുമ്പോൾ ഒരുപക്ഷേ വികാരതീവ്രത കാണുന്നുവെങ്കിൽ സർ, അങ്ങ് ക്ഷമിക്കണം. വളരെയധികം ഹൃദയവേദനയോടുകൂടി രോഷത്തോടുകൂടി മാത്രമേ ഗവണ്മെൻറിൻെറ ലേബർ പാളിസിയെപ്പററി പറയാൻ ഒക്കുകയുള്ളു. ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെൻറ് വളരെയധികം കാര്യങ്ങൾ, കൺസിലിയേഷനും മററുമായി ചെയ്തിട്ടുണ്ടെന്നു ഗവണ്മെൻറ് അവകാശപ്പെടുന്നു. അതു് തെററാണ്,

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

ഈ ഗവണ്മെന്റ് എന്നധികാരത്തിൽ വന്നോ, അന്നുമുതൽ തൊഴിലാളികളോടുള്ള നയം അങ്ങേയററം പ്രതിഷേധാർഹവും മുതലാളിത്തപക്ഷപാതകരമായിട്ടുള്ളതുമാണ്. ഞങ്ങൾ ആരോടുമുള്ള വിരോധംകൊണ്ട് ഇതു പറയുന്നതല്ല. എന്നാൽ ഗവണ്മെന്റിന്റെ തൊഴിലാളിനയത്തിൽ ഉടനീളം കാണുന്നതു് മനുഷ്യത്വമില്ലായ്മയാണ്. ഫിനാൻസ് മിനിസ്റ്ററിന്റെ ബഡ്ജററുപ്രസംഗത്തിലുള്ള ഒരു സ്റ്റേററുമെന്റുതന്നെ ഇതിനു ഉദാഹരണമായി കാണിക്കാവുന്നതാണ്. ആ പ്രസംഗത്തിൽ തന്നെ 13-ാം പേജിൽ ഒന്നാമത്തെ പാരഗ്രാഫിന്റെ അവസാന ഭാഗം ഞാൻ വായിക്കാം.

"May I Sir, avail myself of this occasion to make an earnest appeal to all sections of the House and through them to the people of the State to create within the State an atmosphere of industrial peace and harmony so that enterprising industrialists who might be interested in investing their capital within the State may not be frightened away by fear of frequent strikes and lock-outs. This is very necessary particularly today, on the eve of the inauguration of the Second Five Year Plan with greater emphasis on industries".

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത്രയും പറഞ്ഞ കൂട്ടത്തിൽ മുതലാളിമാരെപ്പററി ഒരു വാക്കുപോലും പറഞ്ഞിട്ടില്ലെന്നുള്ളതു് പ്രത്യേകം ഓർക്കേണ്ടതാണ്. അനാവശ്യമായ പിരിച്ചുവിടൽ ശാന്തിസേനയെക്കൊണ്ട് തൊഴിലാളികളുടെ നേരെ ആക്രമണം ഈ വക കാര്യങ്ങളെപ്പററി ഒരക്ഷരംപോലും പറയുവാൻ മുഖ്യമന്ത്രി തുനിയുന്നില്ല. ഇങ്ങനെയൊന്നും നടക്കുന്നില്ലെന്നായിരിക്കാം മുഖ്യമന്ത്രിക്കും തൊഴിൽമന്ത്രിക്കും പറയുവാനുള്ളതു്.

പക്ഷെ ഈശ്വരനോടു ഉത്തരവാദിത്വം അങ്ങേക്കില്ലെ എന്നാണു ഞാൻ ചോദിക്കുന്നതു്?

(ഹാളിൽ ചിരി)

അങ്ങയുടെ കുഞ്ഞുകുട്ടികളോടും അങ്ങേയ്ക്കു ഉത്തരവാദിത്വമില്ലേ? ജാൺ സാറിനോടാണെങ്കിൽ കുഞ്ഞുകുട്ടികൾ എന്ന വാക്കു ഞാൻ ഉപയോഗിക്കുന്നില്ല. ഏതായാലും ഈ രാജ്യത്തെ തൊഴിലാളികൾ ഇങ്ങനെ ഇഞ്ചിഞ്ചായി മരിക്കുന്നതു അല്ലെങ്കിൽ മരിച്ചുജീവിക്കുന്നതു അങ്ങേയ്ക്കു അറിവില്ലെന്നാണോ അങ്ങു പറയുന്നതു്? മനസ്സാക്ഷി എന്നൊന്നു അങ്ങയിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അങ്ങ് ഇതു പറയുകയില്ല. മുഖ്യമന്ത്രി, അങ്ങ് സത്യം പറയുകയാണെങ്കിൽ രക്തം പുരണ്ട കൈകളോടുകൂടിയല്ലേ അങ്ങ് ഇവിടെ ഇരിക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു. രക്തം പുരണ്ട കൈകളോടുകൂടിയാണു അങ്ങ് ഇവിടെ ഇരിക്കുന്നതു്. ജാൺ സാറും അതുപോലെതന്നെ. അല്ലെന്നു പറയുകയാണെങ്കിൽ അതു സത്യമല്ല. അങ്ങനെ ഈ രാജ്യത്തിലെ അവരവരുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്ന കർഷകനേയും കർഷകതൊഴിലാളികളേയും ഉപദ്രവിക്കുന്നതു അല്ലെങ്കിൽ അവരുടെ എല്ലൊടിക്കുന്നതു് അങ്ങ് അറിയുന്നില്ലെന്നു പറയുന്നതോടുകൂടി ലാക്കൌട്ടില്ലാതാക്കണമെന്നു പറയുന്നതു് തൊഴിലാളികളോടായിട്ടാണ്. നേരെമറിച്ചു മുതലാളികളോടായി

എന്തെങ്കിലും ഒരു ഖണ്ഡിക പറഞ്ഞിരുന്നുവെങ്കിൽ ഞങ്ങൾക്ക് ഇത്ര നിരാശ തോന്നുകയില്ലായിരുന്നു. മിനിമം വേജസ് നടപ്പാക്കാതിരിക്കുകയോ തൊഴിൽ ശാല അടച്ചിടുകയോ ചെയ്താൽ ആവശ്യമുള്ള നടപടി സ്വീകരിക്കുമെന്നു അങ്ങ് അവരോടു പറഞ്ഞിരുന്നുവെങ്കിൽ അങ്ങയുടെ പ്രസ്താവനയിൽ അല്പം എങ്കിലും ആത്മാർത്ഥതയുണ്ടെന്നു ഞങ്ങൾക്കു വിശ്വസിക്കാമായിരുന്നു. പക്ഷെ അതൊന്നും കണ്ടില്ല. അതുപോലെതന്നെ മററു രംഗങ്ങളിലും അതായതു രാഷ്ട്രീയത്തടവുകാരെ വിടുന്ന കാര്യത്തിലും മററും ഒരു പിൻതിരിപ്പൻ മനോഭാവമാണു അങ്ങ് എടുത്തിരിക്കുന്നതു്. അതിനാൽ രാജ്യത്തിൽ സോഷ്യലിസം അവതരിപ്പിക്കുകയോ ഇപ്പോഴത്തെ വ്യവസ്ഥിതിക്കു വിപ്ലവകരമായ മറെറന്തെങ്കിലും വ്യതിയാനം വരുത്തുകയോ ചെയ്യുമെന്നു് അങ്ങ് ഉദ്ദേശിക്കുന്നതായി ഞങ്ങൾക്കു തോന്നുന്നില്ല. ഒന്നുവേണമെങ്കിൽ അങ്ങേയ്ക്കു ചെയ്യാമായിരുന്നു. അതായതു ഈ രാജ്യത്തെ സാധാരണക്കാരന്റെ മൗലികമായ അവകാശങ്ങൾക്കുള്ളതും, ഭരണഘടന അനുശാസിക്കുന്നതും അനുവദിക്കുന്നതുമായ പ്രാഥമിക പൗരാവകാശങ്ങൾ അങ്ങ് സംരക്ഷിച്ചുകൊടുത്തെങ്കിലും മതിയായിരുന്നു. അതൊന്നും ചെയ്യുന്നില്ലെന്നു മാത്രമല്ല അങ്ങയുടെ ഈ കള്ളത്തരങ്ങൾ ഈ രാജ്യത്തെ ജനങ്ങൾ മനസ്സിലാക്കിയിട്ടില്ലെന്നുകൂടി അങ്ങു വിചാരിക്കുന്നു. ചരിത്രത്തിന്റെ വിധിയെഴുത്തിൽ മാററം വരുത്തുവാൻ അങ്ങേക്കു് സാദ്ധ്യമല്ല. അങ്ങ് സുന്ദരമായ ഒരു ലോകത്തിൽ ഉറങ്ങുകയായിരിക്കാം. അതിൽനിന്നും അങ്ങയെ ഒന്നു വിളിച്ചുണർത്താനാണു ഞങ്ങൾ ആഗ്രഹിക്കുന്നതു്. ജനവഞ്ചകന്മാർക്കു ഒരു ശിക്ഷ വിധിച്ചിട്ടുണ്ടു്. അതു ചരിത്രം പരിശോധിച്ചുനോക്കിയാൽ അങ്ങേക്കും മനസ്സിലാക്കുവാൻ സാധിക്കും. അതുകൊണ്ടു് ഇനിയും ജനവഞ്ചനക്കു് ഒരുമ്പെടാതെ നല്ല കാര്യങ്ങൾ ചെയ്യുവാൻ അങ്ങ് തയ്യാറാകുമെങ്കിൽ ഞങ്ങളുടെ പാർട്ടിയുടെ പൂർണ്ണമായ സഹകരണം അങ്ങേയ്ക്കു സുലഭമായി ലഭിക്കുന്നതാണു്.

<u>ശ്രീ. എൻ. കെ. കുമാരൻ</u>: സർ, ഒരു ദീർഘകാല ദൃഷ്ടിയോടുകൂടി, ചില ആദർശങ്ങളും, പദ്ധതികളും മുൻനിർത്തിക്കൊണ്ടു, കമ്മിയാണെങ്കിലും ഭാവനയോടുകൂടി ഒരു ബഡ്ജററു അവതരിപ്പിച്ചതിൽ ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അനുമോദിക്കുന്നു. തന്റെ ബഡ്ജററു് പ്രസംഗത്തിൽ ഒന്നാം പഞ്ചവത്സരപദ്ധതിയെക്കുറിച്ചും അതിന്റെ അവസാനഘട്ടമായ അടുത്തകൊല്ലത്തോടുകൂടി പരിപൂർണ്ണമായും അതു നടപ്പാക്കണമെന്ന ഒരു ദൃഢനിശ്ചയവും ഉന്നയിച്ചുകാണുന്നുണ്ടു്. അതിനു നാളതുവരെ ചെലവാക്കിയിട്ടുള്ള പണത്തിന്റെ അതായതു കഴിഞ്ഞ നാലുകൊല്ലംകൊണ്ടു ചെലവാക്കിയിട്ടുള്ള തുകയുടെ ഏതാണ്ടു പകുതിയിലധികം വരുന്ന 10.20 കോടി ഉറപ്പികയാണു് അടുത്തകൊല്ലത്തെയ്ക്കു വകയിരുത്തിയിട്ടുള്ളതു്. എന്നാൽ പ്രതിപക്ഷത്തുനിന്നും ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ പരിശോധിക്കുകയാണെങ്കിൽ കഴിഞ്ഞ നാലു കൊല്ലങ്ങളായി ചെലവാക്കിക്കൊണ്ടിരുന്ന പണത്തിന്റെ തോതനുസരിച്ചു നോക്കുമ്പോൾ അതിൽനിന്നും തീരെ വിഭിന്നമായ രീതിയിൽ എങ്ങനെയാണു് ബഡ്ജററു വർഷത്തിൽ ഇത്രയധികം പണം ചെലവാക്കുക എന്ന സംശയം ഉന്നയിച്ചതായി കാണാം. പഞ്ചവത്സരപദ്ധതി വിജയിപ്പിക്കേണ്ടതു ഈ ഗവണ്മെൻറിന്റെ കടമയാണു്. അതിന്റെ വിജയത്തിനായി എന്തു ത്യാഗവും സഹിക്കുന്നതിനു ഗവണ്മെൻറും ജനങ്ങളും തയ്യാറാവേണ്ടതാണെന്ന കാര്യത്തിലും സംശയമില്ല. ഈ പദ്ധതികൾക്കുവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള

[ശ്രീ. എൻ. കെ. കുമാരൻ]

ഇനങ്ങൾ ഒരു വർഷംകൊണ്ടുതന്നെ ചിലവുചെയ്തു തീർക്കുവാൻ സാധിക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടു്. അതായതു് അതിനു വേണ്ട സകല നടപടികളും കൈക്കൊള്ളുമെന്നു പറഞ്ഞിട്ടുണ്ടു്. അതിനാവശ്യമുള്ള സകല സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്.

മുഖ്യമന്ത്രിയുടെ പ്രസംഗത്തെ പരാമർശിച്ചുകൊണ്ടുള്ള ഒരു പ്രസംഗം ചെയ്യണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല എങ്കിലും ഈ പദ്ധതികളെപ്പററി സംസാരിക്കുന്നതോടൊപ്പംതന്നെ നാട്ടിൻപുറങ്ങളുടെകാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽനിന്നും വിട്ടുപോകരുതെന്നാണു എനിക്കദ്ദേഹത്തോടപേക്ഷിക്കുവാനുള്ളതു്. ഉദാഹരണമായി എന്റെ നിയോജകമണ്ഡലമായ കണയന്നൂർ താലൂക്കിൽ പത്തു പതിനാറു കൊല്ലമായി യാതൊരു വികസനപദ്ധതിയും അവിടെ കൊണ്ടുവന്നിട്ടില്ല. എന്നു മാത്രമല്ല. തുടങ്ങിയ പദ്ധതികൾതന്നെ പലതും പൂർത്തിയാകാതെയും പൂർത്തിയായതു ഉപകാരമില്ലാതെയും ഇരിക്കുകയാണു്. ഞങ്ങൾ എങ്ങനെയാണു ഞങ്ങളുടെ നിയോജകമണ്ഡലങ്ങളെ അഭിമുഖീകരിക്കേണ്ടതു് എന്നുപോലും സംശയിക്കുകയാണു്. സർ, തോട്ടറ പുഞ്ചക്കൃഷിയുടെ കാര്യത്തിൽ എനിക്കോർമ്മവച്ചകാലം മുതൽ അവിടെയുള്ള ജനങ്ങൾ മുറവിളികൂട്ടുന്നതായി ഓർക്കുന്നുണ്ടു്. അനവധി മെമ്മോറാണ്ഡവും മെമ്മോറിയലുകളും കൊടുത്തിട്ടുണ്ടു്. അതു തന്നെ ഏകദേശം ടൺകണക്കിനു കടലാസ്സുവരും. അഗ്രിക്കൾച്ചറൽ സംബന്ധമായി വളരെ അത്യാവശ്യമുള്ള കാര്യം അവിടെ സാധിക്കുവാനുണ്ടു്. 1122-ൽ ആണെന്നു തോന്നുന്നു അവിടെ ഈ മുറവിളിയുടെ ഫലമായി ഒരു ബണ്ടുകെട്ടുന്നതിനു കുറെ പണം ചിലവാക്കി. ആ ബണ്ടിന്റെ ഉയരം ഇപ്പോൾ നാലടിയാണു്. അതു പണികഴിഞ്ഞതിനുശേഷം യാതൊരു സംരക്ഷണ നടപടികളും നടത്തിയിട്ടില്ലെന്നുമാത്രമല്ല ഒരു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻപോലും പിന്നീടു തിരിഞ്ഞുനോക്കിയിട്ടുമില്ല. അതു ഉപയോഗയോഗ്യമാകണമെങ്കിൽ ഫ്ളഡ് ലവലിൽ എത്തണം. ഫ്ളഡ് ലവൽ 9 അടിയാണു്. ഇതുകൊണ്ടു ഇപ്പോൾ യാതൊരു പ്രയോജനവുമില്ല. ബണ്ടുണ്ടാക്കിയാൽ മാത്രം പോരാ അതു ഉപയോഗയോഗ്യമായവിധത്തിൽ ഉണ്ടാക്കണമെന്നാണു എനിക്കു പറയാനുള്ളതു്. അവിടെ ഒരു പമ്പുസെററുവേണം. ഇതൊക്കെ ആവശ്യമുള്ള കാര്യങ്ങളാണു്. ഞാൻ എന്റെ നിയോജകമണ്ഡലത്തിൽനിന്നും ഇവിടെ വന്നതിനുശേഷം കഴിഞ്ഞ ഗവണ്മെന്റിനു ഈ കാര്യങ്ങളെക്കുറിച്ചു് നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. അപ്പോൾ ഇതൊക്കെ ചെയ്യാമെന്നു ഏൾക്കുകയും ചെയ്തു. പക്ഷെ യാതൊന്നും ചെയ്തിട്ടില്ല. ഈ ബഡ്ജററിലും അതിനുള്ള തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു തോന്നുന്നില്ല. അനേകം രൂപ ചിലവാക്കുകയും അതു ജനങ്ങൾക്കു ഉപകാരമില്ലാതെ വരികയും ചെയ്താൽ അതു വളരെ കഷ്ടമാണു്. ഈ വകകാര്യങ്ങളിൽ വേണ്ടത്ര നിഷ്കർഷ ചെലുത്തേണ്ടതാണു്.

അതുപോലെതന്നെ പാലങ്ങളുടേയും തോടുകളുടേയും കാര്യം. ഇത്തിപ്പുഴ പാലത്തിനു ബഡ്ജററിൽ പണം കൊള്ളിച്ചിട്ടുണ്ടു്. ആ പാലം പണിഞ്ഞതുകൊണ്ടുമാത്രം കാര്യം ശരിയാകുകയില്ല. അതിനടുത്തു മറിഞ്ഞപുഴ, പൂത്തോട്ട മുതലായ പാലങ്ങൾകൂടി പണിയിക്കുകയാണെങ്കിലേ ഇത്തിപ്പുഴ പാലം പണിഞ്ഞതുകൊണ്ടുള്ള ഫലം ലഭിക്കുകയുള്ളു. ഈ

മൂന്നു പാലങ്ങളും പണിയിക്കുകയാണെങ്കിൽ കോട്ടയം മുതൽ എറണാകുളംവരെയുള്ള ട്രാഫിക്കിന് വളരെ സൗകര്യമുണ്ടായിരിക്കും. അതുപോലെതന്നെയാണ് ഏറ്റുർ പാലം. അതു ഒടിഞ്ഞുവളഞ്ഞു നിൽക്കുകയാണ്. ഈ സ്ഥിതിവിശേഷം അധികാരികളുടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. മെമ്മോറാണ്ടങ്ങളും ഭീമഹർജികളും സമർപ്പിച്ചിട്ടും യാതൊരു ഫലവും കാണുന്നില്ല. അതിൽക്കൂടെ പോകുന്ന ആളുകൾ ഒന്നു രണ്ടുപേർ മരിച്ചതിനുശേഷം മാത്രമേ അധികാരികൾ അതിനെക്കുറിച്ചു ശ്രദ്ധിക്കുകയുള്ള എന്നു വരുന്നതു കഷ്ടമാണ്. ഇനി റോഡിന്റെ കാര്യം എടുക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ പുതിയതും പഴയതുമായ റോഡുകൾക്കായി 21 ലക്ഷം രൂപ കൊള്ളിച്ചിരിക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. പുതിയതു എടുക്കുന്നതിനു മുൻപായി ഇപ്പോൾ ഉള്ളതിന്റെ സ്ഥിതികൾ ഒന്നു നന്നാക്കുവാൻ ശ്രമിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഉദാഹരണമായി വൈറ്റില-എറണാകുളം റോഡു ഒന്നു കാണേണ്ടതാണ്. അതിൽക്കൂടി സഞ്ചരിക്കുകയാണെങ്കിൽ മനുഷ്യന്റെ ആരോഗ്യം നശിക്കുമെന്നുള്ളതിനു സംശയമില്ല.

[Mr. Deputy Speaker in the Chair]

തൃപ്പൂണിത്തുറ-തിരുമറിയൂർ റോഡും ഇതുപോലെതന്നെയാണ്. അതിനുവേണ്ടി അനുവദിക്കുന്ന പണത്തിൽ അധികവും കൈക്കൂലിയായിട്ടാണ് പോകുന്നതു്. ഈ കാര്യങ്ങൾ ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ മുമ്പേതന്നെ കൊണ്ടുവന്നിട്ടുണ്ട്. ഉദയംപേരൂർ റോഡു നന്നാക്കുന്നതിനു ഒരു പദ്ധതി ഗവണ്മെന്റിനില്ലാതെയാണിരിക്കുന്നതു്.

അഗ്രിക്കൾച്ചറിനെ സംബന്ധിച്ചു ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കാം. തൃപ്പൂണിത്തുറ തോടിന്റെ പണി ആരംഭിച്ചിട്ടു കുറെ നാളായി. ഇതു് രണ്ടു സ്റ്റേജിലായിട്ടാണ് നടത്തുവാൻ തീരുമാനിച്ചതു്. രണ്ടാമത്തെ സ്റ്റേജു തുടങ്ങിയിട്ടു മൂന്നുകൊല്ലമായി എങ്കിലും ഇതുവരെ ഒന്നുമായില്ല. ഇപ്പോഴാണെങ്കിൽ ആ തോട്ടിൽനിന്നും ഒരു ഫർലാങ്ങ് ദൂരത്തിലുള്ള സ്ഥലങ്ങളിൽ എങ്ങുംതന്നെ നല്ല കുളങ്ങളോ ഉള്ള കുളത്തിൽ വെള്ളമോ ഇല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തോടിന്റെ പണി പൂർത്തിയാക്കണമെന്നോ അതോ വേണ്ടെന്നോ?

ശ്രീ. എൻ. കെ. കുമാരൻ : പൂർത്തിയാക്കണമെന്നാണ്. പക്ഷെ ഈ ആണ്ടിലും അതു പൂർത്തിയാകുമോ എന്നു സംശയമാണ്.

അകത്തുപാടംതോട് നീട്ടുകയാണെങ്കിൽ മെച്ചംകിട്ടും. നടമ, തിരുവാങ്കുളം, തൃക്കാക്കര, തിരുവാണിയൂർ, പുത്തൻകുരിശ് എന്നീ അഞ്ചു പഞ്ചായത്തുകളിൽപ്പെട്ട അനവധി ഏക്കർ കൃഷിഭൂമികൾക്ക് സൗകര്യമുണ്ടാകുന്നതാണ്. അതിന് ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. കഴിഞ്ഞ മന്ത്രിസഭയോട് ഇക്കാര്യം പറഞ്ഞപ്പോൾ ആലോചിക്കാം എന്നുള്ള മറുപടിയാണ് കിട്ടിയിട്ടുള്ളതു്. അഞ്ചു പഞ്ചായത്തുകളിലെ പ്രസിഡന്റന്മാരും പഞ്ചായത്തുകളുടെ ഐകകണ്ഠ്യേനയുള്ള സമ്മതത്തോടുകൂടി മെമ്മോറിയലുകൾ സമർപ്പിച്ചിട്ടുണ്ട്. അനേകായിരം ഏക്കർ നിലങ്ങൾക്ക് ഇതുകൊണ്ടു് ഗുണമുണ്ടാകും. അതുപോലും ചെയ്യുന്നതിന് ഗവണ്മെന്റ തയ്യാറായിട്ടില്ല.

[ശ്രീ. എൻ. കെ. കുമാരൻ]

അടുത്തതായി വെട്ടുവേലി ബണ്ടിനെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. ആ ബണ്ടു് കെട്ടുന്നതിനു് ഗവണ്മെൻറു് അനവധി പണം ചിലവുചെയ്തിട്ടുണ്ടു്. അവിടെ ഒരു ചെറിയ സ്ലൂസ് മാത്രമേ ഉള്ളൂ. അതു ശരിക്കു നിയന്ത്രണം ചെയ്യാത്തതുകൊണ്ടു് ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയാണു്. ആ ബണ്ടിൽ ജനങ്ങൾക്കു് നടക്കത്തക്ക സൗകര്യം ചെയ്യാമെങ്കിൽ വളരെ ഉപയോഗമുണ്ടാകും. സ്ലൂസിൽ ആണ്ടുതോറും ചെളിയിട്ടുനിറക്കുന്നതിനു് വളരെ അധികം പണം ചിലവാകുന്നുണ്ടു്. ഇപ്പോഴും വെള്ളം കയറുന്നുണ്ടു്. കഴിഞ്ഞതവണ ഇതിനെപ്പററി വളരെ പരാതികൾ ഞാൻകൂടി ചെന്നു് സമർപ്പിച്ചിട്ടുണ്ടു്. ഒരു പരിഹാരവും ഉണ്ടായിട്ടില്ല. വികസനപദ്ധതികൾക്കു് പണം ചെലവുചെയ്യുന്നകൂട്ടത്തിൽ ചെയ്ത ജോലികൾ പൂർത്തിയാക്കി ജനങ്ങൾക്കു് ഉപയോഗയോഗ്യമാക്കിതീർക്കണമെന്നാണു് എൻെറ വിനീതമായ അഭ്യർത്ഥന. പുതിയ പ്രസ്ഥാനങ്ങൾ തുടങ്ങുന്നതിനുമുമ്പു് തുടങ്ങിയ പ്രസ്ഥാനങ്ങൾ പൂർത്തിയാക്കി ജനങ്ങൾക്കു് ഉപയോഗപ്രദമാക്കി തീർക്കണം.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കാര്യത്തെപ്പററിയും എനിക്കു് അല്പം പറയാനുണ്ടു്. അദ്ധ്യാപകന്മാർക്കും മററുദ്യോഗസ്ഥന്മാർക്കും ശമ്പളം എത്ര വേണമെങ്കിലും കൊടുക്കാം. പണമില്ലെങ്കിൽ കടംവാങ്ങിച്ചും കൊടുക്കാം. പക്ഷെ ശമ്പളംകൂടുതൽ കൊടുത്താൽമാത്രം പോരാ, അതോടുകൂടി അവരവർ ചെയ്യേണ്ടജോലി നിഷ്കർഷയോടുകൂടി ചെയ്യുകയും വേണം. ഒരു ഉദാഹരണം പറയാം. കൊല്ലവർഷം തുടങ്ങി സ്കൂൾ തുറന്നു എന്നു വിചാരിക്കാം. ഒന്നാം ക്ലാസ്സിൽ മാസ്റ്റർ വന്നു് കുട്ടികളുടെ അററൻറൻസ് എടുത്തശേഷം ബോർഡിൽ 'റ' എന്നെഴുതിയിട്ടു് വെളിയിലിറങ്ങി മററദ്ധ്യാപകന്മാരുമായി അവരുടെ അവകാശവാദങ്ങളെപ്പററിയെല്ലാം പറഞ്ഞു തുടങ്ങും. ആ ആഴ്ച അത്തരത്തിൽ പോകും. അടുത്ത ആഴ്ച 'റ' യെ 'ര' യാക്കി മാററിയിട്ടു് പഴയപടി വെളിയിലിറങ്ങി അവകാശവാദങ്ങളെപ്പററി സംസാരിക്കുകയും ഗവണ്മെൻറിനെ തെറി പറയുകയും ചെയ്യും. അടുത്ത ആഴ്ച 'ര'–യെ 'ത' യാക്കും. അടുത്ത ആഴ്ച ഒരു ദീർഘംകൂടി ചേർത്തു 'താ' യെന്നാക്കി മാസം തികച്ചു ശമ്പളത്തിനു കൈനീട്ടുകയായി. ഇങ്ങനെ ഒരു പ്രസ്ഥാനമാണു് നടക്കുന്നതു്. നമ്മുടെ കാളേജുകളിൽനിന്നും മററും ഇറങ്ങുന്ന കുട്ടികൾക്കുള്ള അജ്ഞത വളരെ ഭയങ്കരമാണു്. ശമ്പളം കൊടുക്കുകയാണെങ്കിൽ അവരുടെ ജോലി ശരിക്കു് നിർവ്വഹിക്കുന്നുണ്ടോ എന്നു് നോക്കേണ്ടതുണ്ടു്. അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ ചെയ്യിപ്പിക്കുന്നതിനു് എന്തെങ്കിലും പദ്ധതി ഗവണ്മെൻറിനു ഉണ്ടെങ്കിൽ അതു നടത്തുന്നതിനു് ഗവണ്മെൻറിനു് ബാദ്ധ്യതയില്ലേ? അദ്ധ്യാപകന്മാരുടെ കാര്യം മാത്രമല്ല ഞാൻ പറയുന്നതു്. മററുദ്യോഗസ്ഥന്മാരുടെ കാര്യങ്ങളും ഇങ്ങനെതന്നെയാണു്. ഒരു കടലാസ്സയച്ചാൽ മറുപടി കിട്ടുകയില്ല. അവർക്കു് കഴിവനുസരിച്ചു് ശമ്പളം കൊടുക്കുന്നതോടൊപ്പം അവരവർ ചെയ്യേണ്ട ജോലി ശരിക്കു് ചെയ്യുന്നതിനുള്ള പ്രേരണയും നൽകേണ്ടതാണു്. അതു് ഗവണ്മെൻറിൻെറ ഒന്നാമത്തെ കടമയായി സ്വീകരിക്കണം.

ഒരു കാര്യംകൂടി പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ബഡ്ജററിൽ വൈദ്യസഹായത്തിനു് വളരെ വലിയ സംഖ്യയാണു് കൊള്ളിച്ചിട്ടുള്ളതു്.

ഈ സ്റ്റേററിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ മൂന്നു ചികിത്സാസമ്പ്രദായങ്ങൾ നിലവിലുണ്ടു്. അതിനെ സംബന്ധിച്ചു് ഒരു ആക്ററു് പാസ്സാക്കിയിട്ടുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കൗൺസിലുകളും രൂപീകരിച്ചിട്ടുണ്ടു്. ഹോമിയോപ്പതിയുടെ കാര്യത്തിൽ ബഡ്ജററിൽ യാതൊന്നും കാണുന്നില്ല. ഹോമിയോപ്പതി ചികിത്സാസമ്പ്രദായം ജനങ്ങൾ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണു് അതിനു പ്രത്യേകമായി ഒരു മെഡിക്കൽ കൗൺസിൽ കൊടുത്തിട്ടുള്ളതു്. എന്നിട്ടും അതിലേക്കു് ഒരു പൈപോലും ബഡ്ജററിൽ വകകൊള്ളിച്ചിട്ടില്ല. അതൊരു ഡമ്മിംഗ് സിസ്റ്റമാണെന്നു് ഉത്തരവാദപ്പെട്ട ആളുകൾ വിചാരിക്കുന്നു എന്നു തോന്നുന്നുണ്ടു്. മുമ്പു ഗവണ്മെൻറുഭാഗത്തിരുന്ന ഉദ്യോഗസ്ഥന്മാർ ഈ സമ്പ്രദായം അശാസ്ത്രീയമാണെന്നു പറയാറുണ്ടായിരുന്നു. ഇപ്പോൾ ആ വിവരക്കേടു മാറിയിട്ടുണ്ടു്. ഒരു കൗൺസിൽ ഉണ്ടാക്കിയിട്ടു് അതിന്റെ റൂൾസ് ഉണ്ടാക്കുന്നതിനു് ഗവണ്മെൻറിനു ഇതുവരെ സാധിച്ചിട്ടില്ല. അതിന്റെ പ്രവർത്തനം നയിക്കുന്നതിനു് വിവരമുള്ള ആളുകൾ ഉണ്ടോ എന്നതന്നെ സംശയമാണു്. എന്തു വച്ചുകൊണ്ടാണു് കൗൺസിൽ കൂടുന്നതെന്നകാര്യംതന്നെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതായി തോന്നുന്നില്ല. നാട്ടിൻപുറങ്ങളിൽ വേണ്ടത്ര വൈദ്യസഹായം ജനങ്ങൾക്കു ലഭിക്കുന്നില്ല. അതിലേക്കു് ഈ സിസ്റ്റംകൂടി അതിന്റെ കുററങ്ങളും കുറവുകളും മാററി വ്യാപിപ്പിക്കുന്നതിനു് ഗവണ്മെൻറുതന്നെ മുൻകൈ എടുക്കേണ്ടതാണു്. അതിൽ ഏതെങ്കിലും കുറവുകളുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനു് ഗവണ്മെൻറിനല്ലാതെ കഴിയുകയില്ല. അതിലേക്കു് പ്രാപ്തിയുള്ള ആളുകളെ ചേർത്തു് ഒരു കമ്മിററി രൂപീകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. സി. ചാക്കോ: സർ, കഴിഞ്ഞ മൂന്നുനാലുകൊല്ലക്കാലത്തെ ബഡ്ജററുകൾ വച്ചുനോക്കുമ്പോൾ രാഷ്ട്രനിർമ്മാണത്തിനുവേണ്ടി വളരെ അധികം തുകകൾ കൊള്ളിച്ചിട്ടുള്ള ഒരു ബഡ്ജററാണു് ഇക്കൊല്ലം ധനകാര്യമന്ത്രി സഭയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളതെന്നു കാണുന്നതിൽ അദ്ദേഹത്തെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഏകദേശം നാലുകോടിയിൽപരം രൂപ കമ്മി വരുന്ന ഒരു ബഡ്ജററാണു് അവതരിപ്പിച്ചിട്ടുള്ളതു്. മുൻകൊല്ലങ്ങളിലെപ്പോലെ അവസാനത്തിൽ ഒരു മിച്ചബഡ്ജററായി ഇതും രൂപാന്തരപ്പെടാതിരുന്നാൽ കൊള്ളാമെന്നു് വളരെ ആഗ്രഹമുണ്ടു്. ഈ രാജ്യത്തെ കഴിഞ്ഞ അഞ്ചാറുകൊല്ലക്കാലത്തെ ബഡ്ജററുകളെല്ലാംതന്നെ മിച്ചബഡ്ജററുകളായിട്ടാണു് അവസാനിച്ചിട്ടുള്ളതു്. നിർഭാഗ്യവശാൽ, പൊതുജനങ്ങളുടെ സഹകരണക്കുറവുകൊണ്ടോ, ഉദ്യോഗസ്ഥന്മാരുടെ സഹകരണക്കുറവുകൊണ്ടോ ബഡ്ജററിൽ കൊള്ളിക്കുന്ന പല സംഗതികളും ഇവിടെ ശരിയായി പ്രവർത്തിക്കാതെയാണു് കിടക്കുന്നതു്. കഴിഞ്ഞ മൂന്നുനാലുകൊല്ലക്കാലമായി ഈ രാജ്യത്തു സുശക്തമായ ഒരു ഭരണകൂടം ഇല്ലാതിരുന്നതുകൊണ്ടു് ഇവിടത്തെ സിവിൽസർവ്വീസ് ഒരു വിധത്തിൽ അധഃപതിച്ചുകൊണ്ടിരിക്കുകയാണു്. ഏതു രാഷ്ട്രീയപാർട്ടിയെ സേവിച്ചാലാണു് ഉദ്യോഗസംബന്ധമായ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതെന്നുള്ള ചിന്തയിൽ വ്യാപൃതരായി ഉത്തരവാദിത്വമില്ലാത്ത പ്രവർത്തനങ്ങൾമൂലം പലപ്പോഴും ഇന്നത്തെ സിവിൽസർവ്വീസ് പൊതുജനങ്ങളുടെയിടയിൽ അധഃപതിക്കാൻ ഇടയായിട്ടുണ്ടു്. ശമ്പളക്കുറവാണു്, ഉദ്യോ

[ശ്രീ. എ. സി. ചാക്കോ]

ഗസ്ഥന്മാരുടെ ഇടയിൽ അസംതൃപ്തിയും കൈക്കൂലിയും വർദ്ധിക്കുന്നതിനുള്ള കാരണമെന്നു് ചിലർക്കു് അഭിപ്രായമുണ്ടു്. എന്നാൽ ഇപ്പോൾ ശമ്പളത്തിൽ കുറെ വ്യത്യാസം വരുത്തിയിരിക്കുന്ന സ്ഥിതിക്കു് അവരുടെ നിലപാടിൽ എന്തെങ്കിലും മാററം വരുമെന്നു് പ്രതീക്ഷിക്കാവുന്ന ഒരവസരമാണു് സംജാതമായിരിക്കുന്നതു്. സുശക്തമായ ഒരു ഭരണകൂടം സ്ഥാപിക്കാൻകഴിയാതെ ഇരുന്നതുകൊണ്ടു് അവരുടെ ഇടയിലുള്ള അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ രാജ്യത്തെ ജനങ്ങൾ എല്ലാം അതിൽ അസംതൃപ്തരായി കഴിഞ്ഞുകൂടുകയാണു്. നാട്ടിൻപുറങ്ങളിലുള്ള ഗ്രാമീണജനത സാധാരണയായി ഗവണ്മെൻറിനെപ്പററി അഭിപ്രായം രൂപീകരിക്കുന്നതു് വില്ലേജാഫീസു് പോലീസുസ്റ്റേഷൻ മുതലായ തുറകളിൽക്കൂടിയാണു്.

മുൻ നടപടികളിൽനിന്നും കാര്യമായ വ്യത്യാസം ഉദ്യോഗസ്ഥന്മാരുടെ പെരുമാററത്തിൽ ഉണ്ടായതായി ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. ഉദ്യോഗസ്ഥന്മാരെ ശരിയായി നിയന്ത്രിച്ചു് അവരുടെ സേവനം പൊതുജനങ്ങൾക്കു് നേടിക്കൊടുക്കാൻ സാധിച്ചാൽ മാത്രമേ ശോഭനമായ ഒരു ഭാവി നമ്മുടെ രാജ്യത്തു് ഉണ്ടാകാൻ പോകുന്നുള്ളു. ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അസംതൃപ്തിയെ നീക്കി അവരെ സേവനോൽസുകരാക്കുന്നതിനു് ഇന്നത്തെ ഭരണകൂടം ആത്മാർത്ഥമായി പരിശ്രമിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഈ രാജ്യത്തു ജനകീയഭരണം നടപ്പിൽവന്നശേഷം ജനങ്ങളുടെ ഇടയിൽ വളരെ അധികം ചിന്താക്കുഴപ്പം ഉണ്ടാക്കിയിട്ടുള്ള ഇവിടത്തെ ഫാറസ്ററ ഡിപ്പാർട്ടുമെൻറിനെപ്പററി ചിലതു പറയാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടു്. രാഷ്ട്രീയമായ യാതനയുടെ ഫലമായോ മററു പരിഗണനകളുടെ ഫലമായോ ഈ രാജ്യത്തുണ്ടായിരുന്ന ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി നമ്മുടെ വനവിഭാഗത്തിൽപ്പെട്ട അനേകം സ്ഥലങ്ങൾ പലർക്കും വിട്ടുകൊടുത്തു. അതിനു് യാതൊരുവിധ കണക്കുകളോ നിയന്ത്രണമോ ഇല്ലാതിരുന്നതിനാൽ ഇപ്പോൾ രാജ്യത്തുള്ള വനം മുഴവൻ നശിപ്പിച്ചുകൊണ്ടിരിക്കയാണു്. ഈ സെക്കൻറിലും ഓരോരുത്തർ ഓരോ പ്രദേശത്തു പ്രവേശിച്ചു് വളരെ വില പിടിപ്പുള്ള മരങ്ങൾ വെട്ടി നശിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഏതാണ്ടു് മൂന്നിലൊന്നു് വനമായി സംരക്ഷിക്കപ്പെട്ടുവരുന്നു എന്നു് കണക്കാണെങ്കിലും ഇന്നു് അഞ്ചു് ശതമാനം വനം ശേഷിക്കുന്നുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഈ കണക്കിൽ പോയാൽ ഒരു പത്തുകൊല്ലംകൂടി കഴിയുമ്പോൾ നമുക്കു് ഒരാദായമാർഗ്ഗം ഉണ്ടാക്കാനുള്ള സാദ്ധ്യതയുണ്ടു്. ഇങ്ങനെയാണെങ്കിൽ ഇവിടത്തെ വനം ഡിപ്പാർട്ടുമെൻറുതന്നെ നിന്നുപോകാനുള്ള സാദ്ധ്യതയുണ്ടു്. അത്ര ഭയങ്കരമായ നിലയിലാണു് വനം നശിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ഇപ്പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. നമ്മുടെ വനഭാഗങ്ങളിൽ ചതുപ്പുകളായി കിടന്ന സ്ഥലങ്ങൾ കൃഷിക്കായി വിട്ടുകൊടുത്തു. ഗവണ്മെൻറു അറിവോടുകൂടിയും അല്ലാതെയും വനത്തിൽ പ്രവേശിച്ചവർ കൈവശം കിട്ടിയ സ്ഥലങ്ങളിലുള്ള തടികളെല്ലാം വെട്ടിനശിപ്പിച്ചു് കൃഷിഭൂമികളായി അവിടം രൂപാന്തരപ്പെടുത്തിയിട്ടുണ്ടു്. നാട്ടിൻപുറങ്ങളിൽനിന്നും ആളുകൾ വനങ്ങളിൽ കയറിയപ്പോഴാണു കൃഷിചെയ്യാൻ സൗകര്യമുള്ള ഭൂമി വനത്തിലുണ്ടെന്നു മനസ്സിലാക്കി വനം കൂടി

യായി രൂപാന്തരപ്പെടുത്തിയത്. അങ്ങിനെ പലരും വനത്തിൽ പ്രവേശിച്ച് വലിയൊരു ഭാഗം വനം കൃഷിഭൂമികളായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. വളരെയധികം ഉള്ളിൽ സ്ഥിതിചെയ്യുന്ന വനാന്തരങ്ങൾപോലും ഫാറസ്റ്റ് അധികാരികളുടെ അറിവോടുകൂടി ആളുകൾ കൃഷിഭൂമികളായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ നാനാതരത്തിൽ ഗവണ്മെന്റിന്റെ അറിവോടുകൂടിയും അല്ലാതെയും പലരും വനങ്ങളിൽ പ്രവേശിച്ചിട്ടുണ്ട്. ഇന്ന് കേവലം കുറെ ഭാഗങ്ങൾ മാത്രമേ വനമായി സംരക്ഷിച്ചുപോരുന്നുള്ളു.

ഇതിനെപ്പറ്റി ഗവണ്മെന്റിന് ശരിയായ അറിവുണ്ടോ എന്നറിയാൻ നിവൃത്തിയില്ല. ഇവിടുത്തെ ഫാറസ്റ്റ് അധികാരികൾക്കും ശരിയായ രൂപമില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇങ്ങനെ കൃഷിവികസനത്തിന്റെ പേരും പറഞ്ഞ വനനശീകരണം തുടർന്നാൽ അതു വളരെ ഗൗരവതരമായ ഒരവസ്ഥയിലെത്തുമെന്നുള്ളതിനാൽ, ഗവണ്മെന്റ് വളരെ അവധാനപൂർവ്വം ചിന്തിച്ചു ഇതിന് വേണ്ട പരിഹാരം നേടണമെന്നാണ് എനിക്ക് പറയാനുള്ളത്. വനസംരക്ഷണകാര്യത്തിൽ ഒരു വ്യക്തമായ നയം ഗവണ്മെന്റിനുണ്ടായിരിക്കണം. എത്രമാത്രം സ്ഥലം വനമായി സൂക്ഷിക്കണം, കൃഷിക്കായി എത്രമാത്രം വനം നല്കണം എന്നു സുനിശ്ചിതമായ ഒരു തീരുമാനം ചെയ്തു വനം സർവ്വേ ചെയ്തു നിശ്ചയിക്കപ്പെടുന്ന സ്ഥലം വനമായിത്തന്നെ സൂക്ഷിക്കണമെന്നാണ് എന്റെ അഭിപ്രായം. അതിന് ആവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അനധികൃതമായി വനം കയ്യടക്കിവച്ചിരിക്കുന്നവർ പലരും ഇന്നുണ്ട്. കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ സാധിക്കുകയില്ലെന്നുള്ള ഒരു വിചാരം അവർക്കുണ്ട്. കൃഷിചെയ്യാൻ വേറെ ഭൂമിയില്ലാത്തവരും, യഥാർത്ഥത്തിൽ അദ്ധ്വാനിക്കുന്നവരുമായ ആളുകളെമാത്രം അങ്ങനെയുള്ള സ്ഥലത്തു താമസിപ്പിക്കുന്നതിനും, അനധികൃതമായി കയ്യേറിയിട്ടുള്ളവരെ ഇറക്കിവിടുന്നതിനും ഒരു തരത്തിലും ഗവണ്മെന്റ് മടിക്കേണ്ട ആവശ്യമില്ല. വനം നശിപ്പിക്കുകയും, ഗവണ്മെന്റിന് ആദായമില്ലാതാക്കുകയും ചെയ്യുന്നവർ ഒരു നിയന്ത്രണവുമില്ലാതെ ഈ നശീകരണപദ്ധതി തുടർന്നാൽ ഈ രാജ്യത്തിന്റെ ഭാവി എന്തായിരിക്കുമെന്നു നാം ഗൗരവമായി ചിന്തിക്കേണ്ടതാണ്. നമ്മുടെ പദ്ധതികളെല്ലാം വിജയിക്കണമെങ്കിൽ വിദ്യുച്ഛക്തി അത്യാവശ്യമാണ്. വിദ്യുച്ഛക്തി ലഭിക്കുന്നതിന് മലകളിൽ നിന്നു ഒഴുകി വരുന്ന നദീജലം അത്യന്താപേക്ഷിതമാണ്. വനങ്ങളെല്ലാം നശിപ്പിക്കാൻ തുടങ്ങിയാൽ മണ്ണൊലിപ്പുണ്ടാകുകയും, തൻമൂലം നദികളിൽ വെള്ളം കുറഞ്ഞു വിദ്യുച്ഛക്തി പ്രവർത്തനത്തിനുള്ള സാദ്ധ്യത കുറയുകയും ചെയ്യുന്നതാണ്. മണ്ണൊലിപ്പു തടയുന്നതിനുവേണ്ടി ഒരു പുതിയ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. അതു വളരെയധികം ഗുണം ചെയ്യാൻ പോകുന്നില്ലെന്നും ഒരു പരാജയമാണെന്നും ഉദ്യോഗസ്ഥന്മാർതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. വനങ്ങൾ സംരക്ഷിക്കേണ്ടതു ഭാവിയിൽ നമ്മുടെ പല വൻകിടപദ്ധതികളുടെയും വിജയത്തിന് ആവശ്യമാകയാൽ ഗവണ്മെന്റ് വനസംരക്ഷണകാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാളനൈസേഷൻ പദ്ധതിക്ക് പല സ്ഥലത്തും വനഭൂമി എടുക്കുന്നതിനെപ്പറ്റി അറിയാൻ കഴിയുന്നുണ്ട്. ഈ സഭയിൽതന്നെ പല ചോദ്യ

[ശ്രീ. ഏ. സി. ചാക്കോ]

ങ്ങൾക്കും മറുപടി പറയുകയുണ്ടായിട്ടുണ്ടു്, കാളനൈസേഷൻ പദ്ധതിയനുസരിച്ചു സ്ഥലങ്ങൾ വിട്ടുകൊടുക്കുകയും ഭവനങ്ങൾ നിർമ്മിക്കുകയും ചെയ്യുവാൻ ശ്രമിക്കുന്നുണ്ടെന്നും മററും. അങ്ങനെ ഭവനങ്ങൾമാത്രം നിർമ്മിച്ചു കൊടുക്കുന്നതുകൊണ്ടു സാധുക്കളായ കർഷകർക്കു് എന്തെങ്കിലും തൊഴിൽ, കൃഷി സംബന്ധമായ സൗകര്യങ്ങൾ ലഭിക്കുകയില്ല. മൂലധനമില്ലാതെ അന്യദേശത്തു്, അതും വനപ്രദേശത്തുചെന്നു എത്രനാൾ കഴിക്കാനാണു്? ഇങ്ങനെയുള്ള പദ്ധതികൾകൊണ്ടു എന്തെങ്കിലും ഗുണമുണ്ടാകണമെങ്കിൽ, കൃഷിചെയ്യുന്നതിനു്, ഒരു കൊല്ലക്കാലത്തേയ്ക്കെങ്കിലും ആവശ്യമായ ധനസഹായം അവർക്കു് നൽകിയേ മതിയാവൂ. ഒരുകൊല്ലത്തെ കൃഷിച്ചെലവിനുള്ള പണം കൊടുക്കുകയും 'വൈദ്യസഹായത്തിനും മററു അത്യാവശ്യകാര്യങ്ങൾക്കും വേണ്ട സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്താൽ മാത്രമേ കാളനൈസേഷൻ പദ്ധതി ഫലപ്രദമാകുകയുള്ളൂ. ഗവണ്മെൻറിൽനിന്നും അറിയിപ്പുണ്ടായപ്പോൾ കിടപ്പാടവും തൊഴിലുമില്ലാത്ത സാധുക്കൾ വളരെ പ്രതീക്ഷയോടുകൂടി കുടികിടപ്പിനുവേണ്ടി അപേക്ഷകൾ അയയ്ക്കുകയും പലർക്കും സ്ഥലം ലഭിക്കുകയും ചെയ്തു. സ്ഥലത്തു താമസത്തിനു ചെന്നപ്പോൾ യാതൊരു സഹായവും ലഭിക്കാതെ നിരാശരായി മടങ്ങിപ്പോരുകയാണു് ചെയ്തിട്ടുള്ളതു്.

ഈയവസരത്തിൽ മുൻഗവണ്മെൻറ് ഞങ്ങളുടെ നാട്ടിൽ ഉത്തരവാദിത്വമില്ലാതെ ചെയ്ത ഒന്നുരണ്ടുകാര്യംകൂടി പറയണമെന്നു വിചാരിക്കുന്നു. നമ്മുടെ നാട്ടിൽ ഒററയിഞ്ചു ഭൂമി പോലും വ്യക്തികൾക്കു കൃഷിക്കായി വിട്ടുകൊടുക്കയില്ലെന്നു മുൻഗവണ്മെൻറു മന്ത്രിമാർ പലടത്തും പ്രസംഗിച്ചു. അസംബ്ലിയിലും അതു സംബന്ധിച്ചു പ്രസ്താവനകൾ ഉണ്ടായിട്ടുണ്ടു്. കാളനൈസേഷൻ പദ്ധതിയനുസരിച്ചു മാത്രമേ വനഭൂമികൊടുക്കുകയുള്ളൂ എന്ന തത്വമനുസരിച്ചു മററു അപേക്ഷകൾ എല്ലാം അവഗണിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഈ രാജ്യത്തു പുരോഗമനപരമായ പല നിയമങ്ങളും, ഭൂനിയമപരിഷ്കാരവും നടപ്പിൽ വരുത്താൻ വ്യഗ്രത കാണിച്ചു മുൻ ഗവണ്മെൻറു, പത്തുപതിനൊന്നുമാസം ഭരണം നടത്തിയ ഗവണ്മെൻറ് സോഷ്യലിസം പ്രസംഗിക്കുകയും, അതനുസരിച്ചുള്ള പല പരിപാടികളും പ്രയോഗത്തിൽ വരുത്താൻ വ്യഗ്രതകാണിച്ചു. പി. എസ്സ്. പി. ഗവണ്മെൻറു അവസാനം അധികാരത്തിൽ നിന്നും ഇറങ്ങിപ്പോയ അവസരത്തിൽ നടത്തിയ മുപ്പിറക്ക നടപടികളിൽ ഒന്നിനെപ്പററി ഞാൻ സൂചിപ്പിക്കുകയാണു്. തൊടുപുഴതാലൂക്കിൽ വലിയ കണ്ടംകാനം എന്ന മനോഹരമായ വനസ്ഥലം കൃഷിക്കുവേണ്ടി പതിച്ചുകിട്ടാൻ പല നിവേദനങ്ങളും നടത്തിയിട്ടും കൊടുക്കുവാൻ തയ്യാറായില്ല. അടുത്ത ദിവസം ഏതോ വ്യക്തികൾക്കായി 30 ഏക്കർ വിട്ടുകൊടുക്കുവാൻ ഉത്തരവുണ്ടായതായി അറിയുന്നു. ഏതടിസ്ഥാനത്തിലാണു് ഇങ്ങനെചെയ്തതെന്നു മനസ്സിലായിട്ടില്ല. ഇതു ജനാധിപത്യ മര്യാദയാണോ? സ്വന്തം പാർട്ടിയുടെ താല്പര്യത്തിനുവേണ്ടി ഇങ്ങനെ വളരെ നീതിരഹിതമായ ഒരു നടപടി സ്വീകരിച്ചതു നിർഭാഗ്യകരമായിപ്പോയി. തൊടുപുഴ താലൂക്കിലെ ജനങ്ങൾ ഈ കാര്യത്തിൽ വളരെ അസംതൃപ്തരായിത്തീർന്നിട്ടുണ്ടു്. പീച്ചി അണക്കെട്ടിനുവേണ്ടി സ്ഥലം എടുത്തതിനു് ഒരു നല്ല സംഖ്യ കാമ്പൻസേഷൻ ലഭിച്ച ഒരാളിനാണു ഇതിൽ 25 ഏക്കർസ്ഥലം പതിച്ചുകൊടുത്തിരിക്കുന്നതു്.

ശ്രീ. എ. ജെ. ജാൺ: എവിടെയാണ് ഇങ്ങനെ സ്ഥലം പതിച്ചുകൊടുത്തതു്?

ശ്രീ. എ. സി. ചാക്കൊ: തൊടുപുഴ താലൂക്കിൽ, വലിയകണ്ടം എന്ന സ്ഥലത്തു്.

ശ്രീ. കെ. ബാലകൃഷ്ണൻ: ആർക്കാണ് പതിച്ചുകൊടുത്തതു്?

ശ്രീ. എ. സി. ചാക്കൊ: ഒരു മി. ഫ്രാൻസിസിനു്. വേറൊരു 5 ഏക്കർ സ്ഥലംകൂടി പതിച്ചുകൊടുത്തിട്ടുണ്ടു്.

ശ്രീ. എ. ജെ. ജാൺ: എന്തിനായിട്ടാണ് പതിച്ചുകൊടുത്തതു്?

ശ്രീ. എ. സി. ചാക്കോ: ഏതോ വ്യക്തിപരമായ താല്പര്യം കൊണ്ടാണെന്നാണ് പറയപ്പെടുന്നതു്.

ശ്രീ. മങ്കനാഥപ്പിള്ള: മി. ഫ്രാൻസിസ് പി. എസ്. പി. ക്കാരനാണോ?

ശ്രീ. എ. സി. ചാക്കൊ: അന്വേഷിച്ചിട്ടില്ല. പണക്കാരനായ ഒരു വ്യക്തിയാണ്. അദ്ദേഹത്തിനു വേറെ സ്ഥലം ഉണ്ടെന്നാണ് അറിയുന്നതു്.

അങ്ങനെ ആവശ്യത്തിനു സ്ഥലമുള്ള ഒരു വ്യക്തിക്കു, തേക്കുകൃഷിക്കു വേണ്ടി ഒരുക്കിയിട്ടുള്ള 60 ഏക്കർ സ്ഥലത്തുനിന്നും 30 ഏക്കർ പതിച്ചുകൊടുത്തതിന്റെ ഉദ്ദേശമെന്താണെന്നു ഗവണ്മെന്റു ആരായേണ്ടതാണ്.

ശ്രീ. എ. ജെ. ജാൺ: മുപ്പതു ഏക്കറും ഒരാൾക്കു പതിച്ചുകൊടുത്തതാണോ?

ശ്രീ. എ. സി. ചാക്കോ: 25 ഏക്കർ ഒരു ഫ്രാൻസിസിനും, 5 ഏക്കർ ഒരു സി. കെ. സ്വാമിക്കുമാണ്.

വലിയകണ്ടം എന്ന സ്ഥലത്തു ഇപ്പോൾ, 950 ഏക്കറോളമുള്ള വനത്തിൽ 60 ഏക്കർ സ്ഥലത്തു തേക്കിൻതൈ വച്ചുപിടിപ്പിക്കുന്നതിനുള്ള ശ്രമം നടക്കുകയാണ്. അതിനുവേണ്ടി തടികൾ വെട്ടിക്കൊണ്ടിരിക്കുകയാണ്. മൂന്നിലൊന്നു ഭാഗത്തോളം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടു്. വലിയ ഒരു ഭാഗം വനം കുടികൾ തെളിച്ചു കൃഷി ഭൂമികളായി രൂപാന്തരപ്പെടുത്തിയിട്ടുണ്ടു്. മറ്റൊരു വിഭാഗം പാറയും കല്ലുമായ കുടക്കുന്നു. 100 ഏക്കറോളമെ വനമായി സംരക്ഷിക്കപ്പെടുന്നുള്ളു. ഈ സ്ഥലംകൂടി യഥാർത്ഥത്തിൽ കൃഷിക്കാരായ, ഭൂമിയില്ലാത്തവർക്കുവേണ്ടി പതിച്ചുകൊടുക്കുന്നതു നന്നായിരിക്കാം.

ഈ അവസരത്തിൽ കാളനൈസേഷൻപദ്ധതിക്കു തിരഞ്ഞെടുക്കുന്ന വനഭാഗങ്ങളെപ്പററിക്കൂടി രണ്ടുവാക്കു പറയണമെന്നു വിചാരിക്കുന്നു. വനപ്രദേശത്തു, കാട്ടാനകളുടെ ഇടയിൽ, നാട്ടുമ്പുറത്തുനിന്നും വളരെ അകലെ ഇങ്ങനെയുള്ള സ്ഥലം തിരഞ്ഞെടുക്കുന്നതു് ശരിയല്ല. കുടികിടപ്പുള്ള സ്ഥലത്തിനു സമീപം വലിയ വനമല്ലാത്ത, രണ്ടും, മൂന്നും വരങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ചില പ്രദേശങ്ങൾ, ഉപവനഭാഗങ്ങൾ തൊടുപുഴ താലൂക്കിലുണ്ടു്. ഈ പദ്ധതിക്കു വളരെ പറ്റിയ സ്ഥലമാണതു്.

[ശ്രീ. എ. സി. ചാക്കോ]

സർ, നമ്മുടെ സംസ്ഥാനത്ത് ഒരു അഗ്രിക്കൾച്ചറൽ കാളേജ് സ്ഥാപിക്കുന്നതിനു വളരെയധികം വ്യഗ്രതയോടുകൂടി പരിശ്രമം നടക്കുകയാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ വലിയ തുകകൾ ചെലവാക്കി തെക്കൻ താലൂക്കുകളിൽ മാത്രം സ്ഥാപിക്കുന്നതു് രാജ്യത്തിന്റെ പൊതുവെയുള്ള അഭിവൃദ്ധിക്കു പററിയതാണോ എന്നു ഞാൻ സംശയിക്കുന്നു. തിരുവിതാംകൂർ-കൊച്ചിയുടെ ചില വിഭാഗങ്ങളിൽ മാത്രം ഇങ്ങനെയുള്ള പ്രവൎത്തനങ്ങൾ നടന്നാൽ അതു നമ്മുടെ രാജ്യത്തിന്റെ മൊത്തം അഭിവൃദ്ധിക്കു് വലിയ വിഘാതമായിരിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. തൊഴിലില്ലായ്മയും മററു പ്രശ്നങ്ങളും നമ്മുടെ രാജ്യത്തു നാനാഭാഗങ്ങളിലും ഉള്ളതിനാൽ വികസനപരമായ പദ്ധതികൾ എല്ലാ ഭാഗത്തും നടത്തേണ്ടതാണ്. 700 ഏക്കർ ഭൂമി മൊത്തം കൃഷി ചെയ്യാനുള്ള സൗകര്യമുള്ള വടക്കൻ താലൂക്കുകളിൽ എവിടെയെങ്കിലും കാർഷികകാളേജ് സ്ഥാപിക്കുന്നതു് നന്നായിരിക്കുമെന്നു എനിക്കഭിപ്രായമുണ്ടു്. സങ്കുചിതമായ പ്രാദേശിക മനോഭാവത്തോടുകൂടി മാത്രം കാൎയ്യങ്ങൾ നോക്കാതെ ആവശ്യവും സൌകൎയ്യങ്ങളും പരിഗണിച്ചു ഈ കാൎയ്യം ഗവണ്മെൻറ പരിഗണിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള : വെള്ളായണിയിൽ ഒരു കാൎഷികകാളേജ് സ്ഥാപിക്കാൻ പോകുന്നതിനെ, വടക്കോട്ടു കൊണ്ടുപോകുന്നതിനു ഒരു ഗൂഢാലോചന നടക്കുന്നതിന്റെ സൂചനയാണോ ഈ അഭിപ്രായം?

ശ്രീ. എ. സി. ചാക്കോ : രാജ്യത്തിന്റെ നാനാഭാഗത്തും മൊത്തത്തിൽ പുരോഗതിയുണ്ടാകണമെന്നുള്ള അഭിപ്രായത്തിൽ ചില ആഗ്രഹങ്ങൾ പറയുന്നുവെന്നേയുള്ളു. വെള്ളായണിയിൽ സ്ഥാപിക്കുന്ന കാളേജിനെ ഇല്ലാതാക്കണമെന്നുള്ള വിചാരമൊന്നും എനിക്കില്ല.

സർ, വ്യാവസായികമായി വളരെയധികം പുരോഗമിക്കേണ്ട നമ്മുടെ രാജ്യത്തു് പ്രധാനമായി നമുക്കാവശ്യമുള്ളതു് വിദ്യുച്ഛക്തി ഉൽപ്പാദനമാണ്. നമ്മുടെ രാജ്യത്തു് ചെറിയ ചെറിയ പദ്ധതികൾകൊണ്ടു് കുറെയൊക്കെ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നുണ്ടു്. വ്യാവസായികമായ പുരോഗതിക്കു വേണ്ടി നമുക്കു വിദ്യുച്ഛക്തി വിപുലമായ തോതിൽ ഉൽപ്പാദിപ്പിക്കേണ്ടിയിരിക്കുന്നു. വലിയ തോതിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതയുള്ള ഏററവും വലിയ ഒരു പദ്ധതി ഇടുക്കിയാണ്. വിദഗ്ദ്ധന്മാരായ പല എഞ്ചിനിയറന്മാരും ഈ സ്ഥലം സന്ദൎശിക്കുകയും ഈ പദ്ധതി പൂൎത്തിയാക്കുന്നതോടുകൂടി വിജയകരമായ വിധത്തിൽ വിദ്യുച്ഛക്തി വിതരണം സാദ്ധ്യമാകുന്നതാണെന്നു് അഭിപ്രായപ്പെടുകയുമുണ്ടായിട്ടുണ്ടു്. നമ്മുടെ ഗവണ്മെൻറിനെക്കൊണ്ടു് ഇതിലേയ്ക്കു് വേണ്ടുന്ന ഭീമമായ സംഖ്യ ചെലവു ചെയ്യാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഈ പദ്ധതി ഉൾപ്പെടുത്തണമെന്നു നിവേദനങ്ങൾ നടത്തിയിട്ടുള്ളതു്. നിൎഭാഗ്യവശാൽ രണ്ടാംപഞ്ചവൽസരപദ്ധതിയിൽ ഇതു് ഉൾപ്പെടുത്തിയതായി അറിയുന്നില്ല. തെന്നിന്ത്യ ഒട്ടാകെ ആവശ്യമുള്ള വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുവാൻ സാദ്ധ്യതയുള്ള ഈ പദ്ധതിക്കുവേണ്ടി തുക കൊള്ളിക്കാത്തതു് ഖേദകരമായിപ്പോയി. ഇതു് രാജ്യത്തേയ്ക്കു് ഒരു നഷ്ടമാണ്. വ്യാവ

സായികമായും കാർഷികമായും രാജ്യത്തെ ഉയർത്തുന്നതിനു പര്യാപ്തമായ ഈ വമ്പിച്ച പദ്ധതിയെക്കൂടി രണ്ടാംപഞ്ചവത്സരപദ്ധതിയിൽപ്പെടുത്തണമെന്നു ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. രാജ്യം കാർഷികമായും വ്യാവസായികമായും ഉയരണമെങ്കിൽ അതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണെന്നുള്ള ധനകാര്യമന്ത്രിയുടെ അഭിപ്രായത്തെ ഞാൻ അനുമോദിക്കുന്നു. മൂന്നു നാലു കൊല്ലങ്ങളായി വടക്കൻ താലൂക്കുകളെ രാജ്യത്തെ പുരോഗമനോന്മുഖമായ കാര്യങ്ങളിൽ അവഗണിക്കുകയാണു ചെയ്തിട്ടുള്ളതെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിച്ചു കൊള്ളട്ടെ. തൊടുപുഴ, മൂവാറ്റുപുഴ ഈ താലൂക്കുകളിൽ നിന്നും റവന്യൂ ഇനത്തിലും മറ്റും ഭീമമായ സംഖ്യ ഗവണ്മെന്റിനു കിട്ടുന്നുണ്ടു. അതേ അവസരത്തിൽ തന്നെ വ്യാവസായികമായ കാര്യങ്ങളിൽ അവരെ അവഗണിക്കുകയാണു ചെയ്യുന്നതു. ഗവണ്മെന്റിൽ നിന്നും പല കാര്യങ്ങളും ആ താലൂക്കുകളിൽ ചെയ്യേണ്ടതായിട്ടുണ്ടു. വ്യാവസായികമായും മറ്റും വൻകിട പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽ വടക്കൻ താലൂക്കുകളെക്കൂടി ഉൾപ്പെടുത്തിക്കാണുവാൻ വളരെ ആഗ്രഹിക്കുന്നു. അവസാനമായി എനിക്കു പറയുവാനുള്ളതു വളരെയധികം സന്തോഷത്തോടുകൂടി രാജ്യത്തുള്ള തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനായി രാഷ്ട്രനിർമ്മാണപരമായ പദ്ധതികൾക്കു വേണ്ടി ഈ ബഡ്ജററിൽ ഭീമമായ സംഖ്യ കൊള്ളിച്ചിട്ടുള്ളതു മുഴവൻ ചെലവഴിച്ചുകാണുവാനാഗ്രഹിക്കുന്നു. ഇത്രയും പുരോഗമനപരമായ ഒരു ബഡ്ജററു ഈ അവസരത്തിൽ അവതരിപ്പിക്കാൻ സാധിച്ച ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിച്ചുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

Shri J. A. Bhatt: Sir, I congratulate the Hon. Chief Minister who is also the Finance Minister in placing before the House a well-planned Budget for the coming year. It has been pointed out on the floor of the House that the Budget is not on the socialistic pattern. It has been proved by the recent elections in the Andhra State that the success of the Congress there was mainly due to the socialistic policy and the Socialistic Avadi resolution sponsored by the Prime Minister.

With regard to the circumstances that lead to the formation of a Government by the Congress Party in the State, the Chief Minister has expressed in his speech the reasons for the same. Though the Budget figures show a deficit of 437·7 lakhs, the fact that huge amounts are going to be spent for capital and nation-building works shows that when such works are completed, the dividents that will be earned by the State will help to stabilise the finances of the State. So on that point nobody need feel anxious that the State's finances are in peril.

Sir, the main problem in our State is the problem of unemployment. It was also pointed out that the population is increasing in our State by 1·8 lakhs every year. When compared to other States in India it is really high and it is high time that the people and members of this Assembly consider this serious problem and find ways and means of putting a check on it. If I may express an opinion on that point, I would suggest Government will take steps to check the increase of population by

[Shri J. A. Bhatt]

making arrangements in Hospitals, Dispensaries etc. for giving proper and scientific advice to the people on family planning and birth control. This is a very serious problem because of the crippled economy of our State and the difficulty to give proper employment. I would suggest state-wide propaganda being organised to impress on the citizens the imperative need to check the increase of population.

ശ്രീ. ടി. കെ. ദിവാകരൻ: തൊഴിലില്ലായ്മക്കു പരിഹാരമായിട്ടുള്ള നിർദ്ദേശംകൂടിയാണോ മെംബർ നൽകുന്നതു്?

Shri J. A. Bhatt: That is also one of the means. There are various other things also.

There is much talk now-a-days about social welfare work. This is left to non-official bodies. Under the Five Year Plan we find huge amounts are spent on Social Welfare Schemes and we are made to believe that we have to build a Welfare State in India. When that is so and when huge amounts are spent on social welfare schemes, I am of opinion that a department must be created in the State to tackle the problem and see that the money that is spent is properly spent and non-official organisations are given proper directions and necessary help in carrying on their activities. We find that during the last four years of the First Five Year Plan, the National Extension Service Blocks as well as Community Projects have not come to the mark we expected. I think that if we create a social welfare Department and give people proper direction as well as create the necessary enthusiasm in the locality, we will be able to attain our goal and complete these projects within the Five Year Period.

The hon. Chief Minister has Stated that the Government's policy towards the Municipalities in the State is to vest them with more and more powers. It is really a lamentable thing that even after the attainment of independence the Municipalities in our State are managed under the Act, which was passed during the days of British Raj. Today our Municipalities are reduced to the position of Literary and Debating Societies with all the executive functions vested in the Commissioners. I would therefore urge the Government to change the Act and make it up todate so that local self-government institutions are properly developed and can function in an effective way serving the needs of the citizens from whom they collect taxes. In this context I would like to bring to the notice of the Government the recommendations of the Taxation Enquiry Commission on this subject:

"Government control over Local Administration should not be so meticulous or minute as to destroy the autonomy and self-reliance of local bodies. The goal towards which Government should strive and the purpose for which control should be designed is to develop local self-governing institutions as efficient instruments of administration capable alike of formulating policies and executing them."

I would suggest to our Local Self Government Minister to keep these directions of the Taxation Enquiry Commission in view in framing the new draft Bill, which intention he had expressed during the question hour this morning.

ശ്രീ. ടി. വി. തോമസ്: മുനിസിപ്പൽ എക്സിക്യൂട്ടീവ് ആഫീസറെ നിയമിക്കാനുള്ള അധികാരം കൗൺസിലിന് വിട്ടുകൊടുക്കണമെന്നുള്ള അഭിപ്രായത്തോട് മെമ്പർ യോജിക്കുന്നുണ്ടോ?

ശ്രീ. ജെ. എ. ഭട്ട്: ഞാൻ ആ അഭിപ്രായത്തോട് യോജിക്കുന്നു.

When we are at the verge of completing the first Five Year Plan, and formulating the Second Five Year Plan, the Municipalities and Panchayats have been asked whether they have any plans to be included. Already the Municipalities and Panchayats have submitted their plans. We are really not in the know of things as to how the Municipalities and Panchayats could carry out these plans. We know that as far as the country's finances are concerned, by the end of the First Five Year Plan, the Sterling Balances would be depleted and to carry out important works in our State as well as in other States in India, we have to find the necessary finance from within the country. One thing is sure. We are self sufficient on the food front and we are going to have excess food materials in our country. So we will have reserve money which we utilised for purchasing food. Such amounts the Centre may advance to the States and the State Governments can help the Municipalities and Panchayats to carry out the local schemes.

I may point out that we have got in the Travancore area the Town and Country Planning Act which has not been extended to the Cochin area and I would like to request the Government that an amended Town and Country Planning Act on better lines should be brought before the Assembly before the Second Five Year Plan is started so that it may help the Panchayats and Municipalities to organise local development Trusts on a co-operative basis and also create local enthusiasm in the people to improve their surroundings.

[Mr. Speaker in the Chair.]

Much is said in the Finance Minister's speech about the carrying out of water supply schemes in various parts of our state. Cochin port area including the towns of Mattancherry and Ernakulam are also included in the list and amounts are alloted in the budget year after year, but the works are not carried out. There is a complaint among the people in those parts that water which is a primary necessity for human beings is not adequately supplied. I would request the P. W. D. Minister to see that the allotments made in the budget for this purpose are well utilised and early steps are taken to see that the works are completed.

Sir, for the proper training of our young students in our State, there is a Scouting Department. After the integration of the two States I find that that Department is not properly attending to the training of the scouts and the amounts set apart are

[Shri J. A. Bhatt]

not properly utilised. Very meagre allotments are made and those made are not made available in time for carrying out the activities of the Scout movement. Being an important organisation which is engaged in training our young students on proper lines to become independent citizens of an independent country, I would suggest that proper steps should be taken to see that sufficient allotments are made for this Department and those allotments are properly utilised. With these words, I congratulate the Finance Minister for presenting us a budget tackling all the problems facing the State and request him to see that the works for which allotments are made are carried out.

ശ്രീ. പി. എം. മാക്കോസ്: സർ, പട്ടി കുരച്ചാൽ പടി തുറക്കുകയില്ല എന്നുള്ള ആപ്തവാക്യത്തോടുകൂടിയാണു ഇന്നു് ചിലതു് പ്രസ്താവിക്കുവാൻ ഞാനാഗ്രഹിക്കുന്നതു്. കാരണം, കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ഞാൻ ഈ സഭയിൽ പ്രസംഗിച്ച കാര്യങ്ങൾ തന്നെയാണു് എനിക്കു് ഇപ്പോഴും പറയുവാനുള്ളതു്. പതിനേഴുകോടി മുതൽ ഇരുപത്തിരണ്ടരക്കോടി രൂപവരെ ചെലവുചെയ്തു ഭരണം നടത്തുന്ന ഈ രാജ്യത്തു പത്തുവർഷക്കാലമായി തുടരെ തുടരെ മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഒരു കാര്യത്തെക്കുറിച്ചാണു് ഈ സഭയിൽ ഞാൻ ഇപ്പോഴും പറയുവാൻ ആഗ്രഹിക്കുന്നതു്.

ഈ രാജ്യത്തു് ജനസംഖ്യ 96 ലക്ഷമാണു്. ഇതിൽ ഭൂരിപക്ഷവും പാവപ്പെട്ടവരാണു്. അവരുടെ ഉദ്ധാരണത്തിനുവേണ്ടി വളരെ കൊല്ലങ്ങൾക്കുമുമ്പു് പിന്നാക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറു് എന്ന പേരിൽ ഒരു ഡിപ്പാർട്ടുമെൻറു് ആരംഭിച്ചു. ആരംഭകാലത്തു് ആ ഡിപ്പാർട്ടുമെൻറിനു് ഒരു കൊല്ലം പന്തീരായിരം രൂപ മാത്രമാണു ചെലവാക്കുവാനുണ്ടായിരുന്നതു്. എന്നാൽ കൊല്ലങ്ങൾ മുന്നോട്ടു പോകുംതോറും ഈ ഡിപ്പാർട്ടുമെൻറിനു കൂടുതൽ കൂടുതലായി തുക അനുവദിച്ചുവന്നു. അങ്ങനെ ഇന്നത്തെ നിലയിൽ എത്തിയിരിക്കുകയാണു്. അതിൽ ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുന്നു.

അതോടൊപ്പം ഒരു കാര്യം പ്രസ്താവിക്കാതെ തരമില്ല. സർ, ഈ രാജ്യത്തെ ഏകദേശം 25 ലക്ഷത്തോളം വരുന്ന പിന്നാക്ക സമുദായക്കാരിൽ, പത്തുലക്ഷത്തിൽപരം ആളുകളും ക്രിസ്ത്യാനികളാണു്. പാവപ്പെട്ട ജനങ്ങളുടെ ഉദ്ധാരണത്തിനായി പട്ടികജാതിക്കാർ എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും ക്രിസ്ത്യാനികളായിപ്പോയി എന്ന കാരണത്താൽ അവരുടെ കൂട്ടത്തിൽപ്പെടേണ്ട ഒരു നല്ല വിഭാഗം ആളുകളെ മാററി നിറുത്തിയിരിക്കുകയാണു്. അവരെ കൂടി പട്ടികജാതിയിൽപ്പെടുത്തണമെന്നും അങ്ങനെ പട്ടികജാതിക്കാർക്കു കിട്ടുന്ന സൗജന്യങ്ങൾ എല്ലാം അവക്കും കൂടി ലഭിക്കുവാൻ ഇടവരുത്തണമെന്നും പത്തുവർഷക്കാലമായി മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണു്. എന്നാൽ ആ കാര്യം ഇവിടത്തെ ഭരണം നടത്തുന്ന ഗവണ്മെൻറു് കേവലം വനരോദനമായി ഗണിച്ചു് തള്ളിയിരിക്കുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽനിന്നു പിന്നോക്കസമുദായക്കാർക്കുവേണ്ടി കൂടുതൽ തുക കൊള്ളിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. എം. മാർക്കോസ്: അതെനിക്കറിയാം. അതിനു ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുകയും ചെയ്യുന്നു.

എന്നാൽ എൻെറ പരാതി അതല്ല. പട്ടികജാതിക്കാരിൽപ്പെട്ട ഒരു ജ്യേഷ്ഠനും അനുജനും ആണെങ്കിൽതന്നെ, ഒരുവൻ ക്രിസ്ത്യാനിയായി മതം മാറിപ്പോയാൽ, ജ്യേഷ്ഠനു കിട്ടുന്ന സൗജന്യം മറ്റെയാളിനു (അനുജനു്) കിട്ടുന്നില്ല. മതം മാറി എന്നുള്ളതിൽ കവിഞ്ഞു് സാമ്പത്തികമായി ഒരു വ്യത്യാസവും അവർക്കു തമ്മിൽ ഇല്ല. സർ, സി. പി. രാമസ്വാമി അയ്യരുടെ കാലത്തു ഇവിടത്തെ ക്രിസ്ത്യാനികളോട് അനുവർത്തിച്ചുവന്ന നയത്തിൽ കൂടുതലായി ബാധിച്ചതു് ഈ പാവപ്പെട്ട സാധുക്കളായ ക്രിസ്ത്യാനികൾക്കാണ്. അന്നു അദ്ദേഹം പാവപ്പെട്ട ഹിന്ദുക്കൾക്ക് പല സൗജന്യങ്ങളും ചെയ്തുകൊടുത്തു. എന്നാൽ ആ സൗജന്യം പാവപ്പെട്ട ക്രിസ്ത്യാനികൾക്ക് ലഭിച്ചില്ല. ജനകീയഭരണം വന്നിട്ട് ഏഴര കൊല്ലമായി. ഈ കാലത്തിനിടയിൽ ഇന്നത്തെ പുലയരേയും പറയരേയും പ്രത്യേകം അറിയാൻ കഴിയുന്ന ഇവിടത്തെ ഭരണാധികാരികൾക്ക് ക്രിസ്ത്യാനികളായ പുലയരേയും പറയരേയും കണ്ടുപിടിക്കുവാൻ കഴിയാതെ പോയതു് ഖേദകരമാണ്. അതുപോലെതന്നെ ഹൈന്ദവ വിദ്യാർത്ഥികൾക്കു കിട്ടുന്ന സൗജന്യങ്ങൾ പാവപ്പെട്ട ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കു കിട്ടുന്നില്ല. നേരേമറിച്ചു് ഒരു ഹൈന്ദവവിദ്യാർത്ഥി ഒരു കൊല്ലം, ഒരു പക്ഷേ രണ്ടോ മൂന്നോ കൊല്ലം തോററാൽപോലും ഫീസുസൗജന്യവും മററു സൗജന്യങ്ങളും ലഭിക്കുന്നു. എന്നാൽ ഒരു ക്രിസ്ത്യൻ കുട്ടി ഒരു കൊല്ലം തോററാൽ പിന്നെ ഒരു സൗജന്യവും ലഭിക്കുകയില്ല. ഈ നില വച്ചു നോക്കുമ്പോൾ എല്ലാ പട്ടികജാതിവർഗ്ഗക്കാരേയും ക്രിസ്ത്യാനികളാക്കുവാനാണു ഗവണ്മെൻറു ശ്രമിക്കേണ്ടതു്. പിന്നെ പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറിൻെറ ആവശ്യമേ ഉണ്ടാകുന്നതല്ല. അങ്ങനെ ഗവണ്മെൻറിനു ഇരുപത്തിരണ്ടര ലക്ഷം രൂപ ലാഭിക്കുകയും ചെയ്യും.

ശ്രീ. കട്ടപ്പൻ കോയിക്കൽ: സാമ്പത്തിക അവശത അനുഭവിക്കുന്ന മുസ്ലീങ്ങളെ പട്ടികജാതിയിൽപ്പെടുത്തുന്നതിനെ അനുകൂലിക്കുന്നുണ്ടോ?

ശ്രീ. പി. എം. മാർക്കോസ്: എനിക്കു് അതിനു വിരോധമില്ല. എന്നാൽ ഇവിടത്തെ മുസ്ലീങ്ങളുടെ ഇടയിൽ പറയനെന്നോ പുലയനെന്നോ ഉള്ള പരിഗണന ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഇക്കാര്യത്തിൽ ഹിന്ദുക്കളേയും ക്രിസ്ത്യാനികളേയും രണ്ടായി കണക്കാക്കേണ്ട ആവശ്യമില്ല.

ശ്രീ. സി. സി. അയ്യപ്പൻ: മുസ്ലീം സമുദായത്തിൽ പട്ടികജാതിക്കാർ ഉണ്ടോ?

ശ്രീ. പി. എം. മാർക്കോസ്: എനിക്കു് അതിനെപ്പററി നിശ്ചയമില്ല. ക്രിസ്ത്യാനിയായി എന്നുള്ളതുകൊണ്ടു് ക്രിസ്തുമതത്തിൽ ചേർന്ന പുലയർക്കും, പറയർക്കും, ചേരമർക്കും, സാംബവർക്കും, കുറവർക്കും പട്ടികജാതിക്കാരുടെ സൗജന്യങ്ങൾ കൊടുക്കാൻ പാടില്ലെന്നാണു തീരുമാനിക്കുന്നതെങ്കിൽ ഹിന്ദുക്കളിൽ ബ്രാഹ്മണരും മററും ഉള്ളതുകൊണ്ടു് പട്ടികജാതിക്കാർ എന്നൊരു വിഭാഗത്തെ സൃഷ്ടിക്കേണ്ട ആവശ്യം ഇല്ലെന്നും വാദിക്കാവുന്നതാണു്. ഏതു മതത്തിൽപ്പെട്ടവരായാലും പാവപ്പെട്ടവർ പാവപ്പെട്ട

[ശ്രീ. പി. എം. മാക്കോസ്]

വർ തന്നെയാണ്. പത്തുകൊല്ലക്കാലമായി ഇതിനുവേണ്ടി ഞങ്ങൾ വാദിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ഇതിനു യാതൊരു ഭരണാധിപന്മാരും ന്യായമായ സമാധാനം പറയുന്നില്ല.

ശ്രീ. മഞ്ജനാഥപ്രഭു: ക്രിസ്ത്യാനികളിൽ പുലയർ എന്നൊരു പ്രത്യേക ജാതിയുണ്ടോ?

ശ്രീ. പി. എം. മാക്കോസ്: ഹിന്ദുക്കളിൽ പുലയർ ഉള്ളതുപോലെ ക്രിസ്ത്യാനികളിലും പുലയർ ഉണ്ട്. ഇൻഡ്യൻ ഭരണഘടനയിൽ തന്നെ പറയുന്നുണ്ട് ഒരുത്തരും തങ്ങളുടെ മതത്തിന്റെ പേരിൽ അവശതയനുഭവിക്കാൻ പാടില്ലാ എന്ന്. ഹിന്ദുക്കൾക്ക് കിട്ടുന്ന സൗജന്യം ഞങ്ങൾക്കു കിട്ടാത്തതിൽ ഞങ്ങൾ പാവപ്പെട്ടവരും മീണ്ടാപ്രാണികളും ആയതുകൊണ്ടാണ് ഇതുവരെ പ്രതിഷേധിക്കാൻ ഒരുങ്ങാത്തത്.

പാവപ്പെട്ടവരായ അവശക്രിസ്ത്യാനികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും മുഴുവനുമില്ലെങ്കിലും, കുറെയൊക്കെ പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ഇനിയും വളരെ ശ്രമിക്കേണ്ടതായിട്ടുണ്ട്. അവരുടെ നന്മയെ അവഗണിക്കുന്ന ഒരു സമ്പ്രദായം ഒരിക്കലും ക്ഷന്തവ്യമല്ല. നമ്മുടെ സംസ്ഥാനത്ത് കൂടക്കൂടെ മന്ത്രിസഭകൾ മാറിക്കൊണ്ടിരിക്കുകയാണ്. ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ രണ്ടും മൂന്നും മന്ത്രിസഭകൾ ഉണ്ടാകുന്ന പാരമ്പര്യമാണ് ഇവിടെയുള്ളത്. തന്നിമിത്തം രാജ്യത്തുള്ള അവശസമുദായക്കാർ, അവർ ക്രിസ്ത്യാനികളായാലും, ഹിന്ദുക്കളായാലും അവർക്ക് ജീവിക്കുവാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കിക്കൊടുക്കുന്നതിൽ പക്ഷപാതം പ്രകടിപ്പിക്കുന്നത് വലിയ പാപമാണ്. അവശസമുദായത്തിൽപ്പെട്ടവൻ ക്രിസ്ത്യാനിയാണോ, ഹിന്ദുവാണോ എന്നു നോക്കേണ്ടതില്ല. മാത്രമല്ല, ക്രിസ്ത്യാനിയാണെങ്കിൽ അവനെ അവഗണിക്കുകയും, ഹിന്ദുവാണെങ്കിൽ അനുകൂലിക്കുകയും ചെയ്യുന്ന മനോഭാവം തുടർന്നുകൊണ്ടുപോകരുതെന്നാണ് എന്റെ വിനീതമായ അഭിപ്രായം. അതല്ലെങ്കിൽ, അവശത അനുഭവിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് യാതൊരു ഗുണവും ചെയ്യുകയില്ലെന്ന് ഏററവും സമർത്ഥനായ ഇന്നത്തെ മുഖ്യമന്ത്രി നേരിട്ടു പറയട്ടെ, എനിക്കതിൽ മനസ്താപമില്ല. എന്നാൽ, അവശസമുദായങ്ങളുടെ പേരുംപറഞ്ഞ് കുറേപേർമാത്രം ഗുണമനുഭവിക്കുന്നത് ശരിയാണെന്നു തോന്നുന്നില്ല. ഇതാണ് മന്ത്രിസഭയുടെ കൂടക്കൂടെയുള്ള വീഴ്ചയ്ക്ക് കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻശാസ്ത്രി: അവശക്രിസ്ത്യാനികളുടെ ഒരു സെൻസസ് അല്ലെങ്കിൽ അവർ എത്ര പേരുണ്ടെന്നു പറയാൻ സാധിക്കുമോ?

ശ്രീ. പി. എം. മാക്കോസ്: എത്രപേരുണ്ടെന്ന് പറയണമെങ്കിൽ ഒരു സെൻസസ് എടുക്കാതെ സാദ്ധ്യമല്ല. അവശക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളവും സെൻസസ് എടുക്കണമെന്നു വളരെ മുൻപു തന്നെ ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ, ഇതുവരെയും ആ കാര്യം സാധിച്ചിട്ടില്ല. സ്വാതന്ത്ര്യം കിട്ടി വർഷം ഏഴുകഴിഞ്ഞിട്ടും ഈ സാധുക്കളുടെ കാര്യത്തിൽ കാര്യമായി യാതൊന്നും

ജനകീയഗവണ്മെൻറും ചെയ്യുന്നില്ലായെന്നു പറയുമ്പോൾ ചെയ്തിട്ടുള്ള നന്മയെ അവഗണിച്ചുകൊണ്ടാണ് പറയുന്നത് എന്ന് ധരിക്കേണ്ടാ. പിന്നോക്കസമുദായങ്ങളിലെ അംഗങ്ങളും ഈ രാജ്യനിവാസികളാണ്. രാജ്യത്തിന് അവരെയും ആവശ്യമുണ്ട്. ഒരു കാരണവശാലും അവരെ രാജ്യത്തിന് വേണ്ടെന്നുവയ്ക്കാൻ സാദ്ധ്യമല്ല. അവർ, പുരാതനകാലം മുതൽതന്നെ കൂലിവേലചെയ്ത് ഉപജീവനം കഴിക്കുന്ന സാധുക്കളാണ്. സവർണ്ണരായിട്ടുള്ള ക്ലേശങ്ങളും, കഷ്ടതകളും ഒന്നിനൊന്നു വർദ്ധിക്കുകയല്ലാതെ അതിന് കുറവുകാണുന്നില്ല. വളരെ വർഷങ്ങളായി പള്ളിക്കൂടങ്ങളിൽ പ്രവേശിപ്പിക്കാതെയും, റോഡിൽക്കൂടി നടക്കാൻ സമ്മതിക്കാതെയും ഇരുന്ന ഒരവസ്ഥ മാറിയിട്ട് ഏറെ നാളായില്ല. അത്ര വളരെ ദുരിതങ്ങൾ അനുഭവിച്ചുവരാണ് ഈ കൂട്ടർ. അതുകൊണ്ട് അവശക്രിസ്ത്യാനികൾക്ക് ഗവണ്മെൻറിൽനിന്നും വളരെ ആനുകൂല്യങ്ങളും സഹായങ്ങളും നൽകേണ്ടതായിട്ടാണിരിക്കുന്നത്. അടുത്തതായി എനിക്ക് പറയാനുള്ളത് കുടിയിറക്കിനെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, കുടിയിറക്കിനെ സംബന്ധിച്ചുള്ള പരാതികൾ പത്രങ്ങളിലും, നിയമസഭയിലും മാത്രമാണുള്ളതെന്ന്. വാസ്തവത്തിൽ രാജ്യത്തിന്റെ പല ഭാഗങ്ങളിലും കുടിയിറക്കുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് ഒരു ഒന്നരമാസക്കാലമായിട്ട് വളരെ കുറവു വന്നിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഒന്നരമാസമായിട്ട് വളരെ കുറഞ്ഞിരിക്കുന്നുവെന്നാണോ പറയുന്നത്?

ശ്രീ. പി. എം. മാർക്കോസ്: ഒന്നരമാസമായിട്ടു കുറവുണ്ടെന്നുതന്നെയാണ് ഞാൻ പറഞ്ഞത്. കുടിയിറക്കാൻ പാടില്ലായെന്ന് ഗവണ്മെൻറ് നിരോധിച്ചിട്ടും പല സ്ഥലങ്ങളിലും ജന്മിമാർ അവരുടെ സ്ഥലങ്ങളിൽ കുടികെട്ടി താമസിക്കുന്ന സാധുക്കളെ നിർദ്ദയം ഇറക്കിവിട്ടുകൊണ്ടിരിക്കുന്നുണ്ട്. മറ്റു ചില ജന്മിമാർ ഇറക്കിവിട്ടില്ലെങ്കിലും, സാധുക്കൾ കുടിലിൽതന്നെ കഴിഞ്ഞുകൂടുന്നതിനും, പരിസരങ്ങളിൽ ഒരിടത്തുപോലും സ്വാതന്ത്ര്യം കൊടുക്കാതെ കഷ്ടപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നു, ഉടമസ്ഥന്റെ അനുവാദമില്ലാതെ കയ്യേറ്റംചെയ്ത് കുടികെട്ടി താമസിക്കുന്നവരെ ബലമായി ഇറക്കുവാനുള്ള അധികാരം വസ്തുഉടമസ്ഥനുണ്ടെന്ന്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന ആപത്താണ്. നാളെ ആയിരക്കണക്കിന് വീടുകൾ പൊളിച്ചുകളയാൻ എളുപ്പമാണ്. വാസ്തവത്തിൽ അനവധി വർഷങ്ങളായി ജന്മിയുടെ വേലയുംചെയ്ത് വെറും അടിമകളെപ്പോലെ കുടിലിൽ താമസിക്കുന്ന സാധുക്കൾക്ക് താമസസ്ഥലത്തിന് പ്രമാണം രേഖാമൂലം കാണുകയില്ല. കൃഷിചെയ്യാൻ വേണ്ടി അഞ്ചോ, പത്തോ സെൻറ സ്ഥലമെങ്കിലും കുടിയുടെ പരിസരങ്ങളിൽ കൊടുക്കേണ്ടത് ജന്മിമാരുടെ കടമയാണ്. ചില ജന്മിമാർ അങ്ങനെ കൊടുക്കുന്നുമുണ്ട്. പാട്ടച്ചീട്ടോ, മറ്റു പ്രമാണങ്ങളോ ഇല്ലാതെ പല സ്ഥലങ്ങളിലും ജന്മിമാരുടെ അടിമകളെപ്പോലെ കുടികെട്ടി താമസിക്കുന്ന സാധുക്കളുണ്ട്. ചില സാധുക്കൾക്ക് അവരുടെ സേവനത്തെ ആസ്പദമാക്കി സഹായംചെയ്യുന്ന ഉടമസ്ഥന്മാരുണ്ട്. ആനിക്കാട്ട് എന്ന സ്ഥലത്തെ ഒരു ജന്മിയുടെ വകയായ പത്തേക്കർ സ്ഥലത്ത് ഒരു സാധു കൃഷിചെയ്ത് ജീവിച്ചുവരികയായിരുന്നു. ഒരു പ്രമാണംപോലും ഇല്ല. ഒടുവിൽ ജന്മിയും ഞാനും കൃഷിക്കാരനുംകൂടി ഇടപെട്ട് ജന്മിയുടെ

[ശ്രീ. പി. എം. മാർക്കോസ്]

കയ്യിൽനിന്നും രണ്ടേക്കർസ്ഥലം ആ സാധു കൃഷിക്കാരന് സ്വന്തമാക്കി കൊടുത്തു. വാസ്തവത്തിൽ ജന്മിയുടെ ഉദാരമായ മനോഭാവമാണ് പ്രകടമാക്കിയത്. ഇതുപോലെ യാതൊരു പ്രമാണവും രേഖയും ഇല്ലാതെ കുടിൽകെട്ടി താമസിക്കുന്ന പതിനായിരക്കണക്കിനുള്ള സാധുക്കളെ കുടിൽ പൊളിച്ച് ഇറക്കിവിടുന്നതു് ന്യായത്തിൻെറയും, സത്യത്തിൻെറയും പേരിൽ എത്രത്തോളം നീതീകരിക്കാവുന്നതാണെന്ന് ഗവണ്മെൻറ് ചിന്തിക്കേണ്ടതാണ്. സർ, ഇതുപോലെതന്നെ കാളനികളെപ്പററിയും, അവയുടെ നിർമ്മാണത്തെപ്പററിയും എനിക്ക് ഗവണ്മെൻറിനെ അഭിനന്ദിക്കേണ്ടതായിട്ടുണ്ട്. പക്ഷെ, കാളനി നിർമ്മിച്ചതുകൊണ്ടായില്ല. ഏതു ഉദ്ദേശത്തോടുകൂടി കാളനി ഉണ്ടാക്കിയോ ആ ഉദ്ദേശം സാധിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യം സൃഷ്ടിച്ചില്ലെങ്കിൽ കാളനിമൂലം വലിയ ദൂഷ്യങ്ങളാണുണ്ടാകുന്നതു്. മുനിസിപ്പൽ പട്ടണങ്ങളിൽ താമസിക്കുന്ന യാചകരെ ഒരു മൂലയിൽ മാററി താമസിപ്പിച്ച് പട്ടണങ്ങളിൽനിന്നും അവരുടെ ശല്യങ്ങളെ ഒഴിവാക്കുന്നതുപോലെ പാവപ്പെട്ടവരായ 10-ം, 300-ം കുടുംബങ്ങളെ റിസർവ്വ് വനങ്ങളിൽ ഇരുപതു സെൻറ് സ്ഥലം മാത്രം അനുവദിച്ച് താമസിപ്പിക്കുന്നതു് ആപൽക്കരമാണ്. അവരുടെ ജീവിതാവശ്യത്തിന് കുടുംബം ഒന്നിന് ഒരു ഏക്കർ സ്ഥലമെങ്കിലും കുറഞ്ഞതു് കൊടുക്കേണ്ടതാണ്.

മറെറാരു കാര്യം, വനങ്ങളുടെ ഇടയ്ക്ക് ഒരു കാളനിയുണ്ടാക്കി പത്തും, അഞ്ഞൂറും ആളുകളെ അവിടെകൊണ്ട് താമസിപ്പിച്ചാൽ ഏതു വിധത്തിലാണ് അവരുടെ ജീവിതം കഴിയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കൂലിവേലചെയ്തും മററും ഒരുവിധം ജീവിതം കഴിച്ചുകൊണ്ടിരുന്ന ആളുകളെ ഇങ്ങനെ കൂട്ടം കൂട്ടമായി ഓരോ സ്ഥലങ്ങളിൽക്കൊണ്ടിട്ടാൽ പട്ടിണികിടന്ന് ചാകുകയല്ലാതെ മററ് ഗത്യന്തരം ഇല്ലതന്നെ. അതുകൊണ്ട് അവർക്ക് ജീവിക്കുവാനുള്ള സൗകര്യം അതായതു്, ഒരു വ്യക്തിക്ക് അല്ലെങ്കിൽ ഒരു കുടുംബത്തിനു കുറഞ്ഞതു് ഒരേക്കർ സ്ഥലമെങ്കിലും കൃഷിചെയ്യുന്നതിനുവേണ്ടി അനുവദിച്ചുകൊടുക്കേണ്ടതാണ്. പട്ടണങ്ങളിൽ മരാമത്തു ഡിപ്പാർട്ടുമെൻറ് മുഖേന പല നന്മകളും ചെയ്യുന്നുണ്ട്. വലിയ തുകകൾ ആണ്ടുതോറും ബഡ്ജററിൽ കൊള്ളിക്കുന്നതുതന്നെ മിക്കവാറും ചെലവാക്കുന്നതു് പട്ടണങ്ങളിലാണ്. ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം നാമമാത്രമായ ചില ആനുകൂല്യങ്ങൾ ചെയ്യുന്നതല്ലാതെ കാര്യമായി യാതൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട മുൻ മരാമത്തുമന്ത്രി അവർകളോട് ഈ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ സംസാരിക്കുകയും, അദ്ദേഹം വിജയപുരത്ത് ഒന്നുവന്ന് സ്ഥലം സന്ദർശിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തതിൻെറ ഫലമായിട്ട് അദ്ദേഹം വരാമെന്നു പറഞ്ഞതല്ലാതെ വന്നില്ല. ഗ്രാമപ്രദേശങ്ങളിൽ സഞ്ചാരസൗകര്യത്തിന് പാലമോ, റോഡോ സൗകര്യമായിട്ടില്ലാത്തതു് കഷ്ടകരമായ ഒരു വസ്തുതയാണ്. എൻെറ നിയോജകമണ്ഡലത്തിൽ മററക്കര ഒരു പാലത്തിൻെറ പണി തുടങ്ങിയിട്ട് ആറേഴ വർഷമായി, പാലത്തിൻെറ ഇരുവശങ്ങളിലും ഓരോ കുഴികൾ കുഴിച്ച് ഒരു വിലങ്ങുതടി ഇട്ടിട്ടുണ്ട്. ആ പണി എത്രയും വേഗത്തിൽ തീർക്കുവാൻ അധികാരികളോട് നിവേദനം ചെയ്തിട്ടുണ്ടെങ്കിലും പണി ത്വരിതപ്പെട്ടുകാണുന്നില്ല. അതുപോലെതന്നെ. അരിപ്പറമ്പ്—അകലക്കുന്നം റോഡ്, എരുത്തു

പുഴ ഒരു കലുങ്കുപാലമെങ്കിലും തീരാത്തതുകൊണ്ടു് ആറു മൈൽ സ്ഥലത്തേയ്ക്കു് 13 മൈൽ ചുററിയാണു് ആളുകൾ പോകുന്നതു്. ഗ്രാമപ്രദേശങ്ങളിലെ സാധുക്കൾക്കുവേണ്ടി അയർക്കുന്നത്തു് ഒരാശുപത്രി ഉണ്ടാക്കണമെന്നുകാണിച്ചു് 240 പേർ ഒപ്പിട്ട ഒരു മെമ്മോറാണ്ഡം ഗവണ്മെൻറിനു് സമർപ്പിക്കുകയുണ്ടായി. നിർഭാഗ്യവശാൽ അന്നത്തെ മന്ത്രി നിഷ്കരുണം തള്ളിക്കളയുകയാണു ചെയ്തതു്. നിയമസഭയിൽ അതിനെപ്പററി പല വാദപ്രതിവാദങ്ങളും നടന്നിട്ടുണ്ടു്. ഇതുവരെയായിട്ടും യാതൊരു പരിഹാരവും ഉണ്ടായിട്ടില്ലെന്നുവേണം പറയേണ്ടതു്. സർ, അതുകൊണ്ടു് ഗ്രാമപ്രദേശങ്ങളിൽ അദ്ധ്വാനിച്ചു് ജീവിതം കഴിക്കുന്ന ആളുകൾക്കു് ചില സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതു് ഗവണ്മെൻറിന്റെ കടമയല്ലേയെന്നാണു് ഞാൻ ചോദിക്കുന്നതു്. മറെറാരു കാര്യം എനിക്കു് പറയാനുള്ളതു് വനഭൂമിയിലുള്ള അനധികൃതമായ കയ്യേററത്തെപ്പററിയാണു്. ബഹുമാനപ്പെട്ട തൊടുപുഴ മെംബർ പറഞ്ഞതുപോലെ വനഭൂമി കയ്യേററം ചെയ്യുകയും അവയിലുള്ള വൃക്ഷങ്ങൾ നശിപ്പിക്കുകയും മററും ചെയ്യുന്നതു് ഇവിടത്തെ കുറെ ഉദ്യോഗസ്ഥന്മാരാണു്. ഒരു സെൻറു ഭൂമിയിൽപോലും ഫാറസ്ററുകാരുടെ അനുവാദംകൂടാതെ ഇതുവരെ ആർക്കും പ്രവേശിക്കാൻ സാധിച്ചിട്ടില്ല. കുത്തകപ്പാട്ട വ്യവസ്ഥയിലും മററും വനങ്ങളിൽ കടന്നുചെന്നു് കൃഷിചെയ്യുന്ന ആളുകളെ സംബന്ധിച്ചിടത്തോളവും ഉദ്യോഗസ്ഥന്മാർ വളരെ ചൂഷണം ചെയ്തുകൊണ്ടാണിരിക്കുന്നതു്. അതുകൊണ്ടു് ഉദ്യോഗസ്ഥന്മാരുടെ ഭീഷണിയിൽനിന്നും ഈ സാധുക്കളെ രക്ഷിക്കേണ്ടതു് ഗവണ്മെൻറിന്റെ കടമയാണു്. എന്നാൽ, ഇപ്പോഴും പല സ്ഥലങ്ങളിലും ഇവരെ ഉപദ്രവിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്. അറക്കുളം, പൊട്ടൻകാടു്, മണിമല മുതലായ സ്ഥലങ്ങളിൽ ഉൾപ്പെട്ട വനങ്ങളിൽ അനവധി സാധുക്കൾ ഈ കൃഷിചെയ്തു് ഉപജീവനം കഴിച്ചുകൊണ്ടിരുന്നവരെ സ്വാധീനശക്തിയുള്ള ആളുകളും ഉദ്യോഗസ്ഥന്മാരും ആട്ടിപ്പായിച്ചുകൊണ്ടാണിരിക്കുന്നതു്. ഈവിധമുള്ള അനീതികളിലും അക്രമങ്ങളിലുംനിന്നു ഇവരെ വിമുക്തമാക്കേണ്ടതു് ഏററവും ആവശ്യമായിട്ടുള്ളതാകുന്നു. ഇവിടത്തെ ഉദ്യോഗസ്ഥന്മാർ പറയുന്നതു് നിങ്ങൾ ഇപ്പോൾ മാറിക്കൊടുക്കണം, അതിനുശേഷം നിങ്ങൾക്കു് വേറെ സ്ഥലം പതിച്ചുതരാം എന്നൊക്കെയാണു്. അതനുസരിച്ചു അവർ മാറിക്കൊടുത്തപ്പോൾ അവർക്കു് മുമ്പുണ്ടായിരുന്ന സ്ഥലവും പോയി, പിന്നീടു ഗവണ്മെൻറിൽനിന്നു കിട്ടിയതുമില്ല എന്ന നിലയിലായി. ഇങ്ങനെ ഇവിടത്തെ പാവപ്പെട്ട ജനങ്ങൾ വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുകയാണു്. ഒരു സംഗതിയല്ല പല സംഗതികളിലും അവർക്കു് കഷ്ടതയാണുള്ളതു്.

എനിക്കു ഒരു കാര്യംകൂടി പറയുവാനുള്ളതു് അവശസമുദായോദ്ധാരണത്തിനുവേണ്ടി ഗവണ്മെൻറു ചെലവാക്കുന്ന പണം അതർഹിക്കുന്ന തരത്തിൽ പ്രയോജനപ്പെടുന്നില്ല എന്നാണു്. ഈ പ്രാവശ്യവും ഞാൻ അതു പറയുന്നതു ഗവണ്മെൻറു ആ കാര്യത്തിൽ സത്വരശ്രദ്ധ പതിപ്പിക്കണം എന്നുള്ളതുകൊണ്ടുമാത്രമാണു്. ചൂഷണത്തിനു വിധേയമായി നാൾക്കുനാൾ അധഃപ്പതിച്ചുകൊണ്ടുവരുന്നവർക്കു വേണ്ടി ബഡ്ജററിൽ കൂടുതൽ പണം അനുവദിക്കുകയും അനുവദിച്ചിട്ടുള്ള പണം ശരിയായി വിനിയോഗിക്കുകയും, ഹിന്ദുവെന്നോ ക്രിസ്ത്യാനി എന്നോ ഉള്ള വ്യത്യാസംകൂടാതെ സാധുക്കളോടുചെയ്യുന്ന നീതി ഒരുപോലെ ആയിരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ബഡ്ജററിനെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ പ്രാവശ്യം പടി തുറക്കുമെന്നു വിശ്വാസമുണ്ടോ ?

ശ്രീ. പി. എം. മാർക്കോസ് : തുറക്കുമെന്നാണു വിശ്വസിക്കുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അങ്ങനെയാണെങ്കിൽ കര നിവർത്തി കടി തുടങ്ങരുതേ ?

ശ്രീ. പി. നാരായണൻപോററി : സർ, ഇവിടെ ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിൽ പുതിയ പരിപാടികൾ വല്ലതും ഉൾക്കൊള്ളുന്നുണ്ടോ എന്നു ഞങ്ങൾ നോക്കിയിരിക്കയാണു്. ഇതിനുമുമ്പു പല സമ്മേളനങ്ങളിലും അവതരിപ്പിച്ചിട്ടുള്ള ബഡ്ജററുകളിൽ നിന്നു് ഈ ബഡ്ജററിൽ വിഭിന്നമായി ചില വസ്തുതകൾ, അതായതു് പുതുമയുള്ള ചില വസ്തുതകൾ അടങ്ങിയിരിക്കുമെന്നും ഇപ്പോൾ നമ്മെ ബാധിക്കുന്ന പലവിധ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്ന തരത്തിലുള്ള പല നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതായിരിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. അതിൻെറ കാരണങ്ങൾ പലതാണു്. ഒന്നാമതു് സോഷ്യലിസം പ്രാണവായുപോലെ ശ്വസിച്ചിരുന്ന ഒരു പാർട്ടി ഭരണത്തിൽനിന്നു ഒഴിഞ്ഞതിനുശേഷം വന്നിട്ടുള്ള പാർട്ടിയാണു ഇന്നധികാരത്തിൽ വന്നിരിക്കുന്നതു്. രണ്ടാമതു ഏററവും അടുത്തകാലത്തു് കൂടിയ തങ്ങളുടെ വാർഷികസമ്മേളനത്തിൽ സമൂഹത്തിൻെറ സോഷ്യലിസ്റ്റ് ചിത്രമാണു് തങ്ങളുടെ ലക്ഷ്യമെന്നു് പ്രഖ്യാപിച്ചിട്ടുള്ള ഒരു പാർട്ടിയുടെ ബഡ്ജററാണു ഇതു്. ഈ കാരണങ്ങൾ കൊണ്ടുനോക്കുമ്പോൾ ജനങ്ങളുടെ ശ്രദ്ധയെ കുറെയെല്ലാം ആകർഷിക്കത്തക്ക വിധത്തിലും, ജനങ്ങളുടെ എല്ലാവിധത്തിലുള്ള ആഗ്രഹങ്ങളേയും കുറെ ഏറെ നിറവേററത്തക്ക വണ്ണവും, ഭരണമേറെടുത്തിരിക്കുന്ന പാർട്ടി തങ്ങളുടെ ബഡ്ജററിൽ ജനങ്ങളുടെ പ്രത്യാശകൾക്കു് അനുയോജ്യമായ വിധത്തിലുള്ള പരിപാടികൾ വല്ലതും ആരംഭം ചെയ്യുവാനിടയുണ്ടെന്ന ഒരു വ്യാമോഹം ഞങ്ങൾക്കുണ്ടായിരുന്നു. പക്ഷെ ഇന്നത്തെ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തോടു് ബഹുമാനമോ അല്ലെങ്കിൽ നമ്മുടെ പ്രശ്നങ്ങൾ ശരിയായി കൈകാര്യം ചെയ്യുമെന്നുള്ള ആത്മാർത്ഥതയോ ഇതിൽ സ്വല്പം പോലും കാണുന്നില്ല, എന്നു് പറയേണ്ടിവന്നതിൽ ഞങ്ങൾക്കു ഖേദവുമില്ല. സോഷ്യലിസം പ്രഖ്യാപിച്ചതിനുശേഷം അതിൻെറ പുറകേ വരുന്ന സംഗതികൾ നന്നായിരിക്കാനിടയുണ്ടെന്നു ഞങ്ങളിൽ കുറേപ്പേർ തെററിദ്ധരിച്ചതാണു്. സർ, അതു തെററിദ്ധാരണയാണെന്നു ഞങ്ങൾ സമ്മതിക്കുന്നു. എങ്കിലും സോഷ്യലിസ്റ്റ് സമൂഹത്തിൻെറ മോഹനമായ ഒരു ചിത്രം വരച്ചുകൊണ്ടു, അതിൻെറ പിന്നിൽ അവതരിപ്പിക്കുന്ന സംഖ്യാ ലനവ്യപലന കണക്കുകൾ ആ ലക്ഷ്യത്തിലേക്കു് രാജ്യത്തെ ഒട്ടല്പമെങ്കിലും എത്തിച്ചേക്കുമെന്നു ഞങ്ങൾ തെററിദ്ധരിച്ചുപോയതിൽ ഞങ്ങളെ കുററപ്പെടുത്തരുതു്.

സോഷ്യലിസം എന്നു പറഞ്ഞാൽ എന്താണെന്നു പറയുവാൻ ഞാൻ ഇപ്പോൾ ഒരുങ്ങുന്നില്ല. ഇന്നത്തെ സാമ്പത്തിക മണ്ഡലത്തിൽ അല്പമായ ചില വ്യത്യാസങ്ങൾ എങ്കിലും വരുത്തുവാനുള്ള ചില പരിപാടികളും ഇന്നത്തെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുള്ള ചില നയവിശേഷങ്ങളും മുഖ്യമന്ത്രിക്കു ഉണ്ടെന്നു് ഞങ്ങൾ ധരിച്ചു. എസ്റ്റേറഡ്യൂട്ടി, നഷ്ടപരിഹാരം കൂടാതെ ജന്മിത്തം നിർത്തലാക്കുക മുത

ലായ കാര്യങ്ങളും കേന്ദ്രപാർലമെൻറ് മുതൽ നമ്മുടെ കൊച്ചുനിയമസഭയിൽവരെ വാദപ്രതിവാദത്തിനു വന്നുകൊണ്ടിരിക്കുന്ന കാലമാണു് ഇതു്. ഇതെല്ലാംകൂടി നോക്കുമ്പോൾ സോഷ്യലിസമെന്നു കാൺഗ്രസ്സു പാർട്ടി കരുതുന്നതു് സമൂഹത്തിന്റെ ഉപരിതലത്തിൽ സാമ്പത്തിക ബന്ധങ്ങളിൽ നിയമനിർമ്മാണംമൂലം കൈവരുത്താൻ ശ്രമിക്കുന്ന നാമമാത്രമായ ചില വ്യതിയാനങ്ങളാണെന്നു് ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾക്കു് തോന്നിപ്പോകുന്നു. എസ്റ്റേററഡ്യൂട്ടി എന്നു പറയുന്നതു പണമുള്ള ആളുകളുടെ പക്കൽനിന്നും അവർ കാലധർമ്മം പ്രാപിക്കുന്നതോടുകൂടി പ[illegible]ക്കുവാനുള്ള ഒരു നിയമമാണു്. പക്ഷെ അതുകൊണ്ടു ജനങ്ങൾക്കു കൂടുതലായി എന്തു ഗുണമാണു് ഉണ്ടാകാൻ പോകുന്നതു എന്നു് ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങൾ മരണനികുതിക്കു് എതിരായതുകൊണ്ടു് പറയുകയല്ല. ആയിരംരൂപയുള്ളവൻ മരിക്കുമ്പോൾ അവന്റെ സ്വത്തിൽ നിന്നും സ്റ്റേററിലേക്കു് കിട്ടുന്ന അൻപതോ എഴുപത്തിയഞ്ചോ രൂപാ ഒരു പൈസായും സ്വത്തായിട്ടില്ലാത്ത മറെറാരുത്തനു് വിതരണം ചെയ്യുകയാണെങ്കിൽ, അതിൽ സോഷ്യലിസമില്ലെങ്കിലും, അതിന്റെ പ്രാധാന്യമെങ്കിലും കുറച്ചു് മനസ്സിലാക്കാമായിരുന്നേനെ. സോഷ്യലിസമെന്നതു് ഒരു ജീവിതചര്യാക്രമമാണു്. പണ്ടത്തെ പുരാണങ്ങളിൽ പറയുന്ന വർണ്ണാശ്രമധർമ്മം പോലെയുള്ള ഒന്നാണു് സോഷ്യലിസ്റ്റ് അടിസ്ഥാനത്തിലുള്ള ജീവിതരീതിയും! അല്ലാതെ നിയമനിർമ്മാണങ്ങളിലെ കസർത്തല്ല തന്നെ. മനുഷ്യജീവിതത്തിൽ പുതിയ സംവിധാനങ്ങളും പുതിയ മൂല്യകല്പനകളും—ഏററവും ചുരുങ്ങിയ തോതിലെങ്കിലും ഉണ്ടാകാതെ ഒരു സോഷ്യലിസ്റ്റ് ചിത്രവും പൂർണ്ണമാകയില്ല. ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് ആ ലക്ഷ്യത്തെ മനസ്സിൽ കണ്ടുകൊണ്ടു് സംവിധാനം ചെയ്തതാണെന്നു് മുഖ്യമന്ത്രി പറയുകയാണെങ്കിൽ, ഞങ്ങളും അതിനോടു യോജിക്കണമെന്നാവശ്യപ്പെടുകതന്നേ എനിക്കു് അപേക്ഷയുള്ളൂ. ഇൻകംടാക്സ് ഉദ്യോഗസ്ഥന്മാരെ കബളിപ്പിക്കുവാൻവേണ്ടി ഉണ്ടിയൽ കടക്കാർ സൂക്ഷിക്കുന്ന നാൾവഴികണക്കുകളിൽ കാണിക്കുന്ന ഭാവനാശക്തിയെങ്കിലും ഈ ബഡ്ജററിൽ കണ്ടില്ല. പരസ്പരസഹകരണത്തിൽ അധിഷ്ഠിതമാകാതെ ഇന്നു് ആളുകൾക്കു ഒററതിരിഞ്ഞു ജീവിക്കുവാൻ സാദ്ധ്യമല്ലെന്നുള്ള സംഗതി നമുക്കെല്ലാവർക്കും അറിയാവുന്നതാണു്. അങ്ങനെയുള്ള രീതിയിൽ ജനങ്ങളെ നയിക്കുന്നതിനു പര്യാപ്തമായിട്ടുള്ള പരിപാടികൾ എന്തെങ്കിലും ഇതിൽ ഉണ്ടോ എന്നു നാം പരിശോധിക്കണം.

ഇവിടത്തെ സാമ്പത്തികസ്ഥിതിഗതികളെക്കുറിച്ചു അവലോകനം ചെയ്യുകയാണെങ്കിൽ ഈ രാജ്യത്തെ സ്ഥിതി ഒട്ടും ആശാജനകമല്ലെന്നു നമുക്കു കാണാൻ കഴിയുന്നതാണു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറയുകയുണ്ടായി കശുവണ്ടി ഒഴികെയുള്ള എല്ലാ ഉൽപ്പന്നങ്ങളുടേയും ഉൽപ്പാദനം ഈ രാജ്യത്തു വർദ്ധിച്ചിട്ടുണ്ടെന്നു. അതു നമ്മുടെ പ്ലാനിംഗിന്റെ വിശേഷംകൊണ്ടാണെന്നും അദ്ദേഹം പറയുകയുണ്ടായി. നെല്ലു്, നാളികേരം, മുതലായ കാർഷികോല്പന്നങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്നുള്ള കാര്യം ഞാനും സമ്മതിക്കുന്നുണ്ടെങ്കിലും ഈ ഉല്പന്നങ്ങളുടെ വർദ്ധനവു് നമ്മുടെ പ്രശ്നങ്ങളെ പരിഹരിക്കുവാൻ സാദ്ധ്യമാണോ എന്നു് പരിശോധിക്കുമ്പോഴാണു് യാഥാർത്ഥ്യങ്ങൾ ഓരോന്നോരോന്നായി വെളിപ്പെടുന്നതു. നമ്മുടെ

[ശ്രീ. പി. നാരായണൻപോററി]

പ്രധാന പ്രശ്നങ്ങൾ ഭക്ഷണവും തൊഴിലില്ലായ്മയുമാണല്ലോ. ഇവ രണ്ടും പരിഹരിക്കുന്നതിനു ഇതുവരെ ഗവണ്മെൻറിനു സാധിച്ചിട്ടില്ല. നെൽകൃഷിയെക്കുറിച്ചാണെങ്കിൽ പ്രായോഗികജ്ഞാനമുള്ള ഒരാളെന്ന നിലയിൽ എനിക്കു പറയുവാനുള്ളതു് ഒരു പറ നെല്ലു് (ഗവണ്മെൻറു് സ്റ്റാൻഡാർഡ് പറയല്ല) കൃഷി ചെയ്യുന്നതിനു് കുറഞ്ഞതു ഒന്നര രൂപാ ചെലവുവരും. മി. കോരയെപോലെയുള്ള ആളുകൾക്കാണെങ്കിൽ പുഞ്ചപ്പാടത്തു വച്ചു പോലീസുകാരെക്കൊണ്ടു ആളുകളെ അടിപ്പിക്കുവാനുംമററുമായി കൂടുതൽ തുക ചിലവാകയെന്നു് വരുന്നതാണു്. എന്നാൽ എല്ലാവർക്കും അതു വേണ്ടിവരുകയില്ലല്ലോ. വേറൊരു കാര്യം ഇവിടെ പറഞ്ഞതു് ജനസംഖ്യയുടെ വർദ്ധനവുകൊണ്ടാണു് ഈ വിധ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കാത്തതു് എന്നാണു്. അതു അശാസ്ത്രീയമായ ഒരഭിപ്രായമാണെന്നു പറയാതിരിക്കാൻ തരമില്ല. ഡാക്ടർമാരും ഈ അഭിപ്രായംതന്നെ ഇവിടെ പറയുകയുണ്ടായി. പ്രശ്നങ്ങൾക്കു് പരിഹാരം കാണാൻ സാധിക്കാത്തതു് ജനസംഖ്യയുടെ വർദ്ധനവുകൊണ്ടാണെന്നുള്ളതു് ഒരു പഴഞ്ചൻ വാദമാണു്. മാൽത്തുസിൻെറ കാലത്തുതന്നെ തിരസ്കരിക്കപ്പെട്ട ഈ വാദം ഇരുപതാംനൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഈ സ്റ്റേററിലെ മുഖ്യമന്ത്രി കൊണ്ടുവരുന്നതു് കാണുമ്പോൾ ചിരിവരുന്നു. ജനസംഖ്യവർദ്ധിക്കുന്നതു് ആണ്ടിൽ ഒരു ലക്ഷത്തിഎൺപതിനായിരം വീതമാണെന്നു പറയുന്നതു കേട്ടു. അങ്ങനെ ജനസംഖ്യവർദ്ധനവനുസരിച്ചു പരിപാടികൾ ആസൂത്രണംചെയ്തിട്ടാണു് രണ്ടാം പഞ്ചവത്സരപദ്ധതി തുടങ്ങിയിട്ടുള്ളതെന്നും പറയുകയുണ്ടായി. സർ, ഇവിടത്തെ പ്ലാനിംഗിനെക്കുറിച്ചോ മററോ ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല. നമ്മുടെ പ്രശ്നപരിഹാരത്തിനുള്ള സംഗതികൾക്കു് ചില ലക്ഷ്യങ്ങൾ എല്ലാം ഉണ്ടായിരിക്കണം. അടുത്ത ആണ്ടു് ടാക്സ് ഇനങ്ങൾ കൂട്ടുന്നില്ലെന്നു ഒരു സൂചന ബഡ്ജററ പ്രസംഗത്തിൽ കണ്ടു. അതോടുകൂടി പറഞ്ഞതു്, ടാക്സേഷൻ എൻക്വയറി കമ്മീഷൻെറ റിപ്പോർട്ട് പഠിക്കാൻ മുഖ്യമന്ത്രിക്കു് സമയം കിട്ടിയില്ലെന്നാണു്. ആ കമ്മീഷൻെറ ശുപാർശകൾ പഠിക്കാൻ സമയം കിട്ടിയിരുന്നുവെങ്കിൽ പുതിയ നികുതികൾ ഏർപ്പെടുത്താൻ അദ്ദേഹം ഒരുങ്ങുമായിരുന്നു എന്നു ഒരു സൂചന അതിലുണ്ടെന്നാണു് ഈ പ്രസ്താവനയിൽനിന്നും ഞങ്ങൾ ധരിക്കുന്നതു്. എസ്റ്റേററ ഡ്യൂട്ടിയോ മററോ ചുമത്തിയതുകൊണ്ടു് നമ്മുടെ പ്രശ്നത്തിനു് പരിഹാരം കാണാൻ സാദ്ധ്യമല്ല. ഇങ്ങനെ കിട്ടുന്ന പണംകൊണ്ടു ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യമെന്താണെന്നു പരിശോധിക്കാം. 750 രൂപ ശമ്പളമുള്ളവർക്കു് 1000 രൂപ കൊടുക്കാനാണോ ഇങ്ങനെ ജനങ്ങളുടെ പക്കൽനിന്നും പണം ഈടാക്കുന്നതു എന്നാണു് ഞാൻ ചോദിക്കുന്നതു്. സാമ്പത്തികസംവിധാനം ശരിയായ രീതിയിൽ കൊണ്ടുപോകണമെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങൾക്കാണോ പണം ചെലവാക്കേണ്ടതു്? ഉയർന്ന വരുമാനമുള്ളവരുടെ വരുമാനത്തോതു് ഉയർത്തുന്നതാണോ സോഷ്യലിസം എന്നു് ഞങ്ങൾ സംശയിക്കുന്നു.

ധനികന്മാരുടെ കയ്യിൽനിന്നും പിടിച്ചെടുക്കുന്ന പണത്തിൻെറ പങ്കു് പാവപ്പെട്ടവനും ലഭിക്കത്തക്കവണ്ണം ചിലവിടേണ്ടതാണു്. ശമ്പളക്കൂടുതലിനെപ്പററി പറയുന്നിടത്തു അനുപാതക്രമം 1:20 എന്നു

കാണുന്നുണ്ട്. 750 രൂപ ശമ്പളക്കാരന് 1000 രൂപ കിട്ടുമ്പോൾ 45 രൂപ ശമ്പളക്കാരന് കിട്ടുന്നതു് 50 രൂപയാണ്. അതായതു് 45 രൂപക്കാരന് കൂടുതൽ കിട്ടുന്നതു് അഞ്ചു രൂപ. ഈ അനുപാതക്രമം, വിഭാവനം ചെയ്യുന്ന സോഷ്യലിസ്റ്റു ലക്ഷ്യത്തിൽ എത്താൻ സഹായകമാകയില്ലെന്നാണ് ഞങ്ങൾക്ക് പറയുവാനുള്ളതു്. 750 രൂപ ശമ്പളക്കാരന് 1000 രൂപ കൊടുക്കേണ്ട ആവശ്യമുണ്ടോ എന്ന പ്രശ്നത്തിലേക്ക് കടക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ അനുപാതക്രമം ലോകത്തു് ഒരിടത്തും സ്വീകരിച്ചിട്ടില്ലാത്ത ഒന്നാണ്. ഇങ്ങനെ ഒരു അനുപാതക്രമം ഇവിടെ മാത്രമേ സ്വീകരിച്ചിട്ടുള്ളതായി അറിയുന്നുള്ളു. ഐ. ഏ. എസ്സ്. കേഡറിലുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യം ഇതിനകത്തു് വരുന്നില്ലെങ്കിലും അവരെപ്പററി രണ്ടുവാക്ക് പറയേണ്ടിയിരിക്കുന്നു. അവരുടെ തെരഞ്ഞെടുപ്പു നടന്നകാലം മുതൽ അതിനെപ്പററി പല പരാതികളും ഉണ്ടായിട്ടുണ്ട്. പല പല നിവേദനങ്ങളും മന്ത്രിമാരുടെ അടുക്കൽ സമർപ്പിച്ചിട്ടുണ്ട്. ഞങ്ങൾക്ക് അറിയാവുന്നതിനെക്കാൾ കൂടുതൽ കാര്യങ്ങൾ അധികാരസ്ഥാനങ്ങളിലിരിക്കുന്നവർക്ക് അറിയാമായിരിക്കും. എന്നാൽ ചുമതലാബോധത്തോടുകൂടി ഏല്പിക്കുന്ന ജോലി ശരിയായി നടത്തുന്ന പലരും അവർക്കുവേണ്ടി വാദിക്കാനോ, വിലപേശാനോ സംഘടനയോ, മററ് സ്വാധീനശക്തിയോ ഇല്ലാത്തതുകൊണ്ടു ഈ കേഡറിലേക്ക് തെരഞ്ഞെടുക്കപ്പെടാതെ തള്ളപ്പെട്ടിട്ടുണ്ട്. ഇഷ്ടമുള്ള ആളുകൾക്കുമാത്രം ആനുകൂല്യം നൽകുന്ന ഒരു തത്വമാണോ ഉദ്യോഗസംബന്ധമായ പ്രമോഷൻ കാര്യത്തിൽ സ്വീകരിക്കുന്നതെന്നു് പ്രസ്താവിക്കേണ്ടതാണ്. ഇന്നു് നാട്ടിൻപുറങ്ങളിൽ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഏതെങ്കിലും ഒരു മന്ത്രിയുടെ സ്വാധീനം വച്ചുകൊണ്ടു് എന്തു അനാവശ്യവും കാണിക്കാൻ തയ്യാറാവുന്നുണ്ട്. ജനാധിപത്യം ആ രീതിയിലല്ല നടക്കേണ്ടതു്. ഒരാളുടെ സ്വാധീനം വച്ചുകൊണ്ടു് എന്തും കാണിക്കാമെന്നുള്ള അഹങ്കാരത്തോടുകൂടിയാണ് പലരും നടക്കുന്നതു്. പല ആപത്തുകളും അതിൽനിന്നും സംഭവിക്കുന്നുണ്ട്. അതിനെപ്പററി ഒന്നും ഞാൻ ഇവിടെ പറയുന്നില്ല. ഏതായാലും ഈ രീതി മാറണം. മൂന്നുനാലു കൊല്ലങ്ങളായി ഇതു മാറുമെന്നു് വിചാരിച്ചിരിക്കയാണ്. എന്നാൽ ഇന്നും അതിനു മാററമൊന്നും സംഭവിച്ചിട്ടില്ല. ഒരു ചോദ്യം ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിച്ചാൽ ഒരു സ്റ്റാക്ക മറുപടി തന്നെ കാണും. പോലീസു മർദ്ദനത്തെപ്പററി ഏഴുകൊല്ലം മുമ്പുള്ള അസംബ്ലി പ്രൊസീഡിംഗ്സിൽ സ്ഥലം പിടിച്ച മറുപടി തന്നെയാണ് ഇന്നു രാവിലെയും നാം കേട്ടതു്. ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെക്കുറിച്ചാണെങ്കിലും കൈക്കൂലിയെക്കുറിച്ചാണെങ്കിലും എല്ലാററിനെപ്പററിയും ഒരു സ്റ്റാക്ക മറുപടി തന്നെയാണ് എന്നും ഞങ്ങൾക്ക് കിട്ടുക. അങ്ങിനെയുള്ള മറുപടിയുടെ കാലമെല്ലാം കഴിഞ്ഞിരിക്കുന്നു. കാലങ്ങൾ മുന്നോട്ടു പോകുന്നുണ്ട്. തിരുവിതാംകൂർ-കൊച്ചിക്കു വെളിയിൽ പല രാജ്യങ്ങളുമുണ്ട്. അവിടെ എല്ലാം പല മാററങ്ങളും സംഭവിക്കുന്നുണ്ട്. അതെല്ലാം മനസ്സിലാക്കുന്ന ആളുകൾ ഇവിടെയുമുണ്ട്. പണ്ടത്തെ മറുപടികൾ കൊണ്ടു് അവരുടെ വായ് മൂടിക്കെട്ടാൻ ഒക്കുകയില്ലെന്നു് മന്ത്രിമാർ മനസ്സിലാക്കണം.

സെയിൽസ്ടാക്സിൽ വസ്ത്രങ്ങൾക്ക് കൂടുതൽ ചുമത്താൻ ഉദ്ദേശിക്കുന്നതായി മുഖ്യമന്ത്രി തന്റെ ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

[ശ്രീ. പി. നാരായണൻപോററി]

അതിന്റെ താത്വികമായ വശത്തെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. എന്താണ് ടാക്സ് ചുമത്തുന്നതെന്ന് പറഞ്ഞിട്ടില്ല എന്ന വസ്തുതയാണ് പ്രത്യേകം ശ്രദ്ധിക്കാനുള്ള ഭാഗം. ഇതിൽനിന്നും 270 ലക്ഷത്തിൽ ചില്വാനം രൂപ വരവുണ്ടാകുമെന്ന് ബഡ്ജററ് എസ്റ്റിമേററിൽ കാണിച്ചിരിക്കുന്നു. എന്നാൽ ചുമത്തുന്ന ടാക്സിനെപ്പററി ഒരു സൂചനയും നൽകിയിട്ടില്ല. അതിന്റെ ഫലമായി കമ്പോളത്തിൽ വളരെ സ്പെക്കുലേഷൻസ് ഉണ്ടാകും. ചരക്ക് ഹോർഡ് ചെയ്യുന്നതിനും വില കൂട്ടുന്നതിനും എല്ലാം ഇടയാകും. ഇതായിരിക്കും ഈ പുതിയ നികുതി ചുമത്തലിന്റെ ഫലമായി ഉണ്ടാകുന്നതെന്ന് ഞങ്ങൾ ഭയപ്പെടുന്നു.

മോട്ടോർ വെഹിക്കിൾ ടാക്സ് കാര്യത്തെപ്പററിയും ഒരു വാക്ക് പറയേണ്ടതുണ്ട്. മോട്ടോർ വെഹിക്കിൾസിന് ഇന്ന് ഈടാക്കിവരുന്ന നികുതി കുറച്ചതു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുകൂടി ഉൾപ്പെട്ട ഒരു കമ്മററിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് ഒരു അപ്പോളജിയുടെ രൂപത്തിൽ ശ്രീ. പനമ്പിള്ളി പറഞ്ഞിരിക്കുന്നു. മോട്ടോർ വെഹിക്കിൾ ഉടമസ്ഥന്മാർക്ക് ദുസ്സഹമായ നികുതിയാണ് വഹിക്കേണ്ടിവരുന്നതു്. ഒരു ബസ്സ് വാങ്ങിച്ച് അതു നടത്തി മുടിഞ്ഞുപോയിട്ടുള്ള ആളുകളേയും എനിക്കറിയാം. പക്ഷെ നികുതി കുറയ്ക്കാൻ കാരണമായതു് പ്രതിപക്ഷനേതാവുകൂടി ഉൾപ്പെട്ട ഒരു കമ്മററി റിപ്പോർട്ടാണെന്ന് പറയുന്നതിലാണ് ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുള്ളതു്. പ്രതിപക്ഷനേതാവ് ഇതിൽ മാത്രമല്ല, മററ് പല കമ്മിററികളിലും ഉണ്ട്. മോട്ടോർ വെഹിക്കിളിന്റെ കാര്യത്തിലുള്ള കമ്മററിയുടെ റിപ്പോർട്ട് മാത്രമേ അംഗീകരിക്കാൻ കഴിഞ്ഞുള്ളോ എന്നാണ് ഞാൻ ചോദിക്കുന്നതു്. തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്ന മിനിമം വേജസ് കമ്മററിയിൽ അദ്ദേഹം ഉൾപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് സ്വീകരിച്ചിട്ടുണ്ടോ? എന്നിട്ട് ഇതു മാത്രം പ്രത്യേകമായി പറയുന്നതു് ഒരഹങ്കാരമാണെന്നാണ് എനിക്കു പറയുവാനുള്ളതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കമ്മിററിയുടെ റിപ്പോർട്ട് മുഴുവൻ നടപ്പിലാക്കിയിട്ടുണ്ടെന്ന് സ്പീച്ചിൽ പറഞ്ഞിട്ടുണ്ട്. മിനിമം വേജസ് സംബന്ധിച്ച റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. പി. നാരായണൻ പോററി : നടപ്പിലാക്കിയിട്ടുണ്ടായിരിക്കും. അതിൽ പിന്നീട് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ മനസ്സിലാക്കണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ടാക്സ് കുറച്ചതു് ശരിയാണെന്നാണോ തെററാണെന്നാണോ പറയുന്നതു്?

ശ്രീ. പി. നാരായണൻ പോററി : ചോദ്യം ചോദിക്കുന്നതിനു മുമ്പായിത്തന്നെ ഞാൻ അതിന് മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. യുദ്ധകാലത്തു് വസ്തു പണയപ്പെടുത്തി മോട്ടോർ വാങ്ങി കടത്തിനുമേൽ കടമായി, ഒടുവിൽ വസ്തു തീറെഴുതേണ്ടിവന്നിട്ടുള്ള പലരേയും നേരിട്ട് എനിക്കറിയാം. ഞാൻ ആ ടാക്സിനെപ്പററിയല്ല പറഞ്ഞതു്. നികുതി കുറയ്ക്കാൻ ഉപോൽബലകമായതു പ്രതിപക്ഷനേതാവു കൂടി ഉൾപ്പെട്ട കമ്മററിയുടെ റിപ്പോർട്ടാണെന്നു പ്രസ്താവിച്ചിട്ടുള്ളതിനെപ്പററിയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചെയ്യട്ടു ശരി, പറഞ്ഞ കാരണം തെറ്റാണോ പറയുന്നതു്?

ശ്രീ. പി. നാരായണൻ പോററി : മോട്ടോർ തൊഴിലാളികളുടെയും, മോട്ടോർ ടാക്സിൻേറയും കാര്യത്തിൽ മാത്രമല്ല, മററു പല വിഷയങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങളിലും, കമ്മററികളിലിരുന്നുകൊണ്ടും കമ്മററിക്കു വെളിയിൽ പ്രവത്തിച്ചുകൊണ്ടും, ഈ സഭയിൽ വച്ചും, പ്രതിപക്ഷനേതാക്കന്മാർ തന്നിട്ടുള്ള മറെറല്ലാം നിർദ്ദേശങ്ങളും ഈ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടു് എന്ന കാര്യത്തെപ്പററിയാണു് ഞാൻ മുമ്പിൽ സൂചിപ്പിച്ചതു്. സർ, അതു പോകട്ടെ, തൊഴിലില്ലായ്മയെപ്പററി രണ്ടു വാക്കു് പറഞ്ഞുകൊള്ളട്ടെ. ഇപ്പോഴും ഉദ്ദേശിച്ചിരിക്കുന്ന പല വക്കുകളുടേയും നിമ്മാണം പൂത്തിയായിക്കഴിഞ്ഞാൽ ധാരാളം ആളുകൾക്കു് തൊഴിൽ കിട്ടുമെന്നു് പറയുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ആ കമ്മററി റിപ്പോർട്ടിൽ നികുതി കുറയ്ക്കണമെന്നു് മാത്രമല്ല പറഞ്ഞിട്ടുള്ളതു്; ഫ്ളീററു് സിസ്റ്റം ഏപ്പെടുത്തണമെന്നും പറഞ്ഞിട്ടുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നടപ്പിലാക്കുന്നുണ്ടു്.

ശ്രീ. പി. നാരായണൻ പോററി : സർ, ഞാൻ ഒരു ചെറിയ ഉദാഹരണം പറയാം. തോട്ടപ്പള്ളി സ്പിൽവേ പൂത്തിയാക്കി അതിൻെറ ഉൽഘാടനവും കഴിഞ്ഞു. എന്നാൽ ഇതുവരെ കടലിലേക്കു് തുറന്നുവിട്ടിട്ടില്ല. സ്റ്റേററിനുള്ളിൽ മാത്രമല്ല, വെളിയിലും വളരെ പ്രചരണം നേടിക്കൊടുത്ത ഒരു പദ്ധതിയാണു് തോട്ടപ്പള്ളി സ്പിൽവേ. അതു് ഉപയോഗപ്രദമാകണമെങ്കിൽ തണ്ണീർമുക്കം ബണ്ടിൻെറ പണികൂടി പൂത്തിയാകണം. കൊച്ചി ഹാർബർ അധികാരികളുടെ വിസമ്മതംകൊണ്ടാണു് ആ പണി പൂത്തിയാകാത്തതെന്നു് സൂചിപ്പിക്കുന്നുണ്ടു്. അതു് പൂത്തിയാകാതെ ഈ സ്പിൽവേ കൊണ്ടു് ഉദ്ദേശിക്കുന്ന ഗുണം കിട്ടുകയില്ല. ഇപ്പോഴും ആ സ്പിൽവേ ആകെ നോക്കിയാൽ ഒരു ഭംഗിയുണ്ടു് എന്നു സമ്മതിക്കാം. ഇംഗ്ലണ്ടിൽനിന്നോ, അമേരിക്കയിൽനിന്നോ വരുന്ന ഒരാൾക്കു് അവിടം നല്ല ഒരു കാഴ്ചയാണു്. ഒരുവശത്തു കടലു്, മറുവശത്തു് പുഞ്ചപ്പാടം. ഓരോ തൂണിലും ഇലക്ട്രിക്കു് വിളക്കുകൾ! ഇതുകൊണ്ടു് കൃഷിക്കാക്കു് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഇതിനോടു് അനുബന്ധിച്ചുള്ള പണികൾ കൂടി പൂത്തിയാക്കിയില്ലെങ്കിൽ ഒരു വിശേഷവും ഉണ്ടാകുകയില്ല. കൊച്ചി ഹാർബർ അധികാരികൾക്കുള്ള തടസ്സം എന്താണെന്നു മനസ്സിലാക്കി അതിനുള്ള പരിഹാരം ഉണ്ടാക്കേണ്ടതു് വളരെ അത്യാവശ്യമാണു്.

പ്ലാനിംഗിനെപ്പററി ചില വസ്തുതകൾക്കൂടി എനിക്കു് പറയേണ്ടതുണ്ടു്. ഇവിടെ കമ്മ്യൂണിററി പ്രോജക്ടു് സെൻേറഴ്സും നാഷണൽ എക്സ്ററൻഷൻ സർവ്വീസ് ബ്ലാക്കു് സെൻേറഴ്സും ഉണ്ടു്. ഇതെല്ലാം അനുവദിക്കുന്നതു് രാജ്യത്തിൻെറ ആവശ്യങ്ങളും അതാതു സ്ഥലത്തെ പ്രത്യേകതകളും അറിഞ്ഞുകൊണ്ടാണോ എന്നു് ഞങ്ങൾക്കു് വളരെ സംശയമുണ്ടു്. അധികാരത്തിലിരിക്കുന്ന ഒരു കക്ഷിയോടു് ആനുകൂല്യം പ്രദർശിപ്പിക്കുന്ന ആളുകളുടെ ആവശ്യം അനുസരിച്ചു് അവിടെയും ഇവിടെയും ഓരോന്നു വീതിച്ചുകൊടുക്കുക എന്നുള്ളതിൽ കവിഞ്ഞു് ഒരു നയവും അതിൽ സ്വീകരിച്ചിട്ടില്ലെന്നാണു് കാണാൻ കഴിയുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതു് എൻ. ഇ. എസ്സ്. ബ്ലോക്കിനെപ്പററിയാണു് അങ്ങിനെയുള്ള സംശയം?

ശ്രീ. പി. നാരായണൻപോററി: സർ, അതു് എന്നെക്കൊണ്ടു് ഇപ്പോൾ പറയിപ്പിക്കരുതു്. ഇതുവരെ ഉൾപ്പെടുത്താത്ത സ്ഥലങ്ങളെപ്പററിയാണു് എനിക്കു് പറയാനുള്ളതു്. ചേർത്തലയെപ്പോലെ ഇത്രവളരെ പിന്നോക്കം കിടക്കുന്ന ഒരു സ്ഥലം തിരുവിതാംകൂർ-കൊച്ചിയിൽ വേറെ ഇല്ല. തൊഴിലില്ലാതെ ആളുകൾ പട്ടിണിയിൽ കഴിയുന്ന ആ സ്ഥലത്തെ ഉൾപ്പെടുത്തി ഒരു കമ്മ്യൂണിററി പ്രോജക്റ്റ് സെൻററോ ഒരു എൻ. ഇ. എസ്സ്. ബ്ലോക്കോ അനുവദിച്ചുകൊടുക്കേണ്ടതല്ലായിരുന്നോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ചാലക്കുടി-കുന്നത്തുനാടു്, നെയ്യാററിൻകര-വിളവംകോടു്, എന്നിവിടങ്ങളിൽ കമ്മ്യൂണിററി പ്രോജക്റ്റ് സെൻറേഴ്സ് ഉണ്ടു്. രാജ്യത്തോടും ജനങ്ങളോടും സ്നേഹമുള്ള ഭരണാധികാരികളാണെങ്കിൽ ആദ്യമായി ഒരു സെൻറർ അനുവദിക്കേണ്ടതു് ആലപ്പുഴ മുതൽ എറണാകുളംവരെ കിടക്കുന്ന തരിശു സ്ഥലങ്ങളിലാണെന്നു് പറയേണ്ട ആവശ്യമില്ലല്ലോ. അങ്ങിനെയുള്ള സ്ഥലത്തു് ഒരു സെൻറർ അനുവദിക്കാതിരുന്നതു് രാഷ്ട്രീയമായ പരിഗണനകൾകൊണ്ടുമാത്രമാണെന്നാണു് ഞങ്ങളിൽ പലരും വിശ്വസിക്കുന്നതു്.

വ്യാവസായികമായ പുനരുദ്ധാരണമാണു് തൊഴിലില്ലായ്മക്കുള്ള ഏക പരിഹാരമാർഗ്ഗം. എന്നാൽ അതിലേക്കു് വളരെ കുറച്ചു് തുക കൊള്ളിച്ചിട്ടുള്ളതായേ ബഡ്ജററിൽ കാണുന്നുള്ളു. കഴിഞ്ഞ കാലത്തെ ബഡ്ജററ് എസ്റ്റിമേററിൽ 5 ലക്ഷത്തിൽ ചില്വാനം രൂപ ആ ഇനത്തിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു. പക്ഷെ ഇവിടത്തെ സോഷ്യലിസ്ററ് മന്ത്രിമാർ ആയിരം രൂപയാണു് അതിൽനിന്നും ചെലവാക്കിയതു്. ഇക്കൊല്ലം ശ്രീ. പനമ്പിള്ളിയുടെ സോഷ്യലിസ്ററ് ബഡ്ജററിൽ വൻകിട വ്യവസായങ്ങൾക്കു്—Other industries-നു്—ഒരു പൈപോലും ഉൾപ്പെടുത്തിയിട്ടില്ല. സർ, സംശയമുള്ളവർ 1955–56-ലെ Five Year Plan-നുള്ള Explanatory Memorandum-വും Detailed Estimates for the year-ഉം വായിച്ചു നോക്കട്ടെ. ഇങ്ങനെയാണോ സർ, തൊഴിലില്ലായ്മ പരിഹരിക്കാൻ രാജ്യത്തെ വ്യവസായവൽകരിക്കുന്നതു്!

ബഡ്ജററ് പ്രസംഗത്തിൽ ഒരുഭാഗത്തു് നിങ്ങളെല്ലാം നേതാക്കന്മാരല്ലേ, തൊഴിലാളികളെ സമരമനസ്ഥിതിയിൽനിന്നും പിന്മാററണം എന്നൊക്കെ പറഞ്ഞിട്ടുണ്ടു്. നമ്മുടെ രാജ്യത്തെ തൊഴിലാളികൾ കുറെ വർഗ്ഗബോധമുള്ളവരും അവരുടെ ആവശ്യത്തെ ചങ്കുറപ്പോടുകൂടി പറയുന്നവരുമാണെന്നു് ഈ രാജ്യവാസികൾക്കെല്ലാം അറിയാം. ഞാൻ ഒരു വലിയ തൊഴിലാളിപ്രവർത്തകനല്ല. എന്നുവരികിലും എനിക്കു് ചില കാര്യങ്ങൾ പറയാൻ കഴിയും. ഇന്നു് നിലവിലിരിക്കുന്ന തൊഴിലാളി നിയമത്തിനു് അതീതമായി ഒരു തൊഴിലാളിസമരം ഇവിടെ ഉണ്ടായിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നില്ല. നിയമങ്ങളിലൂടെ അവർക്കു് സിദ്ധിച്ചിട്ടുള്ള ആനുകൂല്യങ്ങൾ മാത്രമാണു് അവർ ആവശ്യപ്പെട്ടിട്ടുള്ളതു് എന്നിട്ടും തൊഴിലാളികൾ അഞ്ചുലക്ഷത്തോളം മാൻപവ്വർഡേസ് നഷ്ടപ്പെടുത്തിയിരിക്കുന്നു എന്നാണു് പറഞ്ഞിരിക്കുന്നതു്. ഇവിടെ ഒരു പെട്രോൾ റിഫൈനറി പ്ലാൻറ് സ്ഥാപിക്കാൻ വന്നവർ ബാംബെയിൽപോയി പ്ലാൻറ് സ്ഥാപിച്ചു എന്നും അവരെ ഇവിടത്തെ തൊഴിലാളി പ്രവർത്തനം frighten ചെയ്തതുകൊണ്ടാണു് അങ്ങനെ സംഭവിച്ചതെന്നും ഭരണകക്ഷി

യിലെ ചില നേതാക്കന്മാർ പലപ്പോഴും പ്രസംഗിക്കുന്നതു് ഞങ്ങൾ കേട്ടിട്ടുണ്ടു്. അങ്ങനെ ബോംബെയിൽ കൊണ്ടുപോയി പ്ലാൻറു് സ്ഥാപിക്കാനുണ്ടായ കാരണങ്ങളും മററും ഞങ്ങളും കേട്ടിട്ടുണ്ടു്. ഉണർന്നിരിക്കുമ്പോഴും ഉറക്കത്തിലും രാജ്യം നന്നാക്കണമെന്നു് വളരെ താൽപ്പര്യമുണ്ടെന്നു് കൊട്ടിഘോഷിക്കുന്ന ആളുകൾക്കു് ഇങ്ങനെയുള്ള പൊളിവാക്കുകൾ പറഞ്ഞു എന്നുവച്ചു് സോഷ്യലിസത്തിൻെറ അടുത്തുപോലും എത്താൻ സാധിക്കുമെന്നു് എനിക്കു തോന്നുന്നില്ല.

സർ, എനിക്കു വളരെ പ്രധാനമായി പറയാനുള്ളതു കൃഷിയുടെ കാര്യമാണു്. പഞ്ചവത്സരപദ്ധതിയിൽ കൃഷിക്കു ആകെ കൊള്ളിച്ചിരിക്കുന്നതു 545-ൽ ചില്വാനംലക്ഷം രൂപയാണു്. അടുത്ത സാമ്പത്തികവർഷത്തിലേക്കു് ഒരുകോടിപതിനാലു ലക്ഷത്തിൽ ചില്വാനം രൂപ കൃഷികാര്യങ്ങൾക്കു ചെലവാക്കാൻ വക കൊള്ളിച്ചിരിക്കുന്നു. എട്ടുലക്ഷം ഏക്കർ സ്ഥലം നിലം കൃഷിചെയ്യുന്നതിനു് ഇവിടെ ഉണ്ടെന്നും, അങ്ങനെ നെൽകൃഷിയെ സംബന്ധിച്ചിടത്തോളം വിജയസാദ്ധ്യത വളരെയുണ്ടെന്നും നെൽകൃഷിയാണു് രാജ്യത്തിൻെറ ശ്രേയസ്സിനു് നിദാനമെന്നും പറയുന്ന ആളുകൾ എത്ര രൂപയാണു് അതിനുവേണ്ടി കൊള്ളിച്ചിരിക്കുന്നതെന്നു നോക്കുമ്പോൾ വളരെ കുറവാണെന്നു കാണാവുന്നതാണു്. ഇങ്ങനെ കൃഷിക്കുവേണ്ടി വളരെ കുറഞ്ഞ ഒരു തുക കൊള്ളിച്ചിരിക്കുന്നതിൻെറ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. രണ്ടുലക്ഷത്തിഎൺപത്തയ്യായിരം രൂപ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കാൻ കൊള്ളിച്ചിരിക്കുന്നതിൽ പല ചെലവിനങ്ങളും ഉണ്ടു്. വളം, അണുനാശദ്രവ്യങ്ങൾ സൗജന്യവിതരണം നടത്തുക, മുതലായ ഇനത്തിൽ ചെലവുണ്ടു്. ഇവിടെ നാലഞ്ചുവർഷം മുമ്പുമുതൽ കുട്ടനാട്ടു പുഞ്ചനിലക്കാർക്കു വളം കടമായി കൊടുത്തിരുന്നു. 1125 മുതൽ ഈ ഏർപ്പാടുണ്ടായിരുന്നു. 1955 മാർച്ചു് 31-നകം കുടിശ്ശിക മുഴുവനും ഈടാക്കിക്കൊള്ളുന്നതിനു് ഇപ്പോൾ നടപടിയെടുത്തു തുടങ്ങിയിരിക്കുകയാണു്. കാർത്തികപ്പള്ളി, അമ്പലപ്പുഴ തുടങ്ങിയ താലൂക്കുകളിൽ ഈ കുടിശ്ശിക പിരിക്കുന്നതിൻെറ പേരിൽ ഉദ്യോഗസ്ഥന്മാർ സാധുക്കളായ കർഷകരുടെ കന്നുകാലികൾ, ചട്ടി, കലം മുതലായവ ജപ്തിചെയ്യുന്ന തിരക്കിലാണിപ്പോൾ കഴിയുന്നതു്. സർ, നെൽകൃഷി നടത്തുക എന്നു പറയുന്നതു് ഇന്നു് കർഷകർക്കു് ഭീമമായ ഋണബാദ്ധ്യത വരുത്തുന്ന ഒരേർപ്പാടായി അധഃപതിച്ചിരിക്കുകയാണു്.

അദ്ധ്വാനച്ചെലവും, കൂലിച്ചെലവുകളും കഴിച്ചാൽ മിച്ചംവയ്ക്കാൻ യാതൊന്നും കാണുകയില്ല. അങ്ങനെയുള്ള കർഷകർ കടം വാങ്ങിയ വളത്തിനു് കുടിശ്ശികവന്നുപോയിട്ടുണ്ടെങ്കിൽ, അതു അവർ തരാൻ തയാറാണെങ്കിലും, ഒരു സൗജന്യ വ്യവസ്ഥയിൽ, അഞ്ചോ, ആറോ തവണകളിലായി ഈടാക്കാൻ വേണ്ട വ്യവസ്ഥ ചെയ്താൽ വളരെ ഉപകാരമായിരിക്കും. ഇപ്പോൾ എടുത്തിരിക്കുന്ന ഈ ജപ്തിനടപടി മൂലം സാധുക്കളായ കർഷകർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണു്. കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറു കാണിക്കുന്ന സൗജന്യത്തിനു് അവർ ഗവണ്മെൻറിനോടു കൃതജ്ഞതയുള്ളവരായിരിക്കും; അവർക്കുവേണ്ടി ഞാനും കൃതജ്ഞനായിരിക്കും.

വിദ്യാഭ്യാസത്തെക്കുറിച്ചു എനിക്കു ചിലതു പറയാനുണ്ടു്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെക്കുറിച്ചു എല്ലാ വർഷവും

[ശ്രീ. പി. നാരായണൻപോററി]

വിമർശിക്കാറുണ്ട്. വിദ്യാഭ്യാസസംബന്ധമായി പല പ്രശ്നങ്ങളും പരിഹരിക്കേണ്ടതായി ഇന്നും ശേഷിക്കുന്നു. ആവക വിഷമപ്രശ്നങ്ങളെല്ലാം, സമചിത്തതയോടും, അവധാനമായും പര്യാലോചിച്ച് വേണ്ട പരിഹാരം നേടണമെന്നാണ് എനിക്കു പറയാനുള്ളതു്. ഓരോ വിഭാഗത്തിനും ഇന്നു പലതരത്തിലുള്ള പ്രശ്നങ്ങളുണ്ട്. അദ്ധ്യാപകർക്കും, മാനേജർമാർക്കും, വിദ്യാർത്ഥികൾക്കും, രക്ഷാകർത്താക്കൾക്കും ഓരോരോ അവശതകളും, ആവശ്യങ്ങളും ഉന്നയിക്കാനുണ്ട്. ഗവണ്മെൻറ, അഥവാ മാനേജ്മെൻറ്, അദ്ധ്യാപകൻ, വിദ്യാർത്ഥി, രക്ഷകർത്താവു എന്നിങ്ങനെ നാലു ഘടകങ്ങൾ ഒന്നിച്ചു മുന്നോട്ടുപോകാതെ വിദ്യാഭ്യാസപ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ല. വളരെ ജാഗ്രുകതയോടും, സമചിത്തതയോടുംകൂടി പ്രവർത്തിച്ചാൽ മാത്രമെ വിദ്യാഭ്യാസപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളു.

യൂനിവേഴ്സിററിയെക്കുറിച്ചുകൂടി ഒരുവാക്ക്. ബഡ്ജററവിമർശനവേളകളിലെല്ലാം യൂണിവേഴ്സിററി വൈസ്ചാൻസലറെപ്പററി പറയാറുണ്ട്. തിരുവിതാംകൂർ യൂനിവേഴ്സിററി വൈസ്ചാൻസലറുടെ നിയമനത്തെപ്പററി ഇനിയും പറയാതെ നിവൃത്തിയില്ല. ഈ യൂണിവേഴ്സിററിയിൽ വിദ്യാഭ്യാസംചെയ്യാനും, ഇവിടത്തെ യൂണിവേഴ്സിററിയിൽ ജോലിനോക്കാനും എനിക്കു അവസരം ഉണ്ടായിട്ടുണ്ട്. അതുകൊണ്ടു കുറെ കാര്യങ്ങളൊക്കെ നേരിട്ടറിയാൻ സാധിച്ചിട്ടുണ്ട്. കേരളസംസ്കാരവും കേരളീയ കലകളും പരിരക്ഷിക്കുന്നതിനും, അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണ് നാം ഒരു യൂണിവേഴ്സിററി സ്ഥാപിച്ചതു്. രണ്ടുമൂന്നു കൊല്ലംമുൻപു ഇവിടെ ഒരു വൈസ്ചാൻസലറെ നിയമിച്ചു. അദ്ദേഹത്തിനു മററു പല ജോലികളുമുണ്ട്. മററു ജോലികളെല്ലാം തീരുന്ന അവസരംനോക്കി, ചിലപ്പോൾ വിമാനത്തിൽ തിരുവനന്തപുരത്തു വരും. ഈ യൂനിവേഴ്സിററിയുമായി യാതൊരു ബന്ധവുമില്ലാതെ, നമ്മുടെ കലകളെപ്പററി ആദരവോ, സ്നേഹമോ, കേരളീയസംസ്കാരവുമായി പരിചയമോ ഇല്ലാതെ വൈസ്ചാൻസലറായി തുടരുന്നതിന് അദ്ദേഹത്തെ അനുവദിക്കുന്നതു നമുക്കു ഒട്ടും അഭിമാനമല്ല. കേരളസംസ്കാരത്തെയും, കലകളെയും ബഹുമാനിക്കുന്ന ഒരു സ്വദേശിതന്നെയായിരിക്കണം നമ്മുടെ വൈസ്ചാൻസലർ എന്ന അഭിപ്രായമാണെനിക്കുള്ളതു്. സർ, നംപൂതിരിമാരുടെ ഇടയിൽ ഒരു ആചാരമുണ്ട്. ഭാര്യമാർ എത്രവേണമെങ്കിലും ആകാം. വിജാതീയ ഭാര്യമാരും, സജാതീയഭാര്യ ഒന്നും. നംപൂതിരിപ്പാട്ട് രാത്രി അത്താഴമുണ്ണും കഴിഞ്ഞു മുറുക്കി, വിജാതീയ ഭാര്യയുടെ ഭവനത്തിലേക്കു ചൂട്ടുംമിന്നിച്ചുകൊണ്ട് ഒരു യാത്രയുണ്ട്. ആ പ്രതീതിയാണ് നമ്മുടെ വൈസ്ചാൻസലർ മറെറല്ലാ ജോലികളും കഴിഞ്ഞു തിരുവനന്തപുരത്തേക്കു പറക്കുമ്പോൾ എനിക്കു തോന്നിയിട്ടുള്ളതു്. യു. എൻ. ഒ. മുതൽ ഈ രാജ്യത്തലെ ഏററവും അപ്രധാനമായ പ്രാദേശിക പ്രശ്നങ്ങളിൽവരെ ഇടവിട്ടിടവിട്ടു് പ്രവർത്തിക്കുന്ന അദ്ദേഹത്തിനു് പൊതുജീവിതത്തിൽ പ്രണയിനികൾ നിരവധിയാണ്. അവരുടെ മദ്ധ്യത്തിൽ നിന്നും ഒരു വിനോദത്തിന് വേണ്ടി ഒരു ദിനം രക്ഷപ്പെട്ടു് വെപ്പാട്ടിയുടെ വീട്ട് സന്ദർശിക്കാൻ വരുന്ന ഭാവമാണ് സർ. മുതലിയാർക്ക് തിരുവനന്തപുരത്തേക്ക് വരുമ്പോഴുള്ളതെന്നു് എനിക്കു തോന്നുന്നു. സർ. രാമസ്വാമി മുതലിയാരോടു വ്യക്തിപരമായ ദ്വേഷമോ, ഈ സ്ഥാന

ത്തിന അദ്ദേഹം അയോഗ്യനാണെന്ന ആക്ഷേപമോ ഉണ്ടായിട്ടല്ല ഞാൻ ഇതു പറയുന്നതു്. നമ്മുടെ യൂണിവേഴ്സിററി വൈസ്ചാൻസലറായി, കേരളകലാബോധവും, നമ്മുടെ സംസ്കാരത്തോടു് ബഹുമാനവും, നമ്മുടെ ജനതയോടു കൂറും ഉള്ള ഒരു സ്വദേശിതന്നെയായിരിക്കണം വൈസ് ചാൻസലർ, അതു നമുക്കുതന്നെ അഭിമാനകരമായ ഒരു കാര്യമായിരിക്കും.

ബഡ്ജററിനെപ്പററി പൊതുവെ ഒന്നുരണ്ടുകാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. പരിഹാരം കാണേണ്ടതായി പല പ്രശ്നങ്ങളും ഇന്നു നമ്മെ അഭിമുഖീകരിക്കുന്നുണ്ടു്. കഴിഞ്ഞ കാലങ്ങളിൽ ബഡ്ജററ അവതരിപ്പിച്ചിട്ടുള്ളപ്പോഴും, പരിഹാരം കാണാതെ ശേഷിച്ചിരുന്ന പ്രശ്നങ്ങളെല്ലാം തന്നെ ഇന്നും അതേനിലയിൽ അവശേഷിക്കുകയാണു്. ആവക പ്രശ്നങ്ങളുടെ ഒരു കോണുപോലും സ്പർശിക്കുന്നതിനുള്ള കഴിവു ഈ ബഡ്ജററിനില്ലെന്നു കാണുന്നതു ആശാസ്യമല്ല. ഈ ബഡ്ജററ തയാറാക്കിയതിൽ ഒരു ഭാവന കാണുന്നില്ല. ചിന്ത വളരെ കുറവായിട്ടാണു ഇതിൽ കാണുന്നതു്. അങ്ങനെ ഭാവനയുടെയും, ചിന്തയുടെയും പോരായ്മകൾക്കനുസരണമായി പല കുറവുകളും ഇതിൽ കാണാൻ കഴിയും. പ്രശ്നങ്ങൾ പരിഹരിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയല്ല, ഫിനാൻസു മിനിസ്റ്ററുടെ ഒരു ജോലി നിർവ്വഹിക്കണമെന്നു മാത്രമേ ഇതുകൊണ്ടുദ്ദേശിച്ചിരുന്നുള്ളു എന്നു തോന്നിപ്പോകുന്നു. അങ്ങനെ ധനകാര്യമന്ത്രിയുടെ ഒരു ജോലി നിർവ്വഹിച്ചുവെന്നു അദ്ദേഹത്തിനു ന്യായമായും അഭിമാനിക്കാം. ദൈനംദിനമെന്നപോലെ നമ്മെ അഭിമുഖീകരിക്കുന്ന വിഷമപ്രശ്നങ്ങൾക്കു ഈ ബഡ്ജററിൽ നിവൃത്തിമാർഗ്ഗം കാണാത്തതിൽ ഞങ്ങൾക്കു ഖേദമില്ല. ഇതിൽ കൂടുതലൊന്നും തന്നെ ഞങ്ങൾ ഈ ബഡ്ജററിൽ പ്രതീക്ഷിച്ചിരുന്നതല്ല. അതുകൊണ്ടാണു അതിൽ ഖേദമില്ലെന്നു പറഞ്ഞതു്.

എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനു്, എല്ലാവരും പാർട്ടിഭേദബുദ്ധികൂടാതെ സഹകരിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. പ്രതിപക്ഷപാർട്ടിയിൽനിന്നും ഏതെങ്കിലും ഒരു പ്രായം, സൃഷ്ടിപരമോ, രാജ്യസ്നേഹപരമോ ആയ ഒരഭിപ്രായം ഉണ്ടായാൽ അതു ആർ. എസ്സ്. പി. ക്കാരന്റെ അഭിപ്രായമാണു്, അല്ലെങ്കിൽ കമ്മ്യൂണിസ്ററുകാരന്റെ അഭിപ്രായമാണു് എന്നെല്ലാം ഭേദബുദ്ധിയോടുകൂടി പരിഗണിച്ചു വിലയിരുത്തരുതെന്ന ഭരണകക്ഷിയോടു എനിക്കൊരഭ്യർത്ഥനയുണ്ടു്. കേവലം പാർട്ടിയുടെ താൽപര്യങ്ങൾ മാത്രമല്ല, ഈ രാജ്യത്തെ ജനങ്ങളുടെയും, രാജ്യത്തിന്റെയും നന്മയും, താൽപര്യങ്ങളുമാണു എല്ലാ പാർട്ടികളുടെയും ലക്ഷ്യമെന്നും അതുകൊണ്ടു ഏതു പാർട്ടിയിൽപ്പെട്ടവരായാലും പറയുന്ന കാര്യങ്ങൾ കാര്യമായി പരിഗണിച്ചു രാജ്യത്തിന്റെ പൊതുനന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കണമെന്നും മാത്രമേ എനിക്കു പറയാനുള്ളു. ഇതിൽ കൂടുതലായൊന്നും പൊതുവിമർശനവേളയിൽ ഞാൻ പറയാനാഗ്രഹിക്കുന്നില്ല.

ശ്രീ. എം. എ. ആന്റണി: സർ, ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ വളരെ സന്തോഷത്തോടുകൂടി ഞാൻ പിൻതാങ്ങുകയാണു്. വിമർശനപരമായ വളരെയധികം പരാമർശനങ്ങൾ ഇവിടെ നടക്കുകയുണ്ടായി. കാൺഗ്രസ്സ് അധികാരത്തിൽവന്നതിനെ സംബന്ധിച്ചും, അധികാ

[ശ്രീ. എം. എ. ആൻറണി]

ത്തിൽ വരുന്നതിന് സ്വീകരിച്ച നടപടികളെപ്പററിയും വിമർശനങ്ങൾ നടക്കുകയുണ്ടായി. അസാന്മാർഗ്ഗികമായ ചില കൂട്ടുകെട്ടുകളുണ്ടാക്കിയിട്ടാണ്, മററ പാർട്ടികളിലെ അംഗങ്ങളെ ചേർത്തു അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടാണ കാൺഗ്രസ്സ് അധികാരത്തിൽ വന്നതെന്നാണ് പലരുടേയും ആക്ഷേപം.

സർ, ഇതിനെപ്പററി ചിലതു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പതിനൊന്നു മാസത്തെ, പി. എസ്സ്. പി. ഭരണത്തിനുശേഷം, കാൺഗ്രസ്സ് അധികാരത്തിൽ വന്നതു എങ്ങനെയെന്നു വിശേഷിച്ചു പറയണമെന്നില്ല. പി. എസ്സ്. പി. ഭരണം കൊണ്ട് ഈ രാജ്യത്തെ സാധാരണകാക്ക്, യാതൊരു ഗുണവും, കാര്യമായ യാതൊരു രക്ഷയുമില്ലെന്നു മനസ്സിലായതുകൊണ്ടാണ് കാൺഗ്രസ്സു നൽകികൊണ്ടിരുന്ന പിൻതുണ പിൻവലിച്ചതു്. അതിനുശേഷം അവിശ്വാസപ്രമേയം പാസ്സാക്കുകയും, കാൺഗ്രസ്സുകക്ഷിക്ക് മതിയായ ഭൂരിപക്ഷം ലഭിക്കുകയും ചെയ്തപ്പോൾ അധികാരം ഏറെറടുക്കുകയാണുണ്ടായതു്.

ഏതൊരു പാർട്ടിയിലെ അംഗമായിരുന്നാലും, പാർട്ടി അതിൻെറ ആദർശങ്ങൾക്കു വിരുദ്ധമായ നയപരിപാടികൾ അവലംബിച്ചാൽ, ആ പാർട്ടിയിൽ നിന്നും മാറി, തങ്ങൾക്കു കൂടുതൽ അഭിലഷണീയമെന്നു തോന്നുന്ന ഒരു പാർട്ടിയിൽ ചേരുന്നതു ഡമോക്രസിക്കു വിരുദ്ധമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇവിടെ ആദ്യം ജനകീയ ഭരണമാരംഭിച്ചപ്പോൾ, താൻ ഏതു പാർട്ടിയിൽ ആയിരുന്നോ, ആ പാർട്ടിയിൽ നിന്നും പിണങ്ങി പിരിഞ്ഞു്, രാജിവയ്ക്കാതെതന്നെ, ഒരു പ്രത്യേക പാർട്ടിയുണ്ടാക്കിയ ഒരു നേതാവാണ് ഇന്നു് കാൺഗ്രസുകാരെ അതേ കാരണംപറഞ്ഞു് ആക്ഷേപിക്കാൻ വ്യഗ്രത കാണിക്കുന്നതു്. സർ, രാജപ്രമുഖൻെറ പ്രസംഗസമയത്തു ഈ സഭയിൽ നിന്നും ഇറങ്ങിപ്പോയ ഒരു പാർട്ടിയാണ്, ഇന്നു് രാജപ്രമുഖൻെറ പ്രസംഗം നടക്കാത്തതിൽ പ്രതിഷേധിച്ച് ഈ സഭയിൽ നിന്നും ഇറങ്ങിപ്പോയതെന്നു കാണുന്നതു ഒരു വിരോധാഭാസമായിരിക്കുന്നു. ഇതിൻെറയെല്ലാം കാരണം സംസ്കാരസമ്പന്നരായ ഈ സദസ്സിലെ അംഗങ്ങളെ ആരും പറഞ്ഞു ധരിപ്പിക്കേണ്ടതില്ല. കാൺഗ്രസ്സിനെ അധികാരത്തിലേക്കുയർത്താൻ അനുമതി നൽകിയ രാജപ്രമുഖൻെറ നയത്തിൽ പ്രതിഷേധിച്ചു പ്രക്ഷോഭണമുണ്ടാക്കാൻ സന്നദ്ധരായവർ, 40 പേരുടെമാത്രം പിന്തുണയുള്ള തങ്ങൾക്കു ഭരണാധികാരം ഏറെറടുക്കുന്നതിനുള്ള ഭൂരിപക്ഷമുണ്ടെന്നു് രാജപ്രമുഖനെ ധരിപ്പിച്ചിട്ടു നിരാശരായി മടങ്ങിപ്പോന്നവരാണ്. അറപതുപേർ ഉൾപ്പെട്ട കാൺഗ്രസ് പാർട്ടി അധികാരത്തിൽ വന്നതിനെ അധിക്ഷേപിക്കുന്നതെന്നുള്ളതു് വളരെ വിചിത്രമാണ്.

കാൺഗ്രസുകാർ മററ പാർട്ടികളിൽനിന്നും ആളുകളെ ചാക്കിട്ടു പിടിച്ചതായി ഒരാരോപണം ഇവർ ഉന്നയിച്ചുകേട്ടു. തങ്ങളുടെ പാർട്ടിയിലേക്കു ചാക്കിട്ടു പിടിക്കാൻ ആളിനെ കിട്ടാതെ വന്നപ്പോൾ, അതിനുള്ള ശ്രമം ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ, കാൺഗ്രസിൻെറ നടപടി അസാന്മാർഗ്ഗികമാണെന്നു് ചിത്രീകരിക്കാൻ ഇവർ സാഹസപ്പെടുകയാണ്. ഇത്തരം ആക്ഷേപങ്ങളുടെ പൊള്ളത്തരം ഈ രാജ്യത്തെ സംസ്കാരസമ്പന്നരായ ജനങ്ങൾ മനസ്സിലാക്കി വേണ്ടപടി പറഞ്ഞുകൊള്ളുമെന്നു് എനിക്കു ബലമായ വിശ്വാസമുണ്ട്.

സർ, ചുരുങ്ങിയ സമയത്തിനുള്ളിൽ, തയ്യാറാക്കിയ ഈ ബഡ്ജററ് പുരോഗമനപരമായ വളരെയധികം കാര്യങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തമാണെന്നു പറയാൻ എനിക്കു സന്തോഷമുണ്ടു്. കാൺഗ്രസ്സ് ഗവണ്മെൻറിനെയും, കാൺഗ്രസ്സ് പാർട്ടിയേയും നിശിതമായി വിമർശിക്കുന്ന പത്രങ്ങൾപോലും ഈ ബഡ്ജററിനെ സാമാന്യമായി പിൻതാങ്ങുന്നുണ്ടെന്നു കാണുന്നതു്, ഈ ബഡ്ജററിന്റെ പുരോഗമനസ്വഭാവത്തിനു് ഒരു ദൃഷ്ടാന്തമായി ഞാൻ പരിഗണിക്കുകയാണു്. ഈ രാജ്യത്തിന്റെ സുസ്ഥിതിക്കും, ജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമായ വികസനപരിപാടികൾക്കുവേണ്ടി ഈ ഗവണ്മെൻറ പത്തുകോടി ഉറുപ്പിക നീക്കിവച്ചിട്ടുണ്ടെന്നു കാണുന്നതു ഏററവും സ്വാഗതാർഹമായ ഒരു കാര്യമായിട്ടാണു എനിക്കു തോന്നുന്നതു്. ഒരുപക്ഷെ എന്റെ സ്നേഹിതന്മാർ പറഞ്ഞതുപോലെ ഈ സംഖ്യ മുഴുവൻ ചെലവാക്കാൻ ഗവണ്മെൻറിനു കഴിഞ്ഞില്ലെന്നു വന്നേക്കാം. അപ്രകാരമുള്ള കുററാരോപണങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു് ഈ സംഖ്യ മുഴുവൻ ചെലവുചെയ്യുന്നതിനു് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്താൽ മാത്രം മതിയാകുകയില്ല. അവ പ്രാവർത്തികമാക്കാൻവേണ്ടി ഗവണ്മെൻറിന്റെ സത്വരശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

സർ, ഈ രാജ്യത്തെ തൊഴിലില്ലായ്മപ്രശ്നം വളരെ രൂക്ഷമാണു്. അതിനു പൊതുമരാമത്തുവേലകൾ രാജ്യത്തു ധാരാളമായും അടിയന്തിരമായും നടത്തി വളരെ അധികം ആളുകൾക്കു് ജോലി കൊടുക്കാവുന്നതാണു്. അതിലേക്കു കഴിഞ്ഞ കൊല്ലത്തേക്കാൾ ഇരട്ടി സംഖ്യ ഇക്കൊല്ലം ബഡ്ജററിൽ വച്ചിട്ടുണ്ടു്. സർ, ഈ രാജ്യത്തെ പ്രധാന റോഡുകൾ എല്ലാം പൊടിയുടെ ശല്യമില്ലാതെ ഗതാഗതസൗകര്യമുള്ളതാക്കിത്തീർക്കുന്നതിനും അനവധി ലക്ഷം രൂപാ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. കഴിഞ്ഞ വർഷം പുതിയതായി മരാമത്തുവേലകൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. സബ്ഡിവിഷൻകമ്മിററികളും അവയുടെ മുകളിൽ സെൻട്രൽ കമ്മിററിയും ഉണ്ടായിരുന്നെങ്കിലും അവയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി ഗവണ്മെൻറ് ഒന്നും ചെയ്തിട്ടില്ല എന്നുള്ളതു് വ്യസനകരമായ സംഗതിയാണു്. ഇവിടെ ഇരുപത്തിയൊന്നു സബ്ഡിവിഷൻ കമ്മിററികൾ ഉണ്ടു്. ഈ സബ്ഡിവിഷൻ കമ്മിററികൾ ഓരോന്നിനും ഓരോ ലക്ഷം രൂപാ വീതം ചെലവു ചെയ്യുന്നതിനു 21 ലക്ഷം രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ഒരോ സബ്ഡിവിഷനും മൊത്തം 60,000 രൂപയുടെ വേലകൾ മാത്രം അനുവദിക്കുവാൻ അധികാരമുണ്ടായിരുന്നെങ്കിൽ ഇക്കൊല്ലം അതു് ഒരു ലക്ഷമായി വർദ്ധിപ്പിച്ചിരിക്കുന്നതു് അഭിനന്ദനാർഹമായ ഒരു സംഗതിയാണു്. എന്നാൽ ഇതുകൊണ്ടുമാത്രം രാജ്യത്തിനു ആവശ്യമായ എല്ലാ നടപടികളും നടക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. നേരെമറിച്ചു് അതിനു ചില പരിപാടികൾ ഉണ്ടാക്കണം. ആ പരിപാടികൾ നടപ്പിൽ വരുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു ചില അധികാരങ്ങൾ നൾകേണ്ടതും ആവശ്യമാണു്. അങ്ങനെ ചില അധികാരങ്ങൾ ഗവണ്മെൻറ് നൽകാൻ ഉദ്ദേശിക്കുന്നതു് വളരെ ചാരിതാർത്ഥ്യജനകമാണു്.

സർ, ഇന്നു പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെൻറിൽ പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം വളരെയധികം കാലതാമസം ഉണ്ടാകുന്നു. ഒരു സ്ഥലത്തു് ഏതെങ്കിലും ജോലിയെ സംബന്ധിച്ചു് ഒരു

[ശ്രീ. എം. എ. ആൻറണി]

എസ്റ്റിമേററ് തയ്യാറാക്കാൻ മാത്രമെ അവിടത്തെ സെക്ഷനാഫീസുകൾക്കും സബ്ഡിവിഷൻ ആഫീസുകൾക്കും അധികാരമുള്ളു. അതനുവദിക്കുന്നതിനു ഗവണ്മെൻറിലേയ്ക്കു അയക്കണം. അതനുവദിച്ചുവരാൻ വളരെ കാലതാമസം ഉണ്ടാകുന്നതുകൊണ്ടു് ജനോപകാരപ്രദമായ യാതൊന്നും ചെയ്യുന്നതിനു സാധിച്ചു എന്നു വരികയില്ല. അതുകൊണ്ടു് സെക്ഷനാഫീസുകൾക്കും സബ്ഡിവിഷൻ ആഫീസുകൾക്കും ഡിവിഷൻ ആഫീസുകൾക്കും തുകകൾ അനുവദിക്കുന്നതിനും ചെലവു ചെയ്യുന്നതിനും അധികാരം നല്കേണ്ടതാണു്.

അതുപോലെതന്നെ ഗവണ്മെൻറ് ഏറെറടുത്തിട്ടുള്ള റോഡുകളെ സംബന്ധിച്ചാണെങ്കിൽ ലാൻറ് അക്വിസിഷൻെറ കാര്യത്തിൽ തിരുവിതാംകൂറിൽ വളരെ കാലതാമസം ഉണ്ടാകുന്നു എന്നുള്ളതു് വളരെക്കാലമായി നടന്നുവരുന്ന ഒരു സംഗതിയാണു്. അങ്ങനെ കാലതാമസം നേരിടുന്നതിനുള്ള പ്രധാനമായ ഒരു കാരണം ലാൻറ് അക്വിസിഷൻെറ ചുമതല മററനവധി ജോലികളുള്ള റവന്യൂ ഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുത്തിരിക്കുന്നതുകൊണ്ടാണു്. അതുകൊണ്ടു് ആ റോഡുകളെ സംബന്ധിച്ചിടത്തോളം സ്ഥലം ലഭിക്കാത്തതുകൊണ്ടു് പബ്ലിക്കവർക്ക്സ് ഡിപ്പാർട്ടുമെൻറിനു സ്വന്തമായി ജോലി ശരിയായി ചെയ്യാൻ സാധിക്കുന്നില്ല. അതുകൊണ്ടു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ ലാൻറ് അക്വിസിഷനുവേണ്ടി ഓരോ ഡിവിഷനിലും ഒരു ആഫീസറേയും സ്റ്റാഫിനേയും നിയമിക്കുന്നതു് വളരെ സൌകര്യമായിരിക്കും.

ഇറിഗേഷൻ പദ്ധതികളെ സംബന്ധിച്ചിടത്തോളം ചാലക്കുടി നദീതടപദ്ധതിയും, പീച്ചി നദീതടപദ്ധതിയും മററും സ്ഥലം അക്വയർ ചെയ്യുന്നതിലേക്കു് ആവശ്യമുള്ള റവന്യൂ ഇൻസ്പെക്ടർമാരേയും ഉദ്യോഗസ്ഥന്മാരേയും ഗവണ്മെൻറ് നിയമിച്ചിട്ടുണ്ടു്. അതുപോലെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും അവർക്കു കൂടുതലായി അധികാരങ്ങൾ നൽകുകയും ചെയ്താൽ ഗതാഗതസൌകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കു റോഡുകൾ വെട്ടുന്നതിനും മററും വളരെയധികം കാലതാമസം വരികയില്ല. അതുകൊണ്ടു് ഇക്കാര്യത്തിൽ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുകകൾ യഥാകാലം വിനിയോഗിക്കുന്നതിലേയ്ക്കു് ആവശ്യമായ നടപടികൾ എടുക്കുമ്പോൾ ഈവക കാര്യങ്ങൾകൂടി പരിഗണിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

സർ, ഈ രാജ്യത്തു രോഗികൾക്കു മരുന്നു കിട്ടുന്നില്ല എന്നുള്ള പരാതി സർവ്വത്ര കേൾക്കുന്നുണ്ടു്. ഇന്നു ആശുപത്രിയിൽ ചെന്നാൽ മരുന്നു കിട്ടുന്നില്ല എന്നുള്ളതാണു് പലരുടേയും അനുഭവം. ഈ ഒരു അവശത പരിഹരിക്കുന്നതിനു പതിനൊന്നുലക്ഷം രൂപ കൂടുതൽ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു. ധനകാര്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിൽ തന്നെ പറയുകയുണ്ടായി ഓരോ താലൂക്കിലും ഓരോ ആശുപത്രിയുണ്ടാക്കുന്നതിനായി ആലോചിക്കുന്നുണ്ടെന്നും അതിൻെറ മുന്നോടിയായി മൂന്നു താലൂക്കുകളിലെ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്നതിനുള്ള തുക ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു് എന്നും. ഏററവും ശ്ലാഘനീയമായ ഈ നടപടിക്കു് പൊതുജനാരോഗ്യമന്ത്രിയെ ഞാൻ അനുമോദിക്കുന്നു. വൈദ്യസഹായത്തിനായി പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിനും മെഡിക്കൽ ഡിപ്പാർട്ടുമെൻറിനും വളരെ അധികം നല്ല കാര്യങ്ങൾ ചെയ്യാൻ

ഉദ്ദേശിക്കുന്ന ഈ അവസരത്തിൽ, പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഈ സന്ദർഭത്തിൽതന്നെ ഒരു സംഗതി കൂടി ഗവണ്മെൻറിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ നിയോജകമണ്ഡലമായ പറവൂർതാലൂക്കിൽ ചേന്ദമനാട്ട് എന്ന സ്ഥലത്ത്, ധാരാളം തൊഴിലാളികൾ താമസിക്കുന്നതും, 23,000-ത്തിലധികം ആളുകൾ താമസിക്കുന്നതും അഞ്ചുമൈലിനകത്ത് മററു വൈദ്യസഹായത്തിനായി യാതൊരു മാർഗ്ഗങ്ങളുമില്ലാത്തതുമായ ആ സ്ഥലത്ത് ഒരു ഡിസ്പെൻസറി അനുവദിച്ചുതരുന്നകാര്യം ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

അതിനുപുറമെ കുടിൽവ്യവസായം പരിപോഷിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതായി ബഡ്ജററ് പ്രസംഗത്തിൽ പറയുകയുണ്ടായി. ഈ സന്ദർഭത്തിൽ എനിക്കു ഗവണ്മെൻറിനെ അറിയിക്കുവാനുള്ളതു് ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൽ 50,000-ത്തിൽ അധികം ആളുകൾ ഏർപ്പെട്ടിരിക്കുന്ന ഒരു പനമ്പുവ്യവസായത്തെപ്പററിയാണ്. തിരുവിതാംകൂർ-കൊച്ചിയിൽ മാത്രമല്ല ഇൻഡ്യയിൽ ഒരു സ്ഥലത്തും ഇത്രയധികം ആളുകൾ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നില്ല. ഈ വ്യവസായം മറെറല്ലാസ്ഥലങ്ങളേയും അപേക്ഷിച്ച് വളരെ കൂടുതലായി നടക്കുന്നതു് ആ സ്ഥലങ്ങളിലാണ് എന്നുള്ളതു് ഒരു വാസ്തവമാണ്. അങ്ങനെ അനവധി ആയിരം ജനങ്ങൾ ഏർപ്പെട്ടിരിക്കുന്ന പനമ്പുവ്യവസായത്തിനു ഗവണ്മെൻറിൽനിന്നും യാതൊരു പ്രോത്സാഹനവും യാതൊരു ആനുകൂല്യവും ചെയ്തിട്ടില്ല എന്നുള്ളതു് ഗവണ്മെൻറിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിനുമുമ്പ് പല അവസരങ്ങളിലും ഇതേസംബന്ധിച്ച് ഗവണ്മെൻറിനെ ആവർത്തിച്ചാവർത്തിച്ച് അനുസ്മരിപ്പിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായ യാതൊരു നടപടിയോ, യാതൊരു പദ്ധതിയോ അതിനുവേണ്ടി ആസൂത്രണം ചെയ്തിട്ടില്ല. അതുകൊണ്ട് അനവധി ആയിരം ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നും അതിനു ആവശ്യമായ ആനുകൂല്യങ്ങൾ ചെയ്തുതരണമെന്നും ഞാൻ ഗവണ്മെൻറിനോട് അപേക്ഷിച്ചുകൊള്ളുന്നു.

ഇനി പഞ്ചായത്തുഡിപ്പാർട്ടുമെൻറിനെപ്പററി ചില വസ്തുതകൾ കൂടി പ്രസ്താവിക്കുന്നുണ്ട്. പഞ്ചായത്തിനു കൂടുതൽ അധികാരങ്ങൾ കൊടുത്തു അങ്ങനെ പഞ്ചാത്തുമുഖേന ഗ്രാമസ്വരാജ് സ്ഥാപിക്കുക എന്നുള്ള ഒരു നയത്തിന്റെ പ്രാരംഭമായി അവയ്ക്കു കൂടുതൽ ആനുകൂല്യങ്ങൾ നൽകുവാൻ ആലോചിക്കുന്നുണ്ട് എന്നു പറഞ്ഞു. 1954-55-ൽ ഡവലപ്പുമെൻറ് ഇനത്തിൽ മുപ്പതുലക്ഷത്തി അൻപതിനായിരം രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു എങ്കിലും വെറും അഞ്ചുലക്ഷം രൂപ മാത്രമെ ചെലവാക്കാൻ സാധിച്ചിട്ടുള്ളുവെന്നു ഇന്നു ഈ സഭയിൽ മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ബാക്കി 25 ലക്ഷം രൂപ ചെലവാക്കാൻ സാധിക്കാതെ വന്നു. പഞ്ചായത്തുകളിലേക്കു ആവശ്യമുള്ളതായ സ്റ്റാഫിനെ നിയമിച്ചതു് ഈ ജനുവരി മാസത്തിലായിരുന്നു. അതുകൊണ്ട് പഞ്ചായത്തുകൾക്കു ആവശ്യമായ ജോലി ചെയ്യിക്കുന്നതിനും അനുവദിച്ചിട്ടുള്ള പണം ചെലവാക്കുന്നതിനും സാദ്ധ്യമാകാതെ വന്നു. ഈ കാരണത്താൽ ഡെവലപ്പ്മെൻറ കാര്യങ്ങളിൽ ആവശ്യമായ പദ്ധതികൾക്ക് എസ്റ്റിമേററ് ഉണ്ടാക്കുവാൻ സാധിച്ചില്ല. ഞാനും ഒരു പഞ്ചായത്തു പ്രസിഡൻറാണ്. അതുകൊണ്ട് ഞാൻ ഈ

[ശ്രീ. എം. എ. ആൻറണി]

വസ്തുതകൾ തുറന്നു പറയുകയാണ്. എൻെറ പഞ്ചായത്തു അതിർത്തിയിൽ യാതൊരു പണിയും നടത്തുവാൻ സാധിച്ചിട്ടില്ല. അതിനുള്ള കാരണം ആവശ്യമുള്ള സ്റ്റാഫ് ഇല്ലാത്തതുകൊണ്ടാണ്. സാധാരണ ഏർപ്പാട് ഒരു പഞ്ചായത്തിൽ ആവശ്യമായ പണികൾക്കു എസ്റ്റിമേററ് ഉണ്ടാക്കുവാൻ ഓവർസീയറന്മാരും സെക്ഷനാഫീസരുമാണ് ചുമതലപ്പെട്ടവർ. എന്നാൽ ഇന്ന് 27-30-ഓ പഞ്ചായത്തുകൾക്കു എസ്റ്റിമേററ് എടുക്കുന്നതിനും മററുമായി ഒന്നോ രണ്ടോ ഉദ്യോഗസ്ഥന്മാരാണുള്ളതു്. ഓരോ പഞ്ചായത്തിലും 25-ഓ, 30-ഓ വേലകളുടെ എസ്റ്റിമേററും എടുക്കേണ്ടതായി വരും. അവർ ഇത്രയും പഞ്ചായത്തുകളിൽ എസ്റ്റിമേററ് എടുക്കാൻ എത്രശ്രമിച്ചാലും സാധിക്കുകയില്ല. അവക്കു അത്തേയററം ആ പഞ്ചായത്തുകളിൽ പത്തോ ഇരുപതോ വർക്കുകളുടെ എസ്റ്റിമേററ് എടുക്കുവാൻ സാധിക്കും. അതുകൊണ്ടു് പഞ്ചായത്തുകളിലെ സെക്ഷനാഫീസറന്മാരുടേയും, ഓവർസീയർന്മാരുടേയും, സംഖ്യ കൂട്ടേണ്ടതു് പഞ്ചായത്തുകളുടെ പ്രവത്തനത്തിനു് അത്യന്താപേക്ഷിതമാണ്.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ താലൂക്കിനു് ഒരു സെക്ഷൻ ആഫീസറും ഒരു ഓവർസീയറുംവീതം നിയമിച്ചിട്ടുണ്ടു്.

ശ്രീ. എം. എ. ആൻറണി: ഇരുപത്തിയെട്ടും മുപ്പതും പഞ്ചായത്തുകൾ ഉള്ള താലൂക്കുകളും, വെറും രണ്ടോ മൂന്നോ പഞ്ചായത്തുകൾ മാത്രമുള്ള താലൂക്കുകളും ഈ രാജ്യത്തുണ്ടു്. അതിനാൽ താലൂക്കിനു് ഒരു സെക്ഷൻ ആഫീസർ എന്ന തത്വം പൊതുവെ സ്വീകരിക്കുന്നതു് ശരിയല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ സെക്ഷൻ ആഫീസറുടെ കുറവുകൊണ്ടാണോ, ബഹുമാനപ്പെട്ട മെംബറുടെ ബുദ്ധിയുടെ കുറവുകൊണ്ടാണോ പഞ്ചായത്തുകളിൽ ജോലികൾ നടക്കാത്തതു്?

ശ്രീ എം. എ. ആൻറണി: എൻെറ ബുദ്ധി എത്രത്തോളം ഉണ്ടെന്നു് എനിക്കറിയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ബഹുമാനപ്പെട്ട മെംബറുടെ പാർട്ടിയിലുള്ള ഒരാൾ ബുദ്ധിയില്ലായ്മയെപ്പററി പ്രസ്താവിച്ചതുകൊണ്ടാണ്.

ശ്രീ. എം. എ. ആൻറണി: ജനങ്ങളുടെ ബുദ്ധിയാണോ എൻെറ ബുദ്ധിയില്ലായ്മയാണോ എന്നു് ബഹുമാനപ്പെട്ട മെംബക്കു് തീരുമാനിക്കാൻ സാധിക്കുന്നതാണ്. ഒരു മെംബർ എത്രമാത്രം ബുദ്ധിമാനായാലും പഞ്ചായത്തുകളിലെ വക്കുകളെ സംബന്ധിച്ചിടത്തോളം സാങ്കേതിക പരിജ്ഞാനം ഉണ്ടെങ്കിൽ മാത്രമെ വക്കുകളുടെ എസ്റ്റിമേററ് തയ്യാറാക്കുന്നതിനു് സാധിക്കുകയുള്ളൂ. അതിനു് പരിജ്ഞാനമുള്ള ഓവർസീയരന്മാരും സെക്ഷനാഫീസറന്മാരും വേണം. അല്ലാതെ അക്കാര്യങ്ങൾ നടക്കുകയില്ല. അതുകൊണ്ടു് പഞ്ചായത്തുകളിൽ വക്കുകൾ ശരിയായി നടത്തുന്നതിനു് പതിനഞ്ചു പഞ്ചായത്തുകൾ ഒരു സെക്ഷൻ ആഫീസറുടെ കീഴിൽ കൊണ്ടുവരികയും, അദ്ദേഹത്തിൻെറ കീഴിൽ രണ്ടു ഓവർസീയറന്മാരെയെങ്കിലും നിയമിക്കുകയും ചെയ്താൽമാത്രമേ ആ വക്കുകൾ

എല്ലാം അതാതു വർഷത്തിൽ ചെയ്തുതീർക്കുവാൻ സാദ്ധ്യമാകുകയുള്ളു. ഇന്നു് അൻപതിനായിരം ജനസംഖ്യയുള്ള താലൂക്കുകളും അതേ സമയം മൂന്നു ലക്ഷവും മൂന്നര ലക്ഷവും ജനങ്ങൾ അധിവസിക്കുന്ന താലൂക്കുകളും ഈ സംസ്ഥാനത്തുണ്ടു്. അതുകൊണ്ടു് പഞ്ചായത്തുകളെ ഗ്രൂപ്പുകളായി തിരിച്ചു് ഓരോ ഗ്രൂപ്പിനും ഓരോ സെക്ഷനാഫീസറും സ്റ്റാഫും നിയമിച്ചാൽ ആ ജോലികൾ എല്ലാം ശരിയായി നടത്താൻ സാധിക്കും.

പഞ്ചായത്തുകളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചു് ഗവണ്മെൻറിനു് വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ ഒരു പഞ്ചായത്തു് അഡൈ്വസറി കമ്മിററി രൂപീകരിക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കുമെന്നാണു് എന്റെ വിശ്വാസം.

ഇന്നു് പഞ്ചായത്തിനു് വളരെ അധികാരങ്ങൾ കൊടുത്തിട്ടുണ്ടെന്നു പറയുന്നു. എന്നാൽ നേരെ മറിച്ചു് പഞ്ചായത്തുകൾക്കല്ല, പഞ്ചായത്തു ഡിപ്പാർട്ടുമെൻറിനാണു് അധികാരങ്ങൾ കൊടുത്തിട്ടുള്ളതു്. കുറെ അധികാരങ്ങൾ പഞ്ചായത്തിനു് ഗവണ്മെൻറു കൊടുത്തിട്ടുണ്ടെന്നുള്ളതു് വാസ്തവമാണെങ്കിലും ഇരുനൂറു രൂപ വരെ ചെലവുകൾ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം മാത്രമെ അവർക്കിന്നുള്ളു. പഞ്ചായത്തുകളുടെ പ്രവർത്തന പുരോഗതിക്കു് ഇന്നു് നിലവിലിരിക്കുന്ന ആക്ററിലും, റൂളുകളിലും ആവശ്യമായ ചില ഭേദഗതികൾ ചെയ്യേണ്ടതാണു്. ഇരുനൂറു രൂപ മാത്രം അനുവദിക്കുന്നതിനുള്ള സ്വാതന്ത്ര്യം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്കു് മതിയാകാതിരിക്കുന്നതുകൊണ്ടു് ചുരുങ്ങിയതു് 500 രൂപ വരെ അനുവദിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകണം. ഇന്നു് പഞ്ചായത്തുകൾ ഹൗസ്ടാക്സും പ്രൊഫഷണൽടാക്സും മററും ഇനത്തിൽ പൊതുജനങ്ങളിൽ നിന്നും പണം പിരിക്കുന്നുണ്ടെങ്കിലും അവക്കു് ഉപകാരപ്രദമായ വിധത്തിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനു് സാധിക്കാത്തതുകൊണ്ടു് പഞ്ചായത്തുകളെ സംബന്ധിച്ചു് വളരെ അധികം അതൃപ്തി ഉണ്ടായിട്ടുണ്ടു്. ഇതു് പരിഹരിക്കുന്നതിനു് വേണ്ട നടപടികൾ ഉടൻ എടുക്കേണ്ടതാണു്.

സർ, വേറെ ഒരു കാര്യം എനിക്കു പറയുവാനുള്ളതു് നമ്മുടെ രാജ്യത്തെ താലൂക്കുകളും പകുതികളും ഒരു പുനർവിഭജനം നടത്തേണ്ട കാര്യത്തെപ്പററിയാണു്. ഇന്നു് തിരുവിതാംകൂറിലേയും കൊച്ചിയിലേയും താലൂക്കുകളിലേയും, വില്ലേജുകളിലേയും വിസ്തീർണ്ണം, ജനസംഖ്യ ഇവ തമ്മിൽ യാതൊരു പൊരുത്തവുമില്ല. അഞ്ചു മൈൽ മുതൽ 90 മൈൽവരെ വിസ്തീർണ്ണമുള്ള റവന്യൂവില്ലേജുകളും അൻപതിനായിരം മുതൽ മൂന്നുമൂന്നരലക്ഷം ജനസംഖ്യ വരുന്ന താലൂക്കുകളും ഈ സംസ്ഥാനത്തുണ്ടു്. അതുകൊണ്ടു് ഇവയെപ്പററി അന്വേഷിച്ചു് ശരിയായ അടി

[ശ്രീ. എം. എ. ആന്റണി]

സ്ഥാനത്തിൽ ഇവ പുനർവിഭജനം നടത്തുന്നതിന് ഒരു കമ്മിറ്റിയേയോ, ഒരു സ്പെഷ്യൽ ആഫീസറേയോ പ്രത്യേകം നിയമിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

അതുപോലെതന്നെ വേറൊരു കാര്യം പറയാനുള്ളത് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കർഷകന് ധനസഹായം ലഭിക്കുന്നതിനു ഇന്ന് സൗകര്യം വളരെ കുറവാണെന്നുള്ളതാണ്. അതുകൊണ്ട് താലൂക്കുതോറും ക്രെഡിററ് സൊസൈററികൾ രൂപീകരിച്ച് കർഷകന് പണം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണമെന്നാണ് എനിക്കു ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുവാനുള്ളത്. അതുപോലെ കൊച്ചിയിലെ ലാൻഡ് മോർട്ട്ഗേജ്ബാങ്കിൻെറ അധികാരാതിർത്തി കുന്നത്തുനാട്—പറവൂർ താലൂക്കുകളിൽക്കൂടി ഉൾപ്പെടുത്തണമെന്ന് ഗവണ്മെൻറിനോട് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഈ കാര്യങ്ങളിൽ എല്ലാം ഗവണ്മെൻറിൻെറ സത്വരമായ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് സമയം അതിക്രമിച്ചതിനാൽ ഞാൻ അവസാനിപ്പിക്കുന്നു.

Speaker: Before we rise, I request the Leader of the House and the Leader of the Opposition to meet me in my chamber so as to finalise the priority of Budget Demands and the programme of Budget discussions.

Order, order. The House will now adjourn and meet again at 8 A. M. on Friday, the 25th March 1955.

The Assembly adjourned at 1 P. M. to meet again at 8 A. M. on Friday the 25th March 1955.